22 ഏപ്രിൽ 2025 ചൊവ്വ
1200 മേടം 9

മലയാള മനോരമ

ESTABLISHED 1888

ഫ്രാൻസിസ് മാർപാപ്പ: പ്രത്യേക പേജുകൾ 6, 7, 8, 9, 10, 11, 12


ഫ്രാൻസിസ് മാർപാപ്പ കാലംചെയ്തു

1936-2025

യാത്രയായത് ആഗോള കത്തോലിക്കാ സഭയുടെ ജനകീയനായ പരമാധ്യക്ഷൻ

വിയോഗം ഇന്ത്യൻ സമയം ഇന്നലെ രാവിലെ 11.05 ന്

കബറടക്കം പിന്നീട്



വര: വിനയതേജസ്വി

സ്വർഗതാരകം

- സഭയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയ മാർപാപ്പ
- സഭാഭരണത്തിൽ വനിതകൾക്ക് പ്രാധാന്യം നൽകി
- ട്രാൻസ്ജെൻഡർ അവകാശങ്ങൾ അംഗീകരിച്ചു
- മദർ തെരേസ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, സിസ്റ്റർ എവുപ്രാസ്യ, മദർ മറിയം ത്രേസ്യ, ദേവസഹായം പിള്ള എന്നിവരെ വിശുദ്ധരായി പ്രഖ്യാപിച്ച പാപ്പ

മനോരമ പ്രാദേശികം

വിവരാവകാശ അപേക്ഷകൾക്ക് അപൂർണമായ മറുപടി: കർശന നടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ്

കൊല്ലം● വിവരാവകാശ അപേക്ഷകൾക്ക് അപൂർണമായ മറുപടി നൽകിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ്. ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന വിവരാവകാശ കമ്മിഷന്റെ സിറ്റിങ്ങിലാണ് വിവരാവകാശ കമ്മിഷണർ ടി.കെ. രാമകൃഷ്ണന്റെ നിർദേശം. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കണം. അപേക്ഷകൾക്ക് 30 ദിവസം വരെയുള്ള സമയപരിധിക്കു കാത്തിരിക്കരുത്. ബോധവൽക്കരണം നടത്തണം. വിവരാവകാശ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പാക്കണം. അപ്പീലുകളും യഥാസമയം തീർപ്പാക്കണം എന്നും ഓർമിപ്പിച്ചു. പരിഗണിച്ച 20 കേസുകളിൽ 19 എണ്ണവും തീർപ്പാക്കി. ഒരു കേസ് അടുത്ത സിറ്റിങ്ങിലേക്കു മാറ്റി. പഞ്ചായത്ത്, കോർപറേഷൻ, കലക്ടറേറ്റ് തുടങ്ങിയ സ്ഥാപനങ്ങളിലെ പരാതികളായിരുന്നു ഭൂരിഭാഗവും.

ഇന്ന്

- സംസ്ഥാനത്ത് ചൂടു കൂടിയിരിക്കും, ഇടിയോടു കൂടിയ മഴയ്ക്കും സാധ്യത
- അപകടകരമായ മിന്നലിനും വേഗമേറിയ കാറ്റിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം
- കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല

അറിയിപ്പ്

ഗെസ്റ്റ് അധ്യാപക ഒഴിവ്

കൊട്ടിയം● എംഎംഎൻഎസ്എസ് കോളജിൽ ഇംഗ്ലിഷ്, സാമ്പത്തികശാസ്ത്രം, പൊളിറ്റിക്സ്, ഗണിതശാസ്ത്രം, മലയാളം, ഹിന്ദി, ജന്തു ശാസ്ത്രം, രസതന്ത്രം എന്നീ വിഷയങ്ങളിൽ 2025-26 അധ്യയന വർഷത്തിലേക്ക് ഗെസ്റ്റ് അധ്യാപക ഒഴിവുണ്ട്. ഇംഗ്ലിഷ്, ഹിന്ദി, മലയാളം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗാർഥികൾ മേയ് 7ന് രാവിലെ 10നും രസതന്ത്രം, കണക്ക്, ജന്തുശാസ്ത്രം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗാർഥികൾ മേയ് 8ന് രാവിലെ 10നും സാമ്പത്തികശാസ്ത്രം, പൊളിറ്റിക്സ് എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗാർഥികൾ മേയ് 9ന് രാവിലെ 10നും അസ്സൽ സർട്ടിഫിക്കറ്റുകളുമായി കോളജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം. 2024 നവംബർ 3ന് കോളജ് വിദ്യാഭ്യാസ മേധാവി പുറപ്പെടുവിച്ച എസ്ഒപി പ്രകാരം കോളജ് വിദ്യാഭ്യാസ മേധാവിയുടെ പോർട്ടലിൽ റജിസ്റ്റർ ചെയ്ത് ഡപ്യൂട്ടി ഡയറക്ടറേറ്റിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തി റജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച യുജിസി നിഷ്കർഷിച്ച വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം.

അഭിമുഖം 25ന്

കൊല്ലം● തൃക്കോവിൽവട്ടം പഞ്ചായത്തിന് കീഴിൽ വരുന്ന തൃക്കോവിൽവട്ടം കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതി പ്രകാരം ഒരു ഡോക്ടറെ നിയമിക്കുന്നതിനായി യോഗ്യരായവരുടെ അഭിമുഖം 25ന് ഉച്ചയ്ക്ക് 2ന് കുടുംബാരോഗ്യ കേന്ദ്രത്തിൽ നടത്തും. ഉദ്യോഗാർഥികൾ അസ്സൽ രേഖകളും വിദ്യാഭ്യാസ പ്രവൃത്തി പരിചയ രേഖകളുമായി എത്തണമെന്ന് മെഡിക്കൽ ഓഫിസർ അറിയിച്ചു.

ഇന്നത്തെ സിനിമ

കൊല്ലം ധന്യ (A/C,DTS) ബസൂക്ക (M) 11.00 am, 06.00
SINNERS (E) 2.00pm, 9.00pm
രമ്യ (www.bookmyshow.com) Paddington in Peru (E) 11.00 am, 6.00PM
GOOD BAD UGLY (T) 02.00 pm., 09.00 pm
പ്രണവം (A/C) (Phone:0474 2742604) (www.bookmyshow.com) മരണമാസ്സ് (M) 02.30 am, 06.30 pm
ഉഷ (A/C,DTS) (Phone: 0474 2747517) ആലപ്പുഴ ജിംഖാന (M) 11.30 am, 02.30 pm, 06.30 pm, 09.30 pm
നല്ലില J B Cinemas (4K,3D,A/C) (Phone:0474 2563265, 8281691515) ബസൂക്ക (M) 09.45 am, 03.30 pm, 06.45 pm, 09.45 pm
എമ്പുരാൻ (M) 12.15 pm, 06.30 pm
മരണമാസ്സ് (M) 09.45 am, 12.45 pm, 03.45 pm, 10.00 pm
ഓയൂർ എൻ. വി. പി. സിനിമ (A/C, 4K) (Phone:0474 2468289, 9633484397) (Online booking: www.bookmyshow.com) ബസൂക്ക (2D) (M) 03.00 pm, 06.30 pm
GOOD BAD UGLY (2D) (T) 11.00 am, 09.30 pm

പൈപ്പ് ലൈനിന്റെ കുഴിയിൽ എൽപിജി ബുള്ളറ്റ് ടാങ്കർ അകപ്പെട്ടു

▸▸പാചക വാതക ചോർച്ച ഇല്ലാഞ്ഞതിനാൽ അപകട ഭീഷണി ഒഴിവായി

ചാത്തന്നൂർ ● ദേശീയപാതയിൽ ചാത്തന്നൂർ തിരുമുക്ക് അടിപ്പാതയ്ക്കു സമീപം പൈപ്പ് ലൈനിന്റെ കുഴിയിൽ എൽപിജി ബുള്ളറ്റ് ടാങ്കർ അകപ്പെട്ടു. ഇന്നലെ പുലർച്ചെ നെരയ്ക്കാണ് സംഭവം. പാചക വാതക ചോർച്ച ഇല്ലാഞ്ഞതിനാൽ അപകട ഭീഷണി ഒഴിവായി. മംഗളൂരുവിൽ നിന്നു പാരിപ്പള്ളി ഐഒസി പാചക വാതക പ്ലാന്റിലേക്ക് വന്ന ബുള്ളറ്റ് ടാങ്കറാണ് അപകടത്തിൽപെട്ടത്. തിരുമുക്ക് അടിപ്പാതയ്ക്കു സമീപം ജപ്പാൻ ശുദ്ധജല വിതരണ പദ്ധതിയുടെ വലുപ്പമേറിയ പൈപ്പ് റോഡിനു കുറുകെ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടക്കുകയാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ഭാഗത്തേക്കുള്ള ഗതാഗതം താൽക്കാലിക പാതയിലൂടെയാണ്.

പാതയുടെ സമീപത്തെ കുഴിയിൽ ബുള്ളറ്റ് ടാങ്കറിന്റെ പിന്നിലെ ഒരു ഭാഗത്തെ ടയർ അകപ്പെടുകയായിരുന്നു. പാചക വാതക ടാങ്കർ ലോറിക്ക് 37 ടൺ ഭാരം ഉണ്ടായിരുന്നു. ഇതിൽ 18 ടൺ പാചകവാതകം ആയിരുന്നു. ചാത്തന്നൂർ പൊലീസ്, പരവൂർ അഗ്നിരക്ഷാസേന, പാരിപ്പള്ളി ഐഒസി പ്ലാന്റിലെ സുരക്ഷ വിഭാഗവും എത്തി നടത്തിയ പരിശോധനയിൽ പാചക വാതകം ചോർച്ച ഇല്ലെന്ന് ഉറപ്പാക്കി. പാചക വാതകം മറ്റൊരു ടാങ്കിലേക്കു മാറ്റുന്നതിനുള്ള എമർജൻസി റെസ്പോൺസ് വെഹിക്കിൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളോടെയാണ് ഐഒസി പ്ലാന്റിൽ നിന്നു സുരക്ഷ വിഭാഗം എത്തിയത്. പാചക വാതകം മാറ്റുന്നതിന് ഒഴിഞ്ഞ ബുള്ളറ്റ് ടാങ്കർ ഐഒസി പ്ലാന്റിൽ സജ്ജമാക്കിയിരുന്നു.

ദേശീയപാത നിർമാണ കമ്പനിയുടെ ക്രെയിനുകൾ ഉപയോഗിച്ചു ഉയർത്തി. പുലർച്ചെ 4നാണ് ടാങ്കർ ലോറി ഉയർത്തിയത്. പിന്നീട് ബുള്ളറ്റ് ടാങ്കർ ലോറി പ്ലാന്റിലേക്കു പോയി.ബുള്ളറ്റ് ടാങ്കർ അകപ്പെട്ടതോടെ തിരുവനന്തപുരം ഭാഗത്തേക്കുള്ള ഗതാഗതം മറു വശത്തു കൂടി തിരിച്ചു വിട്ടു.

പുലർച്ചെ ആയതിനാൽ വലിയ ഗതാഗതക്കുരുക്ക് സൃഷ്ടിച്ചില്ല.



ചാത്തന്നൂർ തിരുമുക്കിൽ പൈപ്പ് ലൈനിന്റെ കുഴിയിൽ അകപ്പെട്ട എൽപിജി ബുള്ളറ്റ് ടാങ്കർ.



കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ കൊല്ലം സിറ്റി ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് ആശ്രാമം മൈതാനത്ത് ഒരുക്കുന്ന മാന്തോട്ടം കലക്ടർ എൻ.ദേവീദാസ് മാവിൻ തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നു.

ആശ്രാമം മൈതാനത്ത് മാന്തോട്ടം ഒരുക്കാൻ കേരള പൊലീസ് ഓഫിസേഴ്സ് അസോ.

കൊല്ലം ● കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ കൊല്ലം സിറ്റി ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് ആശ്രാമം മൈതാനത്ത് മാന്തോട്ടം ഒരുക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 35 -ാം ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് മൈതാനത്ത് 35 മാവിൻ തൈകൾ നട്ട് മാന്തോട്ടം ഒരുക്കുകയാണ് ലക്ഷ്യം. മൈതാനത്ത് നിലവിലുള്ള മിയാവാക്കി ഫോറസ്റ്റ്, സോഷ്യൽ ഫോറസ്റ്റ് വിഭാഗം നട്ട വൃക്ഷങ്ങൾക്കും അനുബന്ധമായുള്ള സ്ഥലം വൃത്തിയാക്കിയാണ് തോട്ടം ഒരുക്കുന്നത്. വിവിധയിനം മാവ് വർഗങ്ങളുടെ തോട്ടമാണ് ഒരുക്കുന്നത്. റവന്യു വകുപ്പിന്റെ അനുമതി വാങ്ങിയാണ് തോട്ടം നിർമാണം നടന്നുവരുന്നത്.

കലക്ടർ എൻ.ദേവീദാസ് മാവിൻ തൈ നട്ടുകൊണ്ട് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. അസോസിയേഷൻ കൊല്ലം സിറ്റി ജില്ലാ ജോയിന്റ് സെക്രട്ടറി ഡി. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. കെപിഒഎ സംസ്ഥാന കമ്മിറ്റി അംഗം എസ്.ഷഹീർ, ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ബി.വിനോദ് കുമാർ, കോർപറേഷൻ ക്ഷേമകാര്യ സമിതി ചെയർമാൻ എം. സജീവ്, അഞ്ചാലുംമൂട് എസ്എച്ച്ഒ ജയകുമാർ, കെപിഒഎ ജില്ലാ സെക്രട്ടറി ജിജു.സി. നായർ, കെപിഎ ജില്ലാ സെക്രട്ടറി വിമൽ കുമാർ, കെപിഎ സംസ്ഥാന നിർവാഹക സമിതി അംഗം വിനോദ് കുമാർ, പൊലീസ് സൊസൈറ്റി പ്രസിഡന്റ് എസ്.ആർ. ഷിനോദാസ്, കെപിഒഎ വൈസ് പ്രസിഡന്റ് ടി.കണ്ണൻ, ട്രഷറർ മനു, ജില്ലാ എക്സിക്യൂട്ടീവ് അംഗം പ്രദീപ്, സനോജ്, ജില്ലാ കമ്മിറ്റി അംഗം പ്രമോദ്, എസ്.അപ്പു തുടങ്ങിയവർ പ്രസംഗിച്ചു. കൊല്ലം എസ്എൻ കോളജ് എൻഎസ്എസ് വൊളന്റിയർമാർ, വിവിധ സ്കൂളുകളിലെ എസ്പിസി കെഡറ്റുകൾ തുടങ്ങിയവർ പരിപാടിയുടെ ഭാഗമായി. പക്ഷികൾക്കു ദാഹം അകറ്റാനായി എസ്പിസി കുട്ടികൾ നീർക്കുടങ്ങളും സ്ഥാപിച്ചു. കോർപറേഷന്റെ സഹായത്തോടെ മാവിൻ തൈകൾക്ക് മുടങ്ങാതെ വെള്ളമൊഴിക്കാൻ വാട്ടർ ടാങ്കും ഗ്രൗണ്ടിൽ സ്ഥാപിച്ചു.

'സാമൂഹിക-സാമുദായിക സൗഹൃദ രാഷ്ട്രീയത്തിനു കോട്ടം വരുത്തുന്ന പ്രവണതകൾക്കു തടയിടണം'

കൊല്ലം●കേരളത്തിന്റെ സാമൂഹിക സാമുദായിക സൗഹൃദ രാഷ്ട്രീയത്തിനു കോട്ടം വരുത്തുന്ന പ്രവണതകൾക്കു തടയിടാൻ എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും അധ്യാപക വിദ്യാർഥി സമൂഹവും ജാഗരൂകരാകണമെന്ന് ദേശിംഗനാട് എഴുത്തുകൂട്ടം ആവശ്യപ്പെട്ടു. യോഗത്തിൽ പ്രസിഡന്റ് എം.സുജയ് അധ്യക്ഷനായി. ജനറൽ സെക്രട്ടറി ഡോ.സി.എം. അഷറഫ്, എസ്. സുരേഷ്ബാബു, കസ്തൂരി ജോസഫ്, നീരാവിൽ വിശ്വമോഹൻ എന്നിവർ പ്രസംഗിച്ചു. വർധിച്ചുവരുന്ന ലഹരി വ്യാപനത്തിനും മൂല്യച്യുതിക്കും പരിഹാരം കാണാൻ ആവശ്യമായ സർഗാത്മക ഇടപെടലുകൾ സാംസ്കാരിക സംഘടനകൾ വിപുലപ്പെടുത്തണമെന്നും എഴുത്തുകൂട്ടം ആവശ്യപ്പെട്ടു.



ഡോ.എം.എസ്.ജയപ്രകാശ് ഫൗണ്ടേഷൻ ഫോർ സോഷ്യൽ ജസ്റ്റിസ് സംഘടിപ്പിച്ച സെമിനാർ കേരള പിന്നാക്ക സമുദായ യൂണിയൻ നേതാവ് വി.ആർ.ജോഷി ഉദ്ഘാടനം ചെയ്യുന്നു.

'സംവരണവും സാമൂഹിക നീതിയും നേരിടുന്ന വെല്ലുവിളികൾ': സെമിനാർ നടത്തി

കൊല്ലം ● ഡോ.എം.എസ്.ജയപ്രകാശ് ഫൗണ്ടേഷൻ ഫോർ സോഷ്യൽ ജസ്റ്റിസ് സംഘടിപ്പിച്ച 'സംവരണവും സാമൂഹിക നീതിയും നേരിടുന്ന വെല്ലുവിളികൾ' എന്ന സെമിനാർ കേരള പിന്നാക്ക സമുദായ യൂണിയൻ നേതാവ് വി.ആർ.ജോഷി ഉദ്ഘാടനം ചെയ്തു. സംവരണവും സാമൂഹിക നീതിയും തകർക്കപ്പെടുന്നത് ഉന്നത സമുദായ - രാഷ്ട്രീയ നേതാക്കളുടെ ഒത്താശയോടെ ആണെന്ന് അദ്ദേഹം ആരോപിച്ചു.

സർക്കാരിന്റെ അധീനതയിലുള്ള സവർണ കുത്തക തകർക്കപ്പെടാതെ സാമൂഹിക നീതി ഒരിക്കലും ലഭ്യമാകില്ല. അധികാര കുത്തക തകർക്കുന്നതിനാണ് എല്ലാ സമുദായങ്ങൾക്കും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാനുള്ള ഭരണഘടന വ്യവസ്ഥ ഡോ.ബി.ആർ.അംബേദ്കർ ഉറപ്പാക്കിയത്. എന്നാൽ, ആ വ്യവസ്ഥ മോദി സർക്കാരും പിണറായി സർക്കാരും സവർണ സംവരണം ഏർപ്പെടുത്തി, ഹിന്ദുത്വ അജൻഡ ഉയർത്തി അട്ടിമറിക്കുകയാണ് ഉണ്ടായതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഫൗണ്ടേഷൻ ചെയർമാനും മുൻ മന്ത്രിയുമായ ഡോ.എ.നീലലോഹിതദാസ് അധ്യക്ഷത വഹിച്ചു.

ജനറൽ സെക്രട്ടറി എസ്.സുവർണകുമാർ, എസ്.പ്രഹ്ലാദൻ, ഡോ.എം.അബ്ദുൽ സലാം, ആനേപ്പിൽ സുരേഷ്, പത്മ ജയപ്രകാശ് എന്നിവർ പ്രസംഗിച്ചു.

വൈദ്യുതി മുടക്കം

പള്ളിമുക്ക് ● ജനത, മോസ്ക്, സൂറത്ത്, പോസ്റ്റ് ഓഫിസ് എന്നിവിടങ്ങളിൽ 9 മുതൽ 5 വരെയും വൈ മുക്ക് മേഖലയിൽ 9 മുതൽ 6 വരെയും വൈദ്യുതി മുടങ്ങും.
അയത്തിൽ ● ഇരട്ടക്കുളം, ഇരട്ടക്കുളം ക്ഷേത്രം, ബഫ്ഗാവിൽ നഗർ എന്നിവിടങ്ങളിൽ 9 മുതൽ 6 വരെ വൈദ്യുതി മുടങ്ങും.
കന്റോൺമെന്റ് ● പാട്ടത്തിൽകാവ്, കോവിൽ സ്കൂൾ, എൻസി പിള്ള, കാർമൽ ഹോസ്റ്റൽ എന്നിഇടങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 5.30 വരെ ഭാഗികമായി വൈദ്യുതി മുടങ്ങും.

ഇന്നത്തെ പരിപാടി

- മുളങ്കാടകം ദേവി ക്ഷേത്രം: പത്താമുദയ ഉത്സവം - സോപാനസംഗീതം 7.00, അന്നദാനം 10.00, 7.00, ഓട്ടൻതുള്ളൽ 10.00, 5.00, ആത്മീയ പ്രഭാഷണം 12.00, കരോക്കെ ഗാനമേള 1.00, തിരുവാതിരക്കളി 6.00, സംഗീത സന്ധ്യ 7.00, ഗാനമേള 8.30.
- വിഷ്ണത്തുകാവ് ഭഗവതി ക്ഷേത്രം: പത്താമുദയ ഉത്സവം - തോറ്റംപാട്ട് 7.00, നാദസ്വരം 5.15, കൈകൊട്ടിക്കളി 7.30, ഗാനമേള 8.00.
- വടക്കേക്കുന്നത്ത് ശ്രീരാജരാജേശ്വരി ദേവി ക്ഷേത്രം: ശ്രീമാതാ തിരുനാൾ 5.00.

തിരുമുല്ലവാരം കടൽത്തീരം

കടലെടുത്തോ വികസന പദ്ധതികൾ?

▸▸ഡിടിപിസിയുടെ പദ്ധതികളടക്കം എങ്ങുമെത്താതെ അവസാനിപ്പിച്ചു

കൊല്ലം ● എന്നും അവഗണനകൾ മാത്രം ഏറ്റുവാങ്ങുന്ന കടൽത്തീരമാണ് തിരുമുല്ലവാരം കടൽത്തീരം. മനോഹരമായ ബീച്ച് സംരക്ഷിക്കുന്നതിനോ മികച്ച ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനോ ഇവിടെ ഇനിയും നടപടികൾ ഉണ്ടായിട്ടില്ല. ഡിടിപിസിയുടെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികളടക്കം എങ്ങുമെത്താതെ അവസാനിപ്പിക്കുകയും ചെയ്തു. ആ പദ്ധതിയിലൂടെ സ്ഥാപിച്ച ലൈറ്റുകൾ പോലും കൃത്യമായ പരിചരണമോ പരിശോധനയോ നടക്കാത്തതിനാൽ നശിച്ചുകഴിഞ്ഞു. ചിൽഡ്രൻസ് പാർക്കെന്ന ബോർഡ് മാത്രം ഇവിടെ കാണാം. തിരയടിക്കാത്ത കടൽ കാണാൻ സാധിക്കുന്ന തിരുമുല്ലവാരത്തെ ആകർഷണീയത ടൂറിസത്തിനായി ഉപയോഗപ്പെടുത്താൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ഇനിയും നടപ്പാക്കാൻ വൈകിക്കൂടാ.



തിരുമുല്ലവാരം ബീച്ചിൽ കുട്ടികളുടെ പാർക്ക് സ്ഥിതി ചെയ്തിരുന്ന സ്ഥലം.

ടൂറിസം സാധ്യത ഏറെ

ക്ഷേത്രത്തിന്റെ സാന്നിധ്യവും ബലിതർപ്പണ സൗകര്യവും കടൽത്തീര സൗന്ദര്യവുമെല്ലാം ഉപയോഗപ്പെടുത്തുന്ന പദ്ധതികൾ ഇനിയും ഉണ്ടായിട്ടില്ല.സ്ഥലത്തിന്റെ അപര്യാപ്തത ഉള്ളതിനാൽ ചെറു പദ്ധതികൾ ഇവിടെ ആവിഷ്കരിക്കാവുന്നതാണ്. കോർപറേഷൻ, ഡിടിപിസി, ദേവസ്വം ബോർഡ് എന്നിവരുടെ നേതൃത്വത്തിലെല്ലാം വിവിധ പദ്ധതികൾ ഇവിടെ പ്രഖ്യാപിക്കപ്പെട്ടിരുന്നെങ്കിലും ഒന്നും എവിടെയും എത്തിയില്ല. പാതിവഴിയിൽ ഉപേക്ഷിച്ചതും നശിച്ചതുമായ പദ്ധതികളാണ് കൂടുതലും.

ലൈറ്റുകളുടെ അവസ്ഥ ദയനീയം

തിരുമുല്ലവാരം ബീച്ചിന് മുൻപിലുള്ള ഹൈമാസ്റ്റ് ലൈറ്റും ഒരു തെരുവു വിളക്കുമില്ലാതെ മറ്റൊരു ലൈറ്റുകളും ഇവിടെയില്ല. പല തെരുവു വിളക്കുകളുടെ കാലുകൾ മാത്രമാണുള്ളത്. ചിലവ പൂർണമായും തകർന്നു വീണുകിടക്കുകയാണ്. കടലോരത്തിന് ചേർന്നായതിനാൽ നശിക്കാനുള്ള സാധ്യത കൂടുതലായതിനാൽ അതിനനുസരിച്ചുള്ള പരിചരണം അനിവാര്യമാണ്.

സ്ത്രീകൾക്കും കുട്ടികൾക്കും അതിനാൽ തന്നെ ഇരുട്ടിയാൽ ഇവിടെ നിന്ന് മടങ്ങേണ്ടി വരും. നടപ്പാതയും പുലിമുട്ടുമെല്ലാം രാത്രി പൂർണമായും ഇരുട്ടിലാണ്. ഡിടിപിസിയുടെ നേതൃത്വത്തിൽ ലൈറ്റ് ഘടിപ്പിക്കുന്നതിലൂടെ തുടങ്ങിയ പദ്ധതി സ്ഥലത്തിന്റെ തർക്കങ്ങളിലും മറ്റും തട്ടി നിലച്ചു. നിലവിൽ ഡിടിപിസിക്ക് പ്രത്യേകം പദ്ധതികളൊന്നും ഇവിടെയില്ല.



തിരുമുല്ലവാരം ബീച്ചിലെ തെരുവുവിളക്ക് തകർന്നു കിടക്കുന്ന നിലയിൽ.

ഇരിക്കാനും ഇടമില്ല

വൈകുന്നേരങ്ങളിൽ നൂറുകണക്കിന് ആളുകൾ ഇവിടേക്കെത്തുമെങ്കിലും ഇവർക്കെല്ലാം ഇരിക്കാനുള്ള സജ്ജീകരണങ്ങളും ഇവിടെയില്ല. ആറോളം ഇരിപ്പിടങ്ങളാണ് ആകെയുള്ളത്.

പാർക്കിന്റെ ചെറിയ മതിലിലും കടലിലേക്കിറങ്ങിക്കിടക്കുന്ന കരിങ്കൽക്കെട്ടുകളിലുമാണ് മിക്കവരും ഇരിക്കുന്നത്. അതിനാൽ തന്നെ ഇരിക്കാനും കടൽ സൗന്ദര്യം ആസ്വദിക്കാനുമുള്ള സജ്ജീകരണങ്ങളും ഇവിടെ ഒരുക്കേണ്ടതുണ്ട്.

നല്ലില വലിയ പള്ളി പെരുന്നാളിന് കൊടിയേറി

നല്ലില● സെന്റ് ഗബ്രിയേൽ സൂബോറോ ഓർത്തഡോക്സ് വലിയ പള്ളി പെരുന്നാളിന് കൊടിയേറി. കൊല്ലം ഭദ്രാസനാധിപൻ ഡോ.ജോസഫ് മാർ ദിവന്നാസിയോസ് കാർമികത്വം വഹിച്ചു. ഇടവക വികാരി ഫാ.ക്രിസ്റ്റി ജോസ് സഹകാർമികത്വം വഹിച്ചു. 25ന് രാവിലെ 10.30ന് പെരുന്നാൾ ഒരുക്ക ധ്യാനം. 26ന് രാവിലെ 10ന് മാർത്ത മറിയം സമാജം മെത്രാസന വാർഷികം. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് ഉദ്ഘാടനം ചെയ്യും. മുൻ ഡിജിപി ഡോ. അലക്സാണ്ടർ ജേക്കബ് ക്ലാസ് നയിക്കും. വൈകിട്ട് 6ന് നല്ലില കൺവൻഷൻ കൊട്ടാരക്കര, പുനലൂർ ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ തേവോദോറസ് ഉദ്ഘാടനം ചെയ്യും. ഫാ. ഡോ. ഫലിക്സ് യോഹന്നാൻ വചന ശുശ്രൂഷ നടത്തും. 27ന് രാവിലെ 7ന് മൂന്നിന്മേൽ കുർബാന. 10.30ന് ആത്മീയ സംഘടനകളുടെ വാർഷികം, ഉച്ചയ്ക്ക് 1.30ന് എക്യുമെനിക്കൽ ക്വിസ് മത്സരം, വൈകിട്ട് 6ന് സന്ധ്യ നമസ്കാരം, ഗാന ശുശ്രൂഷ, വചന ശുശ്രൂഷ, സമർപ്പണ പ്രാർഥന. 28, 29 തീയതികളിൽ രാവിലെ 7ന് കുർബാന, വൈകിട്ട് 6ന് സന്ധ്യ നമസ്കാരം, ഗാന ശുശ്രൂഷ, വചന ശുശ്രൂഷ. നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് കാർമികത്വം വഹിക്കും. തുടർന്ന് സമർപ്പണ പ്രാർഥന. 30ന് രാവിലെ 7ന് പ്രഭാത നമസ്കാരം, കുർബാന, വൈകിട്ട് 6ന് സന്ധ്യ നമസ്കാരം. അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് കാർമികത്വം വഹിക്കും. തുടർന്ന് പ്രദക്ഷിണം, ശ്ലൈഹിക വാഴ്വ്, നേർച്ച ഊട്ട്. മേയ് 1ന് രാവിലെ 7ന് പ്രഭാത നമസ്കാരം, മൂന്നിന്മേൽ കുർബാന. ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് കാർമികത്വം വഹിക്കും. റവ. വർഗീസ് കെ. തുണ്ടിൽ കോറെപ്പിസ്കോപ്പ, റവ. പനവിള ഫിലിപ്പോസ് ജോർജ് കോറെപ്പിസ്കോപ്പ എന്നിവർ സഹകാർമികത്വം വഹിക്കും. തുടർന്ന് പ്രദക്ഷിണം, നേർച്ച, 10.30ന് കൊടിയിറക്ക്, വൈകിട്ട് 7ന് ബൈബിൾ നാടകം.



നല്ലില സെന്റ് ഗബ്രിയേൽ സൂബോറോ ഓർത്തഡോക്സ് വലിയ പള്ളിയിലെ വി.ശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ പെരുന്നാളിന് കൊല്ലം ഭദ്രാസനാധിപൻ ജോസഫ് മാർ ദിവന്നാസിയോസ് കൊടിയേറ്റുന്നു.ഇടവക വികാരി ഫാ. ക്രിസ്റ്റി ജോസ് സമീപം.

പുനഃപ്രതിഷ്ഠാ വാർഷികം 30ന്

പുലിയില ● പോർക്കുളം മഹാവിഷ്ണു ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാ വാർഷികം 30നു നടക്കും. അന്നേ ദിവസം രാവിലെ 5.30നു നടതുറപ്പ്, നിർമാല്യം, അഭിഷേകം, 6ന് അഷ്ടദ്രവ്യ ഗണപതിഹോമം, 7ന് ഉഷപൂജ, 9.30നു ശ്രീഭൂതബലിയും വിളക്കും, കളഭാഭിഷേകവും വാർഷിക കലശപൂജകളും, ഉച്ചയ്ക്കു 12.30ന് അന്നദാനം, വൈകിട്ട് 5നു നടതുറപ്പ്, 5.30നു താലപ്പൊലിയും വിളക്കും, രാത്രി 7.30നു കൈകൊട്ടിക്കളി എന്നിവ നടക്കും.



ചാത്തിനാംകുളം പീപ്പിൾസ് ലൈബ്രറി കുട്ടികൾക്കായി സംഘടിപ്പിച്ച അവധിക്കാല ക്യാംപിൽ.

അവധിക്കാല ക്യാംപ് തുടക്കം

കൊല്ലം● ചാത്തിനാംകുളം പീപ്പിൾസ് ലൈബ്രറിയിൽ അവധിക്കാല ക്യാംപ് 'കളിവീടിന്' തുടക്കമായി. കുരീപ്പുഴ ഫ്രാൻസിസ് ക്യാംപ് ഉദ്ഘാടനം ചെയ്തു. കഥ, കവിത, ചിത്രരചന, കൃഷി, വ്യക്തിത്വ വികസനം, എന്റെ മലയാളം തുടങ്ങി നിരവധി വിഷയങ്ങളിലായാണ് ഒരു മാസം നീളുന്ന കളിവീട് ക്യാംപ് നടക്കുന്നത്. വിവിധ ദിവസങ്ങളിൽ പ്രമുഖർ അതിഥികളായി എത്തി കുട്ടികളുമായി സംവദിക്കും. പുസ്തക വായന, പത്രവായന, വാർത്താ അവതരണം തുടങ്ങിയ മത്സരങ്ങളും കളിവീടിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

വി.സാംബശിവൻ അനുസ്മരണവും പുരസ്കാര സമർപ്പണവും

കൊല്ലം ● ഇരവി ഗ്രന്ഥശാല, സിദ്ധാർഥ ഫൗണ്ടേഷൻ, കഥാപ്രസംഗ പരിപോഷക സമിതി എന്നിവ സംയുക്തമായി നാളെ വൈകിട്ടു 3നു കടപ്പാക്കട എം.വി. ദേവൻ ആർട്ട് ഗാലറിയിൽ വി. സാംബശിവൻ അനുസ്മരണവും പുരസ്കാര സമർപ്പണവും സംഘടിപ്പിക്കും. അനുസ്മരണ സമ്മേളനം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യും. കെ.പി.സജിനാഥ് അധ്യക്ഷത വഹിക്കും.

സാംബശിവൻ പുരസ്കാരം കഥാപ്രസംഗ കലയ്ക്കു നൽകുന്ന സമഗ്ര സംഭാവനക്കായി കടക്കോട് വിശ്വംഭരൻ ഫൗണ്ടേഷനു സിദ്ധാർഥ ഫൗണ്ടേഷൻ ചെയർമാൻ യു.സുരേഷ് സമർപ്പിക്കും.

കുച്ചിപ്പുഡി പരിശീലന കളരി 24 മുതൽ

കൊല്ലം ● കൊല്ലം പബ്ലിക് ലൈബ്രറി സാവിത്രി ഹാളിൽ 24 മുതൽ 26 വരെ രാവിലെ 9 മുതൽ ഉച്ചയ്ക്കു 2 വരെ കുച്ചിപ്പുഡി പരിശീലന കളരി നടക്കും. 9497219587.

വിവരാവകാശ അപേക്ഷകൾക്ക് അപൂർണമായ മറുപടി: കർശന നടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ്

കൊല്ലം● വിവരാവകാശ അപേക്ഷകൾക്ക് അപൂർണമായ മറുപടി നൽകിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ്. ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന വിവരാവകാശ കമ്മിഷന്റെ സിറ്റിങ്ങിലാണ് വിവരാവകാശ കമ്മിഷണർ ടി.കെ. രാമകൃഷ്ണന്റെ നിർദേശം. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കണം. അപേക്ഷകർക്ക് 30 ദിവസം വരെയുള്ള സമയപരിധിക്കു കാത്തിരിക്കരുത്. ബോധവൽക്കരണം നടത്തണം. വിവരാവകാശ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പാക്കണം. അപ്പീലുകളും യഥാസമയം തീർപ്പാക്കണം എന്നും ഓർമിപ്പിച്ചു. പരിഗണിച്ച 20 കേസുകളിൽ 19 എണ്ണവും തീർപ്പാക്കി. ഒരു കേസ് അടുത്ത സിറ്റിങ്ങിലേക്കു മാറ്റി. പഞ്ചായത്ത്, കോർപറേഷൻ, കലക്ടറേറ്റ് തുടങ്ങിയ സ്ഥാപനങ്ങളിലെ പരാതികളായിരുന്നു ഭൂരിഭാഗവും.

ഇന്ന്

- സംസ്ഥാനത്ത് ചൂടു കൂടിയിരിക്കും, ഇടിയോടു കൂടിയ മഴയ്ക്കും സാധ്യത
- അപകടകരമായ മിന്നലിനും വേഗമേറിയ കാറ്റിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം
- കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല

അറിയിപ്പ്

ഗെസ്റ്റ് അധ്യാപക ഒഴിവ്

കൊട്ടിയം● എംഎംഎൻഎസ്എസ് കോളജിൽ ഇംഗ്ലിഷ്, സാമ്പത്തികശാസ്ത്രം, പൊളിറ്റിക്സ്, ഗണിതശാസ്ത്രം, മലയാളം, ഹിന്ദി, ജന്തു ശാസ്ത്രം, രസതന്ത്രം എന്നി വിഷയങ്ങളിൽ 2025-26 അധ്യയന വർഷത്തിലേക്ക് ഗെസ്റ്റ് അധ്യാപക ഒഴിവുണ്ട്. ഇംഗ്ലിഷ്, ഹിന്ദി, മലയാളം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗാർഥികൾ മേയ് 7ന് രാവിലെ 10നും രസതന്ത്രം, കണക്ക്, ജന്തുശാസ്ത്രം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗാർഥികൾ മേയ് 8ന് രാവിലെ 10നും സാമ്പത്തികശാസ്ത്രം, പൊളിറ്റിക്സ് എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗാർഥികൾ മേയ് 9ന് രാവിലെ 10നും അസ്സൽ സർട്ടിഫിക്കറ്റുകളുമായി കോളജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം. 2024 നവംബർ 3ന് കോളജ് വിദ്യാഭ്യാസ മേധാവി പുറപ്പെടുവിച്ച എസ്ഒപി പ്രകാരം കോളജ് വിദ്യാഭ്യാസ മേധാവിയുടെ പോർട്ടലിൽ റജിസ്റ്റർ ചെയ്ത് ഡപ്യൂട്ടി ഡയറക്ടറേറ്റിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തി റജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച യുജിസി നിഷ്കർഷിച്ച വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം.

അഭിമുഖം 25ന്

കൊല്ലം● തൃക്കോവിൽവട്ടം പഞ്ചായത്തിന് കീഴിൽ വരുന്ന തൃക്കോവിൽവട്ടം കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതി പ്രകാരം ഒരു ഡോക്ടറെ നിയമിക്കുന്നതിനായി യോഗ്യരായവരുടെ അഭിമുഖം 25ന് ഉച്ചയ്ക്ക് 2ന് കുടുംബാരോഗ്യ കേന്ദ്രത്തിൽ നടത്തും. ഉദ്യോഗാർഥികൾ അസ്സൽ രേഖകളും വിദ്യാഭ്യാസ പ്രവൃത്തി പരിചയ രേഖകളുമായി എത്തണമെന്ന് മെഡിക്കൽ ഓഫിസർ അറിയിച്ചു.

ഇന്നത്തെ സിനിമ

കൊല്ലം ധന്യ (A/C,DTS) ബസൂക്ക (M) 11.00 am, 06.00
SINNERS (E) 2.00pm, 9.00pm
രമ്യ (www.bookmyshow.com)
Paddington in Peru (E) 11.00 am, 6.00PM
GOOD BAD UGLY (T) 02.00 pm., 09.00 pm
പ്രണവം (A/C) (Phone:0474 2742604) (www.bookmyshow.com) മരണമാസ്സ് (M) 02.30 am, 06.30 pm
ഉഷ (A/C,DTS) (Phone: 0474 2747517) ആലപ്പുഴ ജിംഖാന (M) 11.30 am, 02.30 pm, 06.30 pm, 09.30 pm
നല്ലില J B Cinemas (4K,3D,A/C) (Phone:0474 2563265, 8281691515) ബസൂക്ക (M) 09.45 am, 03.30 pm, 06.45 pm, 09.45 pm
എമ്പുരാൻ (M) 12.15 pm, 06.30 pm
മരണമാസ്സ് (M) 09.45 am, 12.45 pm, 03.45 pm, 10.00 pm
ഓയൂർ എൻ. വി. പി. സിനിമ (A/C, 4K) (Phone:0474 2468289, 9633484397) (Online booking: www.bookmyshow.com) ബസൂക്ക (2D) (M) 03.00 pm, 06.30 pm
GOOD BAD UGLY (2D) (T) 11.00 am, 09.30 pm

പൈപ്പ് ലൈനിന്റെ കുഴിയിൽ എൽപിജി ബുള്ളറ്റ് ടാങ്കർ അകപ്പെട്ടു

▸▸പാചക വാതക ചോർച്ച ഇല്ലാഞ്ഞതിനാൽ അപകട ഭീഷണി ഒഴിവായി

ചാത്തന്നൂർ ● ദേശീയപാതയിൽ ചാത്തന്നൂർ തിരുമുക്ക് അടിപ്പാതയ്ക്കു സമീപം പൈപ്പ് ലൈനിന്റെ കുഴിയിൽ എൽപിജി ബുള്ളറ്റ് ടാങ്കർ അകപ്പെട്ടു. ഇന്നലെ പുലർച്ചെ ഒന്നരയ്ക്കാണ് സംഭവം. പാചക വാതക ചോർച്ച ഇല്ലാഞ്ഞതിനാൽ അപകട ഭീഷണി ഒഴിവായി. മംഗളൂരുവിൽ നിന്നു പാരിപ്പള്ളി ഐഒസി പാചക വാതക പ്ലാന്റിലേക്ക് വന്ന ബുള്ളറ്റ് ടാങ്കറാണ് അപകടത്തിൽപെട്ടത്. തിരുമുക്ക് അടിപ്പാതയ്ക്കു സമീപം ജപ്പാൻ ശുദ്ധജല വിതരണ പദ്ധതിയുടെ വലുപ്പമേറിയ പൈപ്പ് റോഡിനു കുറുകെ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടക്കുകയാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ഭാഗത്തേക്കുള്ള ഗതാഗതം താൽക്കാലിക പാതയിലൂടെയാണ്.

പാതയുടെ സമീപത്തെ കുഴിയിൽ ബുള്ളറ്റ് ടാങ്കറിന്റെ പിന്നിലെ ഒരു ഭാഗത്തെ ടയർ അകപ്പെടുകയായിരുന്നു. പാചക വാതക ടാങ്കർ ലോറിക്ക് 37 ടൺ ഭാരം ഉണ്ടായിരുന്നു. ഇതിൽ 18 ടൺ പാചകവാതകം ആയിരുന്നു. ചാത്തന്നൂർ പൊലീസ്, പരവൂർ അഗ്നിരക്ഷാസേന, പാരിപ്പള്ളി ഐഒസി പ്ലാന്റിലെ സുരക്ഷ വിഭാഗവും എത്തി നടത്തിയ പരിശോധനയിൽ പാചക വാതകം ചോർച്ച ഇല്ലെന്ന് ഉറപ്പാക്കി. പാചക വാതകം മറ്റൊരു ടാങ്കിലേക്കു മാറ്റുന്നതിനുള്ള എമർജൻസി റെസ്പോൺസ് വെഹിക്കിൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളോടെയാണ് ഐഒസി പ്ലാന്റിൽ നിന്നു സുരക്ഷ വിഭാഗം എത്തിയത്. പാചക വാതകം മാറ്റുന്നതിന് ഒഴിഞ്ഞ ബുള്ളറ്റ് ടാങ്കർ ഐഒസി പ്ലാന്റിൽ സജ്ജമാക്കിയിരുന്നു.

ദേശീയപാത നിർമാണ കമ്പനിയുടെ ക്രെയിനുകൾ ഉപയോഗിച്ചു ഉയർത്തി. പുലർച്ചെ 4നാണ് ടാങ്കർ ലോറി ഉയർത്തിയത്. പിന്നീട് ബുള്ളറ്റ് ടാങ്കർ ലോറി പ്ലാന്റിലേക്കു പോയി.ബുള്ളറ്റ് ടാങ്കർ അകപ്പെട്ടതോടെ തിരുവനന്തപുരം ഭാഗത്തേക്കുള്ള ഗതാഗതം മറു വശത്തു കൂടി തിരിച്ചു വിട്ടു. പുലർച്ചെ ആയതിനാൽ വലിയ ഗതാഗതക്കുരുക്ക് സൃഷ്ടിച്ചില്ല.


ചാത്തന്നൂർ തിരുമുക്കിൽ പൈപ്പ് ലൈനിന്റെ കുഴിയിൽ അകപ്പെട്ട എൽപിജി ബുള്ളറ്റ് ടാങ്കർ.


കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ കൊല്ലം സിറ്റി ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് ആശ്രാമം മൈതാനത്ത് ഒരുക്കുന്ന മാന്തോട്ടം കലക്ടർ എൻ.ദേവീദാസ് മാവിൻ തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നു.

ആശ്രാമം മൈതാനത്ത് മാന്തോട്ടം ഒരുക്കാൻ കേരള പൊലീസ് ഓഫിസേഴ്സ് അസോ.

കൊല്ലം ● കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ കൊല്ലം സിറ്റി ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് ആശ്രാമം മൈതാനത്ത് മാന്തോട്ടം ഒരുക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 35 -ാം ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് മൈതാനത്ത് 35 മാവിൻ തൈകൾ നട്ട് മാന്തോട്ടം ഒരുക്കുകയാണ് ലക്ഷ്യം. മൈതാനത്ത് നിലവിലുള്ള മിയാവാക്കി ഫോറസ്റ്റ്, സോഷ്യൽ ഫോറസ്റ്റ് വിഭാഗം നട്ട വൃക്ഷങ്ങൾക്കും അനുബന്ധമായുള്ള സ്ഥലം വൃത്തിയാക്കിയാണ് തോട്ടം ഒരുക്കുന്നത്. വിവിധയിനം മാവ് വർഗങ്ങളുടെ തോട്ടമാണ് ഒരുക്കുന്നത്. റവന്യു വകുപ്പിന്റെ അനുമതി വാങ്ങിയാണ് തോട്ടം നിർമാണം നടന്നുവരുന്നത്.

കലക്ടർ എൻ.ദേവീദാസ് മാവിൻ തൈ നട്ടുകൊണ്ട് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. അസോസിയേഷൻ കൊല്ലം സിറ്റി ജില്ലാ ജോയിന്റ് സെക്രട്ടറി ഡി.ശ്രീകുമാർ അധ്യക്ഷത വഹിച്ചു. കെപിഒഎ സംസ്ഥാന കമ്മിറ്റി അംഗം എസ്.ഷഹീർ, ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ബി.വിനോദ് കുമാർ, കോർപറേഷൻ ക്ഷേമകാര്യ സമിതി ചെയർമാൻ എം. സജീവ്, അഞ്ചാലുംമൂട് എസ്എച്ച്ഒ ജയകുമാർ, കെപിഒഎ ജില്ലാ സെക്രട്ടറി ജിജു.സി. നായർ, കെപിഎ ജില്ലാ സെക്രട്ടറി വിമൽ കുമാർ, കെപിഎ സംസ്ഥാന നിർവാഹക സമിതി അംഗം വിനോദ് കുമാർ, പൊലീസ് സൊസൈറ്റി പ്രസിഡന്റ് എസ്.ആർ.ഷിനോദാസ്, കെപിഒഎ വൈസ് പ്രസിഡന്റ് ടി.കണ്ണൻ, ട്രഷറർ മനു, ജില്ലാ എക്സിക്യൂട്ടീവ് അംഗം പ്രദീപ്, സനോജ്, ജില്ലാ കമ്മിറ്റി അംഗം പ്രമോദ്, എസ്.അപ്പു തുടങ്ങിയവർ പ്രസംഗിച്ചു. കൊല്ലം എസ്എൻ കോളജ് എൻഎസ്എസ് വൊളന്റിയർമാർ, വിവിധ സ്കൂളുകളിലെ എസ്പിസി കെഡറ്റുകൾ തുടങ്ങിയവർ പരിപാടിയുടെ ഭാഗമായി. പക്ഷികൾക്കു ദാഹം അകറ്റാനായി എസ്പിസി കുട്ടികൾ നീർക്കുടങ്ങളും സ്ഥാപിച്ചു. കോർപറേഷന്റെ സഹായത്തോടെ മാവിൻ തൈകൾക്ക് മുടങ്ങാതെ വെള്ളമൊഴിക്കാൻ വാട്ടർ ടാങ്കും ഗ്രൗണ്ടിൽ സ്ഥാപിച്ചു.

വി.സാംബശിവൻ അനുസ്മരണവും പുരസ്കാര സമർപ്പണവും നാളെ

കൊല്ലം ● ഇരവി ഗ്രന്ഥശാല, സിദ്ധാർഥ ഫൗണ്ടേഷൻ, കഥാപ്രസംഗ പരിപോഷക സമിതി എന്നിവ സംയുക്തമായി നാളെ വൈകിട്ടു 3നു കടപ്പാക്കട എം.വി .ദേവൻ ആർട്ട് ഗാലറിയിൽ വി. സാംബശിവൻ അനുസ്മരണവും പുരസ്കാര സമർപ്പണവും സംഘടിപ്പിക്കും.

അനുസ്മരണ സമ്മേളനം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യും. കെ.പി.സജിനാഥ് അധ്യക്ഷത വഹിക്കും.

സാംബശിവൻ പുരസ്കാരം കഥാപ്രസംഗ കലയ്ക്കു നൽകുന്ന സമഗ്ര സംഭാവനക്കായി കടക്കോട് വിശ്വംഭരൻ ഫൗണ്ടേഷനു സിദ്ധാർഥ ഫൗണ്ടേഷൻ ചെയർമാൻ യു.സുരേഷ് സമർപ്പിക്കും.


ആദിച്ചനല്ലൂർ സെന്റ് ബഹനാൻസ് ഓർത്തഡോക്സ് പള്ളിയിൽ വികാരി ഫാ. ജേക്കബ് ജോണിന്റെ നേതൃത്വം നടന്ന ഉയിർപ്പിന്റെ ശുശ്രൂഷ.


ഇളംകുളം എസ്എൻഡിപി ശാഖാ യോഗത്തിന്റെ പുതിയ മന്ദിരത്തിന്റെ ശിലാസ്ഥാപനം യൂണിയൻ പ്രസിഡന്റ് ബി.ബി.ഗോപകുമാർ നിർവഹിക്കുന്നു.

പുതിയ മന്ദിരത്തിന്റെ ശിലാസ്ഥാപനം

ചാത്തന്നൂർ ● എസ്എൻഡിപി യോഗം ചാത്തന്നൂർ യൂണിയനിലെ ഇളംകുളം ശാഖാ യോഗത്തിന്റെ പുതിയ മന്ദിരത്തിന്റെ ശിലാസ്ഥാപനം യൂണിയൻ പ്രസിഡന്റ് ബി.ബി.ഗോപകുമാർ നിർവഹിച്ചു.

ശാഖാ പ്രസിഡന്റ് മധുസൂദനൻ അധ്യക്ഷത വഹിച്ചു. യൂണിയൻ അസിസ്റ്റന്റ് സെക്രട്ടറി കെ.നടരാജൻ, ശാഖാ സെക്രട്ടറി മോഹനദാസ്, വൈസ് പ്രസിഡന്റ് ഗോപി, യൂണിയൻ പ്രതിനിധി ബിജോഷ്, വനിതാ സംഘം പ്രസിഡന്റ് സുധ, സെക്രട്ടറി സിന്ധു എന്നിവർ പ്രസംഗിച്ചു.

ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു

ചാത്തന്നൂർ ● പാലവിള വാർഡ് കോൺഗ്രസ് കമ്മിറ്റി ഈസ്റ്ററിനോട് അനുബന്ധിച്ച് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു. വാർഡ് പ്രസിഡന്റ് സന്തോഷ് വർഗീസ് കാട്ടുവിള , ബ്ലോക്ക് വൈസ് പ്രസിഡന്റ് പി.പി.സജിമോൻ, ഷൈനി ജോയി, അലക്സാണ്ടർ, ജോയി ലൂക്കോസ്, ജോൺ പ്രകാശ്, ജോൺ വർഗീസ് എന്നിവർ നേതൃത്വം നൽകി.

തിരുമുല്ലവാരം കടൽത്തീരം

കടലെടുത്തോ വികസന പദ്ധതികൾ?

▸▸ഡിടിപിസിയുടെ പദ്ധതികളടക്കം എങ്ങുമെത്താതെ അവസാനിപ്പിച്ചു

കൊല്ലം ● എന്നും അവഗണനകൾ മാത്രം ഏറ്റുവാങ്ങുന്ന കടൽത്തീരമാണ് തിരുമുല്ലവാരം കടൽത്തീരം. മനോഹരമായ ബീച്ച് സംരക്ഷിക്കുന്നതിനോ മികച്ച ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനോ ഇവിടെ ഇനിയും നടപടികൾ ഉണ്ടായിട്ടില്ല. ഡിടിപിസിയുടെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികളടക്കം എങ്ങുമെത്താതെ അവസാനിപ്പിക്കുകയും ചെയ്തു. ആ പദ്ധതിയിലൂടെ സ്ഥാപിച്ച ലൈറ്റുകൾ പോലും കൃത്യമായ പരിചരണമോ പരിശോധനയോ നടക്കാത്തതിനാൽ നശിച്ചുകഴിഞ്ഞു. ചിൽഡ്രൻസ് പാർക്കെന്ന ബോർഡ് മാത്രം ഇവിടെ കാണാം. തിരയടിക്കാത്ത കടൽ കാണാൻ സാധിക്കുന്ന തിരുമുല്ലവാരത്തെ ആകർഷണീയത ടൂറിസത്തിനായി ഉപയോഗപ്പെടുത്താൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ഇനിയും നടപ്പാക്കാൻ വൈകിക്കൂടാ.


തിരുമുല്ലവാരം ബീച്ചിൽ കുട്ടികളുടെ പാർക്ക് സ്ഥിതി ചെയ്തിരുന്ന സ്ഥലം.

ടൂറിസം സാധ്യത ഏറെ

ക്ഷേത്രത്തിന്റെ സാന്നിധ്യവും ബലിതർപ്പണ സൗകര്യവും കടൽത്തീര സൗന്ദര്യവുമെല്ലാം ഉപയോഗപ്പെടുത്തുന്ന പദ്ധതികൾ ഇനിയും ഉണ്ടായിട്ടില്ല. സ്ഥലത്തിന്റെ അപര്യാപ്തത ഉള്ളതിനാൽ ചെറു പദ്ധതികൾ ഇവിടെ ആവിഷ്കരിക്കാവുന്നതാണ്. കോർപറേഷൻ, ഡിടിപിസി, ദേവസ്വം ബോർഡ് എന്നിവരുടെ നേതൃത്വത്തിലെല്ലാം വിവിധ പദ്ധതികൾ ഇവിടെ പ്രഖ്യാപിക്കപ്പെട്ടിരുന്നെങ്കിലും ഒന്നും എവിടെയും എത്തിയില്ല. പാതിവഴിയിൽ ഉപേക്ഷിച്ചതും നശിച്ചതുമായ പദ്ധതികളാണ് കൂടുതലും.

ലൈറ്റുകളുടെ അവസ്ഥ ദയനീയം

തിരുമുല്ലവാരം ബീച്ചിന് മുൻപിലുള്ള ഹൈമാസ്റ്റ് ലൈറ്റും ഒരു തെരുവു വിളക്കുമില്ലാതെ മറ്റൊരു ലൈറ്റുകളും ഇവിടെയില്ല. പല തെരുവു വിളക്കുകളുടെ കാലുകൾ മാത്രമാണുള്ളത്. ചിലവ പൂർണമായും തകർന്നു വീണുകിടക്കുകയാണ്. കടലോരത്തിന് ചേർന്നായതിനാൽ നശിക്കാനുള്ള സാധ്യത കൂടുതലായതിനാൽ അതിനനുസരിച്ചുള്ള പരിചരണം അനിവാര്യമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും അതിനാൽ തന്നെ ഇരുട്ടിയാൽ ഇവിടെ നിന്ന് മടങ്ങേണ്ടി വരും. നടപ്പാതയും പുലിമുട്ടുമെല്ലാം രാത്രി പൂർണമായും ഇരുട്ടിലാണ്. ഡിടിപിസിയുടെ നേതൃത്വത്തിൽ ലൈറ്റ് ഘടിപ്പിക്കുന്നതിലൂടെ തുടങ്ങിയ പദ്ധതി സ്ഥലത്തിന്റെ തർക്കങ്ങളിലും മറ്റും തട്ടി നിലച്ചു. നിലവിൽ ഡിടിപിസിക്ക് പ്രത്യേകം പദ്ധതികളൊന്നും ഇവിടെയില്ല.


തിരുമുല്ലവാരം ബീച്ചിലെ തെരുവുവിളക്ക് തകർന്നു കിടക്കുന്ന നിലയിൽ.

ഇരിക്കാനും ഇടമില്ല

വൈകുന്നേരങ്ങളിൽ നൂറുകണക്കിന് ആളുകൾ ഇവിടേക്കെത്തുമെങ്കിലും ഇവർക്കെല്ലാം ഇരിക്കാനുള്ള സജ്ജീകരണങ്ങളും ഇവിടെയില്ല. ആറോളം ഇരിപ്പിടങ്ങളാണ് ആകെയുള്ളത്.

പാർക്കിന്റെ ചെറിയ മതിലിലും കടലിലേക്കിറങ്ങിക്കിടക്കുന്ന കരിങ്കൽക്കെട്ടുകളിലുമാണ് മിക്കവരും ഇരിക്കുന്നത്. അതിനാൽ തന്നെ ഇരിക്കാനും കടൽ സൗന്ദര്യം ആസ്വദിക്കാനുമുള്ള സജ്ജീകരണങ്ങളും ഇവിടെ ഒരുക്കേണ്ടതുണ്ട്.

മേൽപാതയിലെ പലക ഇളകി മിനി ബസിൽ വീണു

പാരിപ്പള്ളി ● നിർമാണം നടക്കുന്ന മേൽപാതയിലെ പലക ഇളകി താഴെ സർവീസ് റോഡിലൂടെ പോയ മിനി ബസിൽ വീണു. വാഹനത്തിനു കേടുപാടു സംഭവിച്ചെങ്കിലും സൈഡിൽ ഇരുന്ന അമ്മയും കുട്ടിയും പരുക്കേൽക്കാതെ അദ്ഭുതകരമായി രക്ഷപ്പെട്ടു. കഴിഞ്ഞ ദിവസം പാരിപ്പള്ളി ജംക്‌ഷനിലാണ് അപകടം.ഇത്തിക്കര സ്വദേശിയുടെ മിനി ബസ് പരവൂരിൽ നിന്നു തിരുവനന്തപുരത്തേക്കു പോകുമ്പോൾ മേൽപാതയുടെ മുകളിൽ നിന്നു തടി പലക ഇളകി മിനി ബസിന്റെ സൈഡിൽ പതിച്ചു. തൊഴിലാളികൾ മേൽപാതയിൽ നിന്നു ജോലി ചെയ്യുകയായിരുന്നു.


ഗുരുധർമ പ്രചാരണസഭ ചാത്തന്നൂർ മണ്ഡലം ശ്രീനാരായണ ധർമ മീമാംസ പരിഷത്ത് ദേശികാനന്ദ യതി സ്വാമികൾ ഉദ്ഘാടനം ചെയ്യുന്നു.

ശ്രീനാരായണ ധർമ മീമാംസ പരിഷത്ത്

ചാത്തന്നൂർ ● ഗുരുധർമ പ്രചാരണ സഭ ചാത്തന്നൂർ മണ്ഡലം ശ്രീനാരായണ ധർമ മീമാംസ പരിഷത്ത് ദേശികാനന്ദ യതി സ്വാമികൾ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് അഡ്വ. ആർ.ഹരിലാൽ അധ്യക്ഷത വഹിച്ചു. ജാതി നിർണയം എന്ന വിഷയത്തിൽ ജില്ലാ സെക്രട്ടറി പന്മന സുന്ദരേശൻ ക്ലാസ് എടുത്തു. ജില്ല പ്രസിഡന്റ് എം.എസ്.മണിലാൽ, വൈസ് പ്രസിഡന്റ് അഡ്വ. എം.പി.സുഗതൻ, മണ്ഡലം സെക്രട്ടറി എസ്.ജഗൽ മോഹൻ, മണ്ഡലം രക്ഷാധികാരി പി.എസ്. രാജേന്ദ്രൻ, പരവൂർ മുനിസിപ്പൽ കമ്മിറ്റി പ്രസിഡന്റ് ആർ.പ്രദീപൻ, മാതൃസഭാ ജില്ലാ ഭാരവാഹികളായ അജിത, വിജയ, സ്വാഗത സംഘം കൺവീനർ പ്രമോദ്, മണ്ഡലം വൈസ് പ്രസിഡന്റ് ശൈലജ പ്രേം എന്നിവർ പ്രസംഗിച്ചു.


കോട്ടയ്ക്കേറം എൻഎസ്എസ് കരയോഗത്തിൽ ലഹരി വിരുദ്ധ സെമിനാർ, സ്വയം സഹായ സംഘങ്ങളുടെ വാർഷികം എന്നിവ താലൂക്ക് യൂണിയൻ പ്രസിഡന്റ് ചാത്തന്നൂർ മുരളി ഉദ്ഘാടനം ചെയ്യുന്നു.

സ്വയം സഹായ സംഘങ്ങളുടെ വാർഷികവും ലഹരി വിരുദ്ധ സെമിനാറും നടത്തി

ചാത്തന്നൂർ ● കോട്ടയ്ക്കേറം എൻഎസ്എസ് കരയോഗത്തിൽ ലഹരി വിരുദ്ധ സെമിനാർ, സ്വയം സഹായ സംഘങ്ങളുടെ വാർഷികം എന്നിവ നടത്തി. കരയോഗം പ്രസിഡന്റ് രവീന്ദ്ര കുറുപ്പ് അധ്യക്ഷത വഹിച്ചു. താലൂക്ക് യൂണിയൻ പ്രസിഡന്റ് ചാത്തന്നൂർ മുരളി ഉദ്ഘാടനം ചെയ്തു. പുതക്കുളം അനിൽകുമാർ ലഹരി വിരുദ്ധ അവബോധന ക്ലാസ് എടുത്തു. യൂണിയൻ ഭരണസമിതി അംഗം വിജയൻപിള്ള, എൻഎസ്എസ് ഇൻസ്പെക്ടർ പി.എം. പ്രകാശ് കുമാർ, വനിതാ യൂണിയൻ പ്രസിഡന്റ് ബി.ആർ.സുജ, എംഎസ്എസ്എസ് കോഓർഡിനേറ്റർ ബേബി അനിൽ, കരയോഗം സെക്രട്ടറി ജനാർദനൻ പിള്ള, വനിതാ സമാജം പ്രസിഡന്റ് ജലജ കുമാരി എന്നിവർ പ്രസംഗിച്ചു.

ഇന്നത്തെ പരിപാടി

- ചാത്തന്നൂർ ഉളിയനാട് മഹാദേവർ ക്ഷേത്രം: ഉത്സവം.കൊടിയേറ്റ് 9.00-9.40, പടുക്ക ഘോഷയാത്ര 5.30, തിരുവാതിര, കൈകൊട്ടിക്കളി 7.45.

മനോരമ പ്രാദേശികം

‘വിജ്ഞാന കേരളം: 1000 പേർക്ക് തൊഴിൽ നൽകും’

ഓച്ചിറ● സർക്കാരിന്റെ വിജ്ഞാന കേരളം പദ്ധതിയിലൂടെ കരുനാഗപ്പള്ളി നഗരസഭയിൽ ആയിരം പേർക്ക് തൊഴിൽ നൽകുമെന്ന് നഗരസഭ അധ്യക്ഷൻ പടിപ്പുര ലത്തീഫ്.

നഗരസഭ ആരംഭിച്ച ജോബ് സെന്ററിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിക്കുകയായിരുന്നു. നഗരസഭയിൽ റജിസ്റ്റർ ചെയ്ത എല്ലാവർക്കും തൊഴിൽ മേളകൾ സംഘടിപ്പിച്ച് തൊഴിൽ കണ്ടെത്തി നൽകുമെന്നും അദ്ദേഹം പറഞ്ഞു.

നഗരസഭ വൈസ് ചെയർപേഴ്സൻ ഷഹന നസീം അധ്യക്ഷത വഹിച്ചു. മഹേഷ് ജയരാജ്, എം.ശോഭന, ഡോ.പി.മീന, എസ്.ഇന്ദുലേഖ, റജി ഫോട്ടോപാർക്ക്, കോട്ടയിൽ രാജു, എം.അൻസാർ, സതീഷ് തേവനത്ത്, സന്ദീപ് കുമാർ, കെ.പി.ദിനേഷ് എന്നിവർ പ്രസംഗിച്ചു.

കാലാവസ്ഥ

- സംസ്ഥാനത്ത് ചൂടു കൂടിയിരിക്കും. ഇടിയോടു കൂടിയ മഴയ്ക്കും സാധ്യത
- അപകടകരമായ മിന്നലിനും വേഗമേറിയ കാറ്റിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം
- കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല

SHORTS

മഹാത്മാഗാന്ധി കുടുംബ സംഗമം

ശാസ്താംകോട്ട● കോൺഗ്രസ് ഇടവനശേരി വടക്ക് 5-ാം വാർഡ് മഹാത്മാഗാന്ധി കുടുംബ സംഗമം ഡിസിസി വൈസ് പ്രസിഡന്റ് ആർ.അരുൺരാജ് ഉദ്ഘാടനം ചെയ്തു. വാർഡ് പ്രസിഡന്റ് റഹിം ആനവളഞ്ഞയ്യത്ത് അധ്യക്ഷനായി. ബ്ലോക്ക് പ്രസിഡന്റ് വൈ.ഷാജഹാൻ, മണ്ഡലം പ്രസിഡന്റ് പി.എം.സെയ്ദ്, പഞ്ചായത്ത് പ്രസിഡന്റ് വർഗീസ് തരകൻ, സുബൈർ കുട്ടി, ടി.ജി.എസ്.തരകൻ, തച്ചിരേത്ത് സോമൻ പിള്ള തുടങ്ങിയവർ പ്രസംഗിച്ചു.

ശൂരനാട്● കോൺഗ്രസ് ശൂരനാട് തെക്ക് 12-ാം വാർഡ് മഹാത്മാഗാന്ധി കുടുംബ സംഗമം കെപിസിസി സെക്രട്ടറി ബിന്ദു ജയൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സുഭാഷ്.എസ്.കുറ്റിവിള അധ്യക്ഷനായി. ബി.ശ്രീകുമാർ, വി.എസ്.അജയകുമാർ, ബി.പ്രേംകുമാർ, മാമ്പള്ളി റെജി, കെ.ആനന്ദൻ, രവീന്ദ്രൻ പിള്ള, ആരോമൽ, ഗണേശൻ നായർ, ജയകൃഷ്ണൻ, തുടങ്ങിയവർ പ്രസംഗിച്ചു.

ഓച്ചിറ● കോൺഗ്രസ് ആദിനാട് കമ്മിറ്റി നടത്തിയ മഹാത്മാഗാന്ധി കുടുംബസംഗമം മത്സ്യത്തൊഴിലാളി കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ജി.ലീലാ കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മുതിർന്ന പ്രവർത്തകരെയും തൊഴിലുറപ്പ് തൊഴിലാളികളെയും ആദരിച്ചു. സുരേഷ് അധ്യക്ഷത വഹിച്ചു. കെ.എം.നൗഷാദ്, കെ.എസ്.പുരം സുധീർ, രജിത് കരിച്ചാലിൽ, രവിദാസ്, ചിന്നു സുനിൽ, മോഹനൻ, രുക്മിണി, സുബ്രഹ്മണ്യൻ പുതുകാവിൽ, രാജൻ കാട്ടിൽ എന്നിവർ പ്രസംഗിച്ചു.

വിവാഹിതരായി

പന്മന ● മനയിൽ കണ്ണങ്കരഭാഗം റേ ഹൗസിൽ റിട്ട.കെഎസ്ആർടിസി ഇൻസ്പെക്ടർ പി.ബി.ലാൽജിയുടെയും എൽ.പത്മജത്തിന്റെയും മകൻ ജിനേഷും ചവറ സൗത്ത് നടുവത്ത്ചേരി ശ്രീനിലയത്തിൽ രഘുവിന്റെയും ഗിരിജയുടെയും മകൾ രാഗിയും വിവാഹിതരായി.

ഇന്നത്തെ സിനിമ

കരുനാഗപ്പള്ളി ലാൽസ് (A/C) (Onlinebooking: www.bookmyshow.com) ആലപ്പുഴ ജിംഖാന (M) 10.30 am, 02.30 pm, 06.30 pm, 09.30 pm

കൊല്ലം ധന്യ (A/C,DTS) ബസൂക്ക (M) 11.00 am, 06.00

SINNERS (E) 2.00pm, 9.00pm

രമ്യ (www.bookmyshow.com) Paddington in Peru (E) 11.00 am, 6.00PM

GOOD BAD UGLY (T) 02.00 pm, , 09.00 pm

പ്രണവം (A/C) (Phone:0474 2742604) (www.bookmyshow.com) മരണമാസ്സ് (M) 02.30 am, 06.30 pm

ഉഷ (A/C,DTS) (Phone: 0474 2747517) ആലപ്പുഴ ജിംഖാന (M) 11.30 am, 02.30 pm, 06.30 pm, 09.30 pm

പുത്തൂർ ചെല്ലം (Phone: 0474 2415545, 2991919) (www.justickets.in/puthoor) ആലപ്പുഴ ജിംഖാന (M) 11.00 am, 02.00 pm, 07.30 pm, 09.30 pm

എമ്പുരാൻ L2 (M) 4.15pm



ശാസ്താംകോട്ട സെന്റ് തോമസ് ദേവാലയത്തിൽ വിശുദ്ധ തോമാശ്ലീഹയുടെ പാദുകാവൽ തിരുനാളിനു വികാരി ഫാ.ബിജു ജോസഫ് കൊടിയേറ്റുന്നു

സെന്റ് തോമസ് പള്ളിയിൽ തിരുനാൾ കൊടിയേറി

ശാസ്താംകോട്ട● തെക്കൻ മലയാറ്റൂർ എന്നറിയപ്പെടുന്ന ശാസ്താംകോട്ട സെന്റ് തോമസ് ദേവാലയത്തിൽ വിശുദ്ധ തോമാശ്ലീഹയുടെ തിരുനാളിനു വികാരി ഫാ. ബിജു ജോസഫ് കൊടിയേറ്റി. തിരുനാൾ സമാരംഭ ബലിക്കു ഡോ.സിൽവി ആന്റണി കാർമികത്വം വഹിച്ചു. ഫാ.സെബാസ്റ്റ്യൻ തോബിയാസ് വചന സന്ദേശം നൽകി. എല്ലാ ദിവസവും രാവിലെ 6.30ന് ജപമാല, ദിവ്യബലി. വൈകിട്ട് 5.30ന് ജപമാല, ലിറ്റനി, ദിവ്യബലി. 26ന് രാവിലെ 7ന് ജപമാല, ദിവ്യബലി തുടർന്ന് വിശുദ്ധ തോമാശ്ലീഹയുടെ തിരുസ്വരൂപം പ്രതിഷ്ഠിക്കൽ, വൈകിട്ട് 5.30ന് ആഘോഷമായ തിരുനാൾ വേസ്പര, പ്രദക്ഷിണം. 27ന് രാവിലെ 10ന് ആഘോഷമായ തിരുനാൾ സമൂഹബലി, ദിവ്യ കാരുണ്യ പ്രദക്ഷിണം, കൊടിയിറക്ക്, സ്നേഹ വിരുന്ന് എന്നിവയോടെ തിരുനാൾ സമാപിക്കുമെന്ന് വികാരി ഫാ.ബിജു ജോസഫ്, ജനറൽ കൺവീനർ റിജോ ജോൺ, സെക്രട്ടറി അബിൻ റോബർട്ട് എന്നിവർ പറഞ്ഞു.



കോൺഗ്രസ് ആദിനാട് മഹാത്മാ ഗാന്ധി കുടുംബ സംഗമം മത്സ്യത്തൊഴിലാളി കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ജി.ലീലാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.



ഹരിത ഗ്രന്ഥാലയം പദ്ധതിയുടെ ഭാഗമായി ശൂരനാട് വടക്ക് ഭാവന ഗ്രന്ഥശാല ആൻഡ് വായനശാല തുണി സഞ്ചികൾ വിതരണം ചെയ്തപ്പോൾ.രക്ഷാധികാരി സാബു ചക്കുവള്ളി ഉദ്ഘാടനം നിർവഹിച്ചു. വനിതാ വേദി പ്രസിഡന്റ് സെലീന അധ്യക്ഷയായി. ആർ.ഇന്ദ്രജിത്ത്, സി.കെ.പ്രേംകുമാർ, ധന്യ രമേഷ്, എസ്.രമ്യ, ബി.ഉപേന്ദ്രൻ, ആർ.രതിർ തുടങ്ങിയവർ പ്രസംഗിച്ചു.



ഭാരതീയ വ്യാപാരി വ്യവസായി സംഘം കുന്നത്തൂർ താലൂക്ക് സമ്മേളനം ജില്ലാ രക്ഷാധികാരി വിളക്കുടി ചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

സൈക്കിൾ ചോദിച്ചിട്ട് നൽകാത്തതിന് തലയ്ക്കടിച്ചു; യുവാവ് അറസ്റ്റിൽ

ചവറ● സൈക്കിൾ ചോദിച്ചിട്ട് നൽകാത്തതിനു ഗൃഹനാഥനെ പാക്ക് വെട്ടി കൊണ്ട് തലയ്ക്കടിച്ചു കൊലപ്പെടുത്താൻ ശ്രമം. ചവറ മേനാമ്പള്ളി തെക്കിനി വടക്കേതിൽ രാമചന്ദ്രൻ പിള്ള(60)യ്ക്കാണ് തലയ്ക്കും ശരീരത്തും അടിയേറ്റ് ആശുപത്രിയിലായത്. കേസിൽ ചവറ മേനാമ്പള്ളി കിണറുവിളയിൽ വിഷ്ണു എന്ന അഖിൽ നാഥ് (30) അറസ്റ്റിലായി. 18ന് വൈകിട്ട് 4.30ന് മണ്ണൂർമുക്കിൽ വച്ചായിരുന്നു സംഭവം. രാമചന്ദ്രൻ പിള്ള ഓടിച്ചു വന്ന സൈക്കിൾ വിഷ്ണു ചോദിച്ചിട്ടു നൽകാത്തതിലുള്ള വിരോധത്തിൽ സമീപത്തെ കടയിൽ നിന്നു പാക്കുവെട്ടി എടുത്ത് അടിക്കുകയായിരുന്നു. അടിയേറ്റ ഭാഗത്ത് എട്ട് തുന്നലുണ്ട്. ഇടത് കൈപ്പത്തിയിലും 8 തുന്നലുകൾ ഉണ്ട്. വധശ്രമത്തിനു കേസ് എടുത്ത ചവറ പൊലീസ് കഴിഞ്ഞ ദിവസം വിഷ്ണുവിനെ പിടികൂടുകയായിരുന്നു. ഇൻസ്പെക്ടർ എം.ഷാജഹാൻ, എസ്ഐ ബി.ഓമനക്കുട്ടൻ, സിപിഒ അനിൽ, മനോജ് എന്നിവരടങ്ങുന്ന സംഘമാണ് അറസ്റ്റ് ചെയ്തത്. റിമാൻഡ് ചെയ്തു.

ചവറ വികാസിൽ ‘കളിക്കൂട്’

ചവറ● ബൗദ്ധികവും മാനസികവുമായ വളർച്ച, സാമൂഹിക ബോധം എന്നിവയിൽ കുട്ടികളെ പ്രാപ്തരാക്കാൻ ചവറ വികാസിൽ ‘കളിക്കൂട്’ ഒരുങ്ങുന്നു. 25 മുതൽ 27 വരെ വികാസിൽ പൂർണമായും റസിഡൻഷ്യൽ സൗകര്യത്തിലാണു പരിപാടി. 40 പേർക്കാണ് പ്രവേശനം. 25ന് രാവിലെ 8ന് ഡോ.എം.എസ്.നൗഫൽ ഉദ്ഘാടനം ചെയ്യും.

‘അഭിരുചിയുടെ വേരുകൾ തേടി’എന്ന വിഷയത്തിൽ കുട്ടികളുമായി സംവദിക്കും. ഉച്ചയ്ക്ക് 2ന് രജനി ബിജുകുമാർ ക്രാഫ്റ്റിൽ പരിശീലനം നൽകും. വൈകിട്ട് 7 മുതൽ ‘പാട്ടും കൂത്തും’ നിസാർ മുഹമ്മദ്, റജി ശിവദാസ് എന്നിവർ അവതരിപ്പിക്കും. 26ന് രാവിലെ 9ന് പ്രസംഗ പരിശീലനം എബി പാപ്പച്ചൻ നയിക്കും. കുട്ടികളുടെ നിയമസഭയുമായി തൊടിയൂർ രാധാകൃഷ്ണനും എത്തും.

27ന് രാവിലെ 9 ന് കൃഷ്ണകുമാർ അവതരിപ്പിക്കുന്ന ഫിനിക്സ്. ബാല്യത്തിന്റെ കാവലുമായി പി.എൽ.വിജിലാൽ ക്ലാസ് നയിക്കും. വൈകിട്ട് 7ന് കുട്ടികൾ അവതരിപ്പിക്കുന്ന ലഹരിക്കെതിരെയുള്ള നാടകത്തോടെ കളിക്കൂട് സമാപിക്കും.

പീഡന കേസിൽ അറസ്റ്റ്

ഓച്ചിറ● പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പ്രണയം നടിച്ച് പീഡിപ്പിച്ച കേസിൽ യുവാവ് അറസ്റ്റിൽ. ക്ലാപ്പന വരവിള തയ്യിൽ പടീറ്റതിൽ അൽ അമീൻ (23) നെയാണു ഓച്ചിറ പൊലീസ് അറസ്റ്റ് ചെയ്തത്. പെൺകുട്ടിയെ ചങ്ങൻകുളങ്ങരയിലെ സ്വകാര്യ ലോഡ്ജിൽ എത്തിച്ചാണ് പീഡിപ്പിച്ചതെന്ന് പൊലീസ് പറഞ്ഞു.ഓച്ചിറ പൊലീസ് ഇൻസ്പെക്ടർ എം.സുജാതൻ പിള്ള, എസ്ഐ എം.എസ്.നാഥ്, സീനിയർ സിവിൽ പൊലീസ് ഓഫിസർമാരായ കനിഷ്, രാഹുൽ, സുധീഷ്, സുനിൽ, പ്രേംസൺ, മോഹൻലാൽ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കരുനാഗപ്പള്ളി പോക്സോ കോടതി റിമാൻഡ് ചെയ്തു.



ആർവൈഎഫ് കരുനാഗപ്പള്ളി നിയോജക മണ്ഡലം കൺവൻഷൻ ജില്ലാ സെക്രട്ടറി സുഭാഷ് എസ്.കല്ലട ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന കമ്മിറ്റി അംഗം ശക്തി കുമാർ അധ്യക്ഷത വഹിച്ചു. പുലത്തറ നൗഷാദ്, എം.എസ്.ഷൗക്കത്ത്, പി.രാജു, സുദർശനൻ, ശാന്തകുമാർ, ഓമന ദാസ്, പാവുമ്പ ഷാജഹാൻ, ജയമോഹൻ, അശോക കുറുപ്പ്, നസീർ കൊപ്പാറയിൽ, ബിജു പുതിയകാവ് എന്നിവർ പ്രസംഗിച്ചു.

തൊഴിലാളികളെ സ്ഥിരപ്പെടുത്തണം: സമരവുമായി യൂണിയനുകൾ

ചവറ● കെഎംഎംഎൽ എംഎസ് യൂണിറ്റിലെ ഡിസി ഡബ്ല്യു തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ സർക്കാർ അടിയന്തര ഇടപെടൽ നടത്തണമെന്ന് കെപിസിസി സെക്രട്ടറി പി.ജർമിയാസ്.

എംഎസ് യൂണിറ്റിനു മുന്നിൽ സംയുക്ത ട്രേഡ് യൂണിയൻ നടത്തിയ പ്രതിഷേധം ഉദ്ഘാടനം ചെയ്യുകയായിരുന്നു. കരിമണൽ ഖനനത്തിനായി ഭൂമിയും വീടും ഏറ്റെടുത്തതോടെ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളിൽ ഒരാൾക്ക് എംഎസ് യൂണിറ്റിൽ സ്ഥിരം നിയമനം നൽകുമെന്ന കരാറിൽ നിന്നു സർക്കാർ പിന്നാക്കം പോയെന്ന് ജർമിയാസ് ആരോപിച്ചു.

ടിയുസി സംസ്ഥാന സെക്രട്ടറി ടി.സി.വിജയൻ അധ്യക്ഷനായി. ഐഎൻടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി ഇ.യൂസുഫ് കുഞ്ഞ്, ബിഎംഎസ് സംസ്ഥാന കമ്മിറ്റിയംഗം പരിമണം ശശി, സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയൻ സംസ്ഥാന പ്രസിഡന്റ് ഫ്രാൻസിസ്.ജെ.നെറ്റോ, യുഡിഎഫ് നിയോജകമണ്ഡലം സെക്രട്ടറി പൊന്മന നിശാന്ത്, എച്ച്എംഎസ് സംസ്ഥാന സെക്രട്ടറി സിനിൽ, യുടിയുസി എംഎസ് യൂണിറ്റ് സെക്രട്ടറി സന്തോഷ് ഇടയില മുറി തുടങ്ങിയവർ പ്രസംഗിച്ചു.



കെഎംഎംഎൽ എംഎസ് യൂണിറ്റിലെ ഡിസി ഡബ്ല്യു തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് എംഎസ് യൂണിറ്റിനു മുന്നിൽ സംയുക്ത ട്രേഡ് യൂണിയൻ നടത്തിയ പ്രതിഷേധം കെപിസിസി സെക്രട്ടറി പി.ജർമിയാസ് ഉദ്ഘാടനം ചെയ്യുന്നു



ടൈറ്റാനിയം ജനറൽ വർക്കേഴ്സ് യൂണിയൻ സിഐടിയു കെഎംഎംഎൽ കമ്പനിക്ക് മുന്നിൽ നടത്തിയ വിശദീകരണയോഗം സിഐടിയു ജില്ലാ സെക്രട്ടറി എസ്.ജയമോഹൻ ഉദ്ഘാടനം ചെയ്തു

യോഗം ചേർന്നു

ചവറ● കെഎംഎംഎൽ കമ്പനി ഡിസി ഡബ്ല്യു തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനും അവകാശങ്ങൾ നേടിയെടുക്കാനും അണിനിരക്കുക എന്ന മുദ്രാവാക്യമുയർത്തി ടൈറ്റാനിയം ജനറൽ വർക്കേഴ്സ് യൂണിയൻ സിഐടിയു കമ്പനിക്ക് മുന്നിൽ വിശദീകരണയോഗം സംഘടിപ്പിച്ചു. സിഐടിയു ജില്ലാ സെക്രട്ടറി എസ്.ജയമോഹൻ ഉദ്ഘാടനം ചെയ്തു. സിപിഎം ഏരിയ കമ്മിറ്റിയംഗം എം.വി.പ്രസാദ് അധ്യക്ഷനായി. ഏരിയ സെക്രട്ടറി ആർ.രവീന്ദ്രൻ, സിഐടിയു സംസ്ഥാന കമ്മിറ്റിയംഗം ടി.മനോഹരൻ, ഏരിയ പ്രസിഡന്റ് ആർ.സുരേന്ദ്രൻ പിള്ള, ജില്ലാ കമ്മിറ്റിയംഗം വി.സി. രതീഷ് കുമാർ, ജെ.അനിൽ, കെ.വി.ദിലീപ്കുമാർ, എസ്.സന്തോഷ്, എൻ.ആർ.ബിജു തുടങ്ങിയവർ പ്രസംഗിച്ചു.

പത്താമുദയം

ശൂരനാട്● കോമളവല്ലീശ്വരം ദേവീ ക്ഷേത്രത്തിൽ പത്താമുദയം പൊങ്കാല നാളെ നടക്കും. രാവിലെ 5.45ന് മേൽശാന്തി വി.യു.ബിനു പണ്ടാര അടുപ്പിൽ അഗ്നി പകരും. വൈകിട്ട് വിശേഷാൽ ദീപക്കാഴ്ച എന്നിവ നടക്കും.

ശാസ്താംകോട്ട● പത്താമുദയം പ്രമാണിച്ച് നാളെ ശാസ്താംകോട്ട ധർമശാസ്താ ക്ഷേത്രത്തിൽ നാളെ രാവിലെ അഷ്ടാഭിഷേകം, കലശാഭിഷേകം, തിരുവാതിര എന്നിവ നടക്കും. രാവിലെ കഞ്ഞി സദ്യയും ഉണ്ടായിരിക്കും.

ഭാരവാഹികൾ

ശാസ്താംകോട്ട● ഭാരതീയ വ്യാപാരി വ്യവസായി സംഘം കുന്നത്തൂർ താലൂക്ക് സമ്മേളനം ജില്ലാ രക്ഷാധികാരി വിളക്കുടി ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കുടുംബമിത്ര പദ്ധതി സർട്ടിഫിക്കറ്റുകൾ ജില്ലാ ജനറൽ സെക്രട്ടറി ജയൻ ശാസ്താംകോട്ട വിതരണം ചെയ്തു. താലൂക്ക് സമിതി പ്രസിഡന്റ് കെ.അജിമോൻ അധ്യക്ഷനായി. ജില്ലാ വൈസ് പ്രസിഡന്റ് പ്രദീപ് കുരീപ്പുഴ, രക്ഷാധികാരി കൃഷ്ണൻകുട്ടി തുടങ്ങിയവർ പ്രസംഗിച്ചു. ഭാരവാഹികൾ: കെ.അജിമോൻ (പ്രസി), രാധാകൃഷ്ണ പിള്ള, സോമൻ കിടങ്ങയം, ചന്ദ്രശേഖരൻ പിള്ള (വൈ.പ്രസി), രാജീവ് മൈനാഗപ്പള്ളി (ജന.സെക്ര), ശിവൻ ശൂരനാട് (സെക്ര), അനിൽകുമാർ (ട്രഷ).

പള്ളിവേട്ട ഉത്സവം

ചവറ● അറയ്ക്കൽ ഭദ്രകാളി ദേവീക്ഷേത്രത്തിൽ പള്ളിവേട്ട ഉത്സവം ഇന്ന് നടക്കും. രാവിലെ 7.30ന് തോറ്റംപാട്ട്, രാവിലെ 8.30നും വൈകിട്ട് 7നും ശീവേലി എഴുന്നള്ളത്തും വിളക്കും. വൈകിട്ട് 5ന് ചവറ പരുവത്തോടിൽ ക്ഷേത്രത്തിൽ നിന്നും താലപ്പൊലി ഘോഷയാത്ര. 5.30നും 7.30നും തോറ്റംപാട്ട്, 8.30ന് പള്ളിവേട്ട. ആറാട്ട് ഉത്സവമായ നാളെ രാവിലെ 7.30നും വൈകിട്ട് 5നും തോറ്റംപാട്ട്, വൈകിട്ട് 4.30ന് ഓട്ടൻതുള്ളൽ, വൈകിട്ട് 5ന് കെട്ടുകാഴ്ച, രാത്രി 10ന് ഗാനമേള, പുലർച്ചെ 1ന് ആറാട്ട്, 2ന് ഗുരുതി.

പരിശീലന ക്യാംപ്

കരുനാഗപ്പള്ളി● ബാലസംഘം വേനൽതുമ്പി കലാജാഥ പരിശീലന ക്യാംപ് ആരംഭിച്ചു. ക്യാംപിന്റെ ഉദ്ഘാടനം മത്സ്യഫെഡ് ചെയർമാൻ ടി.മനോഹരൻ നിർവഹിച്ചു. ആരാധ്യ അധ്യക്ഷത വഹിച്ചു.

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.അനിരുദ്ധൻ, എ.മധു, പി.കെ.ബാലചന്ദ്രൻ,ബി.സജീവൻ, പ്രവീൺ മനയ്ക്കൽ, എം.സുരേഷ് കുമാർ, മഹേശർ, നൂർജഹാൻ, സേതു എന്നിവർ പ്രസംഗിച്ചു. 25നു ക്യാംപ് സമാപിക്കും.

അധ്യാപക ഒഴിവ്

ശാസ്താംകോട്ട● കെഎസ്എംഡിബി കോളജിൽ 2025-26 അധ്യയന വർഷത്തേക്ക് ഇംഗ്ലിഷ്, മലയാളം, ഹിന്ദി, ബോട്ടണി, സുവോളജി, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്, കംപ്യൂട്ടർ സയൻസ്, കൊമേഴ്സ്, ഫിസിക്കൽ എജ്യുക്കേഷൻ, ഇക്കണോമിക്സ്, ഫുഡ് പ്രോസസിങ്, സോഫ്റ്റ്‌വെയർ ഡവലപ്മെന്റ് എന്നീ വിഷയങ്ങളിൽ അതിഥി അധ്യാപക ഒഴിവ്. യുജിസി റഗുലേഷൻ 2018 പ്രകാരം യോഗ്യത ഉണ്ടായിരിക്കണം.

ഇവരുടെ അഭാവത്തിൽ 55% മിനിമം മാർക്കോടെ ബിരുദാനന്തര ബിരുദം ലഭിച്ചവരെയും പരിഗണിക്കും. കൊല്ലം കോളജ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ഗെസ്റ്റ് പാനൽ റജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികൾ മേയ് 03 ന് രാവിലെ 10.30ന് രേഖകളുമായി അഭിമുഖത്തിനു ഹാജരാകണം. 04762830323, 9497440754.

മാംഗോ ഫെസ്റ്റ് ഇന്നുമുതൽ

നീണ്ടകര● ദളവാപുരം അമ്പിളിമുക്കിന് സമീപമുള്ള ഫാം സ്റ്റോറിയിൽ സംസ്ഥാന കർഷകതിലകം അവാർഡ് ജേതാവ് ബ്ലെയ്സി ജോർജ് നേതൃത്വം നൽകുന്ന മാംഗോ ഫെസ്റ്റ് ഇന്ന് തുടങ്ങും. രാവിലെ 10ന് സുജിത്ത് വിജയൻപിള്ള എംഎൽഎ ഉദ്ഘാടനം ചെയ്യും. തെക്കുംഭാഗം പഞ്ചായത്ത് പ്രസിഡന്റ് തങ്കച്ചി പ്രഭാകരൻ അധ്യക്ഷനായിരിക്കും. 70 ഇനം മാമ്പഴങ്ങളുടെയും മാമ്പഴ ഉൽപന്നങ്ങളുടെയും വൃക്ഷത്തൈകളുടെയും പ്രദർശനവും വിൽപനയും ഇവിടെയുണ്ടാകും. 26ന് ഉച്ചയ്ക്ക് 1ന് കർഷക പ്രതിഭകളെ മന്ത്രി ജെ.ചിഞ്ചുറാണി ആദരിക്കും. ഫെസ്റ്റ് 27ന് സമാപിക്കും.



ഓച്ചിറയിലെ സപ്ലൈകോ സൂപ്പർ മാർക്കറ്റ് തുറന്ന് പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് മണ്ഡലം കമ്മിറ്റി നടത്തിയ ധർണ സി.ആർ.മഹേഷ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

‘സിവിൽ സപ്ലൈസ് വകുപ്പ് പരാജയം’

ഓച്ചിറ● കേരളത്തിലെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് പൂർണ പരാജയമാണെന്ന് സി.ആർ.മഹേഷ് എംഎൽഎ. തീപിടിത്തത്തെ തുടർന്ന് ഒന്നര മാസമായി അടഞ്ഞു കിടക്കുന്ന ഓച്ചിറയിലെ സപ്ലൈകോ സൂപ്പർ മാർക്കറ്റ് തുറന്ന് പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് മണ്ഡലം കമ്മിറ്റി നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു. മണ്ഡലം പ്രസിഡന്റ് അൻസാർ എ.മലബാർ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പ്രസിഡന്റ് ബി.എസ്.വിനോദ്, ഓച്ചിറ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കൃഷ്ണകുമാർ, അയ്യാണിക്കൽ മജീദ്, കയ്യാലത്തറ ഹരിദാസ്, എൻ.വേലായുധൻ, ബി.സെവന്തി കുമാരി, കെ.ബി.ഹരിലാൽ, ഷാജി ചോയ്സ്, എസ്.ഗീതാകുമാരി, ഉണ്ണിക്കൃഷ്ണൻ, മണിയപ്പൻ, ബേബി വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു.



വടക്കൻ മൈനാഗപ്പള്ളി അടയാളം ആർട്സും നവോദയ ഗ്രന്ഥശാലയും ചേർന്ന് നടത്തുന്ന നാടകോത്സവം സി.ആർ.മഹേഷ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

നാടകോത്സവം തുടങ്ങി

ശാസ്താംകോട്ട● നാടിനു വെളിച്ചമേകിയ ജനകീയ കലയാണ് നാടകം എന്ന് സി.ആർ.മഹേഷ് എംഎൽഎ. വടക്കൻ മൈനാഗപ്പള്ളി അടയാളം ആർട്സും നവോദയ ഗ്രന്ഥശാലയും ചേർന്ന് നടത്തുന്ന നാടകോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇഞ്ചക്കാട് ബാലചന്ദ്രൻ പ്രഭാഷണം നടത്തി. ജി.അരുൺകുമാർ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ.സുന്ദരേശൻ, പഞ്ചായത്ത് പ്രസിഡന്റ് വർഗീസ് തരകൻ, പി.എം.സെയ്ദ്, മനാഫ് മൈനാഗപ്പള്ളി, ജലജ രാജേന്ദ്രൻ, കെ.മുസ്തഫ, കെ.പി.അൻസാർ, കെ.ഐ.ഷാജി, ജെ.മധുസൂദനൻ പിള്ള, ആർ.അരുൺ, ബി.രാധാകൃഷ്ണ പിള്ള തുടങ്ങിയവർ പ്രസംഗിച്ചു.



ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പുതിയകാവ് പുത്തൻതെരുവിൽ അടിപ്പാത നിർമിക്കണമെന്ന് ആവശ്യപ്പെട്ട് ആക്‌ഷൻ കൗൺസിൽ നടത്തുന്ന അനിശ്ചിതകാല സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വിദ്യാർഥികൾ ദീപം തെളിക്കുന്നു.

ഉത്സവം തുടങ്ങി

ഓച്ചിറ● ശ്രായിക്കാട് പശ്ചിമേശ്വരം ക്ഷേത്രത്തിലെ മേടം രോഹിണി ഉത്സവം ആരംഭിച്ചു. 30നു സമാപിക്കും. ദിവസവും ശ്രീഭൂതബലി, അന്നദാനം, കുങ്കുമാഭിഷേകം, തോറ്റംപാട്ട് എന്നിവ നടക്കും. ഇന്ന് 8നു നൃത്തോത്സവ് , 9നു തിരുവാതിര, 23നു 7.30നു തിരുമുടി എഴുന്നള്ളത്ത്, 25നു 5നു നടക്കുന്ന സാംസ്കാരിക സമ്മേളനവും അവാർഡ് ദാനവും മുൻ ഡിജിപി ഡോ.അലക്സാണ്ടർ ജേക്കബ് ഉദ്ഘാടനം ചെയ്യും. 26നു 5നു പട്ടും താലിയും ഘോഷയാത്രയും അഷ്ടമംഗല്യ സമർപ്പണവും, 27നു 8നു സ്കന്ദാഭിഷേകം, 6.30നു തിരുമുടി എഴുന്നള്ളത്ത്.

മനോരമ പ്രാദേശികം

ക്ഷേത്രഭൂമി സംരക്ഷണ സമരസമിതി രൂപീകരിച്ചു

കൊട്ടാരക്കര ● ക്ഷേത്രങ്ങളുടെ വസ്തുവകകൾ സർക്കാർ കയ്യേറുന്നത് അവസാനിപ്പിക്കണമെന്ന് ഹിന്ദു ഐക്യ വേദി ആവശ്യപ്പെട്ടു. കൊട്ടാരക്കര മഹാഗണപതി ക്ഷേത്രഭൂമി വീണ്ടെടുക്കുന്നതിന്റെ ഭാഗമായി ക്ഷേത്രഭൂമി സംരക്ഷണ സമരസമിതി രൂപീകരിച്ചു. ഹിന്ദു ഐക്യവേദിയും കേരള ക്ഷേത്ര സംരക്ഷണ സമിതിയും ചേർന്ന് നടത്തിയ ശിൽപശാല കെ പി എം എസ് സംസ്ഥാന ട്രഷറർ ജി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.ഡോ. ഹരിറാം അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മഞ്ഞപ്പാറ സുരേഷ്, ജില്ലാ ജനറൽ സെക്രട്ടറി ജി.ശിവപ്രസാദ്, വി എച്ച് പി വിഭാഗം സംഘടനാ സെക്രട്ടറി സുധാകരൻ മാരൂർ, ബ്രഹ്മദാസ്,ഗിരീഷ് പെരുംകുളം,രജ്ഞിത് വെട്ടിക്കവല, ബി സുരേഷ്, കെ. വി. രാജേന്ദ്രൻ, തേമ്പ്ര വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു.


ഹിന്ദു ഐക്യവേദിയും കേരള ക്ഷേത്ര സംരക്ഷണ സമിതിയും ചേർന്ന് നടത്തിയ ശിൽപശാല കെ പി എം എസ് സംസ്ഥാന ട്രഷറർ ജി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

കാലാവസ്ഥ

- സംസ്ഥാനത്ത് ചൂടു കൂടിയിരിക്കും, ഇടിയോടു കൂടിയ മഴയ്ക്കും സാധ്യത
- അപകടകരമായ മിന്നലിനും വേഗമേറിയ കാറ്റിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം
- കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല

തയ്യൽ പരിശീലനം

ആയൂർ ● വനിതകളെ തയ്യൽ പരിശീലനത്തിലൂടെ സ്വയം പര്യാപ്തമാക്കുന്നതിനായി ഉഷ ഇന്റർനാഷനൽ ലിമിറ്റഡിന്റെ സ്ഥാപനം തടിക്കാട് മാർക്കറ്റ് ജംക്ഷനിൽ പ്രവർത്തനം ആരംഭിച്ചു. ബിപിഎല്ലാകാർക്കു സൗജന്യമായാണ് പരിശീലനം . മേയ് 1 മുതൽ ക്ലാസുകൾ ആരംഭിക്കും. 18 മുതൽ 45 വയസ്സുവരെയുള്ളവർക്കാണു പ്രവേശനം. ഫോൺ: 8086069925.

വിവാഹിതരായി

ഓയൂർ ● അർക്കന്നൂർ ലക്ഷ്മി സദനത്തിൽ ബി.മനോഹരൻപിള്ളയുടെയും ജി.ചന്ദ്രികയുടെയും മകൾ സി.ധനലക്ഷ്മിയും മുതല കെ.കെ.കോണം മിഥുൻ ഭവനിൽ പരേതനായ ജി.മോഹനൻപിള്ളയുടെയും പി.വസന്തകുമാരിയുടെയും മകൻ മിഥുൻ മോഹനനും വിവാഹിതരായി.

പത്തന ● മനയിൽ കണ്ണങ്കരഭാഗം റേ ഹൗസിൽ റിട്ട.കെഎസ്ആർടിസി ഇൻസ്പെക്ടർ പി.ബി. ലാൽജിയുടെയും എൽ.പത്മജത്തിന്റെയും മകൻ ജിനേഷും ചവറ സൗത്ത് നടുവത്ത്ചേരി ശ്രീനിലയത്തിൽ രഘുവിന്റെയും ഗിരിജയുടെയും മകൾ രാഗിയും വിവാഹിതരായി.

ഇന്നത്തെ സിനിമ

കൊട്ടാരക്കര മിനർവ എമ്പയർ സിനിമാസ് (2K DOLBY ATMOS) മരണമാസ്സ് (M) 09.45 am, 02.45 pm, 08.00 pm
ബസൂക്ക (M) 12.00 pm, 05.15 pm, 10.30 pm
മിനർവ സിനിമാസ് (4K 3D) (Phone:0474 2452356) (Online ticket book:www.minervacinemaz.com) ആലപ്പുഴ ജിംഖാന (M) 10.30 am, 12.45 pm, 06.30 pm, 09.30 pm
എമ്പുരാൻ (M) 03.15 pm
പത്തനാപുരം സിമ സിനിപ്ലക്സ് (A/C) (3D)7.1DOLBY) (Mob: 9995603056) AUDI 1 ആലപ്പുഴ ജിംഖാന (M) 11.00 am, 02.30pm, 06.30 pm, 09.45 pm
AUDI 2 മരണമാസ്സ് (M) 11.00 am, 02.30 pm, 06.30 pm, 09.45 pm
AUDI 3 ബസൂക്ക (M) 06.15 pm, 09.30 pm
ഓയൂർ എൻ. വി. പി. സിനിമ (A/C, 4K) (Phone:0474 2468289, 9633484397) (Online booking: www.bookmyshow.com) ബസൂക്ക (2D) (M) 03.00 pm, 06.30 pm
GOOD BAD UGLY (2D) (T) 11.00 am, 09.30 pm
പുനലൂർ അലങ്കാർ തായ് ലക്ഷ്മി സിനിമ (4K 3D DOLBY ATMOS) (Phone:0475 2222232) ബസൂക്ക (2D) (M) 11.00 am, 06.30 pm
GOOD BAD UGLY (2D) (T) 02.30 pm, 09.30 pm
നല്ലില J B Cinemas (4K,3D,A/C) (Phone:0474 2563265, 8281691515) ബസൂക്ക (M) 09.45 am, 03.30 pm, 06.45 pm, 09.45 pm
എമ്പുരാൻ (M) 12.15 pm, 06.30 pm
മരണമാസ്സ് (M) 09.45 am, 12.45 pm, 03.45 pm, 10.00 pm
പുത്തൂർ ചെല്ലം (Phone: 0474 2415545, 2991919) (www.justickets.in/puthoor) ആലപ്പുഴ ജിംഖാന (M) 11.00 am, 02.00 pm, 07.30 pm, 09.30 pm
എമ്പുരാൻ L2 (M) 4.15pm

നോക്കുകുത്തിയായി പോസ്റ്റ് ഓഫിസ്

കൊട്ടാരക്കര ● മതിയായ സേവനങ്ങളില്ല . കൊട്ടാരക്കര കോർട്ട് കോംപ്ലക്സ് പോസ്റ്റ് ഓഫിസ് നോക്കുകുത്തിയായി. 10 ദിവസത്തിലേറെയായി പോസ്റ്റൽ റജിസ്ട്രേഷൻ സേവനങ്ങൾ ലഭിക്കുന്നില്ല. കോടതികളിൽ നിന്ന് അയയ്ക്കുന്ന നോട്ടിസുകളും സാക്ഷി സമൻസുകളും ഓൺലൈൻ റജിസ്ട്രേഷൻ ചെയ്യാനാകാതെ കെട്ടിക്കിടക്കുന്നതായും പരാതിയുണ്ട്.

കോടതികളിൽ നിന്നുള്ള സർവീസുകൾക്ക് പുറമേ അഭിഭാഷകരും അഭിഭാഷക ക്ലാർക്കുമാരും പൊതുജനങ്ങളും ഇവിടെ സേവനം തേടിയെത്തുന്നു. സർവീസുകൾ വൈകുന്നതിൽ സംഘടനകളും പ്രതിഷേധത്തിലാണ്. ഓൺലൈൻ സേവനങ്ങൾക്കുണ്ടായ തകരാർ പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന് കേരള അഡ്വക്കറ്റ് ക്ലാർക്സ് അസോസിയേഷൻ കൊട്ടാരക്കര യൂണിറ്റ് ആവശ്യപ്പെട്ടു. പ്രസിഡന്റ് വി. ചന്ദ്രൻ നായർ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ജെ. നവാസ്, ജില്ലാ സെക്രട്ടറി ജോസ് ഡാനിയേൽ, ജി. അനുരാജ്, എ. സന്തോഷ്കുമാർ എന്നിവർ പ്രസംഗിച്ചു.


കൊട്ടാരക്കര കോർട്ട് കോംപ്ലക്സ് പോസ്റ്റ് ഓഫിസ് .


കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ റൂറൽ ജില്ലാ കമ്മിറ്റിയുടെ ലഹരിക്ക് എതിരെയുള്ള ഓപ്പൺ ഫോറം കൊട്ടാരക്കര നഗരസഭ ചെയർമാൻ കെ ഉണ്ണിക്കൃഷ്ണ മേനോൻ ഉദ്ഘാടനം ചെയ്യുന്നു

ലഹരി വിരുദ്ധ ഓപ്പൺ ഫോറം

കൊട്ടാരക്കര ● യുവ തലമുറയിൽ വർധിക്കുന്ന ലഹരി വ്യാപനത്തിനെതിരെ ലഹരി വിരുദ്ധ ഓപ്പൺ ഫോറവുമായി കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ റൂറൽ ജില്ലാ കമ്മിറ്റി. 'കൈകോർക്കാം യുവതയ്ക്കായ് 'എന്ന പേരിലായിരുന്നു പരിപാടി. . ഓപ്പൺ ഫോറം കൊട്ടാരക്കര നഗരസഭാ ചെയർമാൻ കെ ഉണ്ണിക്കൃഷ്ണമേനോൻ ഉദ്ഘാടനം ചെയ്തു.

അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എസ്. ജയകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കൊല്ലം റൂറൽ എസ്പി കെ.എം.സാബു മാത്യു,കൊട്ടാരക്കര ഡി വൈ എസ് പി കെ.ബൈജു കുമാർ,എ.എസ്. ശിവേഷ്,പി.കെ.സിന്ധു,ഡോ.എസ്.ആനന്ദ്, സൗമ്യ മനോജ്, പി. അഭിലാഷ്,കെ.എസ്. ദീപു ആർ. ബിജു,ആർ.എൽ.സാജു, എ.ഷാജഹാൻ,എ.ജി. വാസുദേവൻ പിള്ള,ആർ.രാജീവൻ, നിക്സൺ ചാൾസ്,ബി. കൃഷ്ണ കുമാർ,വി. പി. ബിജു,ഇ. നിസാമുദീൻ,ബിജു. ജി. എസ് നായർ എന്നിവർ പ്രസംഗിച്ചു.

മീയ്യണ്ണൂർ ജംക്ഷനിലെ ആൽമരം അപകടാവസ്ഥയിൽ

പൂയപ്പള്ളി ● മീയ്യണ്ണൂർ ജംക്ഷനിലെ ആൽമരത്തിന്റെ ശിഖരങ്ങൾ ഉണങ്ങി അപകടാവസ്ഥയിൽ. ഏത് നിമിഷവും ചില്ലകൾ ഒടിഞ്ഞു വീഴാവുന്ന തരത്തിലാണെന്ന് നാട്ടുകാർ പറയുന്നു. പഞ്ചായത്ത് അധികാരികൾ ഇടപെട്ടു അപകടം വരുത്താതെ ഉണങ്ങിയ മരത്തിന്റെ ചില്ലകൾ മുറിച്ചു മാറ്റാൻ നടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

അപകടാവസ്ഥയിലായ ആൽമരത്തിന്റെ ശിഖരങ്ങൾ മുറിച്ചു മാറ്റണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി മീയ്യണ്ണൂർ യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ആവശ്യപ്പെട്ടു . അടുത്ത കാലം വരെ പച്ചപ്പോടെ നിന്ന മരം ഉണങ്ങിയതു സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും ഏകോപന സമിതി ആവശ്യപ്പെട്ടു. ഏകോപന സമിതി പ്രസിഡന്റ് ബാലചന്ദ്രൻ നായർ, ജനറൽ സെക്രട്ടറി കെ.സാജൻ, ട്രഷറർ ഹരിഷ്കുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ആൽമരം സംരക്ഷിക്കുന്നതിനു ബന്ധപ്പെട്ട അധികാരികൾ നടപടി സ്വീകരിക്കണമെന്ന് വാർഡംഗം പി.ആർ.ലിജു ആവശ്യപ്പെട്ടു.


മീയ്യണ്ണൂർ ജംക്ഷനിലെ ആൽമരം ഉണങ്ങി അപകടാവസ്ഥയിലായ നിലയിൽ.

വിമുക്തിയുമായി ഡെന്റൽ അസോസിയേഷൻ

കൊട്ടാരക്കര ● ലഹരി ഉപയോഗത്തിനെതിരെ വിമുക്തി- പ്രതിരോധ നടപടികളുമായി ഇന്ത്യൻ ഡെന്റൽ അസോസിയേഷനും . ലഹരി ഉപയോഗം മൂലം ഉണ്ടാകുന്ന ഓറൽ കാൻസർ കണ്ടെത്താൻ സൗജന്യ പരിശോധന നടത്താനും അടുത്ത ഒന്നു മുതൽ 31 വരെ നീളുന്ന ബോധവൽക്കരണ പരിപാടികൾ നടത്താനും സംഘടന തീരുമാനിച്ചതായി ഭാരവാഹികൾ അറിയിച്ചു.

സംഘടനയുടെ ഭാഗമായ എല്ലാ ഡെന്റൽ ക്ലിനിക്കുകളിലും കൗൺസലിങ് ഉൾപ്പെടെ സേവനങ്ങൾ ലഭിക്കും. എക്സൈസും പൊലീസുമായി ചേർന്ന് വിദ്യാലയങ്ങളിലും വിപുലമായ ബോധവൽക്കരണ പദ്ധതി നടത്തുമെന്ന് സംഘാടകരായ ഡോ. ജോൺ തോമസ്,ഡോ.സാലിഷ്, ഡോ.സന്തോഷ് തര്യൻ, ഡോ.റജി.എം.ജോൺ എന്നിവർ പറഞ്ഞു.




കൊട്ടാരക്കര-ശാസ്താംകോട്ട റോഡിൽ അവണൂർ കാഷ്യു ഫാക്ടറിക്ക് സമീപം അപകടത്തിൽപെട്ട കാറും ബൈക്കും. അപകടത്തിൽ ബൈക്ക് യാത്രക്കാരൻ മൈലം ഇഞ്ചക്കാട് ശ്രീകൃഷ്ണ ക്ഷേത്രത്തിനു സമീപം തിരുവാതിരയിൽ എം.ഷൈൻകുട്ടൻ മരിച്ചു.

കൊയ്ത്ത് ഉത്സവം

കരീപ്ര ● തളവൂർക്കോണം പാട്ടുപുരയ്ക്കൽ ഏലായിലെ രണ്ടാം വിള നെൽക്കൃഷിയുടെ വിളവെടുപ്പ് നടത്തി. കരീപ്ര പഞ്ചായത്ത് പ്രസിഡന്റ് എസ്.എസ്.സുവിധ ഉദ്ഘാടനം ചെയ്തു. ഏലാ സമിതി പ്രസിഡന്റ് സി.വിജയകുമാർ അധ്യക്ഷത വഹിച്ചു. ഏലാ സമിതി സെക്രട്ടറി ബി.ചന്ദ്രശേഖരൻപിള്ള, കരീപ്ര സഹകരണ ബാങ്ക് പ്രസിഡന്റ് ജി.ത്യാഗരാജൻ, പി. എസ്.പ്രശോഭ, പഞ്ചായത്തംഗങ്ങളായ വൈ.റോയ്, സുനിതകുമാരി, സി.ജി.തിലകൻ, ആർ.ഗീതാകുമാരി, ഏലാ സമിതി വൈസ് പ്രസിഡന്റ് എസ്.അരുൺലാൽ, സുരേന്ദ്രൻപിള്ള, കൃഷി അസിസ്റ്റന്റുമാരായ പരമേശ്വരൻപിള്ള, രേഷ്മ എന്നിവർ പ്രസംഗിച്ചു.

കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തിൽ മേടത്തിരുവാതിര ഉത്സവം ഇന്നു മുതൽ

കൊട്ടാരക്കര ● മഹാഗണപതി ക്ഷേത്രത്തിലെ പത്ത് നാൾ നീളുന്ന മേടത്തിരുവാതിര ഉത്സവത്തിന് ഇന്ന് കൊടിയേറ്റും. ക്ഷേത്രാചാര പ്രകാരം ഹൈക്കോടതിയുടെയും ദേവസ്വം ബോർഡിന്റെയും നിർദേശ പ്രകാരമുള്ള പരിപാടികൾ മാത്രമാകും നടത്തുകയെന്ന് ക്ഷേത്രോപദേശകസമിതി ഭാരവാഹികൾ അറിയിച്ചു. ദിവസവും രാത്രി 10ന് തന്നെ പരിപാടികൾ പൂർത്തിയാക്കും. ക്ഷേത്രത്തിന് വെളിയിലെ ഗ്രൗണ്ടിൽ പ്രത്യേക വേദിയിലാണ് കലാപരിപാടികൾ നടത്തുന്നതെന്നും നിർമാണം പൂർത്തിയായതായും ഭാരവാഹികൾ അറിയിച്ചു.

ഇന്ന് രാത്രി 7ന് തന്ത്രി തരണനല്ലൂർ ഗോവിന്ദൻ നമ്പൂതിരിപ്പാടിന്റെയും മേൽശാന്തി രതീഷ് കുമാറിന്റെയും കാർമികത്വത്തിൽ ഉത്സവ കൊടിയേറ്റ് നടക്കും. 7.45ന് ഉദ്ഘാടന സമ്മേളനം നടക്കും. കൊല്ലം റൂറൽ എസ്പി കെ.എം.സാബുമാത്യു ഉദ്ഘാടനം ചെയ്യും.വൈദ്യുത ദീപാലങ്കാരം കെഎസ്ഇബി ഡപ്യൂട്ടി ചീഫ് എൻജിനീയർ ആർ. ശ്രീവിദ്യ സ്വിച്ച് ഓൺ ചെയ്യും. 8.15ന് രമേഷ് നാരായണനും മധുശ്രീ നാരായണനും നയിക്കുന്ന മൃദുൽ മഹാർ- സംഗീതസായാഹ്നം എന്നിവ നടക്കും. അടുത്ത മാസം 2ന് ആറാട്ടും ഘോഷയാത്രയും നടക്കും. കെട്ടുകാഴ്ച 2ന് 3ന് ടിബി ജംക്ഷന് സമീപം മുത്തുമാരിയമ്മൻ കോവിലിന് സമീപത്ത് നിന്നും ആരംഭിച്ച് ചന്തമുക്ക്- പുലമൺ വഴി ഗണപതി ക്ഷേത്ര പരിസരത്ത് കൂടി റെയിൽവേ സ്റ്റേഷൻ പരിസരത്ത് സമാപിക്കും.വിശദീകരണയോഗത്തിൽ പ്രസിഡന്റ് വി. അനിൽകുമാർ, സെക്രട്ടറി സ്മിത രവി, സി.രാജൻബാബു, എൻ.രവീന്ദ്രൻപിള്ള, സി.ശ്രീകുമാർ, ഷീല ഉല്ലാസ് എന്നിവർ സംബന്ധിച്ചു.


ചെങ്ങമനാട് സെന്റ് ജോർജ് മലങ്കര കത്തോലിക്കാ പള്ളിയിൽ ഗീവർഗീസ് സഹദായുടെ ഓർമപ്പെരുന്നാളിന് വികാരി ഫാ.ജോർജ് ഭട്ടശ്ശേരി കൊടിയേറ്റുന്നു.

ചെങ്ങമനാട് മലങ്കര കത്തോലിക്കാ പള്ളിപ്പെരുന്നാളിന് കൊടിയേറ്റി

ചെങ്ങമനാട് ● ചെങ്ങമനാട് സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ ഗീവർഗീസ് സഹദായുടെ ഓർമ പെരുന്നാളിനും ഇടവക സ്ഥാപക ദിനാഘോഷത്തിനും തുടക്കമായി. 27ന് സമാപിക്കും.

വികാരി ഫാ. ജോർജ് ഭട്ടശേരി പെരുന്നാളിന് കൊടിയേറ്റി. വൈകിട്ട് 5 ന് പ്രാർഥന ,കുർബാന, ഗാനശുശ്രൂഷയും 23,24 തീയതികളിൽ പ്രഭാഷണം . 25ന് 5ന്

ഭക്തസംഘടനകളുടെ വാർഷികം, 26ന് 5ന് റാസ, 27ന് 4.30ന് തിരുനാൾ കുർബാന , ആദ്യകുർബാന സ്വീകരണം,നേർച്ച വിളമ്പ് എന്നിവ നടക്കുമെന്ന് ഭാരവാഹികളായ രാജു ഉമ്മൻ, നിതിൻ പി , ലൂക്കോസ് എന്നിവർ അറിയിച്ചു

ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിൽ ഗീവർഗീസ് സഹദായുടെ ഓർമപ്പെരുന്നാൾ

ചെങ്ങമനാട് ● ബേത് ലഹേം ആശ്രമത്തിൽ ഗീവർഗീസ് സഹദായുടെ ഓർമപ്പെരുന്നാളിന് കൊടിയേറ്റി. ഫാ.സി.കെ.ഗീവർഗീസ് കൊടിയേറ്റിന് കാർമികത്വം വഹിച്ചു. ആശ്രമം സുപ്പീരിയർ ഫാ.ബേബി തോമസ് സംബന്ധിച്ചു. പെരുന്നാൾ 26ന് സമാപിക്കും. 24ന് 7ന് ബസേലിയോസ് റമ്പാൻ പ്രഭാഷണം നടത്തും.

25ന് 7ന് ഓർത്തഡോക്സ് സഭ കൊല്ലം ഭദ്രാസനാധിപൻ ഡോ.ജോസഫ് മാർ ദിവന്നാസിയോസ് പ്രഭാഷണം നടത്തും. 7.30ന് റാസ. 26ന് രാവിലെ 7.30ന് മൂന്നിന്മേൽ കുർബാനയ്ക്ക് കൊട്ടാരക്കര- പുനലൂർ ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ തേവോദോറോസ് കാർമികത്വം വഹിക്കും. ഡോ.ജോൺ.സി. വർഗീസ് കോറെപ്പിസ്കോപ്പ , രാജൻ ജോർജ് കോറെപ്പിസ്കോപ്പ എന്നിവർ സഹകാർമികത്വം വഹിക്കും.


ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിലെ ഗീവർഗീസ് സഹദായുടെ ഓർമപ്പെരുന്നാളിന് ഫാ.സി.കെ.ഗീവർഗീസ് കൊടിയേറ്റുന്നു

പാട്ടത്തിന്റെ മറവിൽ ലക്ഷ്യം വിൽപന: സംരക്ഷണ സമിതി

കൊല്ലം ● ആർ.ശങ്കറുടെ സ്മാരകമായ ശങ്കേഴ്സ് ആശുപത്രി ദീർഘകാല ലീസിന് നൽകുവാൻ എസ്എൻ ട്രസ്റ്റ് എക്സിക്യൂട്ടീവിൽ തീരുമാനമെടുത്തതിന് ശേഷം അതു വിൽപനയല്ല എന്ന് പറയുന്ന വെള്ളാപ്പള്ളി നടേശന്റേത് കൗശലക്കാരന്റെ ബുദ്ധിയാണെന്നും ഇതു തടയുമെന്നും എസ്എൻഡിപി യോഗം എസ്എൻ ട്രസ്റ്റ് സംരക്ഷണ സമിതി.

എസ്എൻ ട്രസ്റ്റ് മെഡിക്കൽ മിഷൻ കീഴിലുള്ള പല ആശുപത്രികളും പൂട്ടുകയും പുത്തൂർ ആശുപത്രി വെറും ക്ലിനിക് ആക്കി മാറ്റുകയും ചെയ്തിരിക്കുകയാണെന്നും ഇതിനെതിരെ സമരം ആരംഭിക്കുമെന്നും സമിതി വ്യക്തമാക്കി. ചെയർമാൻ ഡി.രാജ് കുമാർ ഉണ്ണി അധ്യക്ഷത വഹിച്ചു. ആർ.മണിയപ്പൻ, കടകംപള്ളി മനോജ്, പി.സുരേന്ദ്രബാബു, പാട്ര രാഘവൻ, കുട്ടിക്കട സുനിൽ, സുബ്രു സഹദേവൻ തുടങ്ങിയവർ പ്രസംഗിച്ചു.

താലൂക്ക് എൻഎസ്എസ് യൂണിയൻ ഭാരവാഹി യോഗം

കൊട്ടാരക്കര ● മേഖലാ തല നായർ മഹാ സമ്മേളനത്തിന് മുന്നോടിയായി താലൂക്ക് എൻഎസ്എസ് യൂണിയൻ ഭാരവാഹികളുടെ യോഗം താലൂക്ക് യൂണിയൻ പ്രസിഡന്റ് ജി.തങ്കപ്പൻ പിള്ളയുടെ അധ്യക്ഷതയിൽ ചേർന്നു .

150 കരയോഗങ്ങളിൽ നിന്നും 600 പേർ പങ്കെടുത്തു. യൂണിയൻ സെക്രട്ടറി സി. അനിൽകുമാർ, ഭരണസമിതി അംഗം കെ. പ്രഭാകരൻ നായർ എന്നിവർ പ്രസംഗിച്ചു.

SHORTS

ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തി

ഓയൂർ ● കരിങ്ങന്നൂർ കെആർഎ പബ്ലിക് ലൈബ്രറിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സന്ദേശവും ബോധവൽക്കരണവും നടത്തി. ചടയമംഗലം എക്സൈസ് ഇൻസ്പെക്ടർ എ.കെ.രാജേഷ് ഉദ്ഘാടനം ചെയ്തു. ലൈബ്രറി പ്രസിഡന്റ് കെ.മുരളീധരൻ അധ്യക്ഷത വഹിച്ചു. കൊട്ടാരക്കര എക്സൈസ് പ്രിവന്റീവ് ഓഫിസർ ബിനോജ്കുമാർ ക്ലാസ് എടുത്തു. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അവാർഡ് ജേതാവ് എൻ.ഗോപാലകൃഷ്ണപിള്ളയെ വെളിനല്ലൂർ പഞ്ചായത്ത് ലൈബ്രറി നേതൃത്വ സമിതി കൺവീനർ എസ്. നാസർ ആദരിച്ചു. കെ.എസ്.രാജേഷ്, ബി.രാജശേഖരൻ നായർ എന്നിവർ പ്രസംഗിച്ചു.

റബർ ഉൽപാദക സംഘം യോഗം

പുത്തൂർ ● കുഴിക്കലിടവക റബർ ഉൽപാദക സംഘത്തിന്റെ വിശേഷാൽ പൊതുയോഗം 24ന് രാവിലെ 9.30ന് പാങ്ങോട് ലൈബ്രറി ഹാളിൽ ചേരുമെന്നു പ്രസിഡന്റ് ഡി.സുരേന്ദ്രപ്രസാദ് അറിയിച്ചു.

വീൽ ചെയർ നൽകി

കടയ്ക്കൽ ● കുമ്മിൾ സ്വദേശിയായ നിർധന രോഗിക്ക് വീൽ ചെയർ നൽകി സ്വസ്തിക സിവിൽ സർവീസ് ഫൗണ്ടേഷൻ. സ്വസ്തിക ഫൗണ്ടേഷൻ അംഗങ്ങളായ അഡ്വ. സെബി എസ്. രാജ്, സരിത ബാബു, എസ്.ജലീന, അഡ്വ. ധന്യ രജിത്ത്, ആർ. ചേതൻ, എസ്.ഗിരിജാ ആര്യ രത്നാകരൻ എന്നിവരുടെ നേതൃത്വത്തിലാണ് വീൽ ചെയർ എത്തിച്ചത്. കുട്ടികൾ, സ്ത്രീകൾ , മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ , വയോധികർ, സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർ എന്നിവരുടെ ഉന്നമനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് സ്വസ്തിക ഫൗണ്ടേഷൻ.

ഗെസ്റ്റ് അധ്യാപക ഒഴിവ്

നിലമേൽ ● എൻഎസ്എസ് കോളജിൽ 2025-26 വർഷത്തേക്ക് ഇംഗ്ലിഷ്, മലയാളം, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, കണക്ക്, സ്റ്റാറ്റിസ്റ്റിക്സ്, കെമിസ്ട്രി, ബയോകെമിസ്ട്രി, ബോട്ടണി, ഫിസിക്കൽ സയൻസ് വിഷയങ്ങളിൽ ഗെസ്റ്റ് അധ്യാപക ഒഴിവുണ്ട്. കോളജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫിസിൽ ഗെസ്റ്റ് പാനൽ റജിസ്ട്രേഷന്റെ നടത്തിയതിന്റെ രേഖയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും ബയോഡേറ്റയും ആയി 7ന് 5ന് മുൻപായി nsscnilamel@yahoo.coin ഇമെയിൽ വഴിയോ കോളജ് ഓഫിസിൽ നേരിട്ടോ അപേക്ഷ സമർപ്പിക്കണം.

അനുമോദിച്ചു

ചിതറ ● പുതുച്ചേരിയിൽ നടന്ന അണ്ടർ 17 യൂത്ത് ബാസ്കറ്റ് ബോൾ നാഷനൽ ചാംപ്യൻഷിപ്പിൽ കേരള ടീം ക്യാപ്റ്റൻ ആയി തിരഞ്ഞെടുക്കപ്പെട്ട എ.എസ്. അദ്വൈദിനെ ചിതറ മണ്ഡലം കോൺഗ്രസ് കമ്മിറ്റി അനുമോദിച്ചു.

കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ഹുമയൂൺ കബീർ,എസ്. ഷെമീം, അരുൺകുമാർ, സുധീർ ഖാൻ, ലീന ഓമനദേവൻ, റെനീസ്, ,സവിത അജീഷ് എന്നിവർ പങ്കെടുത്തു.



മേഖലാ തല നായർ മഹാസമ്മേളനത്തിന് മുന്നോടിയായി താലൂക്ക് എൻഎസ്എസ് യൂണിയൻ ഭാരവാഹികളുടെ യോഗത്തിൽ താലൂക്ക് യൂണിയൻ പ്രസിഡന്റ് ജി.തങ്കപ്പൻ പിള്ള പ്രസംഗിക്കുന്നു.

ക്വാറി വിരുദ്ധ സമിതി പ്രസിഡന്റിന്റെ വീടിന്റെ മതിലിൽ ടിപ്പർ ഇടിച്ചു കയറി; പ്രതിഷേധം

ചടയമംഗലം ● പോരേടം കണ്ണമ്പാറ ക്വാറിയിൽ നിന്ന് അമിത ലോഡുമായി വന്ന ടിപ്പർ ക്വാറി വിരുദ്ധ സമിതി പ്രസിഡന്റ് രാധാകൃഷ്ണന്റെ വീടിന്റെ മതിലിലേക്ക് ഇടിച്ചു കയറി. മതിൽ തകർന്നു. സംഭവത്തിൽ നാട്ടുകാർ പ്രതിഷേധിച്ചു. ഇന്നലെ രാവിലെ മറ്റൊരു ടിപ്പറിന് വശം കൊടുക്കവേ ആണ് അപകടം. ചടയമംഗലം പൊലീസെത്തി.

നിയമ വ്യവസ്ഥ ലംഘിച്ച് ക്വാറി പ്രവർത്തിക്കുകയും പുതിയ ക്വാറിക്ക് അനുമതി നൽകാനുള്ള നീക്കത്തിലും പ്രതിഷേധിച്ചു സമിതിയുടെ നേതൃത്വത്തിൽ സമരം തുടരുന്ന സാഹചര്യത്തിലാണ് സംഭവം. അമിത ലോഡ് കയറ്റി വ്യവസ്ഥകൾ ലംഘിച്ചാണ് ടിപ്പറുകൾ സഞ്ചരിക്കുന്നത് എന്നാണ് നാട്ടുകാരുടെ ആരോപണം. ഫിറ്റ്നസ് ഇല്ലാത്ത ടിപ്പറുകളും പാറ കയറ്റി സഞ്ചരിക്കുന്നതായി ആരോപണം ഉണ്ട്. ഒരു വർഷമായി ക്വാറി വിരുദ്ധ സമിതി സമരത്തിലാണ്. ക്വാറികൾക്ക് എതിരെ കോടതിയിലും കേസ് നിലവിലുണ്ട്.


ക്വാറി വിരുദ്ധ സമിതി പ്രസിഡന്റ് രാധാകൃഷ്ണന്റെ വീടിന്റെ മതിലിൽ ചടയമംഗലം പോരേടം കണ്ണമ്പാറ ക്വാറിയിൽ നിന്നു അമിത ലോഡുമായി വന്ന ടിപ്പർ ഇടിച്ചു കയറിയ നിലയിൽ

മനോരമ
പ്രാദേശികം

വിവരാവകാശ അപേക്ഷകൾക്ക് അപൂർണമായ മറുപടി: കർശന നടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ്

കൊല്ലം● വിവരാവകാശ അപേക്ഷകൾക്ക് അപൂർണമായ മറുപടി നൽകിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ്. ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന വിവരാവകാശ കമ്മിഷന്റെ സിറ്റിങ്ങിലാണ് വിവരാവകാശ കമ്മിഷണർ ടി.കെ. രാമകൃഷ്ണന്റെ നിർദേശം. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കണം. അപേക്ഷകൾക്ക് 30 ദിവസം വരെയുള്ള സമയപരിധിക്കു കാത്തിരിക്കരുത്. ബോധവൽക്കരണം നടത്തണം. വിവരാവകാശ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പാക്കണം. അപ്പീലുകളും യഥാസമയം തീർപ്പാക്കണം എന്നും ഓർമിപ്പിച്ചു. പരിഗണിച്ച 20 കേസുകളിൽ 19 എണ്ണവും തീർപ്പാക്കി. ഒരു കേസ് അടുത്ത സിറ്റിങ്ങിലേക്കു മാറ്റി. പഞ്ചായത്ത്, കോർപറേഷൻ, കലക്ടറേറ്റ് തുടങ്ങിയ സ്ഥാപനങ്ങളിലെ പരാതികളായിരുന്നു ഭൂരിഭാഗവും.

ഇന്ന്

- സംസ്ഥാനത്ത് ചൂടു കൂടിയിരിക്കും, ഇടിയോടു കൂടിയ മഴയ്ക്കും സാധ്യത
- അപകടകരമായ മിന്നലിനും വേഗമേറിയ കാറ്റിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം
- കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല

അറിയിപ്പ്

ഗെസ്റ്റ് അധ്യാപക ഒഴിവ്

കൊട്ടിയം● എംഎംഎൻഎസ്എസ് കോളജിൽ ഇംഗ്ലിഷ്, സാമ്പത്തികശാസ്ത്രം, പൊളിറ്റിക്സ്, ഗണിതശാസ്ത്രം, മലയാളം, ഹിന്ദി, ജന്തു ശാസ്ത്രം, രസതന്ത്രം എന്നി വിഷയങ്ങളിൽ 2025-26 അധ്യയന വർഷത്തിലേക്ക് ഗെസ്റ്റ് അധ്യാപക ഒഴിവുണ്ട്. ഇംഗ്ലിഷ്, ഹിന്ദി, മലയാളം എന്നി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗാർഥികൾ മേയ് 7ന് രാവിലെ 10നും രസതന്ത്രം, കണക്ക്, ജന്തുശാസ്ത്രം എന്നി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗാർഥികൾ മേയ് 8ന് രാവിലെ 10നും സാമ്പത്തികശാസ്ത്രം, പൊളിറ്റിക്സ് എന്നി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗാർഥികൾ മേയ് 9ന് രാവിലെ 10നും അസ്സൽ സർട്ടിഫിക്കറ്റുകളുമായി കോളജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം. 2024 നവംബർ 3ന് കോളജ് വിദ്യാഭ്യാസ മേധാവി പുറപ്പെടുവിച്ച എസ്ഒപി പ്രകാരം കോളജ് വിദ്യാഭ്യാസ മേധാവിയുടെ പോർട്ടലിൽ റജിസ്റ്റർ ചെയ്ത് ഡപ്യൂട്ടി ഡയറക്ടറേറ്റിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തി റജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച യുജിസി നിഷ്കർഷിച്ച വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം.

അഭിമുഖം 25ന്

കൊല്ലം● തൃക്കോവിൽവട്ടം പഞ്ചായത്തിന് കീഴിൽ വരുന്ന തൃക്കോവിൽവട്ടം കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതി പ്രകാരം ഒരു ഡോക്ടറെ നിയമിക്കുന്നതിനായി യോഗ്യരായവരുടെ അഭിമുഖം 25ന് ഉച്ചയ്ക്ക് 2ന് കുടുംബാരോഗ്യ കേന്ദ്രത്തിൽ നടത്തും. ഉദ്യോഗാർഥികൾ അസ്സൽ രേഖകളും വിദ്യാഭ്യാസ പ്രവൃത്തി പരിചയ രേഖകളുമായി എത്തണമെന്ന് മെഡിക്കൽ ഓഫിസർ അറിയിച്ചു.

ഇന്നത്തെ സിനിമ

കൊല്ലം ധന്യ (A/C,DTS) ബസൂക്ക (M) 11.00 am, 06.00
SINNERS (E) 2.00pm, 9.00pm
രമ്യ (www.bookmyshow.com) Paddington in Peru (E) 11.00 am, 6.00PM
GOOD BAD UGLY (T) 02.00 pm, , 09.00 pm
പ്രണവം (A/C) (Phone:0474 2742604) (www.bookmyshow.com) മരണമാസ്സ് (M) 02.30 am, 06.30 pm
ഉഷ (A/C,DTS) (Phone: 0474 2747517) ആലപ്പുഴ ജിംഖാന (M) 11.30 am, 02.30 pm, 06.30 pm, 09.30 pm
നല്ലില J B Cinemas (4K,3D,A/C) (Phone:0474 2563265, 8281691515) ബസൂക്ക (M) 09.45 am, 03.30 pm, 06.45 pm, 09.45 pm
എമ്പുരാൻ (M) 12.15 pm, 06.30 pm
മരണമാസ്സ് (M) 09.45 am, 12.45 pm, 03.45 pm, 10.00 pm
ഓയൂർ എൻ. വി. പി. സിനിമ (A/C, 4K) (Phone:0474 2468289, 9633484397) (Online booking: www.bookmyshow.com) ബസൂക്ക (2D) (M) 03.00 pm, 06.30 pm
GOOD BAD UGLY (2D) (T) 11.00 am, 09.30 pm

കെഎസ്ആർടിസി ബസ് സർവീസ് നിലച്ചു

യാത്രാദുരിതത്തിൽ വലഞ്ഞ് തെക്കേവീട്ടിൽ മുക്ക് നിവാസികൾ

അഞ്ചാലുംമൂട് ● കെഎസ്ആർടിസി ബസ് സർവീസ് നിലച്ചതോടെ പൊതു ഗതാഗത സൗകര്യമില്ലാതായ പെരുമൺ തെക്കേവീട്ടിൽ മുക്ക് നിവാസികൾ നേരിടുന്ന യാത്രാ ദുരിതം ചെറുതല്ല. നാടിന് ആകെ ആശ്രയമായി ചെമ്മക്കാട്, പെരുമൺ തര്യൻമുക്ക് വഴി പെരുമണിലേക്കും തിരികെ കൊല്ലത്തേക്കും അഞ്ചാലുംമൂട് വഴി കെഎസ്ആർടിസി ബസ് സർവീസ് നടത്തിയിരുന്നതാണ്. എന്നാൽ ഒരു മുന്നറിയിപ്പുമില്ലാതെ കെഎസ്ആർടിസി സർവീസ് നിർത്തുകയായിരുന്നു. പനയം പഞ്ചായത്തിന്റെ പ്രധാന ഇടമാണ് തെക്കേവീട്ടിൽ മുക്ക്. കെഎസ്ആർടിസി, സ്വകാര്യ ബസുകൾ സർവീസ് ആരംഭിച്ചാൽ പെരിനാട് റെയിൽവേ സ്റ്റേഷൻ, പെരുമൺ എൻജിനീയറിങ് കോളജ്, പനയം മൃഗാശുപത്രി, ആയുർവേദ ആശുപത്രി, പോസ്റ്റ് ഓഫിസ് എന്നിവിടങ്ങളിലേക്കും മറ്റിടങ്ങളിലേക്കും യാത്ര ചെയ്യുന്നവർക്ക് ഏറെ ഉപകാരപ്രദമാകും.

ബസുകൾ സർവീസ് നടത്താത്തത് മൂലം സ്ത്രീകളും വിദ്യാർഥികളുമാണ് ഏറെയും വലയുന്നത്. കെഎസ്ആർടിസി ബസിന്റെ സർവീസ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് പൊതു പ്രവർത്തകൻ ഡോ.കെ.വി.ഷാജി ഗതാഗത മന്ത്രിക്ക് നിവേദനം നൽകിയെങ്കിലും ഒരു നടപടിയും ഉണ്ടായില്ല. പെരുമൺ തര്യൻമുക്ക് വഴി കെഎസ്ആർടിസി, സ്വകാര്യ ബസുകൾ സർവീസ് നടത്താൻ അടിയന്തര നടപടി ഉണ്ടാകണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

● അഞ്ചാലുംമൂട് വഴി സർവീസ് നടത്തുന്ന സ്വകാര്യ ബസുകൾ രാത്രി സർവീസ് മുടക്കുന്നത് പതിവാണെന്ന് പരാതി. സ്വകാര്യ ബസുകളെ ആശ്രയിച്ച് ജോലിക്ക് പോയി മടങ്ങിയെത്തുന്നവരാണ് സ്വകാര്യ ബസുകൾ സർവീസ് മുടക്കുന്നത് മൂലം വഴിയിലാകുന്നത്.

നിലവിൽ അഞ്ചാലുംമൂട് വഴി രാത്രി സർവീസ് നടത്തുന്ന ചില സ്വകാര്യ ബസുകൾ രാത്രി സർവീസിന്റെ സമയം ഒഴിവാക്കി ട്രിപ് പുനഃക്രമീകരിക്കാനും ശ്രമം നടത്തുന്നുണ്ട്.



കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ കൊല്ലം സിറ്റി ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് ആശ്രാമം മൈതാനത്ത് ഒരുക്കുന്ന മാന്തോട്ടം കലക്ടർ എൻ.ദേവീദാസ് മാവിൻ തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നു.

ആശ്രാമം മൈതാനത്ത് മാന്തോട്ടം ഒരുക്കാൻ കേരള പൊലീസ് ഓഫിസേഴ്സ് അസോ.

കൊല്ലം ● കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ കൊല്ലം സിറ്റി ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് ആശ്രാമം മൈതാനത്ത് മാന്തോട്ടം ഒരുക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 35 -ാം ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് മൈതാനത്ത് 35 മാവിൻ തൈകൾ നട്ട് മാന്തോട്ടം ഒരുക്കുകയാണ് ലക്ഷ്യം. മൈതാനത്ത് നിലവിലുള്ള മിയാവാക്കി ഫോറസ്റ്റ്, സോഷ്യൽ ഫോറസ്റ്റ് വിഭാഗം നട്ട വൃക്ഷങ്ങൾക്കും അനുബന്ധമായുള്ള സ്ഥലം വൃത്തിയാക്കിയാണ് തോട്ടം ഒരുക്കുന്നത്. വിവിധയിനം മാവ് വർഗങ്ങളുടെ തോട്ടമാണ് ഒരുക്കുന്നത്. റവന്യു വകുപ്പിന്റെ അനുമതി വാങ്ങിയാണ് തോട്ടം നിർമാണം നടന്നുവരുന്നത്.

കലക്ടർ എൻ.ദേവീദാസ് മാവിൻ തൈ നട്ടുകൊണ്ട് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. അസോസിയേഷൻ കൊല്ലം സിറ്റി ജില്ലാ ജോയിന്റ് സെക്രട്ടറി ഡി. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. കെപിഒഎ സംസ്ഥാന കമ്മിറ്റി അംഗം എസ്.ഷഹീർ, ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ബി.വിനോദ് കുമാർ, കോർപറേഷൻ ക്ഷേമകാര്യ സമിതി ചെയർമാൻ എം. സജീവ്, അഞ്ചാലുംമൂട് എസ്എച്ച്ഒ ജയകുമാർ, കെപിഒഎ ജില്ലാ സെക്രട്ടറി ജിജു.സി. നായർ, കെപിഎ ജില്ലാ സെക്രട്ടറി വിമൽ കുമാർ, കെപിഎ സംസ്ഥാന നിർവാഹക സമിതി അംഗം വിനോദ് കുമാർ, പൊലീസ് സൊസൈറ്റി പ്രസിഡന്റ് എസ്.ആർ. ഷിനോദാസ്, കെപിഒഎ വൈസ് പ്രസിഡന്റ് ടി.കണ്ണൻ, ട്രഷറർ മനു, ജില്ലാ എക്സിക്യൂട്ടീവ് അംഗം പ്രദീപ്, സനോജ്, ജില്ലാ കമ്മിറ്റി അംഗം പ്രമോദ്, എസ്.അപ്പു തുടങ്ങിയവർ പ്രസംഗിച്ചു. കൊല്ലം എസ്എൻ കോളജ് എൻഎസ്എസ് വൊളന്റിയർമാർ, വിവിധ സ്കൂളുകളിലെ എസ്പിസി കെഡറ്റുകൾ തുടങ്ങിയവർ പരിപാടിയുടെ ഭാഗമായി. പക്ഷികൾക്കു ദാഹം അകറ്റാനായി എസ്പിസി കുട്ടികൾ നീർക്കുടങ്ങളും സ്ഥാപിച്ചു. കോർപറേഷന്റെ സഹായത്തോടെ മാവിൻ തൈകൾക്ക് മുടങ്ങാതെ വെള്ളമൊഴിക്കാൻ വാട്ടർ ടാങ്കും ഗ്രൗണ്ടിൽ സ്ഥാപിച്ചു.

തിരുമുല്ലവാരം കടൽത്തീരം

കടലെടുത്തോ വികസന പദ്ധതികൾ?

▸▸ഡിടിപിസിയുടെ പദ്ധതികളടക്കം എങ്ങുമെത്താതെ അവസാനിപ്പിച്ചു

കൊല്ലം ● എന്നും അവഗണനകൾ മാത്രം ഏറ്റുവാങ്ങുന്ന കടൽത്തീരമാണ് തിരുമുല്ലവാരം കടൽത്തീരം. മനോഹരമായ ബീച്ച് സംരക്ഷിക്കുന്നതിനോ മികച്ച ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനോ ഇവിടെ ഇനിയും നടപടികൾ ഉണ്ടായിട്ടില്ല. ഡിടിപിസിയുടെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികളടക്കം എങ്ങുമെത്താതെ അവസാനിപ്പിക്കുകയും ചെയ്തു. ആ പദ്ധതിയിലൂടെ സ്ഥാപിച്ച ലൈറ്റുകൾ പോലും കൃത്യമായ പരിചരണമോ പരിശോധനയോ നടക്കാത്തതിനാൽ നശിച്ചുകഴിഞ്ഞു. ചിൽഡ്രൻസ് പാർക്കെന്ന ബോർഡ് മാത്രം ഇവിടെ കാണാം. തിരയടിക്കാത്ത കടൽ കാണാൻ സാധിക്കുന്ന തിരുമുല്ലവാരത്തെ ആകർഷണീയത ടൂറിസത്തിനായി ഉപയോഗപ്പെടുത്താൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ഇനിയും നടപ്പാക്കാൻ വൈകിക്കൂടാ.



തിരുമുല്ലവാരം ബീച്ചിൽ കുട്ടികളുടെ പാർക്ക് സ്ഥിതി ചെയ്തിരുന്ന സ്ഥലം.

ടൂറിസം സാധ്യത ഏറെ

ക്ഷേത്രത്തിന്റെ സാന്നിധ്യവും ബലിതർപ്പണ സൗകര്യവും കടൽത്തീര സൗന്ദര്യവുമെല്ലാം ഉപയോഗപ്പെടുത്തുന്ന പദ്ധതികൾ ഇനിയും ഉണ്ടായിട്ടില്ല. സ്ഥലത്തിന്റെ അപര്യാപ്തത ഉള്ളതിനാൽ ചെറു പദ്ധതികൾ ഇവിടെ ആവിഷ്കരിക്കാവുന്നതാണ്. കോർപറേഷൻ, ഡിടിപിസി, ദേവസ്വം ബോർഡ് എന്നിവരുടെ നേതൃത്വത്തിലെല്ലാം വിവിധ പദ്ധതികൾ ഇവിടെ പ്രഖ്യാപിക്കപ്പെട്ടിരുന്നെങ്കിലും ഒന്നും എവിടെയും എത്തിയില്ല. പാതിവഴിയിൽ ഉപേക്ഷിച്ചതും നശിച്ചതുമായ പദ്ധതികളാണ് കൂടുതലും.

ലൈറ്റുകളുടെ അവസ്ഥ ദയനീയം

തിരുമുല്ലവാരം ബീച്ചിന് മുൻപിലുള്ള ഹൈമാസ്റ്റ് ലൈറ്റും ഒരു തെരുവു വിളക്കുമില്ലാതെ മറ്റൊരു ലൈറ്റുകളും ഇവിടെയില്ല. പല തെരുവു വിളക്കുകളുടെ കാലുകൾ മാത്രമാണുള്ളത്. ചിലവ പൂർണമായും തകർന്നു വീണുകിടക്കുകയാണ്. കടലോരത്തിന് ചേർന്നായതിനാൽ നശിക്കാനുള്ള സാധ്യത കൂടുതലായതിനാൽ അതിനനുസരിച്ചുള്ള പരിചരണം അനിവാര്യമാണ്.

സ്ത്രീകൾക്കും കുട്ടികൾക്കും അതിനാൽ തന്നെ ഇരുട്ടിയാൽ ഇവിടെ നിന്ന് മടങ്ങേണ്ടി വരും. നടപ്പാതയും പുലിമുട്ടുമെല്ലാം രാത്രി പൂർണമായും ഇരുട്ടിലാണ്. ഡിടിപിസിയുടെ നേതൃത്വത്തിൽ ലൈറ്റ് ഘടിപ്പിക്കുന്നതിലൂടെ തുടങ്ങിയ പദ്ധതി സ്ഥലത്തിന്റെ തർക്കങ്ങളിലും മറ്റും തട്ടി നിലച്ചു. നിലവിൽ ഡിടിപിസിക്ക് പ്രത്യേകം പദ്ധതികളൊന്നും ഇവിടെയില്ല.



തിരുമുല്ലവാരം ബീച്ചിലെ തെരുവുവിളക്ക് തകർന്നു കിടക്കുന്ന നിലയിൽ.

ഇരിക്കാനും ഇടമില്ല

വൈകുന്നേരങ്ങളിൽ നൂറുകണക്കിന് ആളുകൾ ഇവിടേക്കെത്തുമെങ്കിലും ഇവർക്കെല്ലാം ഇരിക്കാനുള്ള സജ്ജീകരണങ്ങളും ഇവിടെയില്ല. ആറോളം ഇരിപ്പിടങ്ങളാണ് ആകെയുള്ളത്.

പാർക്കിന്റെ ചെറിയ മതിലിലും കടലിലേക്കിറങ്ങിക്കിടക്കുന്ന കരിങ്കൽക്കെട്ടുകളിലുമാണ് മിക്കവരും ഇരിക്കുന്നത്. അതിനാൽ തന്നെ ഇരിക്കാനും കടൽ സൗന്ദര്യം ആസ്വദിക്കാനുമുള്ള സജ്ജീകരണങ്ങളും ഇവിടെ ഒരുക്കേണ്ടതുണ്ട്.



നല്ലില സെന്റ് ഗബ്രിയേൽ സുബോറോ ഓർത്തഡോക്സ് വലിയ പള്ളിയിലെ വി.ശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ പെരുന്നാളിന് കൊല്ലം ഭദ്രാസനാധിപൻ ജോസഫ് മാർ ദിവന്നാസിയോസ് കൊടിയേറ്റുന്നു.ഇടവക വികാരി ഫാ. ക്രിസ്റ്റി ജോസ് സമീപം.



ചാത്തിനാംകുളം പീപ്പിൾസ് ലൈബ്രറി കുട്ടികൾക്കായി സംഘടിപ്പിച്ച അവധിക്കാല ക്യാംപിൽ.



ഡോ.എം.എസ്.ജയപ്രകാശ് ഫൗണ്ടേഷൻ ഫോർ സോഷ്യൽ ജസ്റ്റിസ് സംഘടിപ്പിച്ച സെമിനാർ കേരള പിന്നാക്ക സമുദായ യൂണിയൻ നേതാവ് വി.ആർ.ജോഷി ഉദ്ഘാടനം ചെയ്യുന്നു.

നല്ലില വലിയ പള്ളി പെരുന്നാളിന് കൊടിയേറി

നല്ലില● സെന്റ് ഗബ്രിയേൽ സുബോറോ ഓർത്തഡോക്സ് വലിയ പള്ളി പെരുന്നാളിന് കൊടിയേറി. കൊല്ലം ഭദ്രാസനാധിപൻ ഡോ.ജോസഫ് മാർ ദിവന്നാസിയോസ് കാർമികത്വം വഹിച്ചു. ഇടവക വികാരി ഫാ.ക്രിസ്റ്റി ജോസ് സഹകാർമികത്വം വഹിച്ചു.

25ന് രാവിലെ 10.30ന് പെരുന്നാൾ ഒരുക്ക ധ്യാനം. 26ന് രാവിലെ 10ന് മാർത്ത മറിയം സമാജം മെത്രാസന വാർഷികം. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് ഉദ്ഘാടനം ചെയ്യും.

മുൻ ഡിജിപി ഡോ. അലക്സാണ്ടർ ജേക്കബ് ക്ലാസ് നയിക്കും. വൈകിട്ട് 6ന് നല്ലില കൺവൻഷൻ കൊട്ടാരക്കര, പുനലൂർ ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ തേവോദോറോസ് ഉദ്ഘാടനം ചെയ്യും. ഫാ. ഡോ. ഫലിക്സ് യോഹന്നാൻ വചന ശുശ്രൂഷ നടത്തും. 27ന് രാവിലെ 7ന് മൂന്നിന്മേൽ കുർബാന. 10.30ന് ആത്മീയ സംഘടനകളുടെ വാർഷികം, ഉച്ചയ്ക്ക് 1.30ന് എക്യുമെനിക്കൽ ക്വിസ് മത്സരം, വൈകിട്ട് 6ന് സന്ധ്യ നമസ്കാരം, ഗാന ശുശ്രൂഷ, വചന ശുശ്രൂഷ, സമർപ്പണ പ്രാർഥന. 28, 29 തീയതികളിൽ രാവിലെ 7ന് കുർബാന, വൈകിട്ട് 6ന് സന്ധ്യ നമസ്കാരം, ഗാന ശുശ്രൂഷ, വചന ശുശ്രൂഷ. നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് കാർമികത്വം വഹിക്കും.

തുടർന്ന് സമർപ്പണ പ്രാർഥന. 30ന് രാവിലെ 7ന് പ്രഭാത നമസ്കാരം, കുർബാന, വൈകിട്ട് 6ന് സന്ധ്യ നമസ്കാരം. അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് കാർമികത്വം വഹിക്കും.

തുടർന്ന് പ്രദക്ഷിണം, ശ്ലൈഹിക വാഴ്‌വ്, നേർച്ച ഊട്ട്. മേയ് 1ന് രാവിലെ 7ന് പ്രഭാത നമസ്കാരം, മൂന്നിന്മേൽ കുർബാന. ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് കാർമികത്വം വഹിക്കും.

റവ. വർഗീസ് കെ. തുണ്ടിൽ കോറെപ്പിസ്കോപ്പ, റവ. പനവിള ഫിലിപ്പോസ് ജോർജ് കോറെപ്പിസ്കോപ്പ എന്നിവർ സഹകാർമികത്വം വഹിക്കും.

തുടർന്ന് പ്രദക്ഷിണം, നേർച്ച. 10.30ന് കൊടിയിറക്ക്, വൈകിട്ട് 7ന് ബൈബിൾ നാടകം.

'സംവരണവും സാമൂഹിക നീതിയും നേരിടുന്ന വെല്ലുവിളികൾ': സെമിനാർ നടത്തി

കൊല്ലം ● ഡോ.എം.എസ്.ജയപ്രകാശ് ഫൗണ്ടേഷൻ ഫോർ സോഷ്യൽ ജസ്റ്റിസ് സംഘടിപ്പിച്ച 'സംവരണവും സാമൂഹിക നീതിയും നേരിടുന്ന വെല്ലുവിളികൾ' എന്ന സെമിനാർ കേരള പിന്നാക്ക സമുദായ യൂണിയൻ നേതാവ് വി.ആർ.ജോഷി ഉദ്ഘാടനം ചെയ്തു. സംവരണവും സാമൂഹിക നീതിയും തകർക്കപ്പെടുന്നത് ഉന്നത സമുദായ - രാഷ്ട്രീയ നേതാക്കളുടെ ഒത്താശയോടെ ആണെന്ന് അദ്ദേഹം ആരോപിച്ചു.

സർക്കാരിന്റെ അധീനതയിലുള്ള സവർണ കുത്തക തകർക്കപ്പെടാതെ സാമൂഹിക നീതി ഒരിക്കലും ലഭ്യമാകില്ല. അധികാര കുത്തക തകർക്കുന്നതിനാണ് എല്ലാ സമുദായങ്ങൾക്കും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാനുള്ള ഭരണഘടന വ്യവസ്ഥ ഡോ.ബി.ആർ.അംബേദ്കർ ഉറപ്പാക്കിയത്. എന്നാൽ, ആ വ്യവസ്ഥ മോദി സർക്കാരും പിണറായി സർക്കാരും സവർണ സംവരണം ഏർപ്പെടുത്തി, ഹിന്ദുത്വ അജൻഡ ഉയർത്തി അട്ടിമറിക്കുകയാണ് ഉണ്ടായതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഫൗണ്ടേഷൻ ചെയർമാനും മുൻ മന്ത്രിയുമായ ഡോ.എ.നീലലോഹിതദാസ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എസ്.സുവർണകുമാർ, എസ്.പ്രഹ്ലാദൻ, ഡോ.എം.അബ്ദുൽ സലാം, ആനേപ്പിൽ സുരേഷ്, പത്മ ജയപ്രകാശ് എന്നിവർ പ്രസംഗിച്ചു.

'സർക്കാരിന്റെ വാർഷികാഘോഷം ജനങ്ങളോടുള്ള വെല്ലുവിളി'

കൊല്ലം ● സംസ്ഥാനത്തു സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ കേരള സർക്കാരിന്റെ വാർഷികാഘോഷം കോടികൾ മുടക്കി ആർഭാടമാക്കാനുള്ള തീരുമാനം കേരളത്തിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നു കേരള കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി വി.വിശാജിത്ത് അഭിപ്രായപ്പെട്ടു.

കേരളത്തിലെ സാമ്പത്തിക പ്രതിസന്ധി മനസ്സിലാക്കി കോടികൾ മുടക്കിയുള്ള ധൂർത്ത് ഒഴിവാക്കാൻ മുഖ്യമന്ത്രി നടപടി സ്വീകരിക്കണമെന്നു വിശാജിത്ത് ആവശ്യപ്പെട്ടു.

പ്രതിഷ്ഠാ കർമം 30ന്

അഞ്ചാലുംമൂട് ● കുപ്പണ മേലൂട്ട് ദുർഗാ പത്മാവതി ക്ഷേത്രത്തിലെ പ്രതിഷ്ഠാ കർമം 30 ന് നടക്കും.

24 മുതൽ 29 വരെ ദിവസവും 5.30ന് വിശേഷാൽ പൂജകൾ. 30ന് രാവിലെ 5.30ന് വിശേഷാൽ പൂജ, 7.10ന് പ്രതിഷ്ഠാ കർമം, 12ന് അന്നദാനം.

പൈപ്പ് ലൈനിന്റെ കുഴിയിൽ എൽപിജി ബുള്ളറ്റ് ടാങ്കർ അകപ്പെട്ടു

ചാത്തന്നൂർ ● ദേശീയപാതയിൽ ചാത്തന്നൂർ തിരുമുക്ക് അടിപ്പാതയ്ക്കു സമീപം പൈപ്പ് ലൈനിന്റെ കുഴിയിൽ എൽപിജി ബുള്ളറ്റ് ടാങ്കർ അകപ്പെട്ടു. ഇന്നലെ പുലർച്ചെ ഒന്നരയ്ക്കാണ് സംഭവം. പാചക വാതക ചോർച്ച ഇല്ലാഞ്ഞതിനാൽ അപകട ഭീഷണി ഒഴിവായി. മംഗളൂരുവിൽ നിന്നു പാരിപ്പള്ളി ഐഒസി പാചക വാതക പ്ലാന്റിലേക്ക് വന്ന ബുള്ളറ്റ് ടാങ്കറാണ് അപകടത്തിൽപെട്ടത്. തിരുമുക്ക് അടിപ്പാതയ്ക്കു സമീപം ജപ്പാൻ ശുദ്ധജല വിതരണ പദ്ധതിയുടെ വലുപ്പമേറിയ പൈപ്പ് റോഡിനു കുറുകെ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടക്കുകയാണ്.

ഇതിന്റെ ഭാഗമായി തിരുവനന്തപുരം ഭാഗത്തേക്കുള്ള ഗതാഗതം താൽക്കാലിക പാതയിലൂടെയാണ്.

പാതയുടെ സമീപത്തെ കുഴിയിൽ ബുള്ളറ്റ് ടാങ്കറിന്റെ പിന്നിലെ ഒരു ഭാഗത്തെ ടയർ അകപ്പെടുകയായിരുന്നു. പാചക വാതക ടാങ്കർ ലോറിക്ക് 37 ടൺ ഭാരം ഉണ്ടായിരുന്നു. ഇതിൽ 18 ടൺ പാചകവാതകം ആയിരുന്നു. ചാത്തന്നൂർ പൊലീസ്, പരവൂർ അഗ്നിരക്ഷാസേന, പാരിപ്പള്ളി ഐഒസി പ്ലാന്റിലെ സുരക്ഷ വിഭാഗവും എത്തി നടത്തിയ പരിശോധനയിൽ പാചക വാതകം ചോർച്ച ഇല്ലെന്ന് ഉറപ്പാക്കി. പാചക വാതകം മറ്റൊരു ടാങ്കിലേക്കു മാറ്റുന്നതിനുള്ള എമർജൻസി റെസ്പോൺസ് വെഹിക്കിൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളോടെയാണ് ഐഒസി പ്ലാന്റിൽ നിന്നു സുരക്ഷ വിഭാഗം എത്തിയത്. പാചക വാതകം മാറ്റുന്നതിന് ഒഴിഞ്ഞ ബുള്ളറ്റ് ടാങ്കർ ഐഒസി പ്ലാന്റിൽ സജ്ജമാക്കിയിരുന്നു.ദേശീയപാത നിർമാണ കമ്പനിയുടെ ക്രെയിനുകൾ ഉപയോഗിച്ചു ഉയർത്തി.

അവധിക്കാല ക്യാംപ് 'കളിവീടിന്' തുടക്കമായി

കൊല്ലം● ചാത്തിനാംകുളം പീപ്പിൾസ് ലൈബ്രറിയിൽ അവധിക്കാല ക്യാംപ് 'കളിവീടിന്' തുടക്കമായി. കുരീപ്പുഴ ഫ്രാൻസിസ് ക്യാംപ് ഉദ്ഘാടനം ചെയ്തു.

കഥ, കവിത, ചിത്രരചന, കൃഷി, വ്യക്തിത്വ വികസനം, എന്റെ മലയാളം തുടങ്ങി നിരവധി വിഷയങ്ങളിലായാണ് ഒരു മാസം നീളുന്ന കളിവീട് ക്യാംപ് നടക്കുന്നത്. വിവിധ ദിവസങ്ങളിൽ പ്രമുഖർ അതിഥികളായി എത്തി കുട്ടികളുമായി സംവദിക്കും.

പുസ്തക വായന, പത്രവായന, വാർത്താ അവതരണം തുടങ്ങിയ മത്സരങ്ങളും കളിവീടിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

മനോരമ പ്രാദേശികം

ആംബുലൻസ് സേവനം ലഭിക്കാത്തതിൽ കോൺഗ്രസ് പ്രതിഷേധിച്ചു

ഏരൂർ ● പഞ്ചായത്തിന്റെ ആംബുലൻസ് സേവനം സാധാരണക്കാർക്ക് അത്യാവശ്യങ്ങൾക്കു കിട്ടാത്തതിൽ പ്രതിഷേധിച്ചു കോൺഗ്രസ് പ്രവർത്തകർ പഞ്ചായത്ത് ഓഫിസിൽ സമരം നടത്തി.

എംഎൽഎ ഫണ്ടിലെ 25 ലക്ഷം രൂപ വിനിയോഗിച്ചാണു ആംബുലൻസ് വാങ്ങിയത്.

ആംബുലൻസ് സേവനം കാര്യക്ഷമമാക്കുന്നതിൽ പഞ്ചായത്ത് സമിതി വീഴ്ചവരുത്തുന്നതായാണ് ആക്ഷേപം. നിബന്ധനകൾ പാലിച്ച് ആംബുലൻസ് പിഎച്ച്സിക്കു വിട്ടുകൊടുക്കാനും നടപടി ഉണ്ടായില്ല.

ഡിസിസി അംഗം പി.ബി.വേണുഗോപാൽ, സി.ജെ.ഷോം, ഗീവർഗീസ്, പത്തടി സുലൈമാൻ, അനുരാജ്, ബഷീർ, പി.വി.പ്രകാശ്, റെജി, ഷാനവാസ് എന്നിവർ നേതൃത്വം നൽകി.

കാലാവസ്ഥ

- സംസ്ഥാനത്ത് ചൂടു കൂടിയിരിക്കും, ഇടിയോടു കൂടിയ മഴയ്ക്കും സാധ്യത
- അപകടകരമായ മിന്നലിനും വേഗമേറിയ കാറ്റിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം
- കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല



പുനല നെല്ലിമുരുപ്പിൽ വൈദ്യുത തൂണിലേക്ക് വളർന്ന കാട്. പകലും പ്രകാശിക്കുന്ന ലൈറ്റും കാണാം.



പുനലൂർ റെയിൽവേ സ്റ്റേഷനിൽ പെൺകുട്ടിക്ക് പാമ്പുകടിയേറ്റ സംഭവത്തിൽ എഐവൈഎഫ് പുനലൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ റെയിൽവേ സ്റ്റേഷനിൽ പ്രതിഷേധം സംഘടിപ്പിച്ചപ്പോൾ. എഐവൈഎഫ് ജില്ലാ വൈസ് പ്രസിഡന്റ് ശ്യാംരാജ് റെയിൽവേ ഉന്നത ഉദ്യോഗസ്ഥരുമായി ഫോണിലൂടെ ചർച്ച നടത്തുന്നു.

പെൺകുട്ടിക്ക് പാമ്പുകടിയേറ്റ സംഭവം: എഐവൈഎഫ് പ്രതിഷേധിച്ചു

പുനലൂർ ● പുനലൂർ റെയിൽവേ സ്റ്റേഷനിൽ അഞ്ചൽ കോട്ടുക്കൽ തോട്ടംമുക്ക് ശ്രീശൈലത്തിൽ സുരേഷ്കുമാറിന്റെ മകൾ ശ്രീലക്ഷ്മി (13)ക്ക് പാമ്പുകടിയേറ്റ സംഭവത്തിൽ പ്രതിഷേധിച്ചും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടും എഐവൈഎഫ് പുനലൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ റെയിൽവേ സ്റ്റേഷനിൽ പ്രതിഷേധം സംഘടിപ്പിച്ചു. പ്രകടനമായെത്തിയ പ്രവർത്തകർ സ്റ്റേഷൻ മാനേജരുടെ കാര്യാലയത്തിനു മുന്നിലാണ് പ്രതിഷേധം സംഘടിപ്പിച്ചത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപ്പോൾ സ്റ്റേഷനിൽ ഉണ്ടായിരുന്നില്ല. സ്റ്റേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തേണ്ട ഉദ്യോഗസ്ഥർ ആരും തന്നെ ഇല്ലാത്ത സാഹചര്യമാണ് നിലവിൽ ഉള്ളതെന്ന് പ്രവർത്തകർ ആരോപിച്ചു.

കഴിഞ്ഞ മൂന്നു മാസമായി ദൈനംദിനം ട്രാക്കിൽ നടത്തേണ്ട ശുചീകരണം നടത്തുന്നില്ലെന്നും പറഞ്ഞു. രാത്രി പ്ലാറ്റ് ഫോമുകളിൽ ആവശ്യത്തിന് വെളിച്ചം ലഭ്യമല്ല. വിവിധ ഇടങ്ങളിൽ ട്യൂബുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രകാശിക്കുന്നില്ല. ഇത്തരം വിഷയങ്ങൾ സ്റ്റേഷൻ മാസ്റ്ററുമായി ഫോണിൽ പ്രവർത്തകർ റെയിൽവേ പൊലീസിന്റെ സാന്നിധ്യത്തിൽ എഐവൈഎഫ് ജില്ലാ വൈസ് പ്രസിഡന്റ് ശ്യാംരാജ് ചർച്ച ചെയ്തു.

പ്ലാറ്റ്ഫോം പരിസരത്തെ കാടുകൾ തെളിക്കുന്നത് ആരംഭിച്ചെന്നും അമൃത് ഭാരത് പദ്ധതിയുടെ കരാറുകാരെക്കൊണ്ട് നിർമാണം നടക്കുന്ന സ്ഥലത്തിന് സമീപത്തെ കാടുകൾ നീക്കം ചെയ്യിക്കുമെന്നും സ്റ്റേഷൻ മാനേജർ ഉറപ്പ് നൽകിയെന്ന് എഐവൈഎഫ് ഭാരവാഹികൾ പറഞ്ഞു. ഒരാഴ്ചക്കുള്ളിൽ പൂർണമായും കാടുകൾ നീക്കും. എല്ലാ മാസവും സുരക്ഷ സംബന്ധിച്ച പരിശോധന നടത്തും. പാമ്പുകടിയേറ്റ കുട്ടിയെ റെയിൽവേ ഉന്നത ഉദ്യോഗസ്ഥർ സന്ദർശിക്കുമെന്നും സ്റ്റേഷൻ മാനേജർ പറഞ്ഞതായി നേതാക്കൾ വ്യക്തമാക്കി.

പ്രതിഷേധ യോഗം എഐവൈഎഫ് ജില്ലാ വൈസ് പ്രസിഡന്റ് ശ്യാം രാജ് ഉദ്ഘാടനം ചെയ്തു.മണ്ഡലം പ്രസിഡന്റ് ശരത് കുമാർ അധ്യക്ഷത വഹിച്ചു. എഐഎസ്എഫ് സംസ്ഥാന കൗൺസിൽ അംഗം രാഹുൽ രാധാകൃഷ്ണൻ, ജില്ലാ കമ്മിറ്റി അംഗം അഖില സുധാകരൻ, ജില്ലാ സെക്രട്ടേറിയറ്റ് അംഗം ഐസക് ജോയ്, മണ്ഡലം സെക്രട്ടറി രാജ് ലാൽ, നിധിൻ, തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

ശുചീകരണത്തിന് കൂടുതൽ പേരെ നിയോഗിക്കണമെന്ന ആവശ്യം ശക്തം

പുനലൂർ ● 13 വയസ്സുള്ള പെൺകുട്ടിക്ക് റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ പാമ്പുകടിയേറ്റ സംഭവത്തിന്റെ പശ്ചാത്തലത്തിൽ പുനലൂർ റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ശുചീകരണ ജീവനക്കാരെ നിയോഗിക്കണമെന്ന ആവശ്യം ശക്തം. നീളം കൂടിയ പ്ലാറ്റ്ഫോമുകൾ ഉള്ള സ്റ്റേഷൻ ആയിട്ടും പ്രതിമാസം 15,000 രൂപ മാത്രമാണ് ശുചീകരണത്തിന് മാറ്റിവയ്ക്കുന്നത്.

അതിനാൽ പ്ലാറ്റ്ഫോമുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടക്കം ആഴ്ചകളോളം കുന്നുകൂടി കിടക്കുകയാണ്. രണ്ടാം നമ്പർ പ്ലാറ്റ്ഫോമിന്റെ ഒരു വശത്തെ മൺതിട്ടയ്ക്ക് സമീപം വലിയ തോതിൽ കാട് പടർന്നു കിടക്കുകയാണ്. കഴിഞ്ഞവർഷം ഈ ഭാഗത്ത് തീപിടിച്ചിരുന്നു. ഒന്നാം നമ്പർ പ്ലാറ്റ്ഫോമിൽ എത്തിച്ചിരിക്കുന്ന നിർമാണ സാമഗ്രികൾ ഇന്നലെ മുതൽ മാറ്റി തുടങ്ങിയിട്ടുണ്ട്.

വിശ്രമ മുറിയുടെയും മറ്റും നിർമാണം നടക്കുന്ന ഭാഗങ്ങൾക്ക് സമീപം ഉള്ള കാടുകൾ നീക്കം ചെയ്യണമെന്നും നിർമാണ സാമഗ്രികൾ കൂട്ടിയിട്ടിരിക്കുന്ന ഭാഗങ്ങളിൽ ഇഴജന്തുക്കളുടെ താവളം ആകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും ആവശ്യം ഉയർന്നിരിക്കുകയാണ്. 10 മാസം മുൻപാണ് ഇവിടെ അമൃത് ഭാരത് പദ്ധതി പ്രകാരം വിവിധ നിർമാണം ആരംഭിച്ചത്. അന്നുമുതൽ നിർമാണ സാമഗ്രികൾ ഇവിടെ ശേഖരിക്കുകയാണ്.



പുനലൂർ റെയിൽവേ സ്റ്റേഷൻ യാർഡിൽ ട്രാക്കിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂടിക്കിടക്കുന്നു.

നവീകരണം റോഡ് ഇളക്കിയിട്ട് ഒന്നര മാസം

ഉഗ്രൻ ‘പണി കിട്ടി’ നാട്ടുകാർക്ക്

പത്തനാപുരം● നവീകരണം ഉടൻ തുടങ്ങുമെന്ന് പറഞ്ഞ് റോഡ് ഇളക്കിയിട്ട് ഒന്നര മാസം, നടുവൊടിഞ്ഞ് യാത്രക്കാർ. നെടുംപറമ്പ്-തെക്കേക്കര-തെങ്ങുംവിള റോഡാണ് ദുരിതയാത്ര സമ്മാനിക്കുന്നത്. ടൗണിൽ നിന്ന് തുടങ്ങുന്ന റോഡിൽ സാൽവേഷൻ ആർമി ചർച്ച്, എച്ച്ബി എൽപിഎസ് കഴിഞ്ഞുള്ള വളവ് ഭാഗം, എൻഎസ്എസ് കരയോഗ കെട്ടിടം ഭാഗം, പാതിരിക്കൽ, തെങ്ങുംവിള-തെക്കേക്കരമുക്ക് വളവ് എന്നിവിടങ്ങളിലെല്ലാം വലിയ കുഴികളാണ്.

സ്കൂളുകൾ, ദേവാലയങ്ങൾ എന്നിവ ഉൾപ്പെടെ ഒട്ടേറെ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന മേഖലയാണ് ഇവിടം. ഇടത്തറ, കുമ്പിക്കൽ, നടുമുരുപ്പ്, നെടുംപറമ്പ്, തെക്കേക്കര മുക്ക്, പാതിരിക്കൽ മേഖലയിലുള്ളവർക്ക് വേഗം പത്തനാപുരം ടൗണിലേക്കെത്താൻ കഴിയുന്ന റോഡ് നാളുകളായി തകർന്നു കിടക്കുകയാണ്.

പ്രതിഷേധം ശക്തമായതോടെ ഒരു വർഷം മുൻപ് വലിയ കുഴികൾ അടച്ച് ചെറിയ രീതിയിൽ അറ്റകുറ്റപ്പണി നടത്തിയിരുന്നു. ആ ഭാഗങ്ങൾ ഉൾപ്പെടെയാണ് ഇപ്പോൾ ഇളകിയത്. ഇരുചക്ര വാഹനങ്ങൾ, ഓട്ടോ, കാറുകൾ എന്നിവ വലിയ കുഴികളിൽ വീണ് അപകടത്തിൽപെടുക പതിവാണ്. ചാറ്റൽ മഴയിൽ പോലും കുഴികളിൽ വെള്ളം നിറഞ്ഞ് വാഹനങ്ങൾ അപകടത്തിൽപെടുന്നു. സ്ഥിതി ഇത്രയും രൂക്ഷമായതോടെ വീണ്ടും പ്രതിഷേധം ശക്തമായി.

ഇതേ തുടർന്ന് റോഡ് നവീകരണത്തിന് ഒരു കോടി രൂപ അനുവദിക്കുകയും കരാർ നൽകുകയും ചെയ്തു.

ഇതനുസരിച്ച് ഒന്നര മാസം മുൻപ് റോഡ് ടാറിങ്ങിനു വേണ്ടി ഇളക്കി .നിയോജക മണ്ഡലത്തിലെ മറ്റു റോഡുകളുടെ അനുഭവം വച്ച് ജനങ്ങൾ ഇടപെട്ടപ്പോൾ, ഉടൻ തന്നെ റോഡ് ടാർ ചെയ്യുമെന്നായിരുന്നു ഉദ്യോഗസ്ഥരുടെ വാദം. എന്നാൽ ഒന്നര മാസം കഴിഞ്ഞിട്ടും നവീകരണം തുടങ്ങാത്തതിനാൽ പ്രതിഷേധം വീണ്ടും ശക്തമാക്കാനൊരുങ്ങുകയാണ് നാട്ടുകാർ.



പത്തനാപുരം-നെടുംപറമ്പ്-തെങ്ങുംവിള റോഡിൽ സാൽവേഷൻ ആർമി ചർച്ച് ഭാഗത്ത് റോഡ് തകർന്ന നിലയിൽ.

പാട്ടത്തിന്റെ മറവിൽ ലക്ഷ്യം വിൽപന: സംരക്ഷണ സമിതി

കൊല്ലം ● ആർ.ശങ്കറുടെ സ്മാരകമായ ശങ്കേഴ്സ് ആശുപത്രി ദീർഘകാല ലീസിന് നൽകുവാൻ എസ്എൻ ട്രസ്റ്റ് എക്സിക്യൂട്ടീവിൽ തീരുമാനമെടുത്തതിന് ശേഷം അതു വിൽപനയല്ല എന്ന് പറയുന്ന വെള്ളാപ്പള്ളി നടേശന്റേത് കൗശലക്കാരന്റെ ബുദ്ധിയാണെന്നും ഇതു തടയുമെന്നും എസ്എൻഡിപി യോഗം- എസ്എൻ ട്രസ്റ്റ് സംരക്ഷണ സമിതി.

എസ്എൻ ട്രസ്റ്റ് മെഡിക്കൽ മിഷൻ കീഴിലുള്ള പല ആശുപത്രികളും പൂട്ടുകയും പുത്തൂർ ആശുപത്രി വെറും ക്ലിനിക് ആക്കി മാറ്റുകയും ചെയ്തിരിക്കുകയാണെന്നും ഇതിനെതിരെ സമരം ആരംഭിക്കുമെന്നും സമിതി വ്യക്തമാക്കി. ചെയർമാൻ ഡി.രാജ് കുമാർ ഉണ്ണി അധ്യക്ഷത വഹിച്ചു. ആർ.മണിയപ്പൻ, കടകംപള്ളി മനോജ്, പി.സുരേന്ദ്രബാബു, പാട്ര രാഘവൻ, കുട്ടിക്കട സുനിൽ, സുബ്രു സഹദേവൻ തുടങ്ങിയവർ പ്രസംഗിച്ചു.



കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ റൂറൽ ജില്ലാ കമ്മിറ്റിയുടെ ലഹരിക്ക് എതിരെയുള്ള ഓപ്പൺ ഫോറം കൊട്ടാരക്കര നഗരസഭ ചെയർമാൻ കെ ഉണ്ണിക്കൃഷ്ണ മേനോൻ ഉദ്ഘാടനം ചെയ്യുന്നു

ഇളമ്പൽ മഹാദേവ ക്ഷേത്രത്തിൽ സപ്താഹയജ്ഞം നാളെ തുടങ്ങും

ഇളമ്പൽ● ഇളമ്പൽ മഹാദേവ ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാ വാർഷികത്തിന്റെ ഭാഗമായി ഭാഗവത സപ്താഹയജ്ഞം നടത്തും. നാളെ തുടങ്ങുന്ന യജ്ഞം 30ന് സമാപിക്കും. ജില്ലാ പഞ്ചായത്തംഗം എസ്.അനന്ദുപിള്ള ഉദ്ഘാടനം ചെയ്യും. ക്ഷേത്രോപദേശക സമിതി പ്രസിഡന്റ് പി.എസ്.മുരളി അധ്യക്ഷത വഹിക്കും. ബ്ലോക്ക് പഞ്ചായത്തംഗം സി.വിജയൻ പങ്കെടുക്കും.

ചടങ്ങുകൾക്ക് രവീന്ദ്രൻ മാസ്റ്റർ കട്ടപ്പന കാർമികത്വം വഹിക്കും. 27നാണ് പുനഃപ്രതിഷ്ഠാ ദിനം. വിവിധ ചടങ്ങുകൾ ഇതിന്റെ ഭാഗമായി നടക്കുമെന്ന് ഭാരവാഹികളായ പി.എസ്.മുരളി, കെ.ശശിക്കുട്ടൻ, ആർ.രവീന്ദ്രൻ പിള്ള എന്നിവർ പറഞ്ഞു.

കൊല്ലം റൂറൽ ജില്ലയിൽ ലഹരി വിരുദ്ധ ഓപ്പൺ ഫോറം

കൊട്ടാരക്കര● യുവ തലമുറയിൽ വർധിക്കുന്ന ലഹരി വ്യാപനത്തിനെതിരെ ലഹരി വിരുദ്ധ ഓപ്പൺ ഫോറവുമായി കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ റൂറൽ ജില്ലാ കമ്മിറ്റി. ‘കൈകോർക്കാം യുവതയ്ക്കായ് ’എന്ന പേരിലായിരുന്നു പരിപാടി. ഓപ്പൺ ഫോറം കൊട്ടാരക്കര നഗരസഭാ ചെയർമാൻ കെ ഉണ്ണിക്കൃഷ്ണമേനോൻ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എസ്. ജയകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കൊല്ലം റൂറൽ എസ്പി കെ.എം.സാബു മാത്യു,കൊട്ടാരക്കര ഡി വൈ എസ് പി കെ.ബൈജു കുമാർ,എ.എസ്. ശിവേഷ്,പി.കെ.സിന്ധു,ഡോ.എസ്.ആനന്ദ്, സൗമ്യ മനോജ്, പി. അഭിലാഷ്,കെ. എസ്. ദീപു ആർ.ബിജു,ആർ. എൽ.സാജു, എ.ഷാജഹാൻ,എ.ജി. വാസുദേവൻ പിള്ള,ആർ.രാജീവൻ, നിക്സൺ ചാൾസ്,ബി. കൃഷ്ണ കുമാർ,വി.പി. ബിജു,ഇ. നിസാമുദീൻ,ബിജു.ജി. എസ് നായർ എന്നിവർ പ്രസംഗിച്ചു.

‘ഓഫിസിന് കെട്ടിടം അനുവദിക്കണം’

പുനലൂർ ● നഗരസഭയുടെ പൂർത്തിയാക്കുന്ന ഏഴു നില വ്യാപാര സമുച്ചയത്തിൽ പുനലൂർ സബ് റജിസ്ട്രാർ ഓഫിസിനു സ്ഥലം അനുവദിക്കാൻ നഗരസഭാ കൗൺസിൽ അടിയന്തിര തീരുമാനമെടുക്കണമെന്ന് സബ് റജിസ്ട്രാർ ഓഫിസിലെ ജനകീയ സമിതി യോഗം ആവശ്യപ്പെട്ടു.

കൗൺസിലർ നിമ്മി ഏബ്രഹാം അധ്യക്ഷത വഹിച്ചു. സമിതി കൺവീനറും സബ് റജിസ്ട്രാറുമായ ബി.അജയകുമാർ, എംഎൽഎയുടെ പ്രതിനിധി ബി.അജയൻ, ജൂനിയർ സൂപ്രണ്ട് അരുൺ കുമാർ, ചിത്രജാതൻ എന്നിവർ പ്രസംഗിച്ചു.

ക്ലാസുകൾ നാളെ തുടങ്ങും

പുനലൂർ ● ജോയ് ഗുരുക്കൾസ് സ്കൂൾ ഓഫ് കളരിപ്പയറ്റിൽ പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ നാളെ 10.30 ന് ആരംഭിക്കും. ക്ലാസിൽ പഠിക്കുന്നവർക്ക് ഇന്ത്യൻ കളരിപ്പയറ്റ് ഫെഡറേഷൻ, ജില്ലാ സംസ്ഥാന ദേശീയ തലങ്ങളിൽ മത്സരങ്ങൾ നടത്തിവരുന്നു, വിജയികൾക്ക് സ്കൂൾ തലങ്ങളിൽ ഗ്രേസ്മാർക്ക്, സർക്കാർ ജോലി, സ്പോർട്സ് ക്വാട്ടായിൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം എന്നിവ ലഭിക്കുമെന്ന് സ്കൂൾ അധികൃതർ അറിയിച്ചു. 9447280234, 9020307046.



പാചകവാതക സിലിണ്ടർ പൊട്ടിത്തെറിച്ച് ഏരൂർ ആലഞ്ചേരി ചില്ലിങ് പ്ലാന്റ് മംഗലത്തറ വീട്ടിൽ വിനോദിന്റെ വീടിന്റെ മേൽക്കൂര പൂർണമായി തകർന്ന നിലയിൽ.

റബർ ഉൽപാദക സംഘം യോഗം

പുത്തൂർ ● കുഴിക്കലിടവക റബർ ഉൽപാദക സംഘത്തിന്റെ വിശേഷാൽ പൊതുയോഗം 24ന് രാവിലെ 9.30ന് പാങ്ങോട് ലൈബ്രറി ഹാളിൽ ചേരുമെന്നു പ്രസിഡന്റ് ഡി.സുരേന്ദ്രപ്രസാദ് അറിയിച്ചു

കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തിൽ മേടത്തിരുവാതിര ഉത്സവം ഇന്നു മുതൽ

കൊട്ടാരക്കര● മഹാഗണപതി ക്ഷേത്രത്തിലെ പത്ത് നാൾ നീളുന്ന മേടത്തിരുവാതിര ഉത്സവത്തിന് ഇന്ന് കൊടിയേറ്റം. ക്ഷേത്രാചാര പ്രകാരം ഹൈക്കോടതിയുടെയും ദേവസ്വം ബോർഡിന്റെയും നിർദേശ പ്രകാരമുള്ള പരിപാടികൾ മാത്രമാകും നടത്തുകയെന്ന് ക്ഷേത്രോപദേശകസമിതി ഭാരവാഹികൾ അറിയിച്ചു. ക്ഷേത്രത്തിന് വെളിയിലെ ഗ്രൗണ്ടിൽ പ്രത്യേക വേദിയിലാണ് കലാപരിപാടികൾ നടത്തുന്നതെന്നും ഭാരവാഹികൾ അറിയിച്ചു.

ഇന്ന് രാത്രി 7ന് തന്ത്രി തരണനല്ലൂർ ഗോവിന്ദൻ നമ്പൂതിരിപ്പാടിന്റെയും മേൽശാന്തി രതീഷ് കുമാറിന്റെയും കാർമികത്വത്തിൽ കൊടിയേറ്റ് നടക്കും. 7.45ന് ഉദ്ഘാടന സമ്മേളനം നടക്കും. കൊല്ലം റൂറൽ എസ്പി കെ.എം. സാബുമാത്യു ഉദ്ഘാടനം ചെയ്യും.വൈദ്യുത ദീപാലങ്കാരം കെഎസ്ഇബി

ഡപ്യൂട്ടി ചീഫ് എൻജിനീയർ ആർ. ശ്രീവിദ്യ സ്വിച്ച് ഓൺ ചെയ്യും. 8.15ന് രമേഷ് നാരായണനും മധുശ്രീ നാരായണനും നയിക്കുന്ന മൃദുൽ മഹാർ- സംഗീതസായാഹ്നം. അടുത്ത മാസം 2ന് ആറാട്ടും ഘോഷയാത്രയും നടക്കും. കെട്ടുകാഴ്ച 2ന് 3ന് ടിബി ജംക്ഷന് സമീപം മുത്തുമാരിയമ്മൻ കോവിലിന് സമീപത്ത് നിന്നും ആരംഭിച്ച് റെയിൽവേ സ്റ്റേഷൻ പരിസരത്ത് സമാപിക്കും.

കനാൽ റോഡുകൾ തകർച്ചയിൽ; പുനർ നിർമിക്കാൻ നടപടിയില്ല

പുനലൂർ ● കല്ലട ജലസേചന പദ്ധതിയുടെ ഇടതു, വലതു കര കനാലുകളുടെ വശങ്ങളിലൂടെയുള്ള റോഡുകൾ തകർന്നത് പുനർ നിർമിക്കാൻ നടപടിയില്ല. ഇടതുകര കനാലിന്റെ കരവാളൂർ പഞ്ചായത്ത് ഭാഗത്തെ മുഴുവൻ റോഡുകളും തകർന്ന നിലയിലാണ്. ഒട്ടേറെപ്പേർ യാത്ര ചെയ്യാൻ ഉപകരിക്കുന്ന പാതയാണിത്. വെഞ്ചേമ്പ്ജംക്‌ഷനിൽ നിന്ന് കനാൽ റോഡ് വഴി വാഴവിള ഭാഗത്ത് കൂടി നരിക്കൽ ഭാഗത്തേക്കും കോക്കാട് ഭാഗത്തേക്കും പോകുന്നതിന് ഉപകരിക്കുന്ന പാതയാണിത്.

മലയോര ഹൈവേ കടന്നുപോകുന്ന കരവാളൂർ കനാൽ പാലം മുതൽ കിഴക്കു ഭാഗത്തേക്ക് പോകുന്ന റോഡും സമ്പൂർണ തകർച്ചയിലാണ്.

ഈറോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് കെഐപിയുടെ ഭാഗത്തു നിന്നും നടപടിയില്ല.

റോഡിന്റെ അറ്റകുറ്റപ്പണികൾ മറ്റ് ഏജൻസികളെ ഏൽപ്പിച്ചിട്ടുമില്ല. അതിനാൽ പതിറ്റാണ്ടുകളായി റോഡ് തകർച്ച നേരിടുകയാണ്. അടിയന്തരമായി റോഡുകൾ സഞ്ചാരയോഗ്യമാക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.



ഇടതുകര കനാലിന്റെ കരവാളൂർ പഞ്ചായത്തിലെ വെഞ്ചേമ്പ് ജംക്ഷനിൽ കനാൽ പാലത്തിൽ നിന്ന് ആരംഭിക്കുന്ന റോഡ് തകർന്ന നിലയിൽ.

ഇന്നത്തെ സിനിമ

കൊട്ടാരക്കര മിനർവ എമ്പയർ സിനിമാസ് (2K DOLBY ATMOS)
മരണമാസ്സ് (M) 09.45 am, 02.45 pm, 08.00 pm
ബസൂക്ക (M) 12.00 pm, 05.15 pm, 10.30 pm

മിനർവ സിനിമാസ് (4K 3D) (Phone:0474 2452356) (Online ticket book:www.minervacinemaz.com)
ആലപ്പുഴ ജിംഖാന (M) 10.30 am, 12.45 pm, 06.30 pm, 09.30 pm
എമ്പുരാൻ (M) 03.15 pm

പത്തനാപുരം സീമ സിനി പ്ലസ് (A/C) (3D)7.1DOLBY) (Mob: 9995603056)
AUDI 1 ആലപ്പുഴ ജിംഖാന (M) 11.00 am, 02.30pm, 06.30 pm, 09.45 pm
AUDI 2 മരണമാസ്സ് (M) 11.00 am, 02.30 pm, 06.30 pm, 09.45 pm
AUDI 3 ബസൂക്ക (M) 06.15 pm, 09.30 pm

ഓയൂർ എൻ. വി. പി. സിനിമ (A/C, 4K) (Phone:0474 2468289, 9633484397) (Online booking: www.bookmyshow.com)
ബസൂക്ക (2D) (M) 03.00 pm, 06.30 pm
GOOD BAD UGLY (2D) (T) 11.00 am, 09.30 pm

പുനലൂർ അലങ്കാർ തായ് ലക്ഷ്മി സിനിമ (4K 3D DOLBY ATMOS) (Phone:0475 2222232)
ബസൂക്ക (2D) (M) 11.00 am, 06.30 pm
GOOD BAD UGLY (2D) (T) 02.30 pm, 09.30 pm

നല്ലില J B Cinemas (4K,3D,A/C) (Phone:0474 2563265, 8281691515)
ബസൂക്ക (M) 09.45 am, 03.30 pm, 06.45 pm, 09.45 pm
എമ്പുരാൻ (M) 12.15 pm, 06.30 pm
മരണമാസ്സ് (M) 09.45 am, 12.45 pm, 03.45 pm, 10.00 pm

പുത്തൂർ ചെല്ലം (Phone: 0474 2415545, 2991919) (www.justickets.in/puthoor)
ആലപ്പുഴ ജിംഖാന (M) 11.00 am, 02.00 pm, 07.30 pm, 09.30 pm
എമ്പുരാൻ L2 (M) 4.15pm

കൊല്ലം | കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | ദുബായ് | ISSN-0972-0022 | www.manoramaonline.com

22 ഏപ്രിൽ 2025 ചൊവ്വ
1200 മേടം 9

മലയാള മനോരമ

ESTABLISHED 1888

മലയാളത്തിന്റെ സുപ്രഭാതം

പാപ്പയുടെ ജീവിതം ചിത്രകഥയിലൂടെ

ആരാകും പിൻഗാമി? സാധ്യതകളിൽ ഇവർ

സഫലമാകാതെ ആ ആഗ്രഹം: ഇന്ത്യ കാണാതെ മടക്കം

▸▸ ഉൾപേജുകൾ

കനിവാർന്ന കാലമേ, വിട

▸▸ ഉയിർപ്പിലാണ് ജീവിതത്തിന്റെ അനശ്വരതയെന്നോർമിപ്പിച്ച്, ഈസ്റ്റർ പിറ്റേന്ന് ഫ്രാൻസിസ് മാർപാപ്പയുടെ മടക്കം

വത്തിക്കാൻ സിറ്റി ● ഉയിർപ്പു തിരുനാളിന്റെ പിറ്റേന്നു രാവിലെ റോമിലെ പള്ളിമണികൾ അപ്രതീക്ഷിതമായി ഒരേസമയം മുഴങ്ങി. ആ മണിമുഴക്കത്തിന് വിലാപത്തിന്റെ ഈണമായിരുന്നു.

തലേന്ന്, ഉയിർപ്പിന്റെ പ്രത്യാശ ലോകത്തിനു പകർന്ന്, ഗാസയിൽ വെടിനിർത്തലിനുള്ള ആഹ്വാനവുമായി ഈസ്റ്റർ സന്ദേശം നൽകി ഉറങ്ങാൻ പോയ ഫ്രാൻസിസ് മാർപാപ്പ നിത്യനിദ്രയിലേക്കു വിളിക്കപ്പെട്ടെന്ന അറിയിപ്പിനു പിന്നാലെയായിരുന്നു പള്ളിമണികളുടെ വിലാപം. മരണമല്ല, ഉയിർപ്പാണ് ജീവിതത്തിന്റെ അനശ്വരതയെന്നോർമിപ്പിച്ചു മടങ്ങിയ ഫ്രാൻസിസ് മാർപാപ്പ (88) ഇനി പ്രാർഥനകളിൽ ജീവൻ തുടിക്കുന്ന ഓർമ.

ആഗോള കത്തോലിക്കാസഭയിൽ കാലോചിത മാറ്റങ്ങൾക്കു വഴിയൊരുക്കിയ ജനകീയനായ പരമാധ്യക്ഷന്റെ വിയോഗം ഇന്നലെ രാവിലെ വത്തിക്കാൻ സമയം 7.35നായിരുന്നു (ഇന്ത്യൻ സമയം രാവിലെ 11.05). ഒൻപതരയോടെ മാർപാപ്പയുടെ വസതിയായ സാന്താ മാർത്ത ചാപ്പലിലെ കർദിനാൾ കെവിൻ ഫാരെൽ വിയോഗവിവരം ഔദ്യോഗികമായി അറിയിച്ചു.

ഫെബ്രുവരിയിൽ കടുത്ത ന്യുമോണിയബാധയെത്തുടർന്നു മരണത്തിന്റെ വക്കോളമെത്തിയിരുന്ന അദ്ദേഹം 38 ദിവസത്തെ ആശുപത്രിവാസത്തിനുശേഷം അദ്ഭുതകരമായി മടങ്ങിയെത്തിയിരുന്നു.



പ്രിയ ദേവാലയമേ... റോമിലെ മേരി മേജർ ബസിലിക്കയിൽ പ്രാർഥിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ഈ ചിത്രം പകർത്തിയത് ഈ മാസം 12നാണ്. 38 ദിവസത്തെ ആശുപത്രിവാസത്തിനു ശേഷം സുഖം പ്രാപിച്ച അദ്ദേഹം തന്റെ പ്രിയദേവാലയത്തിൽ വീണ്ടും പ്രാർഥിക്കാനെത്തിയതായിരുന്നു അന്ന്. തന്റെ അന്ത്യവിശ്രമത്തിനായി അദ്ദേഹം തിരഞ്ഞെടുത്തതും ഈ ദേവാലയമാണ്. മുൻ മാർപാപ്പമാർ നിത്യനിദ്ര കൊള്ളുന്ന വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയ്ക്കു പകരം, തന്നെ മേരി മേജർ ബസിലിക്കയിൽ സംസ്കരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

സഭയ്ക്കുള്ളിലും പുറത്തും നവീകരണത്തിന്റെ വക്താവായിരുന്നു ഫ്രാൻസിസ് മാർപാപ്പ. ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അപ്രതീക്ഷിത രാജിയെത്തുടർന്ന് 2013 മാർച്ച് 13ന് ആണ് അർജന്റീനയിലെ ബ്യൂനസ് ഐറിസ് ആർച്ച്ബിഷപ് കർദിനാൾ ഹോർഹെ മാരിയോ ബർഗോളിയോ, മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. കത്തോലിക്കാ സഭയുടെ 266-ാമത്തെയും ഈശോസഭയിൽനിന്നും (ജസ്വീറ്റ്) ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽനിന്നുമുള്ള ആദ്യത്തെയും മാർപാപ്പ. ഫ്രാൻസിസ് എന്ന പേരു സ്വീകരിച്ച ആദ്യത്തെ മാർപാപ്പയും അദ്ദേഹമാണ്.

ഇറ്റലിയിൽനിന്ന് അർജന്റീനയിലേക്കു കുടിയേറിയ കുടുംബത്തിലെ 5 മക്കളിലൊരാൾ. 1936 ഡിസംബർ 17നു ബ്യൂനസ് ഐറിസിൽ ജനനം. 1969 ഡിസംബർ 13നു വൈദികൻ, 1998 ൽ ബ്യൂനസ് ഐറിസ് ആർച്ച് ബിഷപ്, 2001 ൽ കർദിനാൾ. വാക്കിലും പ്രവൃത്തിയിലും ലാളിത്യം. ആർച്ച്ബിഷപ്പായിരിക്കെ ഔദ്യോഗിക വസതി വേണ്ടെന്നു വച്ച് സാധാരണക്കാർക്കൊപ്പം പൊതുവാഹനങ്ങളിൽ സഞ്ചരിച്ചു. മാർപാപ്പയായപ്പോൾ വത്തിക്കാൻ പാലസിനു പകരം അതിഥിമന്ദിരത്തിലായിരുന്നു താമസം.

സഭയുടെ ചരിത്രപരമായ തെറ്റുകൾക്കു നിരുപാധികം മാപ്പപേക്ഷിച്ച അദ്ദേഹം ബാലപീഡനം, മറ്റു ലൈംഗിക കുറ്റകൃത്യങ്ങൾ എന്നിവയിൽ ഉൾപ്പെട്ട വൈദികർക്കും മെത്രാന്മാർക്കുമെതിരെ ശക്തമായ അച്ചടക്ക നടപടികളെടുത്തു. സഭാഭരണത്തിൽ വനിതകൾക്കു പ്രാതിനിധ്യം നൽകുന്നതിനും ട്രാൻസ്ജെൻഡർ അവകാശങ്ങൾ അംഗീകരിക്കുന്നതിനും മുൻകയ്യെടുത്തു. സഭാതലവനായി ഒരു വർഷം തികയും മുൻപ് ടൈം വാരിക അദ്ദേഹത്തെ 'പഴ്സൻ ഓഫ് ദി ഇയർ' ആയി തിരഞ്ഞെടുത്തിരുന്നു.

അർഥപൂർണം അവസാനദിനവും

പ്രാർഥന, ആശംസ, കൂടിക്കാഴ്ച- അവസാന ദിവസവും ഏറെ സജീവമായിരുന്നു ഫ്രാൻസിസ് മാർപാപ്പ. ഈസ്റ്റർ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകാൻ ആരോഗ്യം അനുവദിച്ചില്ലെങ്കിലും സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഒത്തുചേർന്ന 35,000 വിശ്വാസികളെ ആശീർവദിച്ചു. ഈസ്റ്റർ സന്ദേശവും നൽകിയ അദ്ദേഹം, യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി.വാൻസുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹത്തിന്റെ മക്കൾക്കു ചോക്കലേറ്റ് സമ്മാനിച്ചു.

കബറടക്കം ലളിതം

മാർപാപ്പയുടെ നിർദേശപ്രകാരം കബറടക്കം ലളിതമായാകും നടത്തുക. സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നാളെ പൊതുദർശനം. മുൻഗാമികൾ നിത്യനിദ്രകൊള്ളുന്ന സെന്റ് പീറ്റേഴ്സ് ബസിലിക്കയിലല്ല, പ്രിയപ്പെട്ട പ്രാർഥനാ ഇടമായ മേരി മേജർ ബസിലിക്കയിലാകും കബറടക്കം. സമയം പ്രഖ്യാപിച്ചിട്ടില്ല.

സൈപ്രസ്, ഓക്ക്, പുളി മരങ്ങൾ കൊണ്ടു നിർമിച്ച 3 അറകളുള്ള പെട്ടിക്കുള്ളിൽ കബറടക്കുന്ന പരമ്പരാഗതരീതിക്കു പകരം ലളിതമായ ഒറ്റമരപ്പെട്ടി ഉപയോഗിക്കും. ഉയർന്ന പീഠത്തിൽ പൊതുദർശനം എന്ന രീതിയും മാർപാപ്പയുടെ ആഗ്രഹപ്രകാരം ഒഴിവാക്കും. കബറടക്കത്തിനുശേഷം സിസ്റ്റൈൻ ചാപ്പലിൽ കർദിനാൾമാരുടെ കോൺക്ലേവ് ചേർന്നു പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കും.

കർദിനാൾ ഫാരലിന് ചുമതല



പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കുന്നതുവരെ കർദിനാൾ കാമർലെംഗോ കെവിൻ ഫാരൽ സഭയെ നയിക്കും. അദ്ദേഹമാണ് ഇന്നലെ ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗവാർത്ത ഔദ്യോഗികമായി അറിയിച്ചത്.



ഇന്ത്യയിലും ദുഃഖാചരണം

ന്യൂഡൽഹി ● കേന്ദ്രസർക്കാർ 3 ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. രാജ്യത്തെ എല്ലാ കത്തോലിക്കാ രൂപതകളിലും 9 ദിവസത്തെ ദുഃഖാചരണത്തിനു കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) നിർദേശം നൽകി. ഇന്നും കബറടക്ക ദിവസവും പള്ളികളിലും സഭയുടെ മറ്റ് സ്ഥാപനങ്ങളിലും പ്രത്യേക കുർബാനയുണ്ടാകും. കബറടക്കദിവസം കത്തോലിക്കാ സ്ഥാപനങ്ങൾക്ക് അവധി നൽകും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള ലോകനേതാക്കൾ മാർപാപ്പയുടെ വിയോഗത്തിൽ അനുശോചിച്ചു.

മുഖപ്രസംഗം: ദൈവത്തിനും ലോകത്തിനും
→ കാഴ്ചപ്പാട്



സർക്കാർപക്ഷം: കാസർകോട് കാലിക്കടവിൽ സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ പ്രകാശനം ചെയ്ത 'ഹൃദയപക്ഷം' എന്ന പുസ്തകം നോക്കുന്ന മന്ത്രിമാരായ കെ.എൻ.ബാലഗോപാലും കെ.രാജനും മുഖ്യമന്ത്രി പിണറായി വിജയനും. മുഖ്യമന്ത്രിയുടെ 2016 മുതൽ 2025 വരെയുള്ള നിയമസഭാ പ്രസംഗങ്ങളാണ് പുസ്തകത്തിലുള്ളത്. ചിത്രം:മനോരമ

നേർക്കാഴ്ച → പേജ് 13

കരാർ, ദിവസ വേതനക്കാർക്ക് ശമ്പള വർധന

മനോരമ ലേഖകൻ

തിരുവനന്തപുരം ● സർക്കാർ വകുപ്പുകൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്ര സഹായ പദ്ധതികൾ, സംസ്ഥാന പദ്ധതികൾ, ക്ഷേമനിധി ബോർഡുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന കരാർ- ദിവസ വേതന ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് സർക്കാർ ഉത്തരവിറക്കി. വേതന വർധനയ്ക്ക് ഈ മാസം ഒന്നു മുതൽ പ്രാബല്യമുണ്ടാകും. ഇത്തവണ ബജറ്റിൽ കരാർ, ദിവസ വേതന ജീവനക്കാർക്ക് 5% വേതന വർധന ധനമന്ത്രി പ്രഖ്യാപിച്ചിരുന്നു.

ആശാവർക്കർമാർ രാപകൽ സമര കേരളയാത്രയ്ക്ക്

മനോരമ ലേഖകൻ

തിരുവനന്തപുരം ● ഓണറേറിയം വർധനയും വിരമിക്കൽ ആനുകൂല്യം പ്രഖ്യാപനവും സർക്കാർ തള്ളിക്കളഞ്ഞ സാഹചര്യത്തിൽ കേരളമാകെ സഞ്ചരിക്കുന്ന രാപകൽ സമരം പ്രഖ്യാപിച്ച് ആശാ വർക്കർമാർ. കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ നടക്കുന്ന രാപകൽ സമരം തുടർന്നു കൊണ്ടു തന്നെ മറ്റൊരു രാപകൽ സമരം കേരളത്തിലെ ജനങ്ങളിലേക്ക് എത്തും. മേയ് 5നു കാസർകോട്ടു നിന്ന് ആരംഭിക്കുന്ന രാപകൽ സമരയാത്രയ്ക്ക് അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എ.ബിന്ദു നേതൃത്വം നൽകും. തുറന്ന വാഹനത്തിലാണു സമരപ്പന്തൽ ഒരുക്കുക. മേയ് ഒന്നിനു തൊഴിലാളികളുടെ റാലിക്ക് ശേഷം സമരപ്പന്തലുള്ള വാഹനം കാസർകോട്ടേക്കു തിരിക്കും.

രാപകൽ സമര യാത്രക്കാർ രാത്രി പന്തലിലും തെരുവിലുമായി കഴിയും. യാത്രയുടെ ഭാഗമായി ജനങ്ങളുടെയും ആശമാരുടെയും സംഗമങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. തിരുവനന്തപുരത്തെ സമര വേദിയിൽ എത്താനാകാത്ത ആശമാരെ ലക്ഷ്യമിട്ടാണു സംഗമങ്ങൾ. ജൂൺ 17നു യാത്ര തിരുവനന്തപുരത്ത് എത്തും. സെക്രട്ടേറിയറ്റിനു മുന്നിലെ സമരം 71 ദിവസവും അനിശ്ചിതകാല നിരാഹാര സമരം 33 ദിവസവും പിന്നിട്ടു. സമരത്തിന്റെ ആവശ്യങ്ങൾ തള്ളിക്കളഞ്ഞ പിണറായി വിജയൻ, ചെയ്യേണ്ടതെല്ലാം ചെയ്തതിനാൽ സമരം നടത്തുന്നവർ എണീറ്റു പോകുന്നതാണു നല്ലതെന്ന് അഭിപ്രായപ്പെട്ടിരുന്നു. ഇതേ തുടർന്നു സമരം ശക്തമാക്കുകയാണ്. സമരങ്ങളോടു സർക്കാർ പുലർത്തുന്ന ധാർഷ്ട്യത്തിന്റെയും സങ്കുചിതത്വത്തിന്റെയും സമീപനം ജനാധിപത്യ വ്യവസ്ഥയ്ക്കു വെല്ലുവിളിയാണെന്ന് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വി.കെ. സദാനന്ദനും വൈസ് പ്രസിഡന്റ് എസ്.മിനിയും പറഞ്ഞു.

അലവൻസ് പ്രഖ്യാപിച്ച തദ്ദേശസ്ഥാപനങ്ങളെ ആദരിച്ചു

തിരുവനന്തപുരം ● സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളും ആശാ വർക്കേഴ്സിന് ഓണറേറിയം പ്രഖ്യാപിക്കാൻ തയാറാകണമെന്ന് ലത്തീൻ അതിരൂപത വികാരി ജനറൽ യൂജിൻ എച്ച്.പെരേര ആവശ്യപ്പെട്ടു. ആശാ വർക്കേഴ്സിനു പ്രത്യേക അലവൻസ് നൽകുമെന്നു പ്രഖ്യാപിച്ച തദ്ദേശ സ്ഥാപനങ്ങളെ ആദരിക്കുന്നതിന് ആശാ സമര സമിതി സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അടിത്തട്ടിലുള്ള ഭരണസംവിധാനം ആശാ വർക്കർമാർക്കൊപ്പമാണ് എന്ന തിരിച്ചറിവ് ഉൾക്കൊണ്ടെങ്കിലും സംസ്ഥാന സർക്കാർ കണ്ണു തുറക്കണം. അതിന് അധിക കാലമില്ല. വെള്ളാനകളുടെ മുഖം സൃഷ്ടിച്ചു കൊണ്ട്, അടിസ്ഥാന ജനവിഭാഗത്തിന്റെ ന്യായമായ ആവശ്യങ്ങൾ തിരിഞ്ഞു നോക്കാത്ത ഭരണ സംവിധാനം വരും നാളുകളിൽ ജനകീയ ഇടപെടലുകളുടെ കരുത്തു മനസ്സിലാക്കും.

ആശമാരുടെ തൊഴിൽ അവകാശങ്ങൾ സ്ഥാപിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണമെന്നു യൂജിൻ പെരേര അഭിപ്രായപ്പെട്ടു.

പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്ഥാപനങ്ങളാണ് ആശാ വർക്കേഴ്സിന് പ്രത്യേക അലവൻസ് നൽകുമെന്ന പ്രഖ്യാപനം നടത്തിയത്.

തദ്ദേശസ്ഥാപനങ്ങളിലെ പ്രതിനിധികൾക്കു പൂച്ചെണ്ടും കസവു മുണ്ടും നൽകി ആശമാർ നന്ദി അറിയിച്ചു. എറണാകുളം മരട് നഗരസഭ ചെയർമാൻ ആന്റണി ആശാംപറമ്പിൽ, പത്തനംതിട്ട വെച്ചൂച്ചിറ പഞ്ചായത്ത് പ്രസിഡന്റ് ടി.കെ. ജയിംസ്, എറണാകുളം വാരപ്പെട്ടി പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ചന്ദ്രശേഖരൻ നായർ, കോഴിക്കോട് പെരുവയൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ.ഷറഫുദീൻ, കൊല്ലം നിലമേൽ പഞ്ചായത്ത് പ്രസിഡന്റ് ഷമീന പറമ്പിൽ എന്നിവർ ആദരം സ്വീകരിച്ചു.

ഉയർന്ന ചൂടിനൊപ്പം മഴയ്ക്കും സാധ്യത

തിരുവനന്തപുരം● സംസ്ഥാനത്ത് ഉയർന്ന ചൂടിനൊപ്പം തന്നെ ഇടിയോടു കൂടിയ മഴയ്ക്കും സാധ്യത.

കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ഇന്ന് ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, കൊല്ലം, തൃശൂർ, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

25 വരെ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇടിയോടു കൂടിയ മഴ ലഭിക്കും. ഇടിയും കാറ്റും അപകടകാരികളായതിനാൽ ജാഗ്രത പാലിക്കണം.

കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി

220 ഏക്കർ ഭൂമി കൂടി കൈമാറി

മനോരമ ലേഖകൻ

പാലക്കാട് ● കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴിക്കായി 220 ഏക്കർ ഭൂമി കൂടി 'ദ് കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡി'നു സംസ്ഥാന ഓഹരിയായി കൈമാറി. മന്ത്രിസഭാ യോഗത്തിൽ അനുമതി ലഭിച്ചതോടെയാണു നടപടി. നേരത്തേ 105.26 ഏക്കർ ഭൂമി കൈമാറിയിരുന്നു. കിൻഫ്രയാണു കേരളത്തിലെ പദ്ധതി നിർവഹണ ഏജൻസി.

2021 നവംബറിലാണു പദ്ധതിക്കായി ആദ്യം ഭൂമി റജിസ്റ്റർ ചെയ്തത്. പുതുശ്ശേരി, കണ്ണമ്പ്ര പഞ്ചായത്തുകളിലായി 1,710 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുക. ഭൂമിയുടെ വില നൽകാൻ 1,789 കോടി രൂപയാണു ചെലവാക്കുന്നത്. ഇതിനു സംസ്ഥാനവും കേന്ദ്രവും തുല്യവിഹിതം വഹിക്കും. കഴിഞ്ഞ ഒക്ടോബറിൽ പദ്ധതിപ്രദേശം സന്ദർശിച്ച കേന്ദ്രസംഘം സംസ്ഥാന സർക്കാരിന്റെ നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തിയിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി കിൻഫ്ര പെട്ടെന്നു പൂർത്തിയാക്കിയതും ഗുണമായി.

ഭക്ഷ്യസംസ്കരണം, ലൈറ്റ് എൻജിനീയറിങ്, ജ്വല്ലറി, പ്ലാസ്റ്റിക് - ഇ മാലിന്യങ്ങളുടെ പുനരുപയോഗം, എണ്ണ - വാതക ഇന്ധനങ്ങൾ, ഇലക്ട്രോണിക്സ് ലോജിസ്റ്റിക് ഓട്ടമോട്ടീവ് ഉൽപന്നങ്ങൾ തുടങ്ങി വ്യവസായങ്ങളാണു പ്രതീക്ഷിക്കുന്നത്. രാജ്യാന്തര നിലവാരത്തിൽ റോഡ്, വൈദ്യുതി, ശുദ്ധജലം, അഴുക്കുചാൽ ഉൾപ്പെടെ സൗകര്യങ്ങളൊരുക്കും. വ്യവസായ ഇടനാഴിയുടെ ഭാഗമായ കൊച്ചി ഗ്ലോബൽ സിറ്റി പദ്ധതിയുടെ കേന്ദ്ര അനുമതിക്കായും കേരളം കാത്തിരിക്കുകയാണ്.

മലയാള മനോരമ
Hai KI:DS
പേജ് നാളത്തെ പത്രത്തിൽ

കുഞ്ഞുക്കുറുപ്പ്

കോൺഗ്രസ് വേദികളിൽ ഇരിക്കേണ്ടവരുടെ പേര് കസേരയിൽ എഴുതിവയ്ക്കും



വൈകിയെത്തുന്ന നേതാക്കൾ കസേരയുമായി വരണമെന്നും വ്യവസ്ഥ വേണം...



ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തുന്ന യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ്. ഭാര്യ ഉഷ വാൻസും മക്കളും ഒപ്പം.

നേർക്കാഴ്ച → പേജ് 13

വേദിയിൽ 'നിൽപ്' വേണ്ട; കസേരയും പേരും നിർബന്ധം

▸▸ പാർട്ടി നേതാക്കൾക്കു പൊതുപെരുമാറ്റച്ചട്ടം രൂപീകരിച്ച് കെപിസിസി

ജോജി സൈമൺ

തിരുവനന്തപുരം● കസേരയിൽ പേരില്ലാത്തവർക്ക് ഇനി കോൺഗ്രസിന്റെ വേദികളിൽ ഇടമുണ്ടാകില്ല. താഴേത്തട്ടു മുതൽ കെപിസിസിതലം വരെയുള്ള മുഴുവൻ പരിപാടികളിലും വേദിയിലുണ്ടാകേണ്ടവരുടെ പേരുകൾ കസേരകളിൽ പതിക്കണമെന്നും പേരില്ലാത്ത ഒരാൾപോലും വേദിയിൽ വേണ്ടെന്നും കെപിസിസി നിർദേശിക്കും.

നേതാക്കളുടെ 'ഫോട്ടോ മാനിയ' അതിരുകടക്കുന്നതു പാർട്ടിക്കു നാണക്കേടുണ്ടാക്കുന്ന പശ്ചാത്തലത്തിലാണു കെപിസിസി പൊതുപെരുമാറ്റച്ചട്ടം തയാറാക്കിയത്. ഉടൻ സർക്കുലർ രൂപത്തിൽ താഴേക്കു നൽകും. പാർട്ടി പരിപാടികളുടെ വേദിയിൽ ക്ഷണിക്കപ്പെട്ടവർ മാത്രമേയുണ്ടാകാൻ പാടുള്ളൂ. ഇതനുസരിച്ചുള്ള കാര്യപരിപാടി നോട്ടിസ് പ്രിന്റ് ചെയ്തു വേദിയിൽവയ്ക്കണം. ക്ഷണിക്കപ്പെട്ടവരുടെ പാർട്ടിസ്ഥാനം പരിഗണിച്ചു കസേരകൾ നിരത്തുകയും ഇരിപ്പിടത്തിൽ പേരെഴുതുകയും വേണം. പേരു രേഖപ്പെടുത്തിയ ആൾ പരിപാടിക്കെത്തിയില്ലെങ്കിൽ കസേര വേദിയിൽനിന്നു നീക്കണം.

എഐസിസി ഭാരവാഹി, കെപിസിസി ഭാരവാഹി, ഡിസിസി പ്രസിഡന്റ് എന്നിവരിലാരെങ്കിലും അവിചാരിതമായി വേദിയിൽ എത്തുന്ന സാഹചര്യമുണ്ടായാൽ പരിപാടിയുടെ പ്രസക്തി കണക്കിലെടുത്ത് അവർക്ക് ഇരിപ്പിടം നൽകാം. എന്നാൽ, തീരുമാനം പരിപാടി സംഘടിപ്പിക്കുന്ന ഘടകത്തിന്റെ പ്രസിഡന്റിന്റേതായിരിക്കും. വേദിയിൽ തിക്കും തിരക്കുമുണ്ടാകാതെ നോക്കേണ്ടതു പരിപാടി സംഘടിപ്പിക്കുന്ന ഘടകത്തിന്റെ പ്രസിഡന്റിന്റെ ഉത്തരവാദിത്തമായിരിക്കും.

മാധ്യമങ്ങളിൽ മുഖംവരാനും നേതാവാണെന്നു കാണിക്കാനും വേദിയിൽ പ്രധാനനേതാക്കളുടെ പിന്നിൽ നിൽക്കുന്നത് അനുവദിക്കില്ല. പെരുമാറ്റച്ചട്ടം ലംഘിക്കുന്നവർക്കെതിരെ നടപടിക്കു ബന്ധപ്പെട്ട ഘടകത്തിനു കെപിസിസിക്കു ശുപാർശ നൽകാം - തുടങ്ങിയ നിർദേശങ്ങളാണു പെരുമാറ്റച്ചട്ടത്തിലുള്ളത്.

വാർഡ് പ്രസിഡന്റ് മുതൽ ബ്ലോക്ക് പ്രസിഡന്റ് വരെയുള്ളവർക്കുള്ള പൊതുമാർഗരേഖ അടുത്തിടെ കെപിസിസി നൽകിയിരുന്നു.

കെപിസിസി ഭാരവാഹികൾക്കുള്ള മാർഗരേഖ തയാറായി വരുന്നതിനിടെയാണു കോഴിക്കോട് ഡിസിസി ഓഫിസ് ഉദ്ഘാടനത്തിൽ നേതാക്കളുടെ തിക്കിത്തിരക്കു നാണക്കേടായത്. ഈ പശ്ചാത്തലത്തിൽ മാർഗരേഖയ്ക്കു മുൻപുതന്നെ അടിയന്തരമായി പെരുമാറ്റച്ചട്ടം തയാറാക്കുകയായിരുന്നു.

ഇടിച്ചുകയറ്റം അപമാനകരം: കോൺഗ്രസ് മുഖപത്രം

പാർട്ടി പരിപാടികളിൽ മുൻനിരയിലേക്ക് ഇടിച്ചുകയറാൻ ശ്രമിക്കുന്നവർ പാർട്ടിയുടെ നിലയ്ക്കും വിലയ്ക്കും ചേർന്നവരല്ലെന്നു കോൺഗ്രസ് മുഖപത്രമായ 'വീക്ഷണം'. സമൂഹമധ്യത്തിൽ പാർട്ടിയെ അപമാനിക്കുന്ന ഈ പ്രഹസനം നിർത്തണമെന്നു മുഖപ്രസംഗത്തിൽ ആവശ്യപ്പെട്ടു. സംഘാടന മികവ് പരിപാടികൾ സംഘടിപ്പിക്കുന്നതിൽ മാത്രമല്ല, കുഴപ്പമില്ലാതെ അത് അവസാനിപ്പിക്കുന്നതിലും കാണിക്കണം. വാർത്തകളിൽ ഏതു വിധേനയും പേരും പടവും വരുത്തണമെന്ന നിർബന്ധബുദ്ധി ഉപേക്ഷിക്കണമെന്നും മുഖപ്രസംഗം ആവശ്യപ്പെട്ടു.

അറിയാൻ, ഓർക്കാൻ

കർഷക തൊഴിലാളി ക്ഷേമനിധി അതിവർഷാനുകൂല്യ വിതരണം

കൊല്ലം● കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് അതിവർഷാനുകൂല്യം ഒന്നാം ഗഡു ലഭിച്ചവർക്ക് ബാക്കി തുക 24 മുതൽ വിതരണം ചെയ്യും. 24ന് രാവിലെ 10 മുതൽ കെഎസ്ആർടിസി സ്റ്റാൻഡിന് സമീപമുള്ള എൻജിഒ യൂണിയൻ ഹാളിൽ ബോർഡ് ചെയർമാൻ എൻ. ചന്ദ്രൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് ആനുകൂല്യ വിതരണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസും നടക്കും. വിവരങ്ങൾക്ക്: 9746822396, 7025491386, 0474-2766843, 2950183.

ഗതാഗത നിയന്ത്രണം ഇന്നുമുതൽ

കൊല്ലം● കോട്ടുക്കൽ വയല, വയല കുറ്റിക്കാട്, ചരിപ്പറമ്പ് പന്തളമുക്ക്, ചരിപ്പറമ്പ് പൊതിയാരുവിള റോഡുകളുടെ പുനർ നിർമാണത്തിനായി ഇന്നു മുതൽ 10 ദിവസത്തേക്ക് ഈ റോഡിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുമെന്ന് ചടയമംഗലം റോഡ്സ് സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. കടയ്ക്കൽ നിന്നുള്ള വാഹനങ്ങൾ ചുണ്ട വഴി അഞ്ചലിലേക്കും അഞ്ചൽ ഭാഗത്തു നിന്നുള്ള വാഹനങ്ങൾ ഫിൽഗിരി വഴി കടയ്ക്കലേക്കും പോകണം.

മലയാള കവിത രചന മത്സരം

കൊല്ലം● ലോക ഭൗമ ദിനത്തോടനുബന്ധിച്ച് സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഹൈസ്കൂൾ, യുപി വിദ്യാർഥികൾക്കായി 'പ്രകൃതി വിഭവ സംരക്ഷണം' എന്ന വിഷയത്തിൽ മലയാള കവിത രചന മത്സരം നടത്തും. 16 വരിയിൽ കവിയാതെ തയാറാക്കിയ കൈയെഴുത്ത് പ്രതിയായിരിക്കണം. സൃഷ്ടികൾ തപാൽ മുഖേന കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം, പിൻകോഡ്: 695033 വിലാസത്തിലോ luc.kslub@kerala.gov.in, landuseboard@yahoo.com ഇ-മെയിലിലോ 30 നകം അയയ്ക്കണം. ഫോൺ: 0471 2307830, 2302231.

കെടെറ്റ് രേഖാ പരിശോധന

കൊല്ലം● സർവീസിലുള്ള അധ്യാപകർക്കായുള്ള കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റിന് (കെടെറ്റ്) ഓൺലൈനായി അപേക്ഷ സമർപ്പിച്ച കൊല്ലം വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ വരുന്നവരുടെ രേഖാപരിശോധന നാളെ മുതൽ 30 വരെ രാവിലെ 10.30 മുതൽ വൈകിട്ട് നാല് വരെ ജില്ല വിദ്യാഭ്യാസ ഓഫിസിൽ നടത്തും. സർവീസ് ബുക്ക്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, അനുബന്ധ രേഖകൾ സഹിതം എത്തണം. 0474 2793546.

ജില്ലാ ക്ലബ് ഫുട്ബോൾ ചാംപ്യൻഷിപ്

കൊല്ലം●ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തുന്ന ജില്ലാ ക്ലബ് ഫുട്ബോൾ ചാംപ്യൻഷിപ് ആരംഭിച്ചു. കൊല്ലം ഫാത്തിമ മാതാ കോളജ് ഗ്രൗണ്ടിൽ നടക്കുന്ന ജില്ലാ ചാംപ്യൻഷിപ്പിന്റെ ഉദ്ഘാടനം മേയർ ഹണി ബെഞ്ചമിൻ നിർവഹിച്ചു. ജില്ലാ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് പന്മന മഞ്ജേഷ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റുമാരായ ജി.താരക മോഹൻ, കെ.ഗംഗാധരൻ, രാജേന്ദ്രൻ, സെക്രട്ടറി എ.ഹരിദാസ്, ജോയിന്റ് സെക്രട്ടറിമാരായ ഡോ.മനീഷ് റഷീദ്, എം.പി അഭിലാഷ്, ട്രഷറർ കുരുവിള ജോസഫ്, റഫറീസ് അസോസിയേഷൻ പ്രസിഡന്റ് ഷിബു ജർമൻ, സെക്രട്ടറി സൽമാൻ പടപ്പനാൽ, വിനീത്, സനോവർ, അനിൽ, എന്നിവർ പ്രസംഗിച്ചു. 30 ടീമുകളാണ് മത്സരിക്കുന്നത്. മേയ് അവസാനവാരം മത്സരങ്ങൾ അവസാനിക്കും.

അക്രമം: കൃത്യനിർവഹണത്തിൽ വീഴ്ച

പൊതുജനത്തിനുനേരെ എസ്ഐയുടെ അതിക്രമ പരമ്പര

▸▸ എസ്ഐയെ സസ്പെൻഡ് ചെയ്തു

കൊല്ലം ● തട്ടുകടയിൽ ചായ കുടിക്കാനെത്തിയവർക്കും ബസ് കാത്തു നിൽക്കുകയായിരുന്ന അച്ഛനും മകനും കച്ചവടക്കാരനും ട്രാൻസ്ജെൻഡർമാർക്കും നേരെ എസ്ഐയുടെ അതിക്രമ പരമ്പര. പ്രതിഷേധം ശക്തമായതോടെ എസ്ഐയെ സസ്പെൻഡ് ചെയ്തു.

കൊല്ലം ഈസ്റ്റ് എസ്ഐ ടി. സുമേഷിനെയാണു സിറ്റി പൊലീസ് കമ്മിഷണർ കിരൺ നാരായണൻ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്. കൃത്യനിർവഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്നും ജനങ്ങളോടു മോശമായി പെരുമാറിയെന്നുമുള്ള സ്പെഷൽ ബ്രാഞ്ച് അസി. കമ്മിഷണർ എ.പ്രദീപ്കുമാറിന്റെ റിപ്പോർട്ടിനെത്തുടർന്നാണു നടപടി. സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കാൻ കൊല്ലം എസിപി എസ്. ഷെരീഫിനെ കമ്മിഷണർ ചുമതലപ്പെടുത്തി.

ഇന്നലെ പുലർച്ചെയാണു സംഭവ പരമ്പരയുടെ തുടക്കം. ലിങ്ക് റോഡിലുള്ള കടയിലെത്തിയ എസ്ഐ സുമേഷ് ഇവിടുത്തെ കച്ചവടക്കാരനെ ചോദ്യം ചെയ്യുകയും മർദിക്കുകയും ചെയ്തു. ഇവിടെ വച്ചു ട്രാൻസ്ജെൻഡർമാരെയും ലാത്തി കൊണ്ട് അടിച്ചോടിച്ചു. പുലർച്ചെ നാലരയോടെ റെയിൽവേ സ്റ്റേഷന്റെ രണ്ടാം ടെർമിനലിനു മുന്നിൽ ചിന്നക്കടയിലെ തട്ടുകടയിൽ ചായ കുടിക്കുകയായിരുന്ന തട്ടാമല മേവറം സ്വദേശി ജിഷ്ണു എന്ന യുവാവിനെയും മർദിച്ചു. സുഹൃത്തുക്കളും മറ്റും അടങ്ങുന്ന നാലംഗ സംഘത്തോടൊപ്പം വന്നതായിരുന്നു ജിഷ്ണു. തൊട്ടടുത്ത ബസ് സ്റ്റോപ്പിൽ ബസ് കാത്തു നിൽക്കുകയായിരുന്ന അച്ഛനും മകനും നേർക്കായി തുടർന്നു പരാക്രമം. കരിക്കോട് സ്വദേശിയും കെഎസ്‌യു ജില്ലാ ജനറൽ സെക്രട്ടറിയുമായ സെയ്ദ് മുഹമ്മദും കരിക്കോട് ഡിവിഷൻ കോൺഗ്രസ് പ്രസിഡന്റായ പിതാവ് നാസറുമാണ് മർദനത്തിന് ഇരയായത്. ഇരുവരും തെങ്കാശി പൊട്ടൽപുത്തൂർ ദർഗയിൽ സന്ദർശനം നടത്തി ഇന്നലെ പുലർച്ചെയുള്ള പാലരുവി എക്സ്പ്രസിൽ പുലർച്ചെ 4.30ന് കൊല്ലത്തു വന്നിറങ്ങിയ ശേഷം റോഡിലെത്തി ബസ് കാത്തിരിക്കുമ്പോഴാണു സംഭവം.

നാസറും സെയ്ദും ബസ് കയറാനായി എത്തിയപ്പോൾ പൊലീസ് ഉദ്യോഗസ്ഥർ സമീപത്തെ തട്ടുകടയിൽ നിന്ന് ബഹളം വച്ചു ഇറങ്ങുന്നതാണ് കാണുന്നത്. പെട്ടെന്നു എസ്ഐ സുമേഷ് സെയ്ദിന്റെ അടുത്ത് വന്നു 'നീ മദ്യപിക്കുമോടാ' എന്നു ചോദിച്ചു. മദ്യപിക്കില്ലെന്നും മകനോടൊപ്പം ട്രെയിനിൽ വന്നിറങ്ങിയതാണെന്നും ടിക്കറ്റ് കാണിക്കാമെന്നും സെയ്ദ് മറുപടി പറഞ്ഞു. എന്നാൽ ഊതാൻ ആവശ്യപ്പെട്ടതോടെ താൻ പൊതുപ്രവർത്തകനാണെന്നും കരിക്കോട് കോൺഗ്രസ് ഡിവിഷൻ പ്രസിഡന്റാണെന്നും വ്യക്തമാക്കിയെങ്കിലും മർദിച്ചതായി നാസർ പറഞ്ഞു. തടയാനെത്തിയ സെയ്ദിനെയും മർദിച്ചു. വസ്ത്രം വലിച്ചു കീറുകയും മൊബൈൽ ഫോണും കണ്ണടയും പൊട്ടിക്കുകയും ചെയ്തു. തുടർന്ന് സെയ്ദിനെ പൊലീസ് വാഹനത്തിൽ കയറ്റി ഈസ്റ്റ് പൊലീസ് സ്റ്റേഷനിലെത്തിച്ചു. സ്റ്റേഷനിലെത്തിയ ശേഷവും മർദിച്ചതായും പൊലീസ് ഉദ്യോഗസ്ഥർ മദ്യപിച്ചിരുന്നതായും സെയ്ദ് ആരോപിച്ചു. രാവിലെ 9 മണിയോടെയാണ് സെയ്ദിനെ വിട്ടയച്ചത്.

ജോലി തടസ്സപ്പെടുത്തിയെന്നും തങ്ങൾക്കും മർദനമേറ്റെന്നുമാണ് പൊലീസ് ഉദ്യോഗസ്ഥരുടെ വിശദീകരണം. എന്നാൽ മദ്യപിച്ചതു വ്യക്തമാകുമെന്നതിനാൽ പൊലീസുകാരെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിട്ടില്ലെന്ന് കെഎസ്‌യു ആരോപിച്ചു.

സംഭവത്തിൽ പ്രതിഷേധിച്ചു കെഎസ്‌യു പ്രവർത്തകർ സിറ്റി പൊലീസ് കമ്മിഷണറുടെ ഓഫിസിലേക്ക് മാർച്ച് നടത്തി. എസ്ഐക്കെതിരെ നടപടി ആവശ്യപ്പെട്ടു ട്രാൻസ്ജെൻഡർമാരും റോഡ് ഉപരോധിക്കുകയും സിറ്റി പൊലീസ് കമ്മിഷണർ ഓഫിസിലേക്കു മാർച്ച് നടത്തുകയും ചെയ്തു.



പൊലീസ് മർദിച്ച കരിക്കോട് സ്വദേശികളായ സെയ്ദ് മുഹമ്മദും പിതാവ് നാസറും ജില്ലാ ആശുപത്രിയിൽ ചികിത്സ തേടിയപ്പോൾ.



ഈസ്റ്റ് എസ്ഐ മർദിച്ചതിൽ പ്രതിഷേധിച്ചും എസ്ഐയ്ക്ക് എതിരെ നടപടി വേണമെന്നും ആവശ്യപ്പെട്ടും ട്രാൻസ്ജെൻഡർമാർ എസ്പി ഓഫിസിലേക്കു നടത്തിയ മാർച്ച് പൊലീസ് ഇരുമ്പ് ബാരിക്കേട് കൊണ്ടു തടഞ്ഞപ്പോൾ ചാടിക്കടക്കാൻ ശ്രമിക്കുന്ന സമരക്കാർ

എസ്ഐക്കെതിരെ പ്രതിഷേധവുമായി ട്രാൻസ്ജെൻഡേഴ്സ്

കൊല്ലം● ട്രാൻസ്ജെൻഡർമാരെ മർദിച്ച കേസിലും ഈസ്റ്റ് എസ്ഐക്കെതിരെ നിയമ നടപടി വേണമെന്നും ആവശ്യപ്പെട്ട് ട്രാൻസ്ജെൻഡർമാർ ഇന്നലെ വൈകിട്ട് കൊല്ലം എആർ ക്യാംപിന് മുന്നിലെ റോഡ് മുക്കാൽ മണിക്കൂറോളം ഉപരോധിച്ചു. ഞായർ രാത്രിയിൽ ആശ്രാമം ലിങ്ക് റോഡിൽ വച്ചാണ് ട്രാൻസ്ജെൻഡർമാരെ ഈസ്റ്റ് എസ്ഐ സുമേഷ് മർദിച്ചത്. ഇന്നലെ വൈകിട്ട് 4.30ന് ഈസ്റ്റ് പൊലീസ് സ്റ്റേഷന് മുന്നിൽ പ്രകടനമായി എത്തിയ ട്രാൻസ്ജെൻഡർമാരെ പൊലീസ് ഇരുമ്പ് ബാരിക്കേഡ് വച്ചു തടഞ്ഞു. ഇതോടെ ഇവർ കമ്മിഷണർ ഓഫിസിന് മുന്നിലേക്ക് മാർച്ച് നടത്തി. പൊലീസ് എആർ ക്യാംപിന് സമീപം പ്രതിഷേധക്കാരെ തടഞ്ഞു. തുടർന്നാണ് ഇവർ റോഡ് മുക്കാൽ മണിക്കൂറോളം ഉപരോധിച്ചത്. എസിപി എസ്.ഷെരീഫ് സമരക്കാരുമായി ചർച്ച നടത്തിയെങ്കിലും എസ്ഐയ്ക്ക് എതിരെ നടപടി എടുക്കാതെ സമരത്തിൽ നിന്നും ട്രാൻസ്ജെൻഡർമാർ പിന്മാറാൻ തയാറായില്ല.

ഒടുവിൽ എസ്ഐയ്ക്കെതിരെ നടപടി എടുത്തുവെന്ന് കമ്മിഷണർ അറിയിച്ചതോടെയാണ് സമരം അവസാനിപ്പിച്ചത്.

പൊലീസ് ഗുണ്ടകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം: കെഎസ്‌യു

കൊല്ലം ● ബസ് കാത്തുനിന്ന കെഎസ്‌യു ജില്ലാ ജനറൽ സെക്രട്ടറിയായ സെയ്ദും കോൺഗ്രസ് കരിക്കോട് ഡിവിഷൻ പ്രസിഡന്റായ പിതാവ് നാസറിനെയും കൊല്ലം ഈസ്റ്റ് എസ്ഐ സുമേഷ് അടക്കമുള്ള പൊലീസുകാർ മർദിച്ച സംഭവത്തിൽ കെഎസ്‌യു ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചു. പിണറായി വിജയൻ ഭരണത്തിൽ പൊലീസ് ഗുണ്ടകളെ പോലെയാണ് പെരുമാറുന്നത്.

മദ്യലഹരിയിൽ ആയ എസ്ഐ സുമേഷിനെ സർവീസിൽ നിന്ന് മാറ്റി നിർത്തി നിഷ്പക്ഷ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കണം.

അല്ലാത്തപക്ഷം ശക്തമായ പ്രതിഷേധ പരിപാടികൾ നടത്തുമെന്നും കെഎസ്‌യു ജില്ലാ പ്രസിഡന്റ് അൻവർ സുൽഫിക്കർ വ്യക്തമാക്കി.

'വോട്ടർ പട്ടിക തയാറാക്കുന്നതിന് രാഷ്ട്രീയ കക്ഷികളുടെ പിന്തുണ അനിവാര്യം'



കൊല്ലം● പരാതി രഹിത വോട്ടർ പട്ടിക തയാറാക്കുന്നതിന് രാഷ്ട്രീയ കക്ഷികളുടെ പൂർണപിന്തുണ അനിവാര്യമെന്ന് ജില്ല തിരഞ്ഞെടുപ്പ് ഓഫിസറായ കലക്ടർ എൻ.ദേവിദാസ്. ഇ-റോൾ ശുദ്ധീകരണവുമായി ബന്ധപ്പെട്ട് ചേംബറിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം വിളിച്ചാണ് നിർദേശം.ബൂത്ത് ലവൽ ഏജന്റുമാർക്ക് എല്ലാ രാഷ്ട്രീയ പാർട്ടികളും വിവരം നൽകണമെന്ന് അറിയിച്ചു.

അസാന്നിധ്യം, സ്ഥലമാറ്റം, മരണം എന്നിവ ഉൾപ്പെട്ട പട്ടികയ്ക്ക് അനുസൃതമായി ബന്ധപ്പെട്ട ഫോമുകൾ തയാറാക്കി. മരണപ്പെട്ട 12,097 പേരെ വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടിയായി.

പുതിയ വോട്ടർമാരെ ഉൾപ്പെടുത്തുന്നതിന് പോളിങ് സ്റ്റേഷൻ തലത്തിൽ ആവശ്യമായ നടപടികൾ രാഷ്ട്രീയ പാർട്ടി തലത്തിലും സ്വീകരിക്കണം.

ജില്ലയിലെ 1957 പോളിങ് സ്റ്റേഷനുകളിലും ബിഎൽഒ, ബിഎൽഎ യോഗങ്ങൾ പൂർത്തിയാക്കി. വിവിധ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികളും പങ്കെടുത്തു.

കൊല്ലം പൂരം ഹെഡ്ഗേവാർ വിവാദം: ദേവസ്വം ബോർഡ് ചർച്ച ഇന്ന് → പേജ് 3

ഇന്നൊരു നന്മ ചെയ്യാം

സുമനസ്സുകളുടെ സഹായം തേടി നാടക നടനും കുടുംബവും

കൊല്ലം ● ആക്കളം സനലിന്റെ മനസ്സ് നിറയെ എന്നും നാടകവും വേദികളുമായിരുന്നു. അതുകൊണ്ട് കൂടിയാണ് കരൾ രോഗം ഗുരുതരമായിത്തുടങ്ങുന്നു എന്നു വ്യക്തമായിട്ടും തുടർച്ചയായി 25 ദിവസങ്ങൾ സനൽ പകർന്നാടിയത്. എന്നാൽ അപ്പോഴേക്കും കരൾ രോഗം സനലിന്റെ ശരീരത്തിൽ പിടിമുറുക്കിക്കഴിഞ്ഞിരുന്നു. കലകളോടും നാടകത്തോടുമുള്ള അടങ്ങാത്ത സ്നേഹം കൊണ്ട് മുപ്പതിലേറെ വർഷങ്ങൾ നാടകനടനായി അരങ്ങിലെത്തിയ ആക്കളം സനൽ (സനൽ കുമാർ) ഇന്ന് അതീവ ഗുരുതരാവസ്ഥയിൽ ചികിത്സയിൽ കഴിയുകയാണ്. സുമനസ്സുകളുടെ കാരുണ്യവും സഹായവും ലഭിച്ചാൽ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ നടത്തി വീണ്ടും വേദികളിൽ നിന്നു വേദികളിലേക്ക് സഞ്ചരിക്കാൻ ആക്കളം സനലിനാവും.

തിരുവനന്തപുരം ആക്കളം സ്വദേശിയായ സനൽകുമാർ (53) വർഷങ്ങളായി നാടക രംഗത്ത് പ്രവർത്തിക്കുകയാണ്. കൊല്ലം അടക്കമുള്ള ഒട്ടേറെ നാടക ട്രൂപ്പുകളിലും വേദികളിലും നാടകം അവതരിപ്പിച്ച ആക്കളം സനൽ നാടകമേഖലയിലെ പുതിയകാലത്തെ ശ്രദ്ധേയമായ നടന്മാരിൽ ഒരാളാണ്. കലയോടുള്ള അടങ്ങാത്ത സ്നേഹം കൊണ്ട് മേഖലയിൽ തുടരുന്ന സനലിനും കാര്യമായ സമ്പാദ്യങ്ങളൊന്നും ഇല്ല. ലോൺ എടുത്തു നിർമിച്ച വീടിന്റെ വായ്പ പോലും പൂർണമായി കൊടുത്തു തീർത്തിട്ടില്ല. അതിനിടയിലാണ് രണ്ടര വർഷം മുൻപ് കരൾ രോഗം വരുന്നത്. രോഗം ഈ ജനുവരി വരെ നിയന്ത്രണവിധേയമായിരുന്നു. പിന്നീട് ഗുരുതരമായി തുടങ്ങി വീട്ടിൽ വിശ്രമിക്കുമ്പോഴാണ് തിരുവനന്തപുരം അജന്ത തിയറ്ററിന്റെ 'മൊഴി' എന്ന നാടകത്തിലെ പ്രധാന കഥാപാത്രങ്ങളിലൊന്ന് അവതരിപ്പിച്ചിരുന്ന നടന് അപകടം സംഭവിക്കുന്നത്. നാടകം മുടങ്ങാതിരിക്കാനായി ഈ കഥാപാത്രം സനൽ ഏറ്റെടുക്കുകയായിരുന്നു. തുടർന്നു മാർച്ച് - ഏപ്രിൽ മാസങ്ങളിൽ 25 ദിവസങ്ങളോളം തുടർച്ചയായി നാടകം കളിച്ചു. ഇതിനിടയിൽ വീട്ടിൽ വന്നപ്പോഴാണ് കരൾ രോഗം പൂർണമായും സനലിനെ കീഴടക്കിയിരിക്കുന്നുവെന്ന് കുടുംബം തിരിച്ചറിയുന്നത്.



ആക്കളം സനൽ

വലിയ ക്ഷീണവും തളർച്ചയും വർധിച്ചതോടെ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സ തേടുകയും അവിടത്തെ സൂപ്പർ സ്പെഷാലിറ്റിയിലേക്ക് മാറ്റുകയും ചെയ്തു. കരൾ മാറ്റിവയ്ക്കുക എന്നതല്ലാതെ മറ്റൊരു പ്രതിവിധിയില്ലെന്ന സാഹചര്യമായതോടെ സ്വകാര്യ ആശുപത്രിയെ സമീപിക്കുകയാണ് കുടുംബം. മകന്റെ കരൾ പകുത്തു നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 40 ലക്ഷത്തോളം രൂപ വേണ്ടിവരും. സുമനസ്സുകൾ കനിഞ്ഞാൽ ഈ കുടുംബത്തിന് ഈ ശസ്ത്രക്രിയ നടത്തി ജീവിതത്തിലേക്ക് മടങ്ങി വരാൻ കഴിയും.

സനലിന്റെ ഭാര്യ കെ.പി.ബിന്ദുവിന്റെ പേരിൽ എസ്ബിഐ ആക്കളം ബ്രാഞ്ചിൽ അക്കൗണ്ട് തുറന്നിട്ടുണ്ട്. അക്കൗണ്ട് നമ്പർ: 67093989417. ഐഎഫ്എസ്‌സി കോഡ്: SBIN0070581. ഗൂഗിൾ പേ: 9995116376.

പുതിയ സിപിഎം ജില്ലാ സെക്രട്ടേറിയറ്റ് രൂപീകരണം ഇന്ന്

കൊല്ലം ● സിപിഎമ്മിന്റെ പുതിയ ജില്ലാ സെക്രട്ടേറിയറ്റ് ഇന്ന് രൂപീകരിക്കും. സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ, കേന്ദ്ര കമ്മിറ്റിയംഗങ്ങളായ കെ.എൻ ബാലഗോപാൽ, പുത്തലത്ത് ദിനേശൻ എന്നിവരുടെ സാന്നിധ്യത്തിലാകും ജില്ലാ കമ്മിറ്റി യോഗം.

12 അംഗ ജില്ലാ സെക്രട്ടേറിയറ്റിലേക്ക് 2 ഒഴിവുകൾ നികത്താനാണു സാധ്യത. കരുനാഗപ്പള്ളിയിലെ വിഭാഗീയതയുടെ പേരിൽ ജില്ലാ കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കപ്പെട്ട സി. രാധാമണിയുടെ ഒഴിവാണ് ഒന്ന്. സംസ്ഥാന കമ്മിറ്റിയിലേക്ക് ഉയർത്തപ്പെട്ട സിഐടിയു ജില്ലാ സെക്രട്ടറി എസ്. ജയമോഹനെ ആ പേരു പറഞ്ഞ് ഒഴിവാക്കിയാൽ 2 പേരെ പുതുതായി ഉൾപ്പെടുത്തും. കുണ്ടറയിൽ നിന്നുള്ള എസ്.എൽ സജികുമാറിനു പുറമേ, കൊല്ലം ഏരിയയിൽ നിന്ന് ഒരു വനിതാ അംഗത്തെക്കൂടി ഉൾപ്പെടുത്താനാണു സാധ്യതയെന്നാണു വിവരം.

സെക്രട്ടേറിയറ്റിൽ കാര്യമായ അഴിച്ചുപണി ഉണ്ടായാൽ എസ്. വിക്രമൻ, പി.എ ഏബ്രഹാം തുടങ്ങിയവരും ഒഴിവാക്കപ്പെട്ടേക്കാം. തദ്ദേശ-നിയമസഭാ തിരഞ്ഞെടുപ്പ് വരാനിരിക്കെ, ജില്ലാ സെക്രട്ടേറിയറ്റ് കൂടുതൽ സജീവമാക്കണമെന്ന ചിന്ത പാർട്ടി നേതൃത്വത്തിനുണ്ട്.

ഇക്കഴിഞ്ഞ ജില്ലാ സമ്മേളനത്തിൽ, കാര്യമായ അഴിച്ചുപണി നടത്തിയാണു പുതിയ ജില്ലാ കമ്മിറ്റിയെ തിരഞ്ഞെടുത്തത്.

നിലവിലുണ്ടായിരുന്ന കമ്മിറ്റിയിൽ നിന്ന് 9 പേരെ ഒഴിവാക്കിയും 4 പുതുമുഖങ്ങളെ ഉൾപ്പെടെ കൊണ്ടുവന്നുമായിരുന്നു ജില്ലാ കമ്മിറ്റി അഴിച്ചുപണി. കരുനാഗപ്പള്ളി വിഭാഗീയതയുടെ പേരിൽ അവിടെ നിന്നുള്ള സി. രാധാമണി, പി.ആർ വസന്തൻ, പി.കെ ബാലചന്ദ്രൻ, ബി. ഗോപൻ എന്നിവർക്കു പുറമേ മുൻ എംഎൽഎ പി. അയിഷ പോറ്റി, ഡി. രാജപ്പൻ നായർ, കെ. സുഭഗൻ, എൻ.എസ് പ്രസന്നകുമാർ, ചിന്താ ജെറോം എന്നിവരാണ് ഒഴിവാക്കപ്പെട്ടത്.



പൂവറ്റൂർ ഡിവിഎൻഎസ്എസ് സ്കൂളിന്റെ മതിൽ പൊളിച്ചു മാറ്റി, തുരുത്തിയിൽ ഭാഗത്തെ വീടുകളിലേക്കും തുരുത്തിയിൽ മൂഹൂർത്തി ക്ഷേത്രത്തിലേക്കും 3 മീറ്റർ വീതിയിൽ നൽകിയ വഴി.

മനസ്സുണ്ടായാൽ 'വഴി' ഉണ്ടാകും

▸▸കരയോഗത്തിന്റെ മാതൃകാ പ്രവർത്തനത്തിനു നാടിന്റെ കയ്യടി

പുത്തൂർ ● ഇടുങ്ങിയ നടവഴിക്കു പരിഹാരം തേടിയെത്തിയ കുടുംബങ്ങൾക്കായി പുതുവഴി നൽകി പൂവറ്റൂർ ദേവീവിലാസം എൻഎസ്എസ് കരയോഗം. ഒരു ബൈക്ക് എങ്കിലും കടന്നുപോകുന്ന വഴി തരുമോ എന്ന ആവശ്യവുമായെത്തിയ പട്ടികജാതി കുടുംബങ്ങൾക്കാണ് കരയോഗം വീതിയുള്ള വഴി വിട്ടുനൽകിയത്. കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള പൂവറ്റൂർ ഡിവിഎൻഎസ്എസ് ഹയർ സെക്കൻഡറി സ്കൂളിന്റെ മതിലിനോടു ചേർന്ന നടവഴിയിലൂടെയാണു തുരുത്തിയിൽ ഭാഗത്തെ പതിനാറോളം പട്ടികജാതി കുടുംബങ്ങൾ കാലങ്ങളായി നടന്നു പോകുന്നത്. വീടുകളിൽ ആർക്കെങ്കിലും അസുഖം ബാധിച്ചു കിടപ്പിലായാൽ ചുമന്നു റോഡിലെത്തിക്കണം. ഈ സാഹചര്യത്തിലാണ് നടവഴിക്ക് അൽപം കൂടി വീതി കൂട്ടാൻ സഹായിക്കുമോ എന്ന ആവശ്യവുമായി കുടുംബങ്ങൾ കരയോഗത്തെ സമീപിച്ചത്.

കരയോഗം ഈ ആവശ്യം ഗൗരവമായി പരിഗണിച്ചു. വഴിപ്രശ്നം മൂലം പട്ടികജാതി കുടുംബങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടും ദുരിതവും ചർച്ച ചെയ്തു. സ്കൂൾ മതിൽ പൊളിക്കണം, ബൈക്ക് പോകാനല്ല ലോറി പോകുന്ന വീതിയിൽ വഴി നൽകണം. തീരുമാനം പാസാക്കിയതോടെ നടപടികളും വേഗത്തിലായി. 50 മീറ്ററിലേറെ ദൂരത്തിൽ മതിൽ പൊളിച്ചുമാറ്റി. കഷ്ടിച്ച് മുക്കാൽ മീറ്റർ വീതിയുണ്ടായിരുന്ന നടവഴിക്കു പകരം 3 മീറ്റർ വീതിയിൽ വഴി അളന്നു തിരിച്ചിട്ടു. അതിരു നിർണയിച്ചു പുതിയ മതിൽ കെട്ടുന്ന ജോലികളും ആരംഭിച്ചു. 4 സെന്റോളം ഭൂമി പുതിയ വഴിക്കായി വിട്ടുനൽകിയതായി കരയോഗം പ്രസിഡന്റ് കെ.വിനോദ്കുമാർ, സെക്രട്ടറി പി.വിശ്വനാഥൻ, ട്രഷറർ കെ.ശിവപ്രസാദ് എന്നിവർ അറിയിച്ചു. ഇതിനു പുറമേ സ്കൂൾ മതിൽ പൊളിച്ചതും പുതിയതു കെട്ടുന്നതും കരയോഗത്തിന്റെ ചെലവിലാണ്.

കുളക്കട പഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം അനുവദിച്ചപ്പോൾ അതു പൂവറ്റൂരിലെത്തിക്കാൻ ആവശ്യമായ മുഴുവൻ സ്ഥലവും സ്വന്തം ചെലവിൽ വാങ്ങി നൽകിയത് കരയോഗമാണ്. കുളക്കട കൃഷിഭവൻ അനുവദിച്ചപ്പോൾ കരയോഗ ആസ്ഥാന മന്ദിരം തന്നെ കൃഷിഭവനായി വിട്ടു നൽകി.

ദേവീവിലാസം ഗ്രന്ഥശാല ജനകീയ വായനശാലയായി നാടിന് കൈമാറി. ദേവീവിലാസം ഹയർ സെക്കൻഡറി സ്കൂളിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന പൂവറ്റൂർ സർക്കാർ എൽപിഎസിൽ സ്മാർട്ട് ക്ലാസ് മുറി നിർമിച്ചു നൽകി.

ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമി മഹാസമാധി വാർഷികം ഇന്നുമുതൽ

കൊല്ലം● ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമി മഹാസമാധി വാർഷികം ഇന്നു മുതൽ 29 വരെ വിവിധ പരിപാടികളോടെ വള്ളികുന്നം വിദ്യാധിരാജ ഇന്റർനാഷനൽ സെന്ററിൽ നടക്കും. ഇന്ന് രാവിലെ 9ന് തിരുവനന്തപുരം കണ്ണമ്മൂലയിൽ നിന്ന് ധ്വജവാഹക രഥയാത്ര ആരംഭിക്കും. തിരുവനന്തപുരം അദ്വൈതാനന്ദ ആശ്രമത്തിലെ കേശവാനന്ദ ഭാരതി ഉദ്ഘാടനം ചെയ്യും. നാളെ ഉച്ചയ്ക്കു ശേഷം രഥയാത്ര പന്മന വിദ്യാധിരാജ നഗറിലും തുടർന്ന് സമ്മേളനം നടക്കുന്ന വള്ളികുന്നത്തെ വിദ്യാധിരാജപുരത്തും എത്തിക്കും. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ രഥയാത്രയ്ക്കു സ്വീകരണം നൽകും. സമ്മേളനം കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി എംഡി ദേവീദാസ് വാരിയർ ഉദ്ഘാടനം ചെയ്യും. കേരള കരകൗശല വികസന കോർപറേഷൻ ചെയർമാൻ പി. രാമഭദ്രൻ ചട്ടമ്പിസ്വാമി അനുസ്മരണ പ്രഭാഷണം നടത്തും. 24ന് രാവിലെ 10 മുതൽ നടക്കുന്ന വിദ്യാധിരാജ സെമിനാറിൽ ഡോ. എ. രാധാകൃഷ്ണൻ, പ്രഫ. കെ. രാഘവൻ നായർ എന്നിവർ പ്രഭാഷണം നടത്തും.

25ന് രാവിലെ അദ്വൈത സഭയുടെ നേതൃത്വത്തിൽ ആത്മീയ സംഗമം നടക്കും. 26ന് രാവിലെ മുതൽ വിവിധ വിഷയങ്ങളിലുള്ള പ്രഭാഷണങ്ങൾ നടക്കും. 27ന് രാവിലെ വിദ്യാധിരാജ ഇന്റർനാഷനൽ പ്രസിഡന്റായ ഡോ. വി.എം. വാസുദേവന്റെ ശതാഭിഷേക ആഘോഷം നടക്കും. ജസ്റ്റിസ് കെ. നാരായണ കുറുപ്പ് അധ്യക്ഷനാകും. മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 6 മുതൽ കഥകളി. 28ന് ഉച്ചയ്ക്ക് 2 മുതൽ മാധ്യമ സെമിനാർ. 29ന് രാവിലെ 10 മുതൽ സമാധി സമ്മേളനം. എ. അരുൺകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും. ചിദാനന്ദപുരി മഹാരാജ് വിദ്യാധിരാജ ധ്യാന മണ്ഡപം സമർപ്പിച്ച് സമാധി സന്ദേശം നൽകും. വിവിക്താനന്ദ സരസ്വതി അനുഗ്രഹ പ്രഭാഷണം നടത്തുമെന്ന് സ്വാഗത സംഘം ഭാരവാഹികളായ പെരുമുറ്റം രാധാകൃഷ്ണൻ, ഡി. സനാതനൻ നമ്പൂതിരി, ജി. ശ്യാംനാഥ്, ജ്യോതി രാധാകൃഷ്ണൻ എന്നിവർ അറിയിച്ചു.

സംയുക്ത ട്രേഡ് യൂണിയൻ പണിമുടക്ക്: മേയ് 13ന് ജില്ലയിൽ സ്വീകരണം

കൊല്ലം ● കേന്ദ്രം ഭരിക്കുന്ന എൻഡിഎ സർക്കാരിന്റെ തൊഴിലാളി ദ്രോഹ നടപടികളിൽ പ്രതിഷേധിച്ചു മേയ് 20നു നടക്കുന്ന പണിമുടക്ക് ജില്ലയിൽ വിജയിപ്പിക്കാൻ സംയുക്ത ട്രേഡ് യൂണിയൻ ജില്ലാ കൺവൻഷൻ തീരുമാനിച്ചു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു നടക്കുന്ന പണിമുടക്ക് പ്രചാരണത്തിന്റെ ഭാഗമായി ജെ.മേഴ്സിക്കുട്ടിയമ്മ നയിക്കുന്ന സംസ്ഥാനതല സംയുക്ത പ്രചാരണ ജാഥയ്ക്കു മേയ് 13നു ജില്ലയിൽ സ്വീകരണം നൽകും.

13നു വൈകിട്ട് 5നു ചിന്നക്കടയിൽ നടക്കുന്ന പൊതുയോഗം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം ഉദ്ഘാടനം ചെയ്യും.

കൺവൻഷൻ ജനത ലേബർ യൂണിയൻ സംസ്ഥാന പ്രസിഡന്റ് വി.സുരേന്ദ്രൻ പിള്ള ഉദ്ഘാടനം ചെയ്തു. എഐടിയുസി ജില്ലാ സെക്രട്ടറി ജി.ബാബു അധ്യക്ഷത വഹിച്ചു. സിഐടിയു ജില്ലാ സെക്രട്ടറി എസ്.ജയമോഹൻ, ട്രേഡ് യൂണിയൻ നേതാക്കളായ എസ്.ഹരിലാൽ, എ.എം.ഇക്ബാൽ, ബി.മോഹൻദാസ്, എ.അനിരുദ്ധൻ, കെ.ജി. ബിന്ദു, എസ്.രവീന്ദ്രൻ പിള്ള, മംഗലത്ത് നൗഷാദ്, അജിത് കുരീപ്പുഴ, കുരീപ്പുഴ ഷാനവാസ് എന്നിവർ പ്രസംഗിച്ചു.

ചാലായിൽ മാടൻനട ഏലയിൽ നെൽകൃഷി പുനരാരംഭിക്കും

കൊല്ലം ● നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തരിശായി കിടന്ന ചാലായിൽ മാടൻനട ഏലയിൽ നെൽകൃഷി ആരംഭിക്കും. മൈനാഗപ്പള്ളി ഗ്രാമപ്പഞ്ചായത്തിലെ 18, 20 വാർഡുകളിലായി ഏകദേശം 468 ഏക്കർ വിസ്തൃതിയുള്ള ചാലായിൽ മാടൻനട ഏല വെള്ളക്കെട്ട് മൂലം കഴിഞ്ഞ 35 വർഷമായി തരിശായി കിടക്കുകയാണ്. ഇവിടം കൃഷി യോഗ്യമാക്കാനായി 2022 ജൂലൈയിലാണ് ഹരിതകേരളം മിഷൻ ടെക്നിക്കൽ ടീം പഞ്ചായത്ത് സന്ദർശിച്ചത്. തേവലക്കര ഗ്രാമപ്പഞ്ചായത്തിന്റെ അതിർത്തിയായ ആദിക്കാട് ഭാഗത്ത് നിന്നു മൈനാഗപ്പള്ളി തോട്ടുമുഖം വഴി പള്ളിക്കലാറിൽ എത്തിച്ചേരുന്ന തോടിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടതാണ് വെള്ളക്കെട്ടിന് കാരണം. മണ്ണും ചെളിയും മൂടി തോടിന്റെ വീതിയും കുറഞ്ഞു. ഇതെല്ലാം പരിഹരിക്കുന്നതിനായി 2 കിലോമീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും നടുതോട് നിർമിക്കണമെന്നും തോട്ടുമുഖം തോടിലെ ചെളിയും എക്കലും നീക്കി നീരൊഴുക്ക് സുഗമമാക്കണമെന്നും ഹരിതകേരള മിഷൻ വിലയിരുത്തിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ നടുതോട് നിർമിക്കാനായി സർക്കാരിലേക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചു. കരാർ നടപടികൾ പൂർത്തീകരിച്ചു ഉടൻ പ്രവർത്തനം ആരംഭിക്കും.

ഇറിഗേഷൻ വകുപ്പും തൊഴിലുറപ്പും സംയുക്തമായാണ് ഗ്രാമപ്പഞ്ചായത്തിന്റെയും കൃഷി വകുപ്പിന്റെയും സഹായത്തോടെ ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ നെൽകൃഷി പുനരാരംഭിക്കുന്നത്. ഇതിന് പുറമേ ഭാഗികമായി വെട്ടിക്കാട്ട് ഏലയിലും പൂർണമായി ഇരിപ്പുകൃഷി ആരംഭിക്കുന്നതിനുള്ള ആസൂത്രണവും ഹരിത കേരള മിഷൻ ഏറ്റെടുത്തിട്ടുണ്ടെന്ന് ജില്ലാ കോഓർഡിനേറ്റർ എസ്.ഐസക് അറിയിച്ചു.



പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ കെപിസിസി രാഷ്ട്രീയകാര്യ സമിതി അംഗം ശൂരനാട് രാജശേഖരന്റെ വസതി സന്ദർശിക്കുന്നു.

ശൂരനാട് രാജശേഖരന്റെ വസതി സന്ദർശിച്ച് പ്രതിപക്ഷ നേതാവ്

കൊല്ലം ● അന്തരിച്ച കെപിസിസി രാഷ്ട്രീയകാര്യ സമിതി അംഗം ശൂരനാട് രാജശേഖരന്റെ വസതിയിലെത്തി അദ്ദേഹത്തിന്റെ ബന്ധുക്കളെ കണ്ട് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ അനുശോചനം അറിയിച്ചു. ശൂരനാട് രാജശേഖരന്റെ മരണത്തിലൂടെ കോൺഗ്രസ് പാർട്ടിക്ക് മികച്ച സംഘാടകനെയും എഴുത്തുകാരനെയുമാണ് നഷ്ടമായതെന്നും പാർട്ടി എന്നത് ഒരു വികാരമായി ജീവിതാവസാനം വരെ കാത്തുസൂക്ഷിച്ചിരുന്ന നേതാവായിരുന്നു അദ്ദേഹമെന്നും വി.ഡി.സതീശൻ അനുസ്മരിച്ചു. ഡിസിസി പ്രസിഡന്റ് പി.രാജേന്ദ്രപ്രസാദ്, കെപിസിസി സെക്രട്ടറിമാരായ തൊടിയൂർ രാമചന്ദ്രൻ, സൂരജ് രവി, ഡിസിസി ജന. സെക്രട്ടറി എൻ.ഉണ്ണികൃഷ്ണൻ, ബ്ലോക്ക് പ്രസിഡന്റുമാരായ ബിജു വിശ്വരാജൻ, ലത മോഹൻദാസ്, വൈ. ഷാജഹാൻ നേതാക്കളായ എൻ. ജയചന്ദ്രൻ, തുണ്ടിൽ നൗഷാദ്, ടി.ഇ.ഇഖ്ബാൽ, ജോൺ ഏബ്രഹാം, പ്രമോദ് കാരംകോട്, ശശാങ്കൻ ഉണ്ണിത്താൻ, തുളസീധരൻ, രാമചന്ദ്രൻപിള്ള എന്നിവരും പങ്കെടുത്തു.

① വ്യാപാര നിലവാരം

കൊച്ചി

വെളിച്ചെണ്ണ തയ്യാർ	26700
വെളിച്ചെണ്ണ മില്ലിങ്	27200
കൊപ്ര എടുത്തപടി	17700
എഫ്എക്യു	17900
പിണ്ണാക്ക് എക്സ്പെല്ലർ	3800
റോട്ടറി	4000
കുരുമുളക് അൺഗാർബിൾഡ്	72100
500 ജിഎൽ	71100
ഗാർബിൾഡ്	74100
ചുക്ക് ബെസ്റ്റ്	25000
മഞ്ഞൾ:സേലം	15500
അടയ്ക്കാ രാശി ഈറോഡ്	16000
അടയ്ക്ക പുതിയത് കി.	35000
അടയ്ക്ക പഴയത് കി.	36000
കാഞ്ഞിരക്കുരു	1850
കയർ നേരിയത്	3800
ജാതിക്ക തൊണ്ടൻ	220-280
തൊണ്ടില്ലാതെ പുതിയത്	530
പഴയത്	580
ജാതിപത്രി ചുവപ്പ്	1200
ചുവപ്പ് സെക്കൻഡ്	400
മഞ്ഞ	1100
എവർ ചുവപ്പ്	1650-1700
എവർ മഞ്ഞ	1700-1900
ഹൈറേഞ്ച് കായ	250-290
പരിപ്പ്	570-600
ഹൈറേഞ്ച് റെഡ്/യെല്ലോ	

എവർ മീഡിയം	1700
ഹൈറേഞ്ച് യെല്ലോ	
എവർ ഫുൾ	2200
ഗ്രാമ്പൂ	815
നാടൻ	925
പച്ചരി-1	4700
പച്ചരി-2	4500
പുഴുക്കലരി സുരേഖ	5000
ജയ	4200-4500
പഞ്ചസാര	4300
സ്വർണം	72120
വാഴക്കുളം പൈനാപ്പിൾ പച്ച സ്പെഷൽ ഗ്രേഡ്	34
പച്ച	32
പഴം	41

അവധി വിലകൾ

സ്വർണം

ജൂൺ	96870
ഓഗസ്റ്റ്	97500

വെള്ളി

മെയ്	96145
ജൂലൈ	97555

കോട്ടയം

വെളിച്ചെണ്ണ	28700
കൊപ്ര	17800
മറയൂർ ശർക്കര	95
പാണ്ടി ശർക്കര	65
തവിടെണ്ണ	145

കൽപറ്റ

കാപ്പി പരിപ്പ് (കി)	46000
ഉണ്ട ചാക്ക് (54 കി)	14000

കുരുമുളക് വയ.	71000
ചേട്ടൻ	70000
ഇഞ്ചി ചാക്ക് (60 കി)	1200
ഏലം ഉണ്ട (കിലോ)	2600-2900
നെല്ല് (കി)	2300
നേന്ത്രക്കായ കി.	4800

റബർ ബോർഡ് വില

കോട്ടയം

ആർഎസ്എസ്-4	19750
ആർഎസ്എസ്-5	19450
എസ്എൻആർ-20	17800
60% ലാറ്റക്സ്	14160

കൊച്ചി

ആർഎസ്എസ്-4	19750
ആർഎസ്എസ്-5	19450

ഒട്ടുപാൽ 18 മുതൽ 19 വരെ 100 കിലോയുടെ കോട്ടയം, കൊച്ചി ശരാശരി വില

80% ഡിആർസി	13000
60% ഡിആർസി	9750

വ്യാപാരി വില

കോട്ടയം

ആർഎസ്എസ്-4	18950
ആർഎസ്എസ്-5	18650
ഐഎസ്എസ്	16850-16900
ഒട്ടുപാൽ 70% ഡിആർസി	10600

ദൈവദാസന്മാരെ പ്രഖ്യാപിച്ച അനുഗ്രഹം

കൊല്ലം ● ഭാരതത്തിലെ ആദ്യ കത്തോലിക്കാ രൂപതയായ കൊല്ലത്ത് ഏകദേശം 7 പതിറ്റാണ്ട് ആത്മീയ ഭൗതിക ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചിരുന്ന 2 ബിഷപ്പുമാരെ ദൈവദാസന്മാരായി പ്രഖ്യാപിച്ചതാണ് ഫ്രാൻസിസ് മാർപാപ്പ ജില്ലയ്ക്ക് നൽകിയ വലിയ അനുഗ്രഹം. പ്രഥമ തദ്ദേശീയ മെത്രാൻ ബിഷപ് ജെറോം എം.ഫെർണാണ്ടസ്, ആർച്ച് ബിഷപ് ഡോ.അലോഷ്യസ് മരിയ ബെൻസിഗർ എന്നിവരെയാണു വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിന്റെ ആദ്യ പടിയായി ദൈവദാസരായി പ്രഖ്യാപിച്ചത്. ഇരുവരുടെയും കാരുണ്യ പ്രവർത്തനത്തിനു ഫ്രാൻസിസ് മാർപാപ്പയുടെ കയ്യൊപ്പു പതിഞ്ഞ അംഗീകാരമാണ് അത്.

ആറു മാസത്തെ ഇടവേളക്കിടയിലാണു രണ്ടു ബിഷപ്പുമാരെ ദൈവദാസരായി പ്രഖ്യാപിച്ചത്. ബിഷപ് ഡോ.ബെൻസിഗറിനെ 2018 ഒക്ടോബറിലും ബിഷപ് ജെറോം ഫെർണാണ്ടസിനെ 2019 ഫെബ്രുവരി 24നും ആണ് ദൈവദാസരായി പ്രഖ്യാപിച്ചത്. ബിഷപ് ബെൻസിഗർ 26 വർഷവും ബിഷപ് ജെറോം ഫെർണാണ്ടസ് 41 വർഷവും കൊല്ലം രൂപതയുടെ ബിഷപ്പുമാർ ആയിരുന്നു.

ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗ വിവരം അറിയിച്ചുകൊണ്ടു ദേവാലയങ്ങളിൽ 3 തവണകളായി മണിനാദം മുഴക്കി. മാർപാപ്പയുടെ ആത്മശാന്തിക്കായി പ്രാർഥിച്ചു കൊണ്ടു തങ്കശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ വൈകിട്ട് ദിവ്യബലി അർപ്പിച്ചു.

ബിഷപ് ഡോ. ജെറോം മരിയ ഫെർണാണ്ടസ്

കൊല്ലം രൂപതയുടെ ഒൻപതാമത്തെ മെത്രാനും ആദ്യ ഇന്ത്യൻ ബിഷപ്പും ആണ് ഡോ. ജെറോം എം. ഫെർണാണ്ടസ്. കൊല്ലം കോയിവിള സ്വദേശി. 1937 മുതൽ 1978 വരെ 41 വർഷം രൂപതയുടെ ബിഷപ് ആയിരുന്നു. ബിഷപ് ജെറോമിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയത് 2017ൽ ആണ്. ഡോ. ബൈജു ജൂലിയാനെ പോസ്റ്റുലേറ്ററായി അന്നത്തെ ബിഷപ് ഡോ.സ്റ്റാൻലി റോമൻ നിയോഗിച്ചു. പ്രാരംഭ നടപടിക്രമങ്ങൾ പൂർത്തിയാക്കി 2018 സെപ്റ്റംബറിൽ ഇപ്പോഴത്തെ ബിഷപ് പോൾ ആന്റണി മുല്ലശേരിയും ഡോ.ബൈജു ജൂലിയാനും വത്തിക്കാനിൽ തിരുസംഘത്തിനു കൈമാറി. തുടർന്നാണ് വത്തിക്കാന്റെ അംഗീകാരം ലഭിച്ചത്.

ആർച്ച് ബിഷപ് ഡോ.അലോഷ്യസ് മരിയ ബെൻസിഗർ

കൊല്ലം രൂപതയിൽ നിന്നു ദൈവദാസ പദവിയിലെത്തിയ ആദ്യ ബിഷപ് ആണ് സ്വിറ്റ്സർലൻഡിലെ ഐൻസിഡിയൻ സ്വദേശി ഡോ.അലോഷ്യസ് മരിയ ബെൻസിഗർ. 1864ൽ ആണ് ജനനം. 1888ൽ ഡിസംബർ 22ന് വൈദിക പട്ടം സ്വീകരിച്ച അദ്ദേഹം 1890ൽ കേരളത്തിൽ എത്തി ആലുവ പുത്തൻപള്ളി സെമിനാരിയിൽ പ്രഫസർ ആയി ചുമതലയേറ്റു. 1900ൽ കൊല്ലം രൂപതയുടെ സഹ മെത്രാനായ അദ്ദേഹം 1905ൽ ആണ് ബിഷപ് ആയി ചുമതലയേറ്റത്. 1931 ഓഗസ്റ്റ് 31നു സ്ഥാനം ഒഴിഞ്ഞു. തുടർന്നു ആർച്ച് ബിഷപ് പദവിയിലേക്ക് ഉയർത്തി 1942 ഓഗസ്റ്റ് 17ന് ഇഹലോകം വെടിഞ്ഞു.



കൊല്ലം രൂപത ബിഷപ് ഡോ.പോൾ ആന്റണി മുല്ലശേരി ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിച്ചപ്പോൾ (ഫയൽ ചിത്രം).

ലോകത്തിനു മുന്നിൽ ദൈവിക കരുണയുടെ മുഖമായിരുന്നു. ക്രിസ്തു വിശ്വാസത്തിൽ സാഹോദര്യത്തെയും മനുഷ്യന്റെ അനന്തമായ മഹത്വത്തെയും പ്രഘോഷിച്ചു. കുട്ടികളുടെയും മുത്തശ്ശി-മുത്തച്ഛന്മാരുടെയും ദിനവും കത്തോലിക്കാ സഭയുടെ ഭാഗമാക്കി. പ്രത്യാശയുടെ വാക്കുകളോടെ ലോകം മുഴുവൻ ഈസ്റ്ററിന്റെ ആനന്ദം ആശീർവദിച്ചാണു ഫ്രാൻസിസ് മാർപാപ്പയുടെ മടക്കം.

സഭ 9 ദിവസം ദുഃഖാചരണം അനുഷ്ഠിക്കും

കൊല്ലം ● ഫ്രാൻസിസ് മാർപാപ്പയുടെ നിര്യാണത്തോടെ ലോകധാർമികതയുടെ ശബ്ദം മുറിഞ്ഞു പോയതായി കൊല്ലം രൂപത. കാലഘട്ടത്തിന്റെ അരുതായ്മകൾക്ക് എതിരെ ലോകത്തിലും സഭയിലും യേശുക്രിസ്തുവിന്റെ നാവായി മാറാനും ലാളിത്യത്തിന്റെയും എളിമയുടേയും കരങ്ങളായി മാറി പുത്തൻ പ്രത്യാശ പകരാനും കഴിഞ്ഞ യഥാർഥ അപ്പോസ്തലൻ ആയിരുന്നു ഫ്രാൻസിസ് മാർപാപ്പ എന്നു രൂപത അനുസ്മരിച്ചു.

സഭ 9 ദിവസം ദുഃഖാചരണം അനുഷ്ഠിക്കുമെന്ന് രൂപതാ പിആർഒ ഫാ. രാജേഷ് മാർട്ടിൻ അറിയിച്ചു.

അനുശോചനം

ബിഷപ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി

ഫ്രാൻസിസ് മാർപാപ്പയുടെ വേർപാട് എല്ലാവർക്കും വേദനാജനകമാണ്. എളിമയോടെ പ്രകൃതിയെ സ്നേഹിച്ച വിശുദ്ധ ഫ്രാൻസിസിന്റെ നാമം എടുത്ത മാർപാപ്പയുടെ നേതൃത്വവും ശൈലിയും വിശുദ്ധനൊപ്പമായിരുന്നു. ലാളിത്യവും ജീവിത വിശുദ്ധിയും കൊണ്ട് ലോകത്തെ പ്രകാശിപ്പിച്ച മാർപാപ്പ

പുനലൂർ രൂപതാ ബിഷപ് ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ

ദൈവത്തെ പോലെ മനുഷ്യനെ കരുതി ശരിയുടെ പക്ഷം ചേർന്ന് നിലപാടുകളിൽ ഉറച്ചുനിന്ന് കുടിയേറ്റക്കാർക്കും പാവപ്പെട്ടവർക്കും സ്ത്രീകൾക്കും വേണ്ടി ശബ്ദമുയർത്തിയ വ്യക്തിയായിരുന്നു ഫ്രാൻസിസ് പാപ്പയെന്ന് പുനലൂർ രൂപതാ ബിഷപ് ഡോ .സെൽവിസ്റ്റർ പൊന്നുമുത്തൻ അനുശോചന സന്ദേശത്തിൽ അറിയിച്ചു.

കേരള കാത്തലിക് ഫെഡറേഷൻ

കൊല്ലം ● ഫ്രാൻസിസ് മാർപാപ്പയുടെ നിര്യാണത്തിൽ കേരള കാത്തലിക് ഫെഡറേഷൻ (കെസിഎഫ്) സംസ്ഥാന കമ്മിറ്റി അനുശോചിച്ചു. ലോക സമാധാനത്തിന്റെയും ധാർമികതയുടെയും ശബ്ദം മുറിഞ്ഞു പോയെന്ന് സംസ്ഥാന പ്രസിഡന്റ് അനിൽ ജോൺ ഫ്രാൻസിസ്, ജനറൽ സെക്രട്ടറി വി .സി.ജോർജ്കുട്ടി, ട്രഷറർ ബിജു കുണ്ടുകുളം എന്നിവർ അഭിപ്രായപ്പെട്ടു.

കോൺഗ്രസ് ജില്ലാ കമ്മിറ്റി

കൊല്ലം ● ഫ്രാൻസിസ് മാർപാപ്പയുടെ നിര്യാണത്തിൽ കോൺഗ്രസ് ജില്ലാ കമ്മിറ്റി അനുശോചിച്ചു. മതനിരപേക്ഷതയുടെയും മാനവീകതയുടെയും മനുഷ്യത്വത്തിന്റെയും പ്രതീകമായിരുന്നു അദ്ദേഹമെന്നു ഡിസിസി പ്രസിഡന്റ് പി.രാജേന്ദ്രപ്രസാദ് പറഞ്ഞു.

ആയിരത്തിലധികം കുട്ടികൾക്ക് പുതുകാഴ്ച നൽകി 'ദൃഷ്ടി'

കൊല്ലം● 'ദൃഷ്ടി' കരുതലായത് ജില്ലയിലെ ആയിരത്തിലധികം കുട്ടികൾക്ക്. കുട്ടികളിലെ കാഴ്ചക്കുറവിന് ആയുർവേദ പരിഹാരം ലക്ഷ്യമാക്കിയാണ് ഭാരതീയ ചികിത്സാ വകുപ്പും കേരള സർക്കാരും ആയുഷ് മിഷനും ചേർന്ന് ദൃഷ്ടി പദ്ധതി നടപ്പിലാക്കുന്നത്. ജില്ലയിൽ ഇതുവരെ ആയിരത്തിലധികം കുട്ടികളിൽ പരിശോധന നടത്തി. കരുനാഗപ്പള്ളി സർക്കാർ ആയുർവേദ ആശുപത്രിയിലാണ് ജില്ലയിൽ 'ദൃഷ്ടി' ഒപി പ്രവർത്തിക്കുന്നത്. കുട്ടികളിലെ കാഴ്ച തകരാറുകൾ തുടക്കത്തിൽ തന്നെ കണ്ടെത്തി, പരിഹരിച്ച് കണ്ണുകളുടെ ആരോഗ്യം വർധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കണ്ണട ഉപയോഗിക്കുന്ന കുട്ടികൾക്ക് തലവേദന കണ്ടുവരുന്നതിനാൽ അവയ്ക്കുള്ള ചികിത്സ ഉറപ്പാക്കുന്നതിനാണ് ഊന്നൽ നൽകുന്നത്.

മിതമായ നിരക്കിലാണ് ചികിത്സ ലഭ്യമാക്കുന്നത്. പദ്ധതിയുടെ ഭാഗമായി 10 മെഡിക്കൽ ക്യാംപുകൾ നടത്തി. എട്ടു മാസത്തിനിടെ ഒപി വഴിയും ആയിരത്തോളം പേർ ചികിത്സ തേടി.

2024 ഓഗസ്റ്റിലാണ് പദ്ധതിയുടെ തുടക്കം.

ആശുപത്രിയിലേക്ക് ആവശ്യമായ സാങ്കേതികവിദഗ്ധർ, ഉപകരണങ്ങൾ, മരുന്നുകൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നാഷനൽ ആയുഷ് മിഷൻ ലഭ്യമാക്കി. ഒരു നേത്ര വിദഗ്ധൻ, മെഡിക്കൽ ഓഫിസർ, ഒപ്റ്റോമെട്രിസ്റ്റ്, മൾട്ടിപർപ്പസ് വർക്കർ എന്നീ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

കൃഷ്ണമണി, ലെൻസ് എന്നിവ പരിശോധിക്കുന്ന സംവിധാനം ഉൾപ്പെടെ 30 ലക്ഷം രൂപയോളം വില വരുന്ന അത്യാധുനിക ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

വെള്ളി, ഞായർ ഒഴികെ എല്ലാ ദിവസങ്ങളിലും രാവിലെ 9 മുതൽ ഉച്ചയ്ക്ക് രണ്ടുവരെയാണ് ഒപി.

കൊല്ലം പൂരം: ഹെഡ്ഗേവാർ കുട വിവാദം

ദേവസ്വം ബോർഡ് യോഗം ചർച്ച ഇന്ന്

കൊല്ലം● പൂരത്തിന്റെ കുടമാറ്റത്തിനിടെ ആർഎസ്എസ് സ്ഥാപകൻ ഡോ. കെ.ബി. ഹെഡ്ഗേവാറിന്റെ ചിത്രം അടങ്ങിയ കുട ഉയർത്തിയതു വിവാദമായ വിഷയം ഇന്നു ചേരുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് യോഗം ചർച്ച ചെയ്തേക്കും. ഇന്നലെ യോഗം ചേർന്നെങ്കിലും ഈ വിഷയം ചർച്ച ചെയ്തില്ലെന്ന് ബോർഡുമായി ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു.

ഇതിനിടെ, ഡിവൈഎഫ്ഐ നേതാവ് നൽകിയ പരാതിയിൽ പൊലീസ് എഫ്ഐആർ റജിസ്റ്റർ ചെയ്തെങ്കിലും തുടർ നടപടികൾ വൈകിയേക്കും. മത സ്ഥാപനങ്ങളുടെ ദുരുപയോഗ പ്രവർത്തനം തടയാനുള്ള നിയമത്തിലെ 3, 5, 6, 7 വകുപ്പുകളിലാണ് കേസെടുത്തിരിക്കുന്നത്. പൂരം നടന്ന ആശ്രാമം മൈതാനം നിയമത്തിലെ 'മത സ്ഥാപനം' എന്ന പരിധിയിൽ വരുന്നില്ലെന്നാണ് നിയമവിദഗ്ധർ പറയുന്നത്. കേസ് കോടതിയിലെത്തിയാൽ തള്ളാനും സാധ്യത കൂടുതലാണെന്നും പറയുന്നു. കേസിൽ മൊഴി എടുത്തു തുടങ്ങിയെന്നാണ് പൊലീസ് പറയുന്നത്.

കൊല്ലം പൂരത്തിലെ കുടമാറ്റം താമരക്കുളം, പുതിയകാവ് വിഭാഗക്കാർ തമ്മിലാണ്. ഇരു ക്ഷേത്രങ്ങളും ദേവസ്വം ബോർഡിനു കീഴിലുള്ളവയല്ല. അതുകൊണ്ട് ദേവസ്വം ബോർഡിന്റെ നേതൃത്വത്തിലുള്ള അച്ചടക്ക നടപടികൾക്കുള്ള സാധ്യതയില്ല. സ്വാമി വിവേകാനന്ദൻ, ഡോ. അംബേദ്കർ ഉൾപ്പെടെയുള്ളവർക്കൊപ്പമാണ് പുതിയകാവ് വിഭാഗമാണ് ഹെഡ്ഗേവാറിന്റെ ചിത്രം ഉയർത്തിയത്. തികച്ചും രഹസ്യമായി സൂക്ഷിക്കുന്ന കുടമാറ്റത്തിൽ ആശ്രാമം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം ഉപദേശക സമിതിക്ക് കാര്യമായ പങ്കില്ലെന്നും വിലയിരുത്തുന്നു.

വിഷയത്തിൽ ആശ്രാമം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം ഉപദേശക സമിതിയെയും പുതിയകാവ് ക്ഷേത്ര ട്രസ്റ്റ് എന്നിവർക്ക് എതിരെയാണ് ഈ മാസം 16ന് ഈസ്റ്റ് പൊലീസ് കേസെടുത്തത്.

നിയമത്തിലെ 3, 5, 6 വകുപ്പുകൾ മത സ്ഥാപനങ്ങളെ രാഷ്ട്രീയമായി ഉപയോഗിക്കുന്നതിന് എതിരെയുള്ളതാണ്. ആശ്രാമം ക്ഷേത്ര ഉപദേശക സമിതിയുടെ മുൻ ഭാരവാഹികൾക്ക് വിവാദത്തിൽ പങ്കുണ്ടോയെന്ന് അന്വേഷിക്കണം എന്ന് ആവശ്യപ്പെട്ടു പരാതി നൽകാൻ നിലവിലെ ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്.

പ്രച്ഛന്നവേഷത്തിൽ പത്രവിതരണം

കൊല്ലം ● നാഷനൽ ഹെറൾഡ് പത്ര അഴിമതിയുമായി ബന്ധപ്പെട്ട് യുവമോർച്ച ജില്ലാ കമ്മിറ്റി സോണിയ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവരുടെ വേഷം കെട്ടി നാഷനൽ ഹെറൾഡ് പത്രത്തിന്റെ കോപ്പികൾ വിതരണം ചെയ്തു. കേസുമായി ബന്ധപ്പെട്ട ചരിത്രവും പിന്നീടുണ്ടായ കേസുകളുടെ പൂർണ വിവരങ്ങളും അടങ്ങിയ വാർത്തകൾ ഉൾപ്പെടുത്തിയ പത്രമാണു വിതരണം ചെയ്തത്. സംസ്ഥാന ജനറൽ സെക്രട്ടറി ദിനിൽ ദിനേശ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് പ്രണവ് താമരക്കുളം അധ്യക്ഷത വഹിച്ചു. ഭാരവാഹികളായ അഖിൽ, വിഷ്ണു അനിൽ, അഭിരാം സാകേതം, എം .എസ്.ആദിത്യൻ, ജിത്തു കൊറ്റങ്കര, സുബിൻ, ബിനോയ് മാത്യൂസ്, ബിജോയ്, അരുൺ പരിമണം, ചിന്നു, അനന്തു ചാത്തന്നൂർ, സജു ഓട്ടുപുരയ്ക്കൽ, ശബരിനാഥ്, ബാലു ശങ്കർ, സാജൻ എന്നിവർ പ്രസംഗിച്ചു.



തപസ്യ കലാസാഹിത്യവേദി സംസ്ഥാനതലത്തിൽ നടത്തിയ കവിത മത്സര വിജയികളുടെ അവതരണവും സംവാദവും ഡോ.എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

തപസ്യ കലാസാഹിത്യവേദി കവിത അവതരണവും സംവാദവും

കൊല്ലം ● തപസ്യ കലാസാഹിത്യവേദി സംസ്ഥാനതലത്തിൽ നടത്തിയ കവിതാ മത്സര വിജയികളുടെ കവിത അവതരണവും സംവാദവും ഡോ.എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തപസ്യ ജില്ലാ പ്രസിഡന്റ് കെ. വി.രാമാനുജൻ തമ്പി അധ്യക്ഷനായി.

പുന്തലത്താഴം ചന്ദ്രബോസ്, മണി കെ.ചെന്താപ്പൂര്, എസ്. ആർ.ശ്രീജകുമാർ, സവിതാദാസ്, എം.എസ്.മോഹനചന്ദ്രൻ, ആർ.അജയകുമാർ, രവികുമാർ ചേരിയിൽ, എസ്.വിജയൻ, സന്തോഷ് എന്നിവർ പ്രസംഗിച്ചു.



ദുബായ് സർക്കാർ നടത്തിയ ലോക ക്രിയേറ്റിവ് ആപ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കൊല്ലം കൊല്ലൂർവിള പള്ളിമുക്ക് സ്വദേശി സുൽത്താന സഫീർ ദുബായ് കിരീടാവകാശി ഷെയ്ഖ് ഹംദാനിൽ നിന്നു പുരസ്കാരം സ്വീകരിക്കുന്നു.

ലോക ക്രിയേറ്റ് ആപ്പ് ചാംപ്യൻഷിപ്പിൽ ഒന്നാമതെത്തി പള്ളിമുക്ക് സ്വദേശിനി

കൊല്ലം ● ദുബായ് സർക്കാർ നടത്തിയ ലോക ക്രിയേറ്റ് ആപ്പ് ചാംപ്യൻഷിപ്പിൽ കൊല്ലം സ്വദേശിനിക്ക് ഒന്നാം സ്ഥാനം. കൊല്ലൂർവിള പള്ളിമുക്ക് കരമേൽ കുടുംബാംഗം സുൽത്താന സഫീറിന് (20)ആണ് ബെസ്റ്റ് യൂത്ത് മെയ്ഡ് പുരസ്കാരം ലഭിച്ചത്. 132 രാജ്യങ്ങളിൽ നിന്ന് 4710 പേർ പങ്കെടുത്ത മത്സരത്തിൽ ആണ് സുൽത്താന ഒന്നാം സ്ഥാനം നേടിയത്. ഒന്നരക്കോടി രൂപയാണ് സമ്മാനത്തുക.

അലർജി, പ്രമേഹം തുടങ്ങിയ രോഗമുള്ളവർക്ക് ചില ഭക്ഷണങ്ങൾ കഴിക്കാമോ എന്നതു സംബന്ധിച്ച സംശയത്തിനു മറുപടി നൽകുന്ന 'ബൈറ്റ്' എന്ന മൊബൈൽ ആപ്പ് ആണ് സുൽത്താന വികസിപ്പിച്ചത്. രോഗിയുടെ വിവരങ്ങൾ ശേഖരിച്ച ശേഷം മൊബൈൽ ആപ്പിലേക്ക് സംശയം ചോദിക്കുമ്പോഴാണ് മറുപടി ലഭിക്കുന്നത്.

സുൽത്താനയുടെ മാതാപിതാക്കളായ സഫീർ മുഹമ്മദും റീജാമോളും 25 വർഷത്തിലേറെയായി യുഎഇയിൽ ബിസിനസ് മേഖലയിലാണ്.

സുൽത്താന ജനിച്ചതും വളർന്നതും അവിടെയാണ്. ദുബായ് കിരീടാവകാശി ഷേക് ഹംദാനിൽ നിന്നു സുൽത്താന പുരസ്കാരം സ്വീകരിച്ചു.

പ്രഭാഷണ പരമ്പരയ്ക്ക് ഇന്നു തുടക്കം

30 75 മലയാള മനോരമ പ്രഭാഷണ പരമ്പര

കൊല്ലം● കൊല്ലം ജില്ലയുടെ 75- ാം വാർഷികവും മലയാള മനോരമ കൊല്ലം യൂണിറ്റിന്റെ 30-ാം വാർഷികവും പ്രമാണിച്ചു നടത്തുന്ന പ്രഭാഷണ പരമ്പരയിലെ ആദ്യത്തേത് ഇന്ന് മലയാള മനോരമയുടെ കടപ്പാക്കടയിലെ ഓഫിസിൽ നടക്കും. ഇന്ന് 3 നു കേരളത്തിലെ പ്രശസ്ത ഫിസിഷ്യനും കൊല്ലം ഗവ. മെഡിക്കൽ കോളജ് പ്രിൻസിപ്പലുമായ ഡോ. ബി. പത്മകുമാർ 'ആരോഗ്യം, സന്തോഷം, ജീവിതം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. ആരോഗ്യകരവും സന്തോഷകരവുമായ ജീവിതത്തിന് എന്തൊക്കെ മാർഗങ്ങളുണ്ട് ? ജീവിത ശൈലിയിൽ അതിനായി എന്തു മാറ്റങ്ങൾ വരുത്താം ? രോഗപ്രതിരോധത്തിലും ചികിത്സയിലും എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം ? എന്നിവ ഡോക്ടർ വിശദീകരിക്കും. പ്രമേഹം, രക്തസമ്മർദം ഉൾപ്പെടെയുള്ള ജീവിത ശൈലീ രോഗങ്ങൾ ഉള്ളവരും മറ്റു ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരും ജീവിത ശൈലിയിലും ചികിത്സയിലും എന്തൊക്കെ ശ്രദ്ധിക്കണമെന്നും വിശദീകരിക്കും.

പരിപാടിയിൽ പങ്കെടുക്കാൻ മുൻകൂട്ടി പേര് റജിസ്റ്റർ ചെയ്തവർ ഉച്ചയ്ക്ക് 2.30 ഓടെ മനോരമ ഓഫിസിൽ എത്തണം.

വനിതകൾക്കായി ബാസ്കറ്റ് ബോൾ പരിശീലന ക്യാംപ്

കൊല്ലം ● ജില്ലാ സ്പോർട്സ് കൗൺസിൽ വനിതകൾക്കു മാത്രമായി മേയ് 5 മുതൽ 31 വരെ ബാസ്കറ്റ് ബോൾ പരിശീലന ക്യാപ് നടത്തും. താൽപര്യമുള്ളവർ പേര് റജിസ്റ്റർ ചെയ്യണം. 0474 2746720.

ഗെസ്റ്റ് ലക്ചറർ നിയമനം

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഇംഗ്ലിഷ്, ഇസ്‌ലാമിക് ഹിസ്റ്ററി, ഹിസ്റ്ററി, മലയാളം, ഹിന്ദി, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ ഗെസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും നെറ്റുമാണ് യോഗ്യത. കോളജ് വിദ്യാഭ്യാസ വകുപ്പിന്റെ ഗെസ്റ്റ് പാനലിൽ റജിസ്റ്റർ ചെയ്തിരിക്കണം. ഉദ്യോഗാർഥികൾ ബയോഡേറ്റയും വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ സഹിതം tkmartsguest@gmail.com എന്ന ഇമെയിലിൽ മേയ് 5ന് മുൻപ് അയയ്ക്കണം. 0474 2712240

ഷൈനിന്റെ മൊഴികൾ വിശ്വസിക്കാതെ പൊലീസ്

▸▸ എംഡിഎംഎയും കഞ്ചാവും ഉപയോഗിക്കാറുണ്ടെന്നു നടൻ

മനോരമ ലേഖകൻ

കൊച്ചി● ലഹരിക്കേസിൽ പ്രതിയായ നടൻ ഷൈൻ ടോം ചാക്കോയുടെ മൊഴികൾ വിശ്വാസയോഗ്യമല്ലെന്നു പൊലീസ്. സിനിമാ മേഖലയിലെ മുഖ്യ ലഹരി വിതരണക്കാരിൽ ഒരാളെന്നു കരുതുന്ന സജീറുമായും അടുത്തിടെ ഹൈബ്രിഡ് കഞ്ചാവു കേസിൽ പിടിയിലായ തസ്‌ലിമയുമായും ഷൈനിനുള്ള ബന്ധം തെളിയിക്കാനുള്ള വിവരശേഖരണം പൊലീസ് ഊർജിതമാക്കി. നടന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങളും മൊബൈൽ കോൾ വിവരങ്ങളും ഇന്നലെ ശേഖരിച്ചു.

രണ്ടാംഘട്ട ചോദ്യം ചെയ്യലിനു മുൻപായി ഷൈനുമായി സാമ്പത്തിക ഇടപാടുകൾ നടത്തിയവരിൽ ലഹരിക്കച്ചവടക്കാരോ ഇടനിലക്കാരോ ഉണ്ടോ എന്നു കണ്ടെത്തി അന്വേഷണപരിധിയിൽ കൊണ്ടുവരാനാണു പൊലീസ് നീക്കം.

അന്വേഷണ ഉദ്യോഗസ്ഥർ കൊച്ചി സിറ്റി പൊലീസ് കമ്മിഷണർ പുട്ട വിമലാദിത്യയുടെ നേതൃത്വത്തിൽ ഇന്നലെ യോഗം ചേർന്നു. നിലവിലെ ചോദ്യം ചെയ്യലിൽ ലഭിച്ച വിവരങ്ങളും അന്വേഷണത്തിന്റെ ഭാഗമായി ഇതിനോടകം പൊലീസ് ശേഖരിച്ച വിവരങ്ങളും വിലയിരുത്തി.

ഷൈനിനെതിരെ കാര്യമായ തെളിവു ലഭിച്ചിട്ടില്ലെന്നും വൈകാതെ വീണ്ടും ചോദ്യംചെയ്യുമെന്നും കമ്മിഷണർ പറഞ്ഞു. ലഹരി ഉപയോഗത്തിനും ഗൂഢാലോചനയ്ക്കും കേസെടുത്തെങ്കിലും വേണ്ടത്ര തെളിവുകൾ ലഭിച്ചിട്ടില്ല. ഈ കേസുകൾ നിലനിർക്കാൻ വേണ്ട തെളിവുകൾ സമാഹരിക്കാനുള്ള ശ്രമത്തിലാണു നിലവിൽ അന്വേഷണ സംഘം.

സിനിമാ മേഖലയിലെ മറ്റുള്ളവർ ലഹരി ഉപയോഗിക്കുന്നുവെന്നു ഷൈൻ പൊലീസിനു മൊഴി നൽകിയിട്ടില്ലെന്നും കമ്മിഷണർ വ്യക്തമാക്കി.

എംഡിഎംഎയും കഞ്ചാവും ഉപയോഗിക്കാറുണ്ടെന്നും ഒരു മാസത്തിനിടെ ഇവ ഉപയോഗിച്ചെന്നും ഷൈൻ സമ്മതിച്ചെങ്കിലും ഇതുറപ്പിക്കണമെങ്കിൽ പരിശോധനാഫലം ലഭിക്കണം. കോടതി മുഖേന ഇന്നലെയാണു സാംപിളുകൾ തിരുവനന്തപുരം ഫൊറൻസിക് ലാബിലേക്ക് അയച്ചത്.

ഷൈനിനൊപ്പം ഹോട്ടൽ മുറിയിലുണ്ടായിരുന്ന രണ്ടാം പ്രതി, മേക്കപ്മാൻ മലപ്പുറം വളവന്നൂർ കൽപാഞ്ചേരി വരിക്കോട്ടിൽ അഹമ്മദ് മുർഷാദിനെയും പൊലീസ് ചോദ്യംചെയ്യും. പാലക്കാട്ടുനിന്നു മദ്യക്കുപ്പികളുമായാണു മുർഷാദ് ഷൈനിനെ കാണാനെത്തിയത്. മുറിയിൽനിന്ന് ഇവ പൊലീസിനു ലഭിച്ചിട്ടുണ്ട്. മറ്റെന്തെങ്കിലും ലഹരിവസ്തുക്കൾ മുർഷാദ് ഷൈനിനു കൈമാറിയിട്ടുണ്ടാവുമെന്നാണു പൊലീസിന്റെ നിഗമനം.

ഇത് ഒളിപ്പിക്കാനോ നശിപ്പിച്ചുകളയാനോ ആവാം നടൻ സാഹസിക ജനൽചാട്ടം നടത്തി കടന്നുകളഞ്ഞതെന്നും പൊലീസ് കരുതുന്നു.

വിദേശ മലയാളിയായ വനിതയെ ഷൈൻ ഈ ഹോട്ടലിൽ കണ്ടതായും പൊലീസ് കണ്ടെത്തിയിട്ടുണ്ട്. ഇവരും ഇവിടെ അന്നു മുറിയെടുത്തിരുന്നു.

ഇവരുമായി ഫോൺ മുഖേന ദീർഘകാലത്തെ പരിചയമുണ്ടെന്നും കൊച്ചിയിലെത്തിയപ്പോൾ കണ്ടതാണെന്നുമാണു ഷൈൻ പൊലീസിനോടു പറഞ്ഞത്.

കഞ്ചാവ് കേസിലെ പ്രതികളുടെ ചോദ്യം ചെയ്യൽ തുടങ്ങി; സിനിമ ബന്ധം തിരഞ്ഞ് എക്സൈസ്

ആലപ്പുഴ● രണ്ടു കോടി രൂപയുടെ ഹൈബ്രിഡ് കഞ്ചാവ് കടത്തുകേസിലെ പ്രതികളെ എക്സൈസ് കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്തു തുടങ്ങി. ഒന്നാം പ്രതി കണ്ണൂർ സ്വദേശി തസ്‌ലിമ സുൽത്താന (ക്രിസ്റ്റീന-43) തനിക്കു നടൻ ഷൈൻ ടോം ചാക്കോയുമായി പരിചയമുണ്ടെന്നു പിടിയിലായപ്പോൾ പറഞ്ഞിരുന്നു.

ഷൈനിന്റെ ലഹരി, സാമ്പത്തിക ഇടപാടുകൾ അന്വേഷണത്തിനു കീഴിലായതിനാൽ ഹൈബ്രിഡ് കഞ്ചാവ് കേസ് പ്രതികളിൽ നിന്ന് എന്തെങ്കിലും വിവരം കിട്ടുമോയെന്നു നോക്കും. പ്രതികളുടെ ബാങ്ക് ഇടപാട് വിവരങ്ങളും ഫോൺ വിളി, മെസേജ് വിവരങ്ങളും അന്വേഷണസംഘം ശേഖരിക്കുന്നുണ്ട്. സിനിമ രംഗത്തുള്ളവരുമായുള്ള ബന്ധം ഇതോടെ വ്യക്തമാകുമെന്നാണ് പ്രതീക്ഷ.

രണ്ടു നടൻമാരെ പരിചയമുണ്ടെന്നാണു തസ്‌ലിമ കോടതിയിൽ മാധ്യമങ്ങളോടു പറഞ്ഞത്. ഇവർ അറസ്റ്റിലായതിന്റെ പിറ്റേന്നു നടൻ ശ്രീനാഥ് ഭാസി മുൻകൂർ ജാമ്യത്തിനു ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു.

എന്നാൽ വിശദമായ ചോദ്യം ചെയ്യലിനും തെളിവുശേഖരിക്കലിനും ശേഷം മാത്രമേ സിനിമ മേഖലയുമായുള്ള ബന്ധം കണ്ടെത്താനാകൂവെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ആലപ്പുഴ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ എസ്.അശോക് കുമാർ പറഞ്ഞു.

അന്വേഷണത്തിനിടെ സ്വർണക്കടത്ത്- പെൺവാണിഭ ഇടപാടുകളുടെയും വിവരങ്ങൾ കിട്ടിയിരുന്നു. ഇതും വിശദമായി പരിശോധിക്കും.

കേസിലെ മറ്റു പ്രതികളായ മണ്ണഞ്ചേരി മല്ലംവെളി കെ.ഫിറോസ് (26), തസ്‌ലിമയുടെ ഭർത്താവ് സുൽത്താൻ അക്ബർ അലി (43) എന്നിവരെയും ആലപ്പുഴ അഡീഷനൽ സെഷൻസ് ജഡ്ജി എസ്.ഭാരതി 24നു വൈകിട്ട് 4 വരെ എക്സൈസ് കസ്റ്റഡിയിൽ വിട്ടു. മൂന്നു പേരും ജാമ്യാപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കസ്റ്റഡി കാലാവധിക്കു ശേഷം ഇതു പരിഗണിക്കും. പ്രതികളെ ഒറ്റയ്ക്കിരുത്തിയും ഒരുമിച്ചും ചോദ്യം ചെയ്യും. എറണാകുളത്തു ഹൈബ്രിഡ് കഞ്ചാവ് സൂക്ഷിച്ച സ്ഥലങ്ങളിലെത്തി തെളിവെടുപ്പും നടത്തും.

ഷൈനിനെതിരെ നൽകിയ പരാതികളിൽ ഉറച്ചുനിൽക്കുന്നുവെന്നു വിൻ സി

കൊച്ചി● അഭിനേതാക്കളായ വിൻ സി അലോഷ്യസിന്റെയും ഷൈൻ ടോം ചാക്കോയുടെയും മൊഴിയെടുത്ത് ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി. സെറ്റിൽ തന്നോട് അപമര്യാദയായി പെരുമാറുകയും ലൈംഗികച്ചുവയോടെ സംസാരിക്കുകയും ചെയ്തു എന്ന വിൻ സിയുടെ പരാതിയെത്തുടർന്നു 'സൂത്രവാക്യം' സിനിമയുടെ ഐസിസിക്കു മുന്നിലാണ് ഇരുവരും മൊഴിനൽകിയത്. വൈകിട്ട് 5ന് വിൻസിയും 6ന് ഷൈൻ ടോം ചാക്കോയും സമിതിക്കു മുന്നിലെത്തി. ഇരുവരെയും വെവ്വേറെ കണ്ടാണു സമിതി അംഗങ്ങൾ സംസാരിച്ചത്.

ഷൈനിനെതിരെ നൽകിയ പരാതികളിൽ ഉറച്ചുനിൽക്കുന്നുവെന്നു വിൻ സി ഐസിസിയെ അറിയിച്ചു. എന്നാൽ, നിയമനടപടികൾക്കില്ലെന്ന നിലപാട് അവർ ഇന്നലെയും ആവർത്തിച്ചു. ഫിലിം ചേംബർ മോണിറ്ററിങ് കമ്മിറ്റിയുടെയും ഐസിസിയുടെയും ഇടപെടലുകളിലൂടെ തനിക്കു നീതി കിട്ടുമെന്ന് ഉറച്ചുവിശ്വസിക്കുന്നതായും പറഞ്ഞു. തന്റെ പരാതി മാധ്യമങ്ങളിലൂടെ പുറത്തുവിട്ടതു ശരിയായില്ല എന്നു പറഞ്ഞ വിൻ സി ഐസിസി തെളിവെടുപ്പിന്റെ വിശദാംശങ്ങൾ പുറത്തുവിടാനാവില്ല എന്നും വ്യക്തമാക്കി

വിൻ സി അലോഷ്യസിനോടു തമാശയായി പലതും പറഞ്ഞിട്ടുണ്ട് എന്നല്ലാതെ അപമര്യാദയായോ ലൈംഗികച്ചുവയോടെയോ സംസാരിച്ചിട്ടില്ലെന്നാണു ഷൈൻ മൊഴി നൽകിയതെന്നറിയുന്നു. ഇരുവരുടെയും മൊഴികൾ വിലയിരുത്തിയുള്ള ഐസിസി റിപ്പോർട്ട് വൈകാതെ ഫിലിം ചേംബർ മോണിറ്ററിങ് കമ്മിറ്റിക്കു കൈമാറും. ഐസിസിയിലെ പുറമേനിന്നുള്ള അംഗം ആന്ധ്ര സ്വദേശി അഡ്വ. സൗജന്യയാണു റിപ്പോർട്ട് തയാറാക്കുക. നിയമനടപടികൾക്കില്ലെന്നു വിൻ സി ഐസിസിയോടും വ്യക്തമാക്കിയതിനാൽ റിപ്പോർട്ട് കലക്ടർക്കോ പൊലീസിനോ കൈമാറില്ല.

വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ഇന്നലെ രാവിലെ ഫിലിം ചേംബറിന്റെ മോണിറ്ററിങ് കമ്മിറ്റി ചെയർമാൻ ജി. സുരേഷ്കുമാറിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. ചേംബർ പ്രസിഡന്റ് വി.ആർ. ജേക്കബ്, സെക്രട്ടറി സജി നന്ത്യാട്ട്, അമ്മ പ്രതിനിധികളായ ടിനിടോം, കുക്കുപരമേശ്വരൻ, ദേവിചന്ദന തുടങ്ങി ഫെഫ്കഒഴികെയുള്ള സംഘടനകളുടെ പ്രതിനിധികൾ ഇതിൽ പങ്കെടുത്തു. നിലവിൽ പരാതി ഐസിസി കൈകാര്യം ചെയ്യുന്നതിനാൽ ഇതിന്റെ റിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടികളിലേക്കു കടക്കാൻ തീരുമാനമെടുത്താണു യോഗം പിരിഞ്ഞത്.

വാക്കുകൾ വളച്ചൊടിച്ചു: വേദനയുണ്ടെന്ന് മാലാ പാർവതി

കൊച്ചി ● 'ലൈംഗികാതിക്രമം' എന്നതു റേപ്പ് മുതൽ പോക്സോ വരെയുള്ള ഒരുപാടു വിഷയങ്ങൾ വന്നുചേരുന്ന പദമാണെന്നും അത്ര ഗൗരവമായ കാര്യത്തെ തമാശയായി കണ്ടെന്ന പ്രചാരണം വേദനിപ്പിച്ചെന്നും നടി മാലാ പാർവതി.

ഈ വിഷയത്തെ തമാശയായി കാണണമെന്നു സ്ഥിര ബുദ്ധിയുള്ള ആർക്കെങ്കിലും പറയാൻ പറ്റുമെന്നു തോന്നുന്നുണ്ടോയെന്നും പാർവതി ചോദിച്ചു.

ലൈംഗികാതിക്രമത്തെ തമാശയായി കാണണം എന്നു പറയില്ല. പറഞ്ഞിട്ടില്ല. നായക നടൻ, പബ്ലിക് ആയി ആഭാസം പറഞ്ഞപ്പോൾ, 'ഞാൻ വിഷമിച്ചു' എന്നു വിൻസി പറയുന്നതു കേട്ടു. അങ്ങനെ ഒരാൾ, എന്തെങ്കിലും പറഞ്ഞാൽ വിഷമിക്കുകയല്ല, പകരം ആത്മവിശ്വാസത്തോടെ അപ്പോൾത്തന്നെ പ്രതികരിക്കണം എന്നാണു പറഞ്ഞതെന്നു മാലാ പാർവതി വ്യക്തമാക്കി.

ജാർഖണ്ഡിൽ ഏറ്റുമുട്ടൽ

പ്രമുഖ നേതാവ് അടക്കം 8 മാവോയിസ്റ്റുകളെ വധിച്ചു

▸▸ കൊല്ലപ്പെട്ടത് മാവോയിസ്റ്റ് കേന്ദ്രകമ്മിറ്റി അംഗം പ്രയാഗ് മാഞ്ചി



കൊല്ലപ്പെട്ട മാവോയിസ്റ്റുകളായ പ്രയാഗ് മാഞ്ചി, അരവിന്ദ് യാദവ്

റാഞ്ചി ● ജാർഖണ്ഡിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഉന്നത നേതാവ് ഉൾപ്പെടെ 8 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. തലയ്ക്ക് പൊലീസ് ഒരു കോടി രൂപ വിലയിട്ട, സിപിഐ മാവോയിസ്റ്റ് കേന്ദ്രകമ്മിറ്റിയംഗം പ്രയാഗ് മാഞ്ചി എന്ന വിവേക് ആണ് കൊല്ലപ്പെട്ടത്. സ്പെഷൽ സോൺ അംഗമായ അരവിന്ദ് യാദവ് എന്ന അവിനാശും കൊല്ലപ്പെട്ടു. അരവിന്ദിന്റെ തലയ്ക്ക് 25 ലക്ഷം രൂപ വിലയിട്ടിരുന്നു.

ബൊക്കാറോ ജില്ലയിലെ ലാൽപാനിയ മേഖലയിലാണ് പുലർച്ചെ അഞ്ചരയോടെ ഏറ്റുമുട്ടലുണ്ടായത്. ഇതോടെ ഛോട്ടാനാഗ്പുർ മേഖലയിലെ മാവോയിസ്റ്റുകളെ തുടച്ചുനീക്കിയെന്ന് ജാർഖണ്ഡ് ഡിജിപി അനുരാഗ് ഗുപ്ത പറഞ്ഞു. ചായ്ബാസ മേഖലയിൽ മാത്രമാണ് സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ പ്രവർത്തനം അവശേഷിക്കുന്നതെന്നും 20 ദിവസത്തിനുള്ളിൽ അവിടവും മാവോയിസ്റ്റ് വിമുക്തമാക്കുമെന്നും ഡിജിപി പറഞ്ഞു.

അതിനിടെ, ഛത്തീസ്ഗഡിലെ ബിജാപുർ ജില്ലയിൽ ബൈദ്രെ പൊലീസ് സ്റ്റേഷൻ പരിധിയിൽ ഏറ്റുമുട്ടലിൽ ഒരു മാവോയിസ്റ്റിനെ സുരക്ഷാസേന വധിച്ചു. ബിജാപുരിൽ കുഴിബോംബ് സ്ഫോടനത്തിൽ സുരക്ഷാഭടനായ മനോജ് പൂജാരിയും (26) കൊല്ലപ്പെട്ടു.

ക്ഷേത്ര നടത്തിപ്പ്:

ഹൈക്കോടതിക്ക് ഉത്തരവിടാമോ എന്ന് പരിശോധിക്കും

മനോരമ ലേഖകൻ

ന്യൂഡൽഹി ● ക്ഷേത്രകാര്യങ്ങളുടെ നടത്തിപ്പും വിഗ്രഹങ്ങളുടെ സ്ഥാനനിർണയവും സംബന്ധിച്ച് ഹൈക്കോടതികൾക്ക് ഉത്തരവു പുറപ്പെടുവിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുമെന്ന് സുപ്രീം കോടതി വ്യക്തമാക്കി. ദൈവത്തിന്റെ പേരിൽ ക്ഷേത്ര കമ്മിറ്റിക്കുള്ളിൽ ദൗർഭാഗ്യകരമായ തമ്മിലടിയാണ് നടക്കുന്നതെന്നും ഹിമാചൽപ്രദേശിലെ ഒരു കേസ് പരിഗണിക്കവേ സുപ്രീം കോടതി വിമർശിച്ചു.

നൂറ്റാണ്ടുകൾ പഴക്കമുള്ള ദുർഗാ വിഗ്രഹം പുതുതായി നിർമിച്ച ക്ഷേത്രസമുച്ചയത്തിലേക്കു മാറ്റണമെന്ന ഹിമാചൽപ്രദേശ് ഹൈക്കോടതിയുടെ ഉത്തരവിനെതിരായ ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

CONDOLENCE MESSAGES

മാർപാപ്പ എനിക്ക് കൊന്ത തന്നു: ഞാൻ പാപ്പയ്ക്ക് ദാസ് ക്യാപിറ്റൽ നൽകി: മന്ത്രി പി. രാജീവ്

കൊച്ചി ● 'കേരളത്തിൽ നിന്നു വരുന്ന ഒരു കമ്യൂണിസ്റ്റ് ആണു ഞാൻ. ഫ്രാൻസിസ് മാർപാപ്പ അതു കേട്ടു പുഞ്ചിരിച്ചു. അദ്ദേഹം കൊന്ത സമ്മാനം തന്നു. ഞാൻ കാൾ മാർക്സിന്റെ ദാസ് ക്യാപിറ്റൽ സമ്മാനിച്ചു'- വർഷങ്ങൾക്കു മുൻപു ഫ്രാൻസിസ് മാർപാപ്പയുമായി നടത്തിയ കൂടിക്കാഴ്ച മന്ത്രി പി. രാജീവ് അനുസ്മരിച്ചു. മാർപാപ്പയാകും മുൻപ് അർജന്റീനയിലെ വിമോചന സമരങ്ങളോടു തനിക്കുണ്ടായിരുന്ന പിന്തുണ അദ്ദേഹം പങ്കുവച്ചു. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തടിച്ചുകൂടിയ വിശ്വാസികളോടു, കേരളത്തിലെ പ്രളയബാധിതർക്കു വേണ്ടി അദ്ദേഹം സംസാരിക്കുകയും സഹായിക്കാൻ അഭ്യർഥിക്കുകയും ചെയ്തതായി രാജീവ് പറഞ്ഞു.

പാവങ്ങളെ ഉൾക്കൊള്ളാൻ പഠിപ്പിച്ച പാപ്പ: ബിനോയ് വിശ്വം

തൃശൂർ ● ആഗോള കത്തോലിക്കാ സഭയുടെ തലവന്മാരിൽ വ്യത്യസ്തനായിരുന്നു ഫ്രാൻസിസ് മാർപാപ്പയെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. ആഗോളവൽക്കരണ കാലത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ വെല്ലുവിളികളോടു പ്രതികരിച്ച രീതി തന്നെയാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്.

മാർപാപ്പയുടെ സേവനം ലോകം എന്നും സ്മരിക്കും: രാജീവ് ചന്ദ്രശേഖർ

തൃശൂർ ● ഫ്രാൻസിസ് മാർപാപ്പയുടെ നിര്യാണത്തിൽ ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ദുഃഖം രേഖപ്പെടുത്തി. മാനവരാശിയുടെ അഭിവൃദ്ധിക്കായി ജീവിതം ഉഴിഞ്ഞുവച്ച ഫ്രാൻസിസ് മാർപാപ്പയുടെ സേവനങ്ങൾ ലോകം എന്നും സ്മരിക്കുമെന്ന് അദ്ദേഹം അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മാർപാപ്പയുടെ പ്രവർത്തനങ്ങൾ വിലമതിക്കാനാവാത്തത്: കാന്തപുരം

കോഴിക്കോട്● അഭയാർഥികൾക്കും ന്യൂനപക്ഷങ്ങൾക്കും വേണ്ടിയുള്ള ഇടപെടലുകൾ, മതസൗഹാർദത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ, യുദ്ധങ്ങൾക്കെതിരായ നിലപാടുകൾ ഉൾപ്പെടെ ഫ്രാൻസിസ് മാർപാപ്പ നടത്തിയ മാനുഷികവും സാമൂഹികവുമായ പ്രവർത്തനങ്ങൾ വിലമതിക്കാനാവാത്തതും എക്കാലവും ഓർക്കപ്പെടുന്നതുമാണെന്ന് ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി.അബൂബക്കർ മുസല്യാർ. അറബ് സമൂഹവുമായും മുസ്‌ലിം ജനതയുമായും വളരെ അടുത്ത ബന്ധം പുലർത്തിയിരുന്ന അദ്ദേഹം സേവനകാലം മാനവനന്മയ്ക്കായി ഉപയോഗപ്പെടുത്തി.

പിന്നിലേക്ക് തള്ളിമാറ്റപ്പെട്ടവരുടെ ആശയും ആശ്രയവും: ശിവഗിരി മഠം

വർക്കല● സമൂഹത്തിന്റെ ഏറ്റവും പിന്നിലേക്ക് തള്ളിമാറ്റപ്പെട്ടവരുടെ ആശയും ആശ്രയവുമായിരുന്നു ഫ്രാൻസിസ് മാർപാപ്പയെന്നു ശിവഗിരി മഠം ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മതത്തെ മാനവികതയുമായി എങ്ങനെ ബന്ധപ്പെടുത്തണമെന്നു തെളിയിച്ച മാതൃകാ പുരുഷനും മത നയതന്ത്രജ്ഞനുമായിരുന്നു. ഗുരുദേവന്റെ സർവ സമന്വയ ദർശനവും മതമീമാംസയും ഉൾക്കൊള്ളുകയും ശിവഗിരി മഠത്തോട് വലിയ ആഭിമുഖ്യം പുലർത്തുകയും ചെയ്ത മാർപാപ്പ ഇക്കഴിഞ്ഞ നവംബറിൽ വത്തിക്കാനിൽ നടന്ന സർവമത സമ്മേളനത്തിൽ പങ്കെടുത്ത് സ്നേഹം പ്രകടിപ്പിച്ചതും ഗുരുവാക്യങ്ങൾ നിർവചിച്ചതും ചരിത്രത്തിന്റെ ഭാഗമാണെന്നു ശുഭാംഗാനന്ദ പറഞ്ഞു.

ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെ അനുശോചിച്ചു

തിരുവനന്തപുരം ● ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തിൽ ഗവർണറും മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെ പ്രമുഖർ അനുശോചിച്ചു. അനുകമ്പയുടെ വിളക്കുമാടമായിരുന്നു ഫ്രാൻസിസ് മാർപാപ്പയെന്നും ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള അനുകമ്പയിൽ ഊന്നിയതായിരുന്നു അദ്ദേഹത്തിന്റെ ജീവിതസന്ദേശമെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു.

മനുഷ്യ സ്നേഹത്തിന്റെയും ലോക സമാധാനത്തിന്റെയും മഹത്തായ സന്ദേശം പ്രചരിപ്പിക്കുന്നതിനായി വ്യക്തിജീവിതവും വൈദിക ജീവിതവും ഒരുപോലെ സമർപ്പിച്ച മാതൃകാ വ്യക്തിത്വത്തിന് ഉടമയായിരുന്നു ഫ്രാൻസിസ് മാർപാപ്പയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. അടിച്ചമർത്തലിനും ചൂഷണത്തിനും വിധേയമാകുന്ന മുഴുവൻ മനുഷ്യവിഭാഗങ്ങളോടും ഐക്യദാർഢ്യം പുലർത്തിയ മനസ്സായിരുന്നു അദ്ദേഹത്തിന്റെതെന്നും മുഖ്യമന്ത്രി പറഞ്ഞു. ക്രിസ്തു പഠിപ്പിച്ച കാരുണ്യത്തിന്റെ വഴികളാണ് മനുഷ്യരാശിയുടെ മോചനത്തിന് അനിവാര്യമെന്ന് വിശ്വസിച്ചിരുന്ന മാർപാപ്പ, പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്തു നിർത്തുന്ന ദൈവകരത്തിന്റെ ഉടമ കൂടിയായിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. ഹൃദയം മുറിക്കുന്ന വാളാകാൻ മാത്രമല്ല, മുറിവുണക്കുന്ന മരുന്നാകാനും വാക്കുകൾക്ക് കഴിയുമെന്ന സന്ദേശം അവസാന നിമിഷങ്ങളിൽ പോലും പകർന്നു നൽകിയാണ് ഫ്രാൻസിസ് മാർപാപ്പയുടെ മടക്കയാത്രയെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ എംപി അഭിപ്രായപ്പെട്ടു.

പരിഹാസവുമായി സുപ്രീം കോടതി

'ആരോപണ വിധേയർ'ക്ക് ഉത്തരവിടാനാകുമോ?

▸▸ ബംഗാളിൽ രാഷ്ട്രപതി ഭരണം വേണമെന്ന ഹർജി ഇന്നു പരിഗണിക്കും

മനോരമ ലേഖകൻ

ന്യൂഡൽഹി ● സർക്കാരിന്റെ അധികാരത്തിൽ കൈകടത്തിയെന്ന് ആരോപണവിധേയരായ തങ്ങൾ എങ്ങനെ രാഷ്ട്രപതി ഭരണത്തിന് ഉത്തരവിടുമെന്നു സുപ്രീം കോടതിയുടെ മുനവച്ച ചോദ്യം. മുർഷിദാബാദ് കലാപം നിയന്ത്രിക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടതിനാൽ ബംഗാളിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തണമെന്ന ഹർജി പരിഗണിക്കുമ്പോഴായിരുന്നു കോടതിയുടെ പരിഹാസം. ഹർജികൾ കോടതി ഇന്നു പരിഗണിക്കും.

ബില്ലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിനു ഗവർണർമാർക്കും രാഷ്ട്രപതിക്കും സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവും വഖഫ് നിയമം ചോദ്യം ചെയ്തുള്ള ഹർജികളിലെ ഇടപെടലും ചൂണ്ടിക്കാട്ടിയാണ് സുപ്രീം കോടതിക്കെതിരെ ബിജെപിയും മറ്റും വിമർശനം നടത്തിയത്.

കോടതി സൂപ്പർ പാർലമെന്റായി പ്രവർത്തിക്കുകയാണെന്ന വിമർശനം ഉപരാഷ്ട്രപതി ജഗദീപ് ധൻകറും വിമർശിച്ചിരുന്നു.

ബംഗാളിൽ ഇടപെടാൻ കേന്ദ്ര സർക്കാരിനോട് നിർദേശിക്കണമെന്നാണ് ഹർജി. അഭിഭാഷകനായ വിഷ്ണു ശങ്കർ ജെയിനാണ് ജഡ്ജിമാരായ ബി.ആർ. ഗവായി, എ.ജി. മസി എന്നിവരുടെ ബെഞ്ചിൽ വിഷയം ഉന്നയിച്ചത്.

'പാർലമെന്റിലും എക്സിക്യൂട്ടിവിലും ഞങ്ങൾ കടന്നു കയറുന്നതായി ഇപ്പോൾ തന്നെ ആരോപണമുണ്ട്. അപ്പോൾ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തണമെന്ന ഹർജിയിൽ എങ്ങനെ ഇടപെടും'- കോടതി ചോദിച്ചു.

ഉത്തരക്കടലാസ് കാണാതായ സംഭവം: രണ്ടാമത്തെ പുനഃപരീക്ഷ ഇന്ന്

തിരുവനന്തപുരം● മൂന്നാം സെമസ്റ്റർ എംബിഎ ഉത്തരക്കടലാസുകൾ കാണാതായ സംഭവത്തെ തുടർന്നു കേരള സർവകലാശാല നടത്തുന്ന രണ്ടാമത്തെ പുനഃപരീക്ഷ ഇന്നു നടക്കും.

'കൈക്കൂലി: ഉദ്യോഗസ്ഥന് ബാങ്കുമായി നേരിട്ടു ബന്ധമില്ല'

കൊച്ചി● കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസിന്റെ പിടിയിലായ ഉദ്യോഗസ്ഥന് കാനറ ബാങ്കുമായി നേരിട്ടു ബന്ധമില്ലെന്നു ബാങ്ക് അധികൃതർ. 50,000 രൂപ കൈക്കൂലി വാങ്ങുന്നതിനിടെ കൊല്ലം സ്വദേശി കെ. സുധാകരനെ ചിന്നക്കടയിലെ വീട്ടിൽനിന്നാണ് എറണാകുളം വിജിലൻസ് സംഘം പിടികൂടിയത്. ഓഡിറ്റ് ആവശ്യങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ നിയോഗിച്ച കൺകറന്റ് ഓഡിറ്റർ മാത്രമാണു സുധാകരനെന്നും അറിയിച്ചു.

ഐബി ഉദ്യോഗസ്ഥയുടെ മരണം:

സുകാന്തിനെ പിരിച്ചുവിട്ടു



സുകാന്ത്

മനോരമ ലേഖകൻ

തിരുവനന്തപുരം ● ഇന്റലിജൻസ് ബ്യൂറോ (ഐബി) ഉദ്യോഗസ്ഥ ട്രെയിൻതട്ടി മരിച്ച സംഭവത്തിൽ സുഹൃത്തും സഹപ്രവർത്തകനുമായ സുകാന്തിനെ ഐബിയിൽ നിന്നു പിരിച്ചുവിട്ടു. പ്രതിസ്ഥാനത്തുള്ള സുകാന്തിനെക്കുറിച്ചുള്ള പൊലീസിന്റെ വിശദ റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഐബിയുടെ നടപടി. യുവതിയുടെ മരണത്തിനു പിന്നാലെ കുടുംബാംഗങ്ങൾക്കൊപ്പം ഒളിവിൽ പോയ സുകാന്തിനായുള്ള തിരച്ചിൽ പൊലീസ് തുടരുകയാണ്.

യുവതിയെ സുകാന്ത് ലൈംഗികമായും സാമ്പത്തികമായും ചൂഷണം ചെയ്തെന്നാണ് പൊലീസ് റിപ്പോർട്ട്. ഇതെത്തുടർന്ന് ഐബി വകുപ്പുതല അന്വേഷണവും നടത്തി. നെടുമ്പാശേരി വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗം ഉദ്യോഗസ്ഥനാണ് സുകാന്ത്.

കഴിഞ്ഞ മാസം 24നാണു ചാക്ക റെയിൽവേ ട്രാക്കിൽ ട്രെയിൻ തട്ടി മരിച്ച നിലയിൽ യുവതിയെ കണ്ടെത്തിയത്.

യുവതിയുമായി അടുപ്പത്തിലായിരുന്ന സുകാന്ത് വിവാഹത്തിൽ നിന്നു പിന്മാറിയതിന്റെയും ഗർഭച്ഛിദ്രം നടത്തിയതിന്റെയും വിശദാംശങ്ങൾ പൊലീസിനു ലഭിച്ചിരുന്നു. ഇരുവരും തമ്മിലുള്ള വാട്സാപ് ചാറ്റ്, ഗർഭഛിദ്രം നടത്തിയതു സംബന്ധിച്ച ആശുപത്രി രേഖകൾ എന്നിവ സുകാന്തിനെതിരായ ശക്തമായ തെളിവുകളായി. യുവതിയുടെ ബാങ്ക് അക്കൗണ്ടിൽ നിന്നു സുകാന്തിന്റെ അക്കൗണ്ടിലേക്കു പണം കൈമാറിയതിന്റെ രേഖകളും ലഭിച്ചു.

വഖഫ് ബോർഡിന്റെ മറുപടി സുപ്രീം കോടതിയിൽ നൽകും

കൊച്ചി ● വഖഫ് നിയമഭേദഗതിക്കെതിരെ നൽകിയ ഹർജികളിൽ സംസ്ഥാന വഖഫ് ബോർഡിന്റെ മറുപടി സുപ്രീം കോടതിയിൽ നൽകും. സുപ്രീം കോടതി നിർദേശത്തെ തുടർന്നാണു നടപടി. കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാരുകൾ, വഖഫ് ബോർഡുകൾ എന്നിവയുടെ പ്രാഥമികമായ മറുപടി/പ്രതികരണം ഒരാഴ്ചയ്ക്കുള്ളിൽ നൽകാമെന്നു സുപ്രീം കോടതി 17 നു വ്യക്തമാക്കിയിരുന്നു. 24 നു മുൻപു നൽകാനായിരുന്നു നിർദേശം. തുടർന്ന് മറുപടി സുപ്രീം കോടതിയിൽ നൽകാനായി ഡൽഹിയിൽ അഭിഭാഷകനെ ഏർപ്പിച്ചെന്നു സംസ്ഥാന വഖഫ് ബോർഡ് ചെയർമാൻ എം.കെ. സക്കീർ വ്യക്തമാക്കി.

മുസ്‌ലിംകളല്ലാത്തവർ വഖഫ് ബോർഡിൽ: ന്യായീകരിച്ച് ബിജെപി

ന്യൂഡൽഹി● വഖഫിന്റെ പേരിൽ ഒട്ടേറെ ഹിന്ദുക്കളുടെ ഭൂമി കയ്യേറിയിട്ടുണ്ടെന്നും അവരുടെ പരാതി കേൾക്കാനാണു വഖഫ് ബോർഡിൽ മുസ്‌ലിംകളല്ലാത്ത 2 പേരെ ഉൾപ്പെടുത്തിയതെന്നും രാധാമോഹൻദാസ് അഗർവാൾ എംപി.

വഖഫ് സ്വത്തുക്കളുടെ നടത്തിപ്പിൽ എല്ലാവരെയും പങ്കാളികളാക്കുകയെന്ന വിശാല കാഴ്ചപ്പാടാണു മുസ്‌ലിംകളല്ലാത്തവരെയും വഖഫ് ബോർഡിൽ ഉൾപ്പെടുത്താനുള്ള കാരണമായി സംയുക്ത പാർലമെന്ററി സമിതി പറഞ്ഞിരുന്നത്.

ഇതിൽ നിന്നു വ്യത്യസ്തമായ അഭിപ്രായമാണിത്. വഖഫ് നിയമഭേദഗതി സംബന്ധിച്ചു രാജ്യമാകെ ബോധവത്കരണം നടത്താൻ ബിജെപി നിയോഗിച്ച നാലംഗ സമിതിയുടെ തലവൻ കൂടിയാണ് രാധാമോഹൻദാസ് അഗർവാൾ.

സുപ്രീം കോടതിയുടെ അന്തിമ വിധി, വഖഫ് നിയമഭേദഗതിക്ക് എതിരാകുമെന്നു കരുതുന്നില്ല. വഖഫ് നിയമഭേദഗതിയുടെ പേരിൽ ചില നേതാക്കൾ മുസ്‌ലിംകൾക്കിടയിൽ നടത്തുന്ന വ്യാജ പ്രചാരണത്തെ നേരിടുകയാണു ബിജെപി പ്രചാരണത്തിന്റെ ലക്ഷ്യം- രാധാമോഹൻദാസ് അഗർവാൾ പറഞ്ഞു.



ബിജെപിയുടെ 'വികസിത കേരളം' തൃശൂർ സിറ്റി ജില്ലാ കൺവൻഷൻ ഉദ്ഘാടനം ചെയ്യാൻ എത്തിയ സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിനെ പ്രവർത്തകർ മാല അണിയിച്ച് സ്വീകരിക്കുന്നു. ബിജെപി ജില്ലാ പ്രസിഡന്റ് ജസ്റ്റിൻ ജേക്കബ്, ശോഭ സുരേന്ദ്രൻ, ബി.ഗോപാലകൃഷ്ണൻ എന്നിവർ സമീപം. ചിത്രം: മനോരമ

100 രൂപ വേതനം കൂട്ടാത്തവർ 100 കോടിയുടെ വാർഷികം നടത്തുന്നു: രാജീവ് ചന്ദ്രശേഖർ

തൃശൂർ ● ആശ വർക്കർമാർക്കും അങ്കണവാടി ജീവനക്കാർക്കും നൂറു രൂപ വേതനം വർധിപ്പിക്കാൻ കഴിയാത്ത, കടംവാങ്ങാതെ മുന്നോട്ടുപോകാൻ കഴിയാത്ത സംസ്ഥാന സർക്കാരാണ് 100 കോടി രൂപ ചെലവിൽ വാർഷികാഘോഷം സംഘടിപ്പിക്കുന്നതെന്നു ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി.

വികസിത കേരളം കൺവൻഷനുകൾക്കു തൃശൂരിൽ തുടക്കമിടുകയായിരുന്നു അദ്ദേഹം.നരേന്ദ്ര മോദി സർക്കാർ കൊണ്ടുവരുന്ന മാറ്റം ലോകം മുഴുവൻ ചർച്ച ചെയ്യുകയും ഇന്ത്യയ്ക്കു ബഹുമാനം ലഭിക്കുകയും ചെയ്യുന്നു. എന്നാൽ, കേരളത്തിലെ സ്ഥിതിക്കു മാത്രം മാറ്റമില്ല. കെഎസ്ആർടിസി ജീവനക്കാർക്കു ശമ്പളമില്ല. ആശാവർക്കർമാർ മാസങ്ങളായി സമരത്തിലാണ്. ദേശീയപാതയുടെ നിർമാണം മാത്രമാണ് ആകെ എടുത്തു പറയാനുള്ളത്. അതാണെങ്കിൽ കേന്ദ്രസർക്കാർ നടത്തുന്നതുമാണ്. മാറ്റം ആഗ്രഹിച്ച ജനങ്ങൾക്കു മോദി മാറ്റം നൽകി. വികസിത ഭാരതം ഉണ്ടാകുമ്പോൾ വികസിത കേരളവും ഉണ്ടാകണം. നാട്ടിൽ മാറ്റം കൊണ്ടുവരാൻ കഴിയുന്ന ഒരേയൊരു പാർട്ടി ഏതാണെന്നു കേരളം തിരിച്ചറിയണമെന്നും രാജീവ് ചന്ദ്രശേഖർ തൃശൂരിലെയും കൊടുങ്ങല്ലൂരിലെയും കൺവൻഷനുകളിൽ പറഞ്ഞു.

തമിഴ്നാട്ടിലും കർണാടകയിലുമെല്ലാം വൻ കമ്പനികൾ നിക്ഷേപം നടത്തുന്നു. കേരളത്തിന്റെ അതിർത്തി കടന്ന് ഇവരാരും നിക്ഷേപവും തൊഴിലവസരങ്ങളുമായി വരുന്നില്ല. കേരളത്തിനു നഷ്ടപ്പെട്ട വർഷങ്ങൾ തിരിച്ചു പിടിക്കണം. മുനമ്പം പ്രദേശത്തെ 610 കുടുംബങ്ങളുടെ പ്രശ്നങ്ങൾ 35 വർഷമായി എൽഡിഎഫ് - യുഡിഎഫ് സർക്കാരുകൾ പരിഹരിച്ചില്ല. വോട്ട് ബാങ്ക് രാഷ്ട്രീയം മാത്രമാണ് ഇടതു - വലതു സർക്കാരുകൾ ശ്രദ്ധിച്ചത്. ബിജെപി ഇതിനു പരിഹാരം ഉണ്ടാക്കുമെന്നു സംസ്ഥാന പ്രസിഡന്റ് പറഞ്ഞു.

മുൻ ഡിജിപിയുടെ കൊലപാതകം

കുത്തിയത് കറിക്കത്തി കൊണ്ട്

മനോരമ ലേഖകൻ

ബെംഗളൂരു● മുൻ ഡിജിപി ഓംപ്രകാശിനെ (68) ഭാര്യ പല്ലവി കൊലപ്പെടുത്തിയതിനു കാരണം വസ്തു തർക്കമാണെന്ന് സൂചന. സഹോദരിക്ക് വസ്തു എഴുതിക്കൊടുത്ത നടപടിയെ എതിർത്ത പല്ലവി മകൻ കാർത്തികേശിന്റെ പേരിൽ സ്ഥലം വാങ്ങിയതിനെയും ചോദ്യം ചെയ്തിരുന്നു. ഓംപ്രകാശിന്റെ അവിഹിത ബന്ധത്തെച്ചൊല്ലിയും വഴക്ക് പതിവായിരുന്നു. സഹോദരിക്ക് നൽകിയ ഭൂമി തന്റെ പേരിലാക്കാൻ പല്ലവി നിരന്തരം സമ്മർദം ചെലുത്തിയെന്നും പൊലീസ് പറഞ്ഞു. ബെംഗളൂരുവിൽ ഉൾപ്പെടെ കുടുംബത്തിന് കോടിക്കണക്കിനു രൂപയുടെ സ്വത്തുണ്ട്. വസ്തു തർക്കത്തിൽ ഓംപ്രകാശിനെതിരെ കേസ് എടുക്കാതിരുന്നതിൽ പ്രതിഷേധിച്ച് നേരത്തേ പല്ലവി പൊലീസ് സ്റ്റേഷനു മുന്നിൽ ധർണ നടത്തിയിട്ടുണ്ട്. ഞായറാഴ്ച ഊണ് കഴിക്കുന്നതിനിടെ തർക്കമുണ്ടായപ്പോൾ മുഖത്ത് മുളകുപൊടി വിതറിയ ശേഷം കറിക്കത്തി കൊണ്ട് വയറ്റിലും കഴുത്തിലും പല്ലവി 10 തവണ കുത്തിയെന്ന് പൊലീസ് പറയുന്നു. മകൾ കൃതി വീട്ടിലുണ്ടായിരുന്നെങ്കിലും അവരുടെ പങ്ക് വ്യക്തമല്ല. പല്ലവി 12 വർഷമായി സ്കീസോഫ്രീനിയ രോഗത്തിന് മരുന്ന് കഴിക്കുന്നുണ്ടെന്ന് മകൻ കാർത്തികേഷ് നൽകിയ പരാതിയിലുണ്ട്. ഭർത്താവ് കൊലപ്പെടുത്താൻ ശ്രമിക്കുന്നെന്ന് ആരോപിച്ച് നിരന്തരം വഴക്കുണ്ടാക്കിയിരുന്നു. മാനസിക അസ്വാസ്ഥ്യമുള്ള കൃതിയും അമ്മയെ പിന്തുണച്ചു.

WORLD WIDE

വെടിനിർത്തിയിട്ടും റഷ്യ യുക്രെയ്നിനെ ആക്രമിച്ചു, 3 മരണം

കീവ് ● റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിൻ പ്രഖ്യാപിച്ച ഈസ്റ്റർദിന വെടിനിർത്തൽ അപ്രസക്തമാക്കി യുക്രെയ്നിൽ റഷ്യ നടത്തിയ ആക്രമണത്തിൽ 3 പേർ കൊല്ലപ്പെട്ടു. ഹേഴ്സൻ, മിക്കോലൈവ് പ്രദേശങ്ങളിൽ നടത്തിയ മിസൈൽ ആക്രമണത്തിലാണ് ആളപായമുണ്ടായത്. ഞായറാഴ്ച അർധരാത്രിക്കു ശേഷം രാജ്യത്തിന്റെ വിവിധ മേഖലകളിൽ നൂറോളം ഡ്രോൺ ആക്രമണം ഉണ്ടായെന്ന് യുക്രെയ്ൻ പറഞ്ഞു.

ഈസ്റ്ററിനോട് അനുബന്ധിച്ച് 30 മണിക്കൂർ വെടിനിർത്തലാണു പുട്ടിൻ പ്രഖ്യാപിച്ചിരുന്നത്. ഇതേസമയം, യുക്രെയ്നിന് നാറ്റോ അംഗത്വം നൽകരുതെന്ന യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ നിലപാട് സംതൃപ്തി നൽകുന്നതായി റഷ്യ പ്രതികരിച്ചു.

യുഎസിൽ വീണ്ടും 'സിഗ്നൽ' ചോർച്ച

വാഷിങ്ടൻ ● യുഎസ് ഭരണകൂടത്തെ ഉലച്ച് വീണ്ടും 'സിഗ്നൽ' ആപ് വിവാദം. യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത് ഭാര്യയും സഹോദരനുമടങ്ങുന്ന ഗ്രൂപ്പിൽ, മാർച്ചിൽ ഹൂതികൾക്കെതിരെ നടന്ന വ്യോമാക്രമണത്തിന്റെ വിശദാംശങ്ങൾ പങ്കുവച്ചെന്നാണു വെളിപ്പെടുത്തൽ. ട്രംപ് ഭരണകൂടത്തിലെ പ്രമുഖരടക്കം 13 പേർ 'ഡിഫൻസ് ടീം ഹഡിൽ' എന്നു പേരുള്ള ഈ ഗ്രൂപ്പിലുണ്ടായിരുന്നു. ഇതൊരു വാർത്തയേ അല്ലെന്നായിരുന്നു വൈറ്റ് ഹൗസിന്റെ പ്രതികരണം. പെന്റഗണിലെ മുൻ ജീവനക്കാർ വ്യാജ അവകാശവാദങ്ങൾ പ്രചരിപ്പിക്കുകയാണെന്നും ആരോപിച്ചു.

നേരത്തെ ഹൂതികളെ ആക്രമിക്കുന്ന വിവരം സിഗ്നൽ ആപ്പിൽ പങ്കുവച്ച ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൾട്സിനെതിരെ വിമർശനം ഉയർന്നിരുന്നു. അറ്റ്ലാന്റിക് മാഗസിൻ പത്രാധിപർ ജെഫ്രി ഗോൾഡ്ബർഗിനെ ഗ്രൂപ്പിലേക്ക് അബദ്ധത്തിൽ ചേർത്തതോടെയാണ് ഇക്കാര്യം പുറത്തായത്. രഹസ്യവിവരം ചോർന്നതിൽ ഇസ്രയേൽ പരാതി അറിയിച്ചിരുന്നു.

മോദി ഇന്ന് സൗദിയിൽ

ജിദ്ദ●പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സൗദി സന്ദർശനത്തിന് ഇന്ന് തുടക്കം. ആറു വർഷത്തിനു ശേഷം സൗദിയിൽ എത്തുന്ന മോദിയെ സൗദി കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ ജിദ്ദയിൽ സ്വീകരിക്കും. പ്രതിരോധം, ഊർജം, വ്യാപാരം, നിക്ഷേപം, സമുദ്ര സുരക്ഷ തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതും ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴിയെക്കുറിച്ചും ഇരുനേതാക്കളും ചർച്ച ചെയ്യും. പശ്ചിമേഷ്യയിലെ സവിശേഷ രാഷ്ട്രീയ സാഹചര്യം, ഇസ്രയേൽ-പലസ്തീൻ, റഷ്യ-യുക്രെയ്ൻ സംഘർഷം, യെമൻ പ്രതിസന്ധി എന്നിവയും സ്വകാര്യ ഹജ് ക്വോട്ട വെട്ടിക്കുറച്ചതും ചർച്ച ചെയ്തേക്കും.

ഹൈക്കോടതി സ്റ്റേ: മുനമ്പം കേസിലെ വാദം കേൾക്കൽ മാറ്റി

മനോരമ ലേഖിക

കോഴിക്കോട് ● അന്തിമ വിധി പറയുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തതോടെ മുനമ്പം കേസിൽ വാദം കേൾക്കുന്നത് വഖഫ് ട്രൈബ്യൂണൽ മാറ്റിവച്ചു. മേയ് 26 വരെ ഹൈക്കോടതി സ്റ്റേ നിലനിൽക്കെ മേയ് 19നു ട്രൈബ്യൂണലിൽ നിന്നു സ്ഥലം മാറി പോകുന്ന താൻ വാദം കേൾക്കുന്നതിൽ യുക്തിയില്ലെന്നു ചൂണ്ടിക്കാട്ടിയാണു വഖഫ് ട്രൈബ്യൂണൽ ചെയർമാൻ രാജൻ തട്ടിൽ വാദം കേൾക്കുന്നത് മേയ് 27ലേക്കു നീട്ടിവച്ചത്.

ഫാറൂഖ് കോളജിന്റെ മുനമ്പത്തെ ഭൂമി വഖഫല്ലെന്നും ഭൂമി വഖഫ് ബോർഡ് ഏറ്റെടുത്തത് നിയമവിരുദ്ധമാണെന്നും ചൂണ്ടിക്കാട്ടി ഫാറൂഖ് കോളജ് സമർപ്പിച്ച 2 ഹർജികളിലാണ് ഇപ്പോൾ ട്രൈബ്യൂണൽ വാദം കേൾക്കുന്നത്. ഈ കേസിന്റെ വാദത്തിനിടെ, പറവൂർ കോടതിയിൽ മുൻപ് ഫാറൂഖ് കോളജ് നൽകിയ കേസിന്റെ രേഖകൾ വഖഫ് ട്രൈബ്യൂണൽ വിളിച്ചു വരുത്തണമെന്നു വഖഫ് ബോർഡ് ഹർജി നൽകിയിരുന്നു. എന്നാൽ ഹർജി ട്രൈബ്യൂണൽ തള്ളി. ഇതിനെതിരെ ബോർഡ് നൽകിയ അപ്പീലിലാണ് മേയ് 26 വരെ കേസിൽ അന്തിമ വിധി പറയുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തത്. ഇന്നലെ ട്രൈബ്യൂണൽ മുൻപാകെ കേസ് എത്തിയപ്പോൾ തന്നെ ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇനി വാദം കേൾക്കുന്നതിൽ കാര്യമില്ലെന്നും പുതിയ ജഡ്ജി വാദം കേട്ട് വിധി പറയട്ടെ എന്നും രാജൻ തട്ടിൽ ചൂണ്ടിക്കാട്ടി. വഖഫ് ബോർഡ് സ്പെഷൽ പ്രോസിക്യൂട്ടർ ഉൾപ്പെടെ ഇത് അംഗീകരിച്ചെങ്കിലും ട്രൈബ്യൂണൽ മുൻപാകെയുള്ള രണ്ടു ഹർജികളിൽ ഒന്നിൽ മാത്രമാണ് സ്റ്റേ ഉള്ളതെന്നും മറ്റേതിൽ വാദം തുടരാമെന്നും ചില കക്ഷികളുടെ ഭാഗത്തു നിന്ന് ആവശ്യമുണ്ടായി. എന്നാൽ ഹർജികളിൽ തിരക്കുപിടിച്ച് തീർപ്പു കൽപിക്കണമെന്ന് ആർക്കും താൽപര്യം കാണുന്നില്ലെന്നും തിരക്കുപിടിച്ച് വാദം കേൾക്കേണ്ട സാഹചര്യമില്ലെന്നും ചെയർമാൻ രാജൻ തട്ടിൽ അഭിപ്രായപ്പെട്ടു.

നെഞ്ചുവേദന: ആനന്ദബോസ് ആശുപത്രിയിൽ

കൊൽക്കത്ത ● ബംഗാൾ ഗവർണർ ഡോ.സി.വി.ആനന്ദബോസിനെ നെഞ്ചു വേദനയെത്തുടർന്ന് ഈസ്റ്റേൺ കമാൻഡ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് അധികൃതർ അറിയിച്ചു.

മുർഷിദാബാദിലെ കലാപമേഖല സന്ദർശിച്ചെത്തിയ ഗവർണറെ ഇന്നലെ രാവിലെ 10ന് ആണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. മുഖ്യമന്ത്രി മമത ബാനർജി ഗവർണറെ ആശുപത്രിയിൽ സന്ദർശിച്ചു.

വെഞ്ഞാറമൂട് കൂട്ടക്കൊല: കുറ്റപത്രം വൈകുന്നു

മനോരമ ലേഖകൻ

വെഞ്ഞാറമൂട് ● ഉറ്റബന്ധുക്കളെയും സുഹൃത്തിനെയുമടക്കം 5 പേരെ കൊലപ്പെടുത്തിയ വെഞ്ഞാറമൂട് കൂട്ടക്കൊലപാതകവുമായി ബന്ധപ്പെട്ട് പൊലീസ് തയാറാക്കുന്നത് 6000 പേജിലധികമുള്ള കുറ്റപത്രം.

60 ദിവസത്തിനകം കുറ്റപത്രം സമർപ്പിക്കാനായിരുന്നു ലക്ഷ്യമെങ്കിലും നീണ്ടുപോവുകയാണ്.

മൊഴികളുടെയും സാഹചര്യ തെളിവുകളുടെയും ബാഹുല്യവും വിവിധ റിപ്പോർട്ടുകൾ ലഭിക്കാനുള്ള കാലതാമസവുമാണു കുറ്റപത്രം വൈകാൻ കാരണം.

അഫാന്റെ പിതാവിൽനിന്ന് പണം തട്ടാൻ ശ്രമം

കൂട്ടക്കൊലക്കേസ് പ്രതി അഫാന്റെ പിതാവ് റഹീമിൽ നിന്നു പണം തട്ടിയെടുക്കാൻ അജ്ഞാതന്റെ ശ്രമം. കുടുംബത്തിന്റെ കടം തീർക്കാൻ 3 ലക്ഷം രൂപ നൽകാമെന്നറിയിച്ച്, 4 ദിവസം മുൻപ് യുഎഇയിൽ താമസിക്കുന്ന ആളെന്നു സ്വയം പരിചയപ്പെടുത്തിയ വ്യക്തിയാണ് റഹീമിന് വാട്സാപ് സന്ദേശം അയച്ചത്. നിലവിൽ നേപ്പാളിലാണെന്നും നാട്ടിലെത്തിയാൽ പണം നേരിൽ എത്തിക്കാമെന്നുമായിരുന്നു സന്ദേശം. മുംബൈയിൽ എത്തിയെന്നും കോഴിക്കോട്ടെത്താൻ 6000 രൂപ ആവശ്യമുണ്ടെന്നുമറിയിച്ച് പിറ്റേന്ന് അടുത്ത സന്ദേശമെത്തി.സംശയം തോന്നിയ റഹീം സുഹൃത്തുക്കളെ വിവരമറിയിച്ചു. ഒരു മണിക്കൂറിനു ശേഷം തുക അയയ്ക്കാം എന്ന് അറിയിച്ചതിനു പിന്നാലെ ഇയാൾ മുൻപ് അയച്ച സന്ദേശങ്ങളെല്ലാം ഡിലീറ്റ് ചെയ്തു. തുടർന്ന്, റഹീമിന്റെ നമ്പർ ബ്ലോക്ക് ചെയ്ത് മുങ്ങി.

ഗാലറി അപകടം: സംഘാടകർക്ക് എതിരെ കേസ്; പരുക്കേറ്റവർ 56

മനോരമ ലേഖകൻ

കോതമംഗലം ● പല്ലാരിമംഗലം പഞ്ചായത്തിലെ അടിവാട് ഫുട്ബോൾ ടൂർണമെന്റിനിടെ താൽക്കാലിക ഗാലറി തകർന്നുണ്ടായ അപകടത്തിൽ സംഘാടകർക്കെതിരെ പോത്താനിക്കാട് പൊലീസ് കേസെടുത്തു. സുരക്ഷാ ക്രമീകരണങ്ങളുടെ അഭാവത്തിൽ മത്സരം സംഘടിപ്പിച്ചതിനാണു കേസ്. പരുക്കേറ്റ 56 പേരാണു കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ, മുതലക്കോടം, കോലഞ്ചേരി, ആലുവ എന്നിവിടങ്ങളിലെ ആശുപത്രികളിൽ ചികിത്സ തേടിയത്. ആർക്കും ഗുരുതര പരുക്കില്ല. 7 പേരൊഴികെ മറ്റുള്ളവർ ആശുപത്രി വിട്ടു.

അടിവാട് ഹീറോ യങ്സ് ക്ലബ്, മാലിക് ദീനാർ സ്കൂൾ ഗ്രൗണ്ടിൽ സംഘടിപ്പിച്ച അഖില കേരള സെവൻസ് ഫുട്ബോൾ ടൂർണമെന്റ് ഫൈനൽ തുടങ്ങുന്നതിനു തൊട്ടുമുൻപു ഞായറാഴ്ച രാത്രി 10.05 നായിരുന്നു അപകടം. ഗ്രൗണ്ടിന്റെ 3 വശങ്ങളിൽ 7 തട്ടുകളായി മരവും ഇരുമ്പും ഉപയോഗിച്ചാണു ഗാലറി തീർത്തിരുന്നത്. ഇതിൽ പടിഞ്ഞാറുവശത്തു ഗോൾ പോസ്റ്റിനു പിന്നിൽ സ്ഥാപിച്ച ഗാലറിയാണു തകർന്നുവീണത്.

മഴ പെയ്തതോടെ മണ്ണു കുതിർന്നു വടക്കുവശത്തെ തൂണുകൾ താഴ്ന്ന് ഗാലറി ഇരുന്നപ്പോൾ കാണികൾ തെക്കുവശത്തേക്കു മാറി. ഇതോടെ ഗാലറി തെക്കോട്ടു ചരിഞ്ഞു വീഴുകയായിരുന്നെന്നു പൊലീസ് പറഞ്ഞു.

സിപിഎം ജില്ലാ സെക്രട്ടേറിയറ്റായി

5 പുതുമുഖങ്ങൾ

മനോരമ ലേഖകൻ

തിരുവനന്തപുരം ● സിപിഎം ജില്ലാ സെക്രട്ടേറിയറ്റിൽ 5 പുതുമുഖങ്ങൾ. സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദന്റെ സാന്നിധ്യത്തിൽ ചേർന്ന ജില്ലാ കമ്മിറ്റി യോഗമാണ് 12 അംഗ സെക്രട്ടേറിയറ്റിനെ തിരഞ്ഞെടുത്തത്. എംഎൽഎമാരായ സി.കെ.ഹരീന്ദ്രൻ, ഐ.ബി.സതീഷ്, മുൻ ഏരിയ സെക്രട്ടറിമാരായ സി.ലെനിൻ (വഞ്ചിയൂർ), പി.എസ്.ഹരികുമാർ(കോവളം), മുൻ എംഎൽഎ ബി.സത്യൻ എന്നിവരാണ് സെക്രട്ടേറിയറ്റിലെ പുതിയ അംഗങ്ങൾ. ജില്ലാ സെക്രട്ടറി വി.ജോയി, സി.അജയകുമാർ, എൻ.രതീന്ദ്രൻ, ബി.പി.മുരളി, ആർ.രാമു, കെ.എസ്.സുനിൽകുമാർ, ജി.പുഷ്പലത എന്നിവർ തുടരും.

മുതിർന്ന നേതാവും ദീർഘകാലമായി ജില്ലാ സെക്രട്ടേറിയറ്റ് അംഗവുമായ സി.ജയൻബാബുവിനെ സെക്രട്ടേറിയറ്റിൽനിന്ന് ഒഴിവാക്കി. ജയൻബാബു സ്വയം അഭ്യർഥിച്ചത് കണക്കിലെടുത്താണിതെന്ന് എം.വി.ഗോവിന്ദൻ യോഗത്തിൽ അറിയിച്ചു. സംസ്ഥാന കമ്മിറ്റി അംഗമായതോടെ ഡി.കെ.മുരളിയെയും ഒഴിവാക്കി. ആനാവൂർ നാഗപ്പൻ, കെ.സി.വിക്രമൻ, പുത്തൻകട വിജയൻ എന്നിവരുടെ ഒഴിവുകൾ കൂടി നികത്തിയാണ് 5 പുതിയ അംഗങ്ങളെ തിരഞ്ഞെടുത്തത്.

ജില്ലയിൽനിന്നുള്ള സംസ്ഥാന കമ്മിറ്റി അംഗങ്ങൾ സംസ്ഥാന നേതാക്കളുടെ സാന്നിധ്യത്തിൽ ചേർന്നാണ് പാനൽ തയാറാക്കിയത്. കേന്ദ്രകമ്മിറ്റി അംഗമായ സി.എസ്.സുജാത, സെക്രട്ടേറിയറ്റ് അംഗങ്ങളായ പി.കെ.ജയചന്ദ്രൻ, പി.കെ.ബിജു എന്നിവരും പങ്കെടുത്തു.

കെ.ആൻസലൻ എംഎൽഎ, വി.കെ.മധു എന്നിവരുടെ പേരുകൾ ആദ്യ കൂടിയാലോചനകളിൽ ഉയർന്നിരുന്നു. എന്നാൽ ഒരു വിഭാഗം നേതാക്കൾ ഇവരുടെ വരവ് എതിർത്തു. ജില്ലാ സെക്രട്ടേറിയറ്റ് അംഗത്വം പ്രതീക്ഷിച്ച സീനിയർ ജില്ലാ കമ്മിറ്റി അംഗങ്ങളിൽ പലരും അമർഷത്തിലാണ്. പുതിയ അംഗങ്ങളിൽ 2 പേർ 2022 ലെ സമ്മേളന കാലത്ത് മാത്രം ജില്ലാ കമ്മിറ്റി അംഗങ്ങളായവരാണെന്നും അനർഹമായ പ്രമോഷനാണ് ലഭിച്ചതെന്നും ഇവർ പറയുന്നു.



തിരുവനന്തപുരത്ത് നാളെ ഉദ്ഘാടനം ചെയ്യുന്ന പുതിയ എകെജി സെന്റർ കെട്ടിടം.
ചിത്രം: മനോരമ

പുതിയ എകെജി സെന്റർ ഉദ്ഘാടനം നാളെ

▸▸ വൈകിട്ട് 5ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും

തിരുവനന്തപുരം ● സിപിഎമ്മിന്റെ സംസ്ഥാനത്തെ പുതിയ ആസ്ഥാന മന്ദിരമായ പാളയത്തെ എകെജി സെന്റർ നാളെ വൈകിട്ട് 5ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പാർട്ടി ജനറൽ സെക്രട്ടറി എം.എ.ബേബി, സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ, മറ്റു പൊളിറ്റ്ബ്യൂറോ അംഗങ്ങൾ തുടങ്ങി പ്രമുഖ നേതാക്കളെല്ലാം പങ്കെടുക്കും. എൽഡിഎഫ് ഘടകകക്ഷി നേതാക്കളെയും രക്തസാക്ഷികളുടെ കുടുംബാംഗങ്ങളെയും ക്ഷണിച്ചിട്ടുണ്ട്. നിലവിലെ എകെജി സെന്ററിന് എതിർവശത്ത് 31 സെന്റിലാണ് 9 നിലകളും 2 ഭൂഗർഭ പാർക്കിങ് നിലകളുമുള്ള പുതിയ ആസ്ഥാന മന്ദിരം നിർമിച്ചിരിക്കുന്നത്.

പുതിയ കെട്ടിടത്തിൽ നാടമുറിക്കലും ശിലാഫലക അനാഛാദനവും നടത്തുമെങ്കിലും ഉദ്ഘാടന സമ്മേളനം പഴയ എകെജി സെന്ററിലെ ഹാളിലാണ്. പുതിയ ഓഫിസിലേക്ക് പ്രവർത്തനം പൂർണതോതിൽ മാറാൻ സമയമെടുക്കുമെന്നാണു നേതാക്കൾ വ്യക്തമാക്കുന്നത്.

എ.പത്മകുമാറിനെ ഉൾപ്പെടുത്താതെ സിപിഎം ജില്ലാ സെക്രട്ടേറിയറ്റ്

മനോരമ ലേഖകൻ

പത്തനംതിട്ട ● മുതിർന്ന സിപിഎം നേതാവ് എ.പത്മകുമാറിനെ ഉൾപ്പെടുത്താതെ സിപിഎം ജില്ലാ സെക്രട്ടേറിയറ്റ് പുനഃസംഘടിപ്പിച്ചു. സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദന്റെ സാന്നിധ്യത്തിലാണു പുതിയ സെക്രട്ടേറിയറ്റിനെ പ്രഖ്യാപിച്ചത്.

10 അംഗ സെക്രട്ടേറിയറ്റിൽ 9 പേരെയേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഇത് 50 വയസ്സിൽ താഴെയുള്ള ഒരംഗത്തെ ഉൾപ്പെടുത്താനാണെന്നും സൂചനയുണ്ട്.

അടുത്ത ആഴ്ച ചേരുന്ന സിപിഎം സംസ്ഥാന കമ്മിറ്റി പത്മകുമാർ വിഷയം ചർച്ച ചെയ്യും. 32 വർഷമായി ജില്ലാ സെക്രട്ടേറിയറ്റ് അംഗമാണ് പത്മകുമാർ. അച്ചടക്ക നടപടി ഇതിനു ശേഷമാകും പ്രഖ്യാപിക്കുക.

സംസ്ഥാന സമിതിയിൽ ഉൾപ്പെടുത്താത്തതിനെതിരെ സമൂഹ മാധ്യമത്തിലൂടെ പത്മകുമാർ നേതൃത്വത്തിനെതിരെ രൂക്ഷമായ വിമർശനം ഉന്നയിച്ചിരുന്നു.

യുവാക്കളെ പരിഗണിക്കുന്നതിന്റെ ഭാഗമായി കെ.യു.ജനീഷ് കുമാർ എംഎൽഎയെ സെക്രട്ടേറിയറ്റിലേക്കു പരിഗണിക്കുമെന്നു കരുതിയെങ്കിലും അതുണ്ടായില്ല. ഇക്കാര്യത്തിൽ ചില മുതിർന്ന നേതാക്കളുടെ ഇടപെടലുണ്ടായെന്നും ആരോപണമുണ്ട്. 9 ജില്ലാ സെക്രട്ടേറിയറ്റ് അംഗങ്ങളിൽ 6 പേരും 2 ഏരിയ കമ്മിറ്റികളിൽ നിന്നുള്ളവരാണ്.

ഈ പ്രാതിനിധ്യത്തിൽ വിവേചനമുണ്ടെന്ന് ചില നേതാക്കൾക്ക് അമർഷമുണ്ട്. സംസ്ഥാന സമിതിയിലെ പ്രത്യേക ക്ഷണിതാവായ മന്ത്രി വീണാ ജോർജിനെയും പരിഗണിച്ചില്ല.

മുതലപ്പൊഴിയിൽ മണൽ നീക്കത്തിനു ശ്രമം തുടങ്ങി

▸▸ പൊഴി മുറിക്കാൻ ധാരണ

മനോരമ ലേഖകൻ

തിരുവനന്തപുരം ● പൊഴിമുഖം മണൽ മൂടിയതിനെ തുടർന്ന് മത്സ്യബന്ധനത്തിന് കടലിൽ പോകുന്നത് അസാധ്യമായ മുതലപ്പൊഴിയിൽ മണൽ നീക്കത്തിനു ശ്രമം തുടങ്ങി. കണ്ണൂരിൽ നിന്നുള്ള ശേഷി കൂടിയ ഡ്രജർ നാലു ദിവസത്തിനകം മുതലപ്പൊഴിയിൽ എത്തിച്ച് മണൽ നീക്കാനാണ് തീരുമാനം.

ഡ്രജർ പ്രവേശിപ്പിക്കുന്നതിനായി പൊഴിയുടെ മുക്കാൽ ഭാഗം മുറിച്ചു നീക്കേണ്ടി വരും. 3 മീറ്റർ ആഴത്തിലും 13 മീറ്റർ വീതിയിലുമാണ് പൊഴി മുറിക്കുക. ഇതോടൊപ്പം കൂട്ടിയിട്ടിരിക്കുന്ന മണൽ മാറ്റുന്നതിനുള്ള നടപടികളും ആരംഭിക്കും.

പൊഴി മുറിച്ച് ഡ്രജർ പ്രവേശിപ്പിക്കുന്നതിനായി മത്സ്യത്തൊഴിലാളി സംഘടനകളും സംയുക്ത സമരസമിതിയും ധാരണയായി. ഇന്നലെ വൈകിട്ട് ചർച്ച നടന്നു. പൊഴി മുറിക്കുന്നതിനൊപ്പം തന്നെ മണൽ നീക്കാമെന്നുള്ള ഉറപ്പിലാണ് സമ്മതിച്ചിരിക്കുന്നത്. പൊഴി മുറിക്കാനുള്ള പ്രവർത്തനങ്ങൾ ഇന്നലെ രാത്രി ആരംഭിച്ചു.

അതിനിടെ, പ്രശ്നപരിഹാരത്തിന് കാര്യമായ നടപടികളില്ലെങ്കിൽ മത്സ്യത്തൊഴിലാളികൾ നടത്തിവരുന്ന അനിശ്ചിതകാലസമരം കൂടുതൽ ശക്തമാക്കാനാണ് സംയുക്ത സമരസമിതിയുടെ തീരുമാനം. മണൽ അടിഞ്ഞ് മുതലപ്പൊഴി വഴിയുള്ള മത്സ്യബന്ധനം നിലച്ചിട്ട് ആഴ്ചകൾ പിന്നിടുകയാണ്. എന്നിട്ടും പ്രവേശന അഴിമുഖത്തെ മണൽനീക്കം എങ്ങും എത്തിയിട്ടില്ല.

പൊഴിയിൽ നിന്നു മാറ്റിയ മണൽ അഴിമുഖത്തു തന്നെ അടിഞ്ഞു കിടക്കുന്നതാണ് വലിയ ഭീഷണി. വലിയ മണൽ ശേഖരം മൂന്നു മണ്ണുമാന്തി യന്ത്രങ്ങൾ ഉപയോഗിച്ച് നീക്കുന്നുണ്ടെങ്കിലും ഈ രീതിയിൽ പൂർണമായ മണൽ നീക്കത്തിന് മാസങ്ങൾ എടുത്തേക്കും.

മുതലപ്പൊഴിയിലെ പ്രശ്നങ്ങൾക്കു പരിഹാരമില്ലാത്തതിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസും മത്സ്യത്തൊഴിലാളി കോൺഗ്രസും വി.ശശി എംഎൽഎയുടെ ഓഫിസിലേക്കു നടത്തിയ മാർച്ച് പൊലീസ് തടഞ്ഞതിനെ തുടർന്ന് നേരിയ സംഘർഷമുണ്ടായി.

ബിജെപിയുടേത് രാഷ്ട്രീയ പ്രതികാരം: ദീപ ദാസ്മുൻഷി

മനോരമ ലേഖകൻ

തിരുവനന്തപുരം● കോൺഗ്രസിനെയും ഗാന്ധി കുടുംബത്തെയും അവഹേളിക്കുകയെന്ന ലക്ഷ്യത്തോടെ ബിജെപി സർക്കാർ നടത്തുന്ന രാഷ്ട്രീയ പ്രതികാരമാണു നാഷനൽ ഹെറൾഡ് കേസെന്ന് കേരളത്തിന്റെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി ദീപ ദാസ്മുൻഷി ആരോപിച്ചു. മോദി ഭരണത്തിൽ രാജ്യം അഭിമുഖീകരിക്കുന്ന യഥാർഥ പ്രശ്നങ്ങളിൽ നിന്നു ജനശ്രദ്ധ തിരിക്കാൻ ലക്ഷ്യമിട്ടുള്ള കേസാണിത്. നിയമപരമല്ലാത്ത ഒന്നും നാഷനൽ ഹെറൾഡുമായി ബന്ധപ്പെട്ട് നടന്നിട്ടില്ല. കമ്പനി ആക്ടിലെ എല്ലാ നിബന്ധനകളും ചട്ടങ്ങളും പാലിച്ചാണ് യങ് ഇന്ത്യൻ എന്ന കമ്പനി പ്രവർത്തിച്ചത്. നാഷനൽ ഹെറൾഡുമായി ബന്ധപ്പെട്ടു നടന്ന ഇടപാടുകൾക്കെല്ലാം രേഖകളുണ്ട്. ആരോപണം ഉയർന്ന ഘട്ടത്തിൽ തന്നെ കോൺഗ്രസ് അവ തിരഞ്ഞെടുപ്പ് കമ്മിഷനു നൽകിയിരുന്നു. വ്യാജ പ്രചാരണമാണു ബിജെപി നടത്തുന്നത്. കേന്ദ്ര സർക്കാരിന്റെ പ്രതികാര നടപടിക്കെതിരെ എല്ലാ സംസ്ഥാനങ്ങളിലും ഭരണഘടനാ സംരക്ഷണ റാലികൾ കോൺഗ്രസ് നടത്തും. ബിജെപിയുടെ വിദ്വേഷ രാഷ്ട്രീയത്തിനെതിരെ വീടുവീടാന്തരം കയറി കോൺഗ്രസ് വിശദീകരിക്കും. ഇ.ഡി അന്വേഷണത്തോട് പൂർണമായും സഹകരിച്ചിട്ടുണ്ട്. 2014ൽ കേസന്വേഷിച്ച ഇ.ഡി പരാതിയിൽ കഴമ്പില്ലെന്നു കണ്ടെത്തിയെങ്കിലും ഗാന്ധി കുടുംബത്തെ ഉന്നംവച്ച് കേസുമായി ബിജെപി മുന്നോട്ടുപോയി. കോൺഗ്രസിനെയും സോണിയാ ഗാന്ധിയെയും രാഹുൽ ഗാന്ധിയെയും ജനം വിശ്വസിക്കുന്നുവെന്നു മനസ്സിലാക്കിയ മോദി ഭരണകൂടം രാഷ്ട്രീയ പ്രതികാരം ചെയ്യുകയാണ്- ദീപ ദാസ്മുൻഷി പറഞ്ഞു.

സിഎംആർഎൽ ഹർജി മേയിൽ പരിഗണിക്കും

ന്യൂഡൽഹി ● എക്സാലോജിക്കുമായുള്ള സാമ്പത്തിക ഇടപാട് വിഷയത്തിലെ പ്രോസിക്യൂഷൻ നടപടികൾ തടയണമെന്നാവശ്യപ്പെട്ടു സിഎംആർഎൽ നൽകിയ അടിയന്തര ഹർജി മേയിലേക്കു മാറ്റി.

ഡൽഹി ഹൈക്കോടതി ജസ്റ്റിസ് സുബ്രഹ്മണ്യം പ്രസാദാണു ഹർജി പരിഗണിക്കുന്നതു മേയ് 26ലേക്കു മാറ്റിയത്.

പൈപ്പിൽ മലിനജലം; തിരുച്ചിറപ്പള്ളിയിൽ മൂന്നു മരണം

ചെന്നൈ ●4 വയസ്സുകാരി ഉൾപ്പെടെ മൂന്നു പേർ തിരുച്ചിറപ്പള്ളിയിൽ മരിച്ചത് മാലിന്യം കലർന്ന വെള്ളം കുടിച്ചാണെന്ന് പരാതി ഉയർന്നു. ഛർദി, വയറിളക്കം എന്നിവ ബാധിച്ച് 39 പേർ ചികിത്സ തേടിയതോടെ പ്രദേശത്ത് ജലവിതരണം നിർത്തി. ശുദ്ധജല സാംപിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഉത്സവ സ്ഥലത്ത് വിതരണം ചെയ്ത മോര്, ശീതള പാനീയം എന്നിവയിൽ നിന്ന് രോഗം ബാധിച്ചെന്നാണ് അധികൃതർ പറയുന്നത്.

SHORTS

ഗുരുവായൂർ ക്ഷേത്രം: തിരക്ക് അനിയന്ത്രിതം; തർക്കം കയ്യേറ്റമായി

ഗുരുവായൂർ ● ക്ഷേത്ര ദർശനത്തിനെത്തിയ യുവാവിനെയും പിതാവിനെയും തിരക്കിനിടെ സെക്യൂരിറ്റി ജീവനക്കാർ കയ്യേറ്റം ചെയ്യുന്നതിന്റെ ദൃശ്യങ്ങൾ പ്രചരിച്ചു. ഗുരുവായൂർ ക്ഷേത്രത്തിൽ 177 വിവാഹങ്ങളുടെ തിരക്കുണ്ടായിരുന്ന ഇന്നലെ കാലത്ത് 7ന് ശേഷമാണ് സംഭവം. കൊല്ലം മുല്ലൂർ സ്വദേശിയായ അമൽ, പിതാവ് അനിൽകുമാർ എന്നിവർ ബന്ധുവിന്റെ വിവാഹത്തിന് എത്തിയതാണ്. പുലർച്ചെ 5.30ന് വിവാഹം കഴിഞ്ഞു. ആദ്യമായി ഗുരുവായൂരിൽ എത്തിയ അമൽ ദർശനത്തിനുള്ള മേൽപുത്തൂർ ഓഡിറ്റോറിയത്തിലെ ക്യൂവിലേക്ക് കടക്കാൻ ശ്രമിക്കുമ്പോൾ സെക്യൂരിറ്റി തടഞ്ഞു. വാക്കുതർക്കവും കയ്യേറ്റവുമായി.

ദർശനത്തിനുള്ള ക്യൂ ഏതാണെന്ന് അന്വേഷിക്കാൻ ചെന്ന തന്നെ ജീവനക്കാർ അലറി വിളിച്ച് കയ്യേറ്റം ചെയ്യുകയായിരുന്നുവെന്ന് അമൽ പറഞ്ഞു. താൻ പരാതി നൽകുന്നില്ലെന്നും കേസുമായി നടക്കാൻ താൽപര്യമില്ലെന്നും പറഞ്ഞ അമൽ മാന്യമായി പെരുമാറാൻ സെക്യൂരിറ്റി ജീവനക്കാരെ ദേവസ്വം പഠിപ്പിക്കണമെന്ന് അഭ്യർഥിച്ചു. ഇക്കാര്യത്തിൽ ദേവസ്വം ചെയർമാൻ ഡോ.വി.കെ.വിജയനോ സെക്യൂരിറ്റി വിഭാഗം മേധാവിയോ പ്രതികരിച്ചില്ല. താൻ സ്ഥലത്തില്ലെന്നും സംഭവത്തെ കുറിച്ച് അന്വേഷിച്ച് വരികയാണെന്നും അഡ്മിനിസ്ട്രേറ്റർ കെ.പി.വിനയൻ പറഞ്ഞു.

ചാൻസലർ പദവി വിടില്ല: വിസിമാരുടെ യോഗം വിളിച്ച് തമിഴ്നാട് ഗവർണർ

ചെന്നൈ ●സർവകലാശാലകളുടെ ചാൻസലർ പദവി നഷ്ടപ്പെട്ടെങ്കിലും, സർക്കാരിനെ വെല്ലുവിളിച്ച് തമിഴ്നാട് ഗവർണർ ആർ.എൻ.രവി വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചു. വിസിമാരുടെ നിയമനത്തിൽ മാത്രമാണു മുഖ്യമന്ത്രിക്ക് അധികാരമെന്നു ചൂണ്ടിക്കാട്ടിയ രാജ്ഭവൻ, ഗവർണർ തന്നെയാണ് ഇപ്പോഴും ചാൻസലറെന്നും യോഗം വിളിക്കാൻ അധികാരമുണ്ടെന്നും അവകാശപ്പെട്ടു.

സുപ്രീംകോടതി വിധിയെ രൂക്ഷമായി വിമർശിച്ച ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറാണ് 25, 26 തീയതികളിൽ ഊട്ടിയിലെ രാജ്ഭവനിൽ ചേരുന്ന യോഗത്തിൽ മുഖ്യാതിഥിയാകുന്നത്. ഗവർണർ പിടിച്ചുവച്ച ബില്ലുകൾ സുപ്രീംകോടതി അംഗീകരിച്ചതോടെ മുഖ്യമന്ത്രി എം.കെ.സ്റ്റാലിനാണു നിലവിൽ സർവകലാശാലകളുടെ ചാൻസലർ.

ഗവർണറുടെ പുതിയ നീക്കം സുപ്രീം കോടതി വിധിയുടെ ലംഘനമാണെന്നും തമിഴ്നാടിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തെ തകർക്കുകയാണ് ലക്ഷ്യമെന്നും ഡിഎംകെ നേതാക്കൾ അഭിപ്രായപ്പെട്ടു.

വിനീത കൊലക്കേസ്: ശിക്ഷാവിധി 24ന്

തിരുവനന്തപുരം ● പേരൂർക്കട അമ്പലമുക്ക് അലങ്കാരച്ചെടി വിൽപനശാലയിലെ ജീവനക്കാരി നെടുമങ്ങാട് കരിപ്പൂർ ചരുവള്ളിക്കോണത്ത് വീട്ടിൽ വി.വിനീതയെ(38) കുത്തിക്കൊലപ്പെടുത്തിയ കേസിൽ അഡിഷനൽ സെഷൻസ് കോടതി (ഏഴ്) 24 ന് വിധി പറയും. ശിക്ഷയെക്കുറിച്ചുള്ള പ്രോസിക്യൂഷന്റെയും പ്രതിഭാഗത്തിന്റെയും വാദം ഇന്നലെ പൂർത്തിയായി. കേസിലെ പ്രതി തമിഴ്നാട് കന്യാകുമാരി ജില്ലയിലെ തോവാള വെള്ളമടം രാജീവ് നഗറിൽ ഡി.രാജേന്ദ്രൻ (42)കുറ്റക്കാരനാണെന്ന് കോടതി കഴിഞ്ഞയാഴ്ച കണ്ടെത്തിയിരുന്നു.

ഭക്ഷ്യവിഷ ബാധ: 3 വയസ്സുകാരി മരിച്ചു



ഒലിവിയ

ആമ്പല്ലൂർ ● വെണ്ടോർ അളഗപ്പ ഗ്രൗണ്ടിനു സമീപം കല്ലൂക്കാരൻ ഹെൻട്രിയുടെയും റോസ് മേരിയുടെയും മകൾ ഒലിവിയ (3) ഭക്ഷ്യവിഷബാധയേറ്റ് മരിച്ചു. ശനിയാഴ്ച കുടുംബാംഗങ്ങൾക്കൊപ്പം അങ്കമാലിക്കു സമീപം ഹോട്ടലിൽ നിന്ന് കുട്ടി മസാല ദോശ കഴിച്ചിരുന്നു. തുടർന്നു ഛർദിയും ദേഹാസ്വാസ്ഥ്യവും അനുഭവപ്പെട്ടതോടെ അടുത്ത ദിവസം ഒല്ലൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി. വീട്ടിലെത്തിയ കുട്ടിയുടെ ആരോഗ്യനില ഇന്നലെ പുലർച്ചെ വഷളായി. ഉടനെ വെണ്ടോറിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

യുകെയിൽ ജോലി ചെയ്യുന്ന ഹെൻട്രി ഈസ്റ്റർ ആഘോഷിക്കാനും കുടുംബത്തെ കൂടെ കൊണ്ടുപോകാനുമാണ് നാട്ടിലേക്കെത്തിയത്. ഹെൻട്രിയെ എയർപോർട്ടിൽ നിന്നു കൊണ്ടുവരുന്നതിനിടെയാണ് കുടുംബം ഭക്ഷണം കഴിച്ചത്. ഹെൻട്രിക്കും കൂടെയുണ്ടായിരുന്ന ഭാര്യ റോസ് മേരി, അമ്മ ഷീബ എന്നിവർക്കും അസ്വാസ്ഥ്യങ്ങളുണ്ടായി. ഇവരും ചികിത്സ തേടിയിരുന്നു. രാസ പരിശോധനകൾക്കു ശേഷമേ മരണകാരണത്തെ കുറിച്ച് സ്ഥിരീകരണമുണ്ടാകൂ. സംസ്കാരം നടത്തി. സഹോദരി: സ്റ്റെറിൻ ഹെൻട്രി.

കേരള സംസ്ഥാന ഭാഗ്യക്കുറി WIN WIN W-818 DRAW RESULT 21/04/2025

ഒന്നാം സമ്മാനം ₹75 ലക്ഷം: WA 720120 (ഇടുക്കി)

സമാശ്വാസ സമ്മാനം ₹8000: WB 720120 WC 720120 WD 720120 WE 720120 WF 720120 WG 720120 WH 720120 WJ 720120 WK 720120 WL 720120 WM 720120

രണ്ടാം സമ്മാനം ₹5 ലക്ഷം: WK 127448

മൂന്നാം സമ്മാനം ₹1 ലക്ഷം: WA 578470 WB 797978 WC 858790 WD 736312 WE 149005 WF 440495 WG 332349 WH 779461 WJ 155815 WK 707830 WL 259950 WM 559064

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0239 0698 1380 1958 2729 4167 4374 5379 6080 7194 7278 7365 8062 8594 8873 8937 9100 9337

അഞ്ചാം സമ്മാനം ₹2000: 0671 1162 1421 5518 5987 7140 7419 7817 8304 9739

ആറാം സമ്മാനം ₹1000: 0405 0991 1374 1562 2892 3003 3386 6485 6590 7279 8144 8264 8666 9085

ഏഴാം സമ്മാനം ₹500: 0102 0191 0294 0699 0887 0957 1317 1354 1658 1935 2197 2295 2347 2489 2583 2601 2634 2669 2697 2699 2725 2834 2844 2874 2936 3264 3757 3808 3809 3919 3936 3968 4249 4635 4785 4825 4956 4967 4984 5047 5067 5391 5439 5450 5470 5487 5509 5513 5877 6107 6172 6408 6492 6524 6545 6584 6655 6665 6842 6890 6912 6917 7162 7199 7285 7292 7427 7561 7685 7706 7874 8373 8516 8538 8562 8885 9038 9471 9581 9657 9675 9915

എട്ടാം സമ്മാനം ₹100: 0116 0182 0401 0437 0605 0610 0659 0693 0857 0930 0960 1023 1055 1095 1146 1189 1216 1226 1269 1432 1497 1506 1561 1618 1667 1672 1856 1864 1880 2055 2130 2146 2202 2293 2298 2447 2529 2642 2766 2802 2893 2928 2944 3025 3103 3123 3350 3357 3721 3750 3878 3895 3907 3969 4084 4108 4178 4254 4392 4422 4729 4773 4775 4881 4883 4928 4931 4936 4983 5149 5258 5333 5356 5382 5474 5514 5722 5750 5852 6011 6045 6087 6109 6122 6210 6277 6282 6305 6355 6454 6848 6860 6980 7067 7124 7146 7378 7617 7780 7925 7968 8098 8104 8186 8267 8321 8481 8493 8548 8606 8619 8627 8680 8762 8849 8863 8964 8999 9399 9727 9857 9884 9914 9926 9952 9978

www.statelottery.kerala.gov.in



പ്രണാമം പാപ്പ

ജീവിതരേഖ

ഫ്രാൻസിസ് മാർപാപ്പ





ഇടപെടലുകൾ, പുതുനയങ്ങൾ



നയിക്കാൻ പിറന്ന്... നന്മയിൽ വളർന്ന്

മാർപാപ്പയായി ചുമതലയേറ്റശേഷം നടത്തിയ ആദ്യ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു:

'ഇപ്പോൾ നാം, പാപ്പായും ജനങ്ങളും നമ്മുടെ യാത്ര ആരംഭിക്കുകയാണ്. ഈ യാത്ര എല്ലാ സഭകളുടെയും ജീവകാരുണ്യത്തിനു വേണ്ടിയാകണം.'

1961 ...





കോവിഡ് കാലത്തു പറഞ്ഞു: സ്വാർഥതയുടെ വൈറസിനെ തുരത്തൂ

ഫ്രാൻസിസ് മാർപാപ്പ ...

മാർപാപ്പ എഴുതി: സംസ്കാരച്ചെലവ് വഹിക്കാനും ആളുണ്ട്

▸▸ 'ഫ്രാൻസിസ്' എന്ന പേരല്ലാതെ അലങ്കാരം പാടില്ല

മാർപാപ്പ നീട്ടിവിളിച്ചു: ഫാബിയാനോ.. ഫാബിയാനോ...

▸▸ ഫ്രാൻസിസ് പാപ്പയുടെ ജീവിതത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളിലൂടെ



ചെറിയ മുറിയിൽ

കാർപന്തുകളം

സ്വകാര്യം പോലും കാര്യം



ഫ്രാൻസിസ് പാപ്പയുടെ ജീവിതം, ചിത്രകഥയിലൂടെ...



പാവപ്പെട്ടവനു വേണ്ടി നിലകൊണ്ട പാപ്പ



പ്രതീക്ഷയുടെ വെളിച്ചം



എല്ലാവരെയും ചേർത്തുനിർത്തി



യുവാക്കളുടെ ഭാഷ



കാഴ്ചപ്പാട്
ESTABLISHED 1888



പ്രണാമം പാപ്പ

▸▸ അഭയാർഥികളെയും അരികുകളിലേക്ക് തള്ളപ്പെട്ടവരെയും ചേർത്തുപിടിച്ച ഫ്രാൻസിസ് മാർപാപ്പ, നിർധനവും നിർധനർക്കുള്ളതുമാവണം താൻ നേതൃത്വം നൽകുന്ന സഭയെന്നു തെളിച്ചുപറഞ്ഞു

പ്രത്യാശയുടെ പിതാവ്

ദൈവത്തിനും ലോകത്തിനും

ഫ്രാൻസിസ് മാർപാപ്പയ്ക്ക് ലോകത്തിന്റെ അന്ത്യാഞ്ജലി

[illegible]





[illegible]

മാറ്റത്തിനൊപ്പം ജീവിക്കാൻ പഠിപ്പിച്ച പാപ്പ

[illegible]

> നിത്യജീവൻ എന്നാൽ ആനന്ദം എന്നാണ് അർഥം. അതു മരണാനന്തരമുള്ള ജീവിതം മാത്രമല്ല; മറിച്ച് പൂർണവും പൂർത്തീകരിക്കപ്പെട്ടതും പരിമിതിയില്ലാത്തതും സത്യവും പ്രകാശപൂർണവുമായ ജീവിതമാണ്.

> വിദ്വേഷവും അസൂയയും അഹംഭാവവും ജീവിതത്തെ നശിപ്പിക്കും. സഹാനുഭൂതി പ്രത്യാശയുടെ വലിയ ചക്രവാളംതന്നെ തുറന്നുകൊടുക്കും.

ക്രിസ്തുവിന്റെ യഥാർഥ അനുയായി





[illegible]

മാർപാപ്പ പദവി ദൈവനിയോഗം



[illegible]

നാക്കുകൊണ്ടും കൊല്ലാം

[illegible]

മാർപാപ്പയായി സിനിമയിലും

[illegible]

അനുകമ്പയുടെ കൃപ

ആർദ്രമാനസം



▸▸ നമുക്കു പ്രിയപ്പെട്ട സുസ്നേഹിതർക്കുമപ്പുറം നോട്ടം പായിക്കണം എന്നായിരുന്നു ഫ്രാൻസിസ് മാർപാപ്പ ആഗ്രഹിച്ചത്. അങ്ങനെ ഓരോ മനുഷ്യജീവിയിലും ദൈവത്തിന്റെ മുഖം കാണണം. എല്ലാവരുടെയും ക്ഷേമത്തിനായി വിശ്രമം മറന്നു പ്രവർത്തിക്കണം



[illegible]

സാന്ത്വനമേകിയ കരങ്ങൾ

[illegible]

പാവങ്ങളുടെ ഇടയൻ

[illegible]



മറഡോണയോട് ഒരു ചോദ്യം

ഏതാണ് ആ കൈ ?

[illegible]







2015ൽ വത്തിക്കാനിൽ ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിച്ച അനുഭവം മലയാള മനോരമ ചീഫ് എഡിറ്റർ പങ്കുവയ്ക്കുന്നു

കരുണയുടെ കരങ്ങൾ

▸▸ ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ ഭാഷയുടെയോ ആശയങ്ങളുടെയോ സങ്കീർണതയില്ല. ആ വാക്കുകൾ സാധാരണക്കാർക്കുള്ളതാണ്. എല്ലാവർക്കും വേണ്ടിയുള്ളതാണ്



[illegible]



പ്രണാമം പാപ്പ

അണയാതെ, കനിവിൻ നാളം



പിൻഗാമി: സാധ്യതകളിൽ ആവ്‌ലിൻ മുതൽ ടാഗ്‌ലേ വരെ












അതീവരഹസ്യം, പാപ്പയുടെ തിരഞ്ഞെടുപ്പ്

പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ ഇങ്ങനെ





വൈകിയെത്തിയ ദൈവവിളി

ആത്മവിശ്വാസത്തിന്റെ, വിനയത്തിന്റെ പ്രകാശനാളം



മനംകവരും പുഞ്ചിരി, നിഷ്കളങ്കത



സ്നേഹദർശനത്തിന്റെ നേർസാക്ഷ്യം



അലിവിന്റെ അജപാലകൻ



കരുണയുടെ കാർമികൻ



എളിമയുടെ വിശുദ്ധരൂപം



ജനങ്ങളുടെ പാപ്പ; നമ്മുടെ സ്വന്തം



ഐക്യത്തിന്റെ ആർദ്രസ്വരം



സാധാരണക്കാർക്കൊപ്പം



ആരെയും കീഴടക്കുന്ന ലാളിത്യം



പ്രണാമം പാപ്പ

ഇന്ത്യ കാണാതെ മടക്കം

▸▸ അടുത്തവർഷം ഇന്ത്യയിലെത്താനുള്ള ആഗ്രഹം ബാക്കിയാക്കിയാണ് ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗം

ന്യൂഡൽഹി • ഇന്ത്യ സന്ദർശിക്കണമെന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഗ്രഹം സഫലമായില്ല. രാഷ്ട്രീയ കാരണങ്ങളാണ് പാപ്പയുടെ ഇന്ത്യാ സന്ദർശനത്തിനു തടസ്സമായത്. കത്തോലിക്കാ സഭയുടെ ഈ വർഷം മുഴുവൻ നീളുന്ന മഹാജൂബിലി ആഘോഷങ്ങൾക്കുശേഷം അടുത്തവർഷം ഫ്രാൻസിസ് മാർപാപ്പ ഇന്ത്യയിലെത്തുമെന്നായിരുന്നു ഏറ്റവുമൊടുവിലുള്ള വിവരം.

ഫ്രാൻസിസ് പാപ്പയെ ഇന്ത്യയിലേക്കു ക്ഷണിക്കണമെന്നു കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) കേന്ദ്ര സർക്കാരിനോട് ആദ്യമാവശ്യപ്പെട്ടതു 2014 ഫെബ്രുവരിയിലാണ്. അന്നത്തെ സിബിസിഐ അധ്യക്ഷൻ കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനെഴുതിയ കത്തിൽ, ഇന്ത്യയിൽനിന്നുള്ള കർദിനാൾമാർ ചോദിച്ചപ്പോഴൊക്കെയും മാർപാപ്പ ഇന്ത്യ സന്ദർശിക്കുന്നതിനോടു താൽപര്യം പറഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കിയിരുന്നു. ഉടൻ ഔദ്യോഗികമായി ക്ഷണിക്കുമെന്നു മൻമോഹൻ സിങ് വ്യക്തമാക്കിയെങ്കിലും 2 മാസം മാസം കഴിഞ്ഞപ്പോൾ യുപിഎ സർക്കാർ കാലാവധി പൂർത്തിയാക്കി. തുടർനടപടികളുണ്ടായില്ല.

ഇന്ത്യയുടെ ക്ഷണം കാത്ത്

മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ സിബിസിഐ അധ്യക്ഷനായിരുന്നപ്പോൾ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു മുന്നിൽ പല തവണ വിഷയം ഉന്നയിച്ചു. ഇതിനിടെ, 2015 ൽ മാർപാപ്പ ശ്രീലങ്ക സന്ദർശിച്ചു. 2017 ൽ ഫ്രാൻസിസ് പാപ്പ ഇന്ത്യ സന്ദർശിക്കുമെന്ന സൂചനകളുണ്ടായി.


മ്യാൻമർ, ബംഗ്ലദേശ് സന്ദർശനത്തീയതി തീരുമാനിക്കുന്നത് ഇന്ത്യയുടെ തീരുമാനം അറിഞ്ഞശേഷം മതിയെന്ന് പാപ്പ അന്ന് നിലപാടെടുത്തെന്നാണ് സഭാ വൃത്തങ്ങൾ സൂചിപ്പിച്ചത്. എന്നാൽ, കേന്ദ്ര സർക്കാരിൽനിന്ന് ഔദ്യോഗിക ക്ഷണമുണ്ടായില്ല. അയൽരാജ്യങ്ങൾ സന്ദർശിച്ചു പാപ്പ മടങ്ങി. ഗുരു നാനാക്കിന്റെ 550-ാം ജന്മദിന ആഘോഷത്തിൽ പങ്കെടുക്കാൻ 2019 ജൂലൈയിൽ ആഗോള സിഖ് കൗൺസിൽ മാർപാപ്പയെ ഇന്ത്യയിലേക്കു ക്ഷണിച്ചിരുന്നു.

ഔദ്യോഗിക ക്ഷണം 2021ൽ

ഇന്ത്യാ സന്ദർശനത്തിന് അദ്ദേഹം സന്നദ്ധത അറിയിച്ചിട്ടും ക്ഷണിക്കാൻ കേന്ദ്രസർക്കാർ മടിക്കുകയാണെന്ന കുറ്റപ്പെടുത്തലുകളും പലഭാഗങ്ങളിൽ നിന്ന് ഇതിനിടെ ഉയർന്നു. ഒടുവിൽ, 2021ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഔദ്യോഗികമായി ഇന്ത്യയുടെ ക്ഷണം അറിയിക്കുന്നത്. 2021 ഒക്ടോബറിൽ ജി20 ഉച്ചകോടിയിൽ പങ്കെടുക്കാൻ റോമിലെത്തിയ ഘട്ടത്തിൽ മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തിയ മോദി ഔദ്യോഗികമായി ക്ഷണിച്ചു. ഉദ്യോഗസ്ഥ തലത്തിൽ ചർച്ചകൾ ആരംഭിച്ചുവെങ്കിലും പല കാരണങ്ങളാൽ ഇതു വൈകി.

ഏതു രാജ്യത്തും മാർപാപ്പയുടെ സന്ദർശനത്തിനു പാലിക്കുന്ന ചില കീഴ്‌വഴക്കങ്ങളുണ്ട്. ഒരു വർഷത്തിനുള്ളിൽ തിരഞ്ഞെടുപ്പു നടക്കുന്ന രാജ്യത്തു സന്ദർശനം ഒഴിവാക്കുന്നത് ഉൾപ്പെടെയാണത്. 2024 ൽ ഇന്ത്യ സന്ദർശിക്കുമെന്ന സൂചന പാപ്പ ഇടയ്ക്കു നൽകിയിരുന്നെങ്കിലും പൊതുതിരഞ്ഞെടുപ്പ് ഉൾപ്പെടെ തടസ്സമായി. കഴിഞ്ഞ വർഷം ഇന്തൊനീഷ്യ, പാപുവ ന്യൂഗിനി, കിഴക്കൻ തൈമൂർ, സിംഗപ്പൂർ എന്നീ രാജ്യങ്ങളിലേക്കു 12 ദിവസം നീണ്ട സന്ദർശനം നടത്തിയിരുന്നു. എന്നാൽ, ഈ രാജ്യങ്ങളെക്കാൾ കത്തോലിക്കാ വിശ്വാസികളുള്ള ഇന്ത്യയിലേക്കുള്ള യാത്ര മാത്രം സാധ്യമായില്ല.

മൂന്നാമതും പ്രധാനമന്ത്രിയായ ശേഷം കഴിഞ്ഞ വർഷം ജൂണിൽ ഇറ്റലിയിൽ ജി7സമ്മേളനത്തിന് എത്തിയ ഘട്ടത്തിലും ഫ്രാൻസിസ് മാർപാപ്പയുമായി മോദി കൂടിക്കാഴ്ച നടത്തി ഔദ്യോഗികമായി ക്ഷണിച്ചിരുന്നു.



കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പയ്ക്ക് ആദരമർപ്പിച്ച് ഡൽഹിയിൽ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയും (സിബിസിഐ) ചാവറ കൾചറൽ സെന്ററും ചേർന്നു നടത്തിയ പ്രാർഥന യോഗത്തിൽ നിന്ന്. ചിത്രം : രാഹുൽ ആർ.പട്ടം / മനോരമ



വത്തിക്കാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രാൻസിസ് മാർപാപ്പയോടൊപ്പം

ഇന്ത്യയിലെത്തി 2 മാർപാപ്പമാർ

പോൾ ആറാമൻ മാർപാപ്പയാണ് ആദ്യമായി ഇന്ത്യ സന്ദർശിച്ച പാപ്പ. 1964 ൽ മുംബൈയിലാണ് അദ്ദേഹമെത്തിയത്. ജോൺ പോൾ രണ്ടാമൻ 1986 ലും 1999 ലും എത്തി. അദ്ദേഹമാണ് ഒടുവിൽ ഇന്ത്യ സന്ദർശിച്ച കത്തോലിക്കാ സഭാതലവൻ. ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഇന്ത്യയിലേക്കു വരാൻ താൽപര്യപ്പെട്ടെങ്കിലും ആരോഗ്യപ്രശ്നങ്ങളും മറ്റും തടസ്സമായി.

“ എനിക്കായി ഉരുകിയ കണ്ണുനീർത്തുള്ളികൾ



ഫാ.ടോം ഉഴുന്നാലിൽ

യെമനിൽ ഭീകരരുടെ തടവറയിലെ കഠിനകാലം പിന്നിട്ടെത്തിയ സലേഷ്യൻ വൈദികനായ എനിക്കു കിട്ടിയ സമ്മാനമായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടെ ചേർത്തണയ്ക്കൽ. 2017ലെ ദിവ്യമായ ആ സാമീപ്യം എനിക്ക് ഇപ്പോഴും ഊർജമാണ്. മാർപാപ്പയുടെ സാന്താ മാർത്തായിലെ വസതിയിലായിരുന്നു കൂടിക്കാഴ്ച. ബുധനാഴ്ചകളിൽ പതിവുള്ള പൊതു ആശീർവാദ ചടങ്ങിനിടെ പിന്നീടൊരിക്കൽ കൂടി മാർപാപ്പയെ കാണാനായി.

മറക്കാനാകാത്ത അനുഭവമാണ് ആ കൂടിക്കാഴ്ച. പൊതു ആശീർവാദം പതിവുള്ള ബുധനാഴ്ചയായിരുന്നു അത്. കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസിനും ഫാ. ഏബ്രഹാം കവളക്കാട്ടിനുമൊപ്പമാണ് പരിശുദ്ധ പിതാവിനെ കണ്ടത്. വാത്സല്യത്തോടെ നിൽക്കുന്ന അദ്ദേഹത്തിനു മുന്നിൽ മുട്ടുകുത്തി, പാദങ്ങളിൽ ചുംബിച്ചു. അദ്ദേഹം എന്നെ പിടിച്ചെഴുന്നേൽപിക്കുകയും കൈകോർത്തുപിടിക്കുകയും ചെയ്തു.

എന്നെ ഞെട്ടിച്ച അനുഭവം പിന്നീടായിരുന്നു. പരിശുദ്ധ പിതാവ് എന്റെ കൈകളിൽ ചുംബിച്ചു; ഒന്നല്ല, രണ്ടുവട്ടം. ക്രിസ്തുവിന്റെ പ്രതിപുരുഷനാണ് മാർപാപ്പ. സാധാരണ നമ്മളാണ് അദ്ദേഹത്തിന്റെ കൈകൾ ചുംബിക്കുക. തടവിലായിരിക്കെ ഓരോ ദിവസവും ഞാനങ്ങേക്കായി പ്രാർഥിച്ചെന്നും അങ്ങയുടെ ദൗത്യത്തിനും സഭയുടെ നല്ലതിനുമായി എന്റെ യാതനകൾ സമർപ്പിച്ചെന്നും അറിയിച്ചപ്പോൾ, പാപ്പയുടെ കണ്ണുകളിലും നനവ്. അനുഗ്രഹം നേർന്ന് മാർപാപ്പ മന്ത്രിച്ചു: ഞാൻ താങ്കൾക്കായി പ്രാർഥിക്കുകയായിരുന്നു.

ഇന്ന് കുറച്ചുസമയം എനിക്ക് ഫ്രാൻസിസ് മാർപാപ്പയ്ക്കുവേണ്ടി പ്രാർഥിക്കണം.

(കർണാടക തുംകൂറിലെ ഡോൺ ബോസ്കോ മൈനർ സെമിനാരിയിൽ സേവനമനുഷ്ഠിക്കുകയാണ് ഫാ. ടോം ഇപ്പോൾ)

വിശുദ്ധരുടെ മാർപാപ്പ

കത്തോലിക്ക സഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വിശുദ്ധരെ പ്രഖ്യാപിച്ചത് ഫ്രാൻസിസ് മാർപാപ്പയാണ്. 942 പേരെ അദ്ദേഹം വിശുദ്ധരായി പ്രഖ്യാപിച്ചു. ഇതിൽ ഓട്ടോമൻ തുർക്കികൾ 1480 ൽ ഇറ്റലിയിലെ ഒട്രാന്റോ നഗരം പിടിച്ചടക്കിയപ്പോൾ രക്തസാക്ഷികളായ 813 പേരും 1645 ൽ ബ്രസീലിൽ ഡച്ച് കാൽവനിസ്റ്റുകൾ കൊലപ്പെടുത്തിയ 30 പേരും ഉൾപ്പെടുന്നു.

ഫ്രാൻസിസ് മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിച്ചവരിൽ 5 ഇന്ത്യക്കാരുമുണ്ട്. ഫാദർ ചാവറ കുര്യാക്കോസ് ഏലിയാസ്, സിസ്റ്റർ എവുപ്രാസ്യ (2014), മദർ തെരേസ (2016), മദർ മറിയം ത്രേസ്യ (2019), ദേവസഹായം പിള്ള (2022). ഇതിൽ 3 പേർ മലയാളികളാണ്. കൂടാതെ 3 മുൻ മാർപാപ്പമാരെയും വിശുദ്ധ പദവിലേക്ക് ഉയർത്തി. വിശുദ്ധരാക്കപ്പെട്ട മുൻ മാർപാപ്പമാരിൽ ജോൺ ഇരുപത്തിമൂന്നാമൻ, ജോൺ പോൾ രണ്ടാമൻ, പോൾ ആറാമൻ എന്നിവരും ഉൾപ്പെടുന്നു.

കാർലോ അക്യൂട്ടിസ് വിശുദ്ധ പ്രഖ്യാപനം മാറ്റി



വത്തിക്കാൻ സിറ്റി • പുതു തലമുറയുടെ ആദ്യ വിശുദ്ധനായി ഈ മാസം 27ന് ഇറ്റലിയിൽ നിന്നുള്ള കൗമാരക്കാരൻ കാർലോ അക്യൂട്ടിസിനെ പ്രഖ്യാപിക്കുന്ന ചടങ്ങ് ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തെത്തുടർന്ന് മാറ്റിവച്ചു. രക്താർബുദം ബാധിച്ച് 2006 ൽ 15-ാം വയസ്സിലാണ് അക്യൂട്ടിസ് മരിച്ചത്.



പോപ്പിന്റെ വിയോഗത്തെത്തുടർന്ന് റോമിൽ വിശ്വാസികൾ കുരിശേന്തി പ്രാർഥന നടത്തുന്നു.

ഹൃദയങ്ങളോട് സംസാരിച്ചയാൾ

തന്റെ പിൻഗാമിയായി സ്ഥാനമേറ്റശേഷമുള്ള ഫ്രാൻസിസ് മാർപാപ്പയുടെ ആദ്യ വാക്കുകൾക്ക് ബനഡിക്ട് പതിനാറാമൻ മാർപാപ്പ നൽകിയൊരു വിശേഷണമുണ്ട്: 'ഹൃദയങ്ങളോടുള്ള സംസാരം - കൈകളിലൊന്നിൽ ദൈവത്തെയും മറ്റതിൽ മനുഷ്യരെയും വഹിച്ചുള്ളത്.'

സംസാരിക്കുന്നത് ഫ്രാൻസിസ് പാപ്പയാണെന്നതിനാൽ ഭാഷ സ്നേഹത്തിന്റേതാണ്. ജീവിതമാണു പാപ്പയെ ആ ഭാഷ പഠിപ്പിച്ചത്. അതിന്റെ കാരണം തന്റെ ജീവിതകഥയുടെ പുതിയ പുസ്തകത്തിൽ പാപ്പ പറയുന്നു: "ജീവിക്കാൻ പഠിക്കണമെങ്കിൽ, നാമെല്ലാം സ്നേഹിക്കാൻ പഠിക്കണം. ആ പാഠം ഏറ്റവും പ്രധാനമാണ്. കാരണം സ്നേഹം എല്ലാറ്റിനെയും കീഴടക്കുന്നു."

അങ്ങനെ പാപ്പയെ ആദ്യം കീഴടക്കിയത് റോസ മുത്തശിയാണ്. "വിസ്മയിപ്പിക്കുന്ന സ്ത്രീ. എനിക്കു മുത്തശിയെ ഒത്തിരി ഇഷ്ടമായിരുന്നു. എന്റെ പിതാവിന്റെ അമ്മയായ റോസ മുത്തശി എന്റെ വളർച്ചയിലും വികാസത്തിലും പ്രധാന പങ്കുവഹിച്ചു... എനിക്കൊപ്പം കളിച്ചു, തന്റെ കുട്ടിക്കാലത്തിലെ പാട്ടുകൾ പാടിത്തന്നു... എന്നെ പ്രാർഥിക്കാൻ പഠിപ്പിച്ചു, അതുവരെ എനിക്കറിയില്ലായിരുന്ന ആ മഹദ്‌വ്യക്തിയെക്കുറിച്ച് എന്നോടു പറഞ്ഞു: ക്രിസ്തു." മൂന്നാം വയസ്സിലെ കാര്യമാണ് പാപ്പ പറയുന്നത്.

"കുഞ്ഞായിരിക്കുമ്പോൾ, നാത്സികളിൽനിന്നു രക്ഷപ്പെടാൻ ബ്യൂനസ് ഐറസിലേക്കു വന്ന ഒട്ടേറെ കുടിയേറ്റക്കാരുടെ കഥകൾ ഞാൻ കേട്ടിരുന്നു...പോളണ്ടിൽനിന്നുള്ള അവരെപ്പോലെ, ഇക്കാലത്തെ കുടിയേറ്റക്കാരും മെച്ചപ്പെട്ട സ്ഥലം തേടുന്നവരും പകരം മിക്കപ്പോഴും മരണം ലഭിക്കുന്നവരുമാണ്. ദുഃഖകരമാണ്, അൽപം സമാധാനം ആഗ്രഹിക്കുന്ന നമ്മുടെ സഹോദരൻമാർക്കും സഹോദരിമാർക്കും ലഭിക്കുന്നത് സ്വാഗതവും സാഹോദര്യവുമല്ല, കുറ്റപ്പെടുത്തലാണ്... കുടിയേറ്റക്കാരായിരുന്ന നമ്മുടെ ഒട്ടേറെ ബന്ധുക്കളെ ഓർക്കുക. എത്തപ്പെട്ട രാജ്യങ്ങളിൽ അവരും 'മോശക്കാർ' 'അപകടകാരികൾ' എന്നൊക്കെ കരുതപ്പെട്ടു. വാസ്തവത്തിൽ അവർ തങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാവി കരുപ്പിടിപ്പിക്കാൻ ശ്രമിക്കുന്നവരായിരുന്നു."

കുഞ്ഞുങ്ങൾ കേൾക്കാൻ പാടില്ലാത്തൊരു പേരും മുത്തശിയിൽനിന്ന് പാപ്പ കേട്ടു - ഹിറ്റ്ലർ. പോളണ്ടിലെ ഔഷ്‌വിറ്റ്സ്, ബിർക്കെനൗ നാത്സി കോൺസൻട്രേഷൻ ക്യാംപുകൾ 2016ൽ സന്ദർശിക്കുമ്പോൾ ആ പേർ പാപ്പയുടെ മനസ്സിലുണ്ട്. "അതൊരു നിശബ്ദ തീർഥാടനമായിരുന്നു; ഞാൻ പ്രസംഗമൊന്നും നടത്തിയില്ല." പാപ്പ ഒരു പാഠവും ഇനിയും ഉത്തരം കിട്ടാത്ത ഒരു ചോദ്യവും 1940കളിലെ ആ ചരിത്രത്തോടു ചേർത്തുവയ്ക്കുന്നുണ്ട് :" ആ മനുഷ്യർ ക്യാംപുകളിൽ ദുരിതമനുഭവിക്കുകയും മരിക്കുകയും ചെയ്യുമ്പോൾ, അർജന്റീനയിലെ ഞങ്ങളുടെ വീടുകളിൽ ഞങ്ങൾ സമാധാനത്തിലും ആശങ്കകളില്ലാതെയും ജീവിക്കുകയായിരുന്നു. ലളിതമായിരുന്നു ജീവിതമെങ്കിലും ഞങ്ങൾക്ക് എല്ലാമുണ്ടായിരുന്നു. കാറോ വില പിടിപ്പുള്ള വസ്ത്രമോ അവധിക്കാല ഉല്ലാസ യാത്രയോ അപ്രധാനമായിരുന്നു - സന്തോഷമായിരിക്കുക എന്നതായിരുന്നു പ്രധാനം.

ദൈവത്തിനു നന്ദി, അതിനു ഞങ്ങളുടെ കുടുംബത്തിൽ അൽപവും പഞ്ഞമില്ലായിരുന്നു... സന്തോഷം നിറഞ്ഞ ബാല്യം എനിക്കും സഹോദരങ്ങൾക്കും സ്വർഗത്തിൽനിന്നുള്ള സമ്മാനമായി ലഭിച്ചപ്പോൾ, എന്നെപ്പോലെയുള്ള അനേകം കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളിൽനിന്നു വേർപിരിഞ്ഞു ജീവിക്കേണ്ടി വന്നത് എന്തുകൊണ്ട്? നുറുങ്ങിയ ഹൃദയത്തോടെ ഞാൻ ഇതു ചോദിക്കാറുണ്ട്. ഇതുവരെയും ഉത്തരം ലഭിച്ചിട്ടില്ല."

"ഞാൻ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടശേഷം ചിലർ പറഞ്ഞു, ഞാൻ എപ്പോഴും നിർധനരെക്കുറിച്ചു പറയുന്നത് കമ്യൂണിസ്റ്റോ മാർക്സിസ്റ്റോ ആയതിനാലാണെന്ന്... നിർധനരെക്കുറിച്ചു സംസാരിക്കുന്നുവെന്നതിന് ഒരാൾ കമ്യൂണിസ്റ്റാണ് എന്നർഥമില്ല; ദാരിദ്ര്യത്തിനു പ്രത്യയശാസ്ത്രമില്ല..."

മറ്റു ചിലരെക്കുറിച്ചുകൂടി പറയാൻ പാപ്പയെ പ്രേരിപ്പിക്കുന്നത് റോസ മുത്തശിയാണ് - "മുത്തശൻമാരും മുത്തശിമാരും മൂല്യമേറിയ ഉറവകളാണ്; അവരെ സംരക്ഷിക്കണം, പരിചരണ ഭവനങ്ങളിലേക്കു വിടരുത്. എല്ലാറ്റിനും നമ്മൾ അവരോടു കടപ്പെട്ടിരിക്കുന്നു: അവർക്കു കഴിക്കാനുള്ളതിന്റെ പങ്കു തന്നത്, പ്രോൽസാഹിപ്പിച്ചും പിന്തുണച്ചും നമ്മെ നാമാക്കിയത്. വിസ്മരിക്കപ്പെട്ടാലും ഉപേക്ഷിക്കപ്പെട്ടാലും, എനിക്കുറപ്പുണ്ട്, അവർ മക്കൾക്കായും കൊച്ചുമക്കൾക്കായുമുള്ള പ്രാർഥന മുടക്കില്ല. ഒപ്പമില്ലാത്തപ്പോഴും അവർ നമ്മുടെ അരികത്തുണ്ടാവും. പ്രശ്നസമയങ്ങളിൽ ഞാൻ എന്റെ മുത്തശിയുടെ സാന്നിധ്യം അനുഭവിക്കാറുണ്ട്..."



ഫ്രാൻസിസ് മാർപാപ്പ

അനുതാപത്തിന്റെ കാവലാൾ

▸▸ ബ്യൂനസ് ഐറിസ് ആർച്ച് ബിഷപ്പായിരിക്കെ ഔദ്യോഗിക വസതിയിൽ താമസിക്കാതെ നഗരപ്രാന്തത്തിൽ ചെറിയൊരു വീട്ടിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. സാധാരണക്കാർക്കൊപ്പം ബസുകളിലും ട്രെയിനിലുമൊക്കെ സഞ്ചരിച്ചു. റോമിലേക്കു പോകേണ്ടപ്പോഴാകട്ടെ വിമാനത്തിൽ ഇക്കോണമി ക്ലാസിൽ മാത്രം യാത്ര ചെയ്തു. കർദിനാൾ ബർഗോളിയോ ഫ്രാൻസിസ് മാർപാപ്പയായപ്പോഴും ലാളിത്യത്തെ കൈനീട്ടി സ്വീകരിച്ചു

2013ൽ, മാർപാപ്പ സ്ഥാനാരോഹണച്ചടങ്ങിൽ പങ്കെടുക്കാൻ റോമിലേക്കു വരാനിരുന്ന ആയിരക്കണക്കിന് അർജന്റീനക്കാരെ സ്നേഹപൂർവം നിരുൽസാഹപ്പെടുത്തിയ ആർച്ച് ബിഷപ് ബർഗോളിയോ അവരോടു പറഞ്ഞു: 'വിമാനടിക്കറ്റിനു ചെലവാക്കേണ്ടി വരുന്ന പണം ദയവായി പാവപ്പെട്ടവർക്കു നൽകൂ'.

ബ്യൂനസ് ഐറിസ് ആർച്ച് ബിഷപ്പായിരിക്കെ ഔദ്യോഗിക വസതിയിൽ താമസിക്കാതെ നഗരപ്രാന്തത്തിൽ ചെറിയൊരു വീട്ടിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അന്ന് യാത്രകൾക്ക് ഔദ്യോഗിക വാഹനമുണ്ടായിരുന്നില്ല. സാധാരണക്കാർക്കൊപ്പം ബസുകളിലും ട്രെയിനിലുമൊക്കെ സഞ്ചരിച്ചു. റോമിലേക്കു വരേണ്ടപ്പോഴാകട്ടെ വിമാനത്തിൽ ഇക്കോണമി ക്ലാസിൽ മാത്രം യാത്ര ചെയ്തു.

കർദിനാൾ ബർഗോളിയോ ഫ്രാൻസിസ് മാർപാപ്പയായപ്പോഴും ലാളിത്യത്തിനു മാറ്റമുണ്ടായില്ല. ഫ്രാൻസിസ് എന്ന പേരു സ്വീകരിച്ചതിൽ പോലും ലാളിത്യത്തിന്റെ അടയാളമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജീവിതചിന്തയുമായി അത്രമേൽ ചേർന്നു പോകുന്നൊരു പേര് - ആഡംബരങ്ങളും സമ്പത്തുമെല്ലാം വലിച്ചെറിഞ്ഞ് നിസ്വനായി തെരുവിലേക്കിറങ്ങിയ, വിശപ്പിലും ദാരിദ്ര്യത്തിലും ജീവിത പ്രകാശം കണ്ടെത്തിയ അസീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ പേര്.

പഠിച്ച വിഷയം കെമിസ്ട്രിയായതു കൊണ്ടാകാം സ്നേഹത്തിന്റെ രസതന്ത്രത്തിലായിരുന്നു അദ്ദേഹത്തിനു വിശ്വാസം. പ്രപഞ്ചോൽപത്തിയെക്കുറിച്ചുള്ള ബിഗ് ബാങ് സിദ്ധാന്തത്തെക്കുറിച്ചു സംസാരിക്കുമ്പോൾ പോലും സ്നേഹത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു - 'പ്രപഞ്ചമെന്നതു സ്നേഹത്താൽ സൃഷ്ടികർമം നടത്തുന്ന പരമോന്നത പ്രമാണത്തിൽനിന്നു നേരിട്ടു ജനിച്ചതാണ്'.

ഭീകരതയും അഭയാർഥി പ്രശ്നവും മുതൽ ആഗോളതാപനം വരെയുള്ള കാര്യങ്ങളിൽ അദ്ദേഹത്തിന്റെ നിലപാടുകളുടെ അടിസ്ഥാനതത്വവും അതു തന്നെയാണ് - സ്നേഹവും കരുണയും. വീടുകളില്ലാത്ത ദരിദ്രർക്കായി വത്തിക്കാനിൽ കുളിമുറികളൊരുക്കിയതു മുതൽ അഭയാർഥികളെ വത്തിക്കാനിൽ സ്വീകരിക്കുകയും പെസഹാ വ്യാഴാഴ്ചയിലെ കാൽകഴുകൽ ശുശ്രൂഷയിൽ അവരെ ഉൾപ്പെടുത്തുകയും ചെയ്തതു വരെയും ഒട്ടേറെ ഉദാഹരണങ്ങൾ. കരുണയ്ക്കായി ഒരു വർഷം തന്നെ പ്രഖ്യാപിച്ചതിന്റെ പ്രേരണയും മറ്റൊന്നല്ല.

ലോകരാഷ്ട്രീയത്തിൽ ഫ്രാൻസിസ് മാർപാപ്പ നടത്തിയ നിർണായകമായ ഇടപെടലുകൾ അനേകമുണ്ട്. ക്യൂബയും അമേരിക്കയും തമ്മിലുള്ള പതിറ്റാണ്ടുകൾ നീണ്ട ശീതയുദ്ധത്തിന് അയവുവരുത്തുന്നതിൽ പങ്കുവഹിച്ചു അദ്ദേഹം. അഭയാർഥികളോടു മുഖം തിരിക്കാനുള്ള യൂറോപ്പിന്റെ പ്രവണതയെ രൂക്ഷമായി വിമർശിച്ചു. ബാലപീഡനത്തിനെതിരെ അതിശക്തമായ നിലപാടു സ്വീകരിച്ച അദ്ദേഹം വധശിക്ഷ ഒഴിവാക്കണമെന്നും ആഹ്വാനം ചെയ്തു.

ശാസ്ത്രം പഠിച്ചതു കൊണ്ടുതന്നെ, ശാസ്ത്രകാരന്മാരോടു പ്രത്യേക അനുഭാവമുണ്ട് മാർപാപ്പയ്ക്ക്. പ്രപഞ്ചോൽപത്തിയെക്കുറിച്ചുള്ള ശാസ്ത്രനിരീക്ഷണങ്ങൾ തള്ളിക്കളയാനാവില്ലെന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്.

ഫ്രാൻസിസ് മാർപാപ്പയുടെയും വിശുദ്ധ മദർ തെരേസയുടെയും ജീവിതത്തെ സ്വാധീനിച്ചത് അസീസ്സിയിലെ വിശുദ്ധ ഫ്രാൻസിസ് ആയിരുന്നു.

ഫ്രാൻസിസ് മാർപാപ്പയുടെ മനസ്സിൽ മദർ തെരേസയ്ക്കു സവിശേഷ സ്ഥാനമുണ്ട്. മദറിനെ വിശുദ്ധയായി പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'മദർ തെരേസയെ വിശുദ്ധ തെരേസ എന്നതിനെക്കാൾ അമ്മ എന്നു വിളിക്കാനാണ് എനിക്കിഷ്ടം.'



റോമിലെ സാൻ ജിയോവാനി ആശുപത്രി സന്ദർശിച്ച ഫ്രാൻസിസ് മാർപാപ്പ നവജാതശിശുവിനെ കയ്യിലെടുത്തപ്പോൾ.

നേർക്കാഴ്ച

Daily Quote

ആശാവർക്കർമാർ ഉൾപ്പെടെയുള്ളവരുടെ ദുരിതങ്ങൾക്കു പരിഹാരം കാണാതെ നാലാം വാർഷികം ആഘോഷിക്കുന്ന പിണറായി വിജയൻ ധൂർത്തപുത്രനാണ്.
എം.എം. ഹസൻ
യുഡിഎഫ് കൺവീനർ



ബഹിരാകാശത്ത് കൃഷി നടത്താൻ ശുഭാംശു

ന്യൂഡൽഹി ● ഗഗൻയാൻ ദൗത്യത്തിനുള്ള പരിശീലനത്തിന്റെ ഭാഗമായി രാജ്യാന്തര ബഹിരാകാശ നിലയത്തിൽ 14 ദിവസം താമസിക്കുന്ന ഇന്ത്യൻ സഞ്ചാരി ശുഭാംശു ശുക്ല ബഹിരാകാശക്കൃഷി ഉൾപ്പെടെ 7 പരീക്ഷണങ്ങൾ നടത്തും.

അടുത്ത മാസം അവസാനത്തോടെയാണു ശുഭാംശുവിനെ വഹിച്ച് ആക്സിയം 4 ദൗത്യം ബഹിരാകാശത്തെത്തുക. യുഎസ്, ഹംഗറി, പോളണ്ട് എന്നീ രാജ്യങ്ങളിൽനിന്നുള്ള സഞ്ചാരികളും ഇതിലുണ്ട്. ടാർഡിഗ്രേഡുകൾ എന്നറിയപ്പെടുന്ന തീരെച്ചെറിയ ജീവികളുടെ ബഹിരാകാശത്തെ അതിജീവനം, സൂക്ഷ്മ ആൽഗകൾ വളരുന്നതിന്റെ തോത്, മനുഷ്യരുടെ കണ്ണുകൾ, വിരലുകൾ എന്നിവയുടെ ചലനം തുടങ്ങിയവയും പരീക്ഷണവിധേയമാക്കും.

മുംബൈയിൽ പിറന്നാൾ ആഘോഷിച്ച് 'മദർ മസ്ക്'

മുംബൈ ● ഇലോൺ മസ്കിന്റെ മാതാവും മോഡലുമായ മേയ് മസ്ക് മുംബൈയിൽ 77-ാം പിറന്നാൾ ആഘോഷിച്ചു. മനോഹരമായ പൂക്കൾ അയച്ചുകൊടുത്താണ് ഇലോൺ മസ്ക് അമ്മയ്ക്കു ജന്മദിനാശംസകൾ നേർന്നത്. മകനു നന്ദി പറഞ്ഞ മേയ്, ജന്മദിന ചിത്രം സമൂഹമാധ്യമത്തിൽ പങ്കുവച്ചു. എ വുമൺ മേക്സ് എ പ്ലാൻ എന്ന ഓർമക്കുറിപ്പുകളുടെ ഹിന്ദി പതിപ്പ് 'ജബ് ഔറത്ത് സോചിതി ഹെ'യുടെ പ്രകാശനത്തിനു കൂടിയാണ് മേയ് ഇവിടെ എത്തിയത്. ഇതിനോടകം 31 ഭാഷകളിലേക്ക് ഓർമക്കുറിപ്പ് വിവർത്തനം ചെയ്തു. പ്രശസ്തമായ സിദ്ധിവിനായക ക്ഷേത്രവും സന്ദർശിച്ചു. ശ്രീലങ്കൻ നടി ജാക്വിലിൻ ഫെർണാണ്ടസും കൂടെയുണ്ടായിരുന്നു.1948 ൽ കാനഡയിൽ ജനിച്ച മേയ് മസ്ക് 50 വർഷത്തോളം മോഡലിങ് രംഗത്തു സജീവമായിരുന്നു. ടൈം, വോഗ് അടക്കമുള്ള രാജ്യാന്തര മാസികകളുടെ കവർ ചിത്രമായിട്ടുണ്ട്.



ലഹരി പരിശോധന സിനിമാ സെറ്റുകളിലേക്കും കാരവനുകളിലേക്കും

▶▶ സിനിമാസംഘടനകളുടെ സഹായത്തോടെ സെറ്റുകളിൽ നിരീക്ഷണം

മനോരമ ലേഖകൻ

തിരുവനന്തപുരം ● ലഹരിവിരുദ്ധ പോരാട്ടം സിനിമാ സെറ്റുകളിലേക്കും അഭിനേതാക്കളുടെ കാരവനുകളിലേക്കും വ്യാപിപ്പിക്കാൻ പൊലീസ്. സിനിമാസെറ്റുകളിൽ ലഹരിയുടെ ഉപയോഗം സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭിച്ച സാഹചര്യത്തിലാണു പൊലീസ് പിടിമുറുക്കുന്നത്. സിനിമാസംഘടനകളുടെ സഹായത്തോടെ സെറ്റുകളിൽ കർശന നിരീക്ഷണം നടത്തും. ആവശ്യമെങ്കിൽ അഭിനേതാക്കളുടെ കാരവനുകളിലും പരിശോധന നടത്തും. ലഹരി ഉപയോഗത്തിനു ചിലർ കാരവനുകൾ മറയാക്കുന്നുവെന്ന ആക്ഷേപം ശക്തമായ സാഹചര്യത്തിലാണിത്.

അഭിനേതാക്കൾക്ക് ലഹരിമരുന്ന് എത്തിക്കുന്ന സംഘങ്ങളെ കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിന്റെ ചുവടുപിടിച്ചാണ് സിനിമാ സെറ്റുകളിലേക്കും പരിശോധന വ്യാപിപ്പിക്കുന്നത്. ലഹരി ഉപയോഗം സംശയിക്കുന്ന സിനിമാ സാങ്കേതിക പ്രവർത്തകരെയും കർശനമായി നിരീക്ഷിക്കും. സിനിമാ താരങ്ങൾ പങ്കെടുക്കുന്ന ചടങ്ങുകൾ, ആഘോഷ പാർട്ടികൾ എന്നിവയിലും പരിശോധനകളുണ്ടാകും. ഇത്തരം ആഘോഷ പാർട്ടികളിൽ സ്ഥിരമായി ലഹരിമരുന്ന് എത്തിക്കുന്ന സംഘങ്ങളുണ്ട്. അന്തർ സംസ്ഥാന ബന്ധമുള്ള ലഹരി റാക്കറ്റുകളിലെ കണ്ണികളാണ് ഇവരെന്നാണു വിവരം.

സിനിമയ്ക്ക് പുറത്ത് നിയമനടപടിക്കില്ല: വിൻ സി



പത്തനംതിട്ട ● ലഹരി ഉപയോഗിച്ച് നടൻ മോശമായി പെരുമാറിയെന്ന പരാതിയിൽ സിനിമയ്ക്കു പുറത്ത് നിയമ നടപടികൾ സ്വീകരിക്കില്ലെന്നു നടി വിൻ സി അലോഷ്യസ്. പരാതിയിൽ ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി (ഐസിസി) നടപടിയെടുക്കുമെന്നാണു കരുതുന്നത്. സിനിമയിൽ ഇനി ലഹരി ഉപയോഗം മൂലമുള്ള പ്രശ്നങ്ങളുണ്ടാകരുതെന്നാണു നിലപാടെന്നും വിൻ സി പറഞ്ഞു.

പരാതി പിൻവലിക്കില്ല. പറഞ്ഞ കാര്യങ്ങളിൽ ഉറച്ചു നിൽക്കുന്നു. സിനിമയിലാണു മാറ്റം വരേണ്ടത്. അന്വേഷണവുമായി സഹകരിക്കും. പരാതി ചോർന്ന സംഭവത്തിൽ കൂടുതൽ വ്യക്തത വരേണ്ടതുണ്ടെന്നും വിൻ സി പറഞ്ഞു.

3 മാസം: പിടിച്ചത് 148 കിലോ കഞ്ചാവ് ചോക്ലേറ്റ്

തിരുവനന്തപുരം ● 3 മാസത്തിനിടെ സംസ്ഥാനത്ത് എക്സൈസ് പിടികൂടിയത് 148 കിലോ കഞ്ചാവ് ചോക്ലേറ്റ്. ജനുവരി മുതൽ മാർച്ച് വരെയുള്ള പരിശോധനയിൽ പിടികൂടിയതാണിത്.

ഈ കാലയളവിൽ എക്സൈസ് റജിസ്റ്റർ ചെയ്തത് 3096 ലഹരിക്കേസുകൾ. 5239 അബ്കാരി കേസുകൾക്കു പുറമേയാണിത്. 3101 പ്രതികൾ എൻഡിപിഎസ് കേസിൽ അറസ്റ്റിലായി. 8.8 ലക്ഷം രൂപയാണ് ഇത്രയും കേസുകളിൽ തൊണ്ടിയായി പിടിച്ചെടുത്തത്.

മൂന്നു മാസത്തിനിടെ 1082.65 കിലോഗ്രാം കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്. 539 കഞ്ചാവ് ചെടി, 177.4 ഗ്രാം ഹെറോയിൻ, 43.3 ഗ്രാം ബ്രൗൺ ഷുഗർ, 431 ഗ്രാം ഹഷിഷ്, 914 ഗ്രാം എംഡിഎംഎ എന്നിവയും പിടികൂടി. സംസ്ഥാനത്തേക്കു സ്ഥിരമായി കഞ്ചാവ് എത്തിക്കുന്ന 65 പേർ മൂന്നു മാസമായി എക്സൈസിന്റെ നിരീക്ഷണത്തിലുണ്ട്.

സ്പേഡെക്സ് രണ്ടാം ഡോക്കിങ്ങും വിജയം

മനോരമ ലേഖകൻ

ബെംഗളൂരു● സ്പേഡെക്സ് ഇരട്ട ഉപഗ്രഹങ്ങളെ ബഹിരാകാശത്തു വച്ച് രണ്ടാമതും ഐഎസ്ആർഒ വിജയകരമായി ഇണക്കിച്ചേർത്തു. 220 കിലോഗ്രാം വീതം ഭാരമുള്ള ചേസർ (എസ്ഡിഎക്-01) ഉപഗ്രഹം ടാർഗറ്റ് ഉപഗ്രഹവുമായി (എസ്ഡിഎക്സ്-02) ഒന്നിപ്പിക്കുന്ന ഡോക്കിങ് പരീക്ഷണമാണിത്. ജനുവരി 16ന് ആണ് ആദ്യ ഡോക്കിങ് നടത്തിയത്. മാർച്ച് 13ന് ഇവയെ വേർപ്പെടുത്തിയ അൺഡോക്കിങ്ങും വിജയകരമായി പൂർത്തിയാക്കി. രണ്ടാംവട്ട അൺഡോക്കിങ് പരീക്ഷണം രണ്ടാഴ്ചയ്ക്കകം നടത്തും.

പിഎസ്എൽവി സി-60 റോക്കറ്റ് ഉപയോഗിച്ച് 2024 ഡിസംബർ 30ന് ആണ് ഇവയെ ഭൂമിയിൽനിന്ന് 475 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിൽ എത്തിച്ചത്. യുഎസിനും റഷ്യയ്ക്കും ചൈനയ്ക്കും പിന്നാലെ ബഹിരാകാശത്ത് ഉപഗ്രഹങ്ങളെ കൂട്ടിയിണക്കാനും വേർപിരിക്കാനുമുള്ള സാങ്കേതികവിദ്യ സ്വന്തമാക്കിയ നാലാമത്തെ രാജ്യമാണ് ഇന്ത്യ.

കോൺഗ്രസ്– അൻവർ കൂടിക്കാഴ്ച നാളെ

▶▶ അൻവറിനെ മാത്രം മതിയെന്ന് കോൺഗ്രസ് നിലപാട്; തൃണമൂലിനെ കൈവിടാതെ അൻവർ

മനോരമ ലേഖകൻ

തിരുവനന്തപുരം● നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനു മുൻപ് യുഡിഎഫ് പ്രവേശനത്തിനായി സമ്മർദം ചെലുത്തുന്ന പി.വി. അൻവറുമായി പ്രതിപക്ഷ നേതാവ് വി.ഡി.സതീശനും രമേശ് ചെന്നിത്തലയും നാളെ കൂടിക്കാഴ്ച നടത്തും. അൻവർ ഉൾപ്പെട്ട തൃണമൂൽ കോൺഗ്രസിനെ മുന്നണിയിലെടുക്കാനാവില്ലെന്ന നിലപാടിലാണു കോൺഗ്രസ്. അതേസമയം, തൃണമൂലിന്റെ മേൽവിലാസമില്ലാതെ വന്നാൽ അദ്ദേഹത്തെ യുഡിഎഫിൽ എടുക്കുന്നതിനോട് കോൺഗ്രസിന് എതിർപ്പില്ല.

തനിക്കും ഒപ്പമുള്ളവർക്കും മാന്യമായ മുന്നണി പ്രവേശനം വേണമെന്നാണ് അൻവറിന്റെ ആവശ്യം. എൽഡിഎഫുമായി തെറ്റിപ്പിരിഞ്ഞപ്പോൾ ഒപ്പം നിർത്തിയ തൃണമൂലിനെ കൈവിടുക അദ്ദേഹത്തിന് എളുപ്പമല്ല.

നാളെ തിരുവനന്തപുരത്തു നടക്കുന്ന ചർച്ചയിൽ രമ്യമായ പ്രശ്നപരിഹാരം ഉറപ്പാക്കാനാകുമെന്നാണു കോൺഗ്രസിന്റെ പ്രതീക്ഷ. തൃണമൂലിനെ യുഡിഎഫിലെടുത്താൽ അതിന്റെ ബലത്തിൽ ഭാവിയിൽ സീറ്റ് വിഭജനത്തിലടക്കം അൻവർ വിലപേശലുകൾക്കു മുതിരാനുള്ള സാഹചര്യം കോൺഗ്രസ് മുന്നിൽ കാണുന്നു. സംസ്ഥാനത്തു പ്രസക്തിയില്ലാത്ത തൃണമൂലിനെ യുഡിഎഫിന്റെ ഭാഗമാക്കി അവരുടെ വരവിനു വഴി തുറക്കാൻ കോൺഗ്രസ് തയാറല്ല. പല സംസ്ഥാനങ്ങളിലും സ്വന്തം സ്ഥാനാർഥികളെ രംഗത്തിറക്കി ബംഗാളിനു പുറത്തേക്കു വളരുകയെന്നത് തൃണമൂലിന്റെയും മുഖ്യമന്ത്രി മമത ബാനർജിയുടെയും പ്രഖ്യാപിത നയമാണ്.

ദേശീയതലത്തിൽ കോൺഗ്രസുമായി അഭിപ്രായവ്യത്യാസങ്ങൾ ഏറെയുള്ള തൃണമൂൽ ഭാവിയിൽ കേരളത്തിലെ കാര്യത്തിൽ സമ്മർദവും ആവശ്യങ്ങളുമായി രംഗത്തിറങ്ങുന്ന സാഹചര്യം കോൺഗ്രസ് ഹൈക്കമാൻഡും താൽപര്യപ്പെടുന്നില്ല.

അന്തസ്സോടെ യുഡിഎഫിന്റെ ഭാഗമാകാൻ കഴിയുമെന്നാണു പ്രതീക്ഷയെന്നു തൃണമൂൽ ചീഫ് കോഓർഡിനേറ്റർ വി.എസ്.മനോജ് കുമാർ പറഞ്ഞു.

ഹൈക്കോടതി വിധി പാരപ്പറ്റ് പണിതതിനു നികുതി ഏർപ്പെടുത്തിയ കേസിൽ

ട്രസ് വർക്ക് ചെയ്തെന്ന് കരുതി കെട്ടിടനികുതി ഈടാക്കരുത്

▶▶ താമസം, വാണിജ്യ ആവശ്യം എന്നിവയ്ക്ക് ഉപയോഗിച്ചാൽ നികുതിയാകാം

മനോരമ ലേഖിക

കൊച്ചി● വീടുകളുടെയും സ്ഥാപനങ്ങളുടെയും മുകളിൽ തുറന്ന ട്രസ് വർക്ക് ചെയ്ത ഭാഗത്തിനു കെട്ടിടനികുതി ബാധകമല്ലെന്നു ഹൈക്കോടതി. അതേസമയം, ഈ സ്ഥലം അടച്ചുകെട്ടി ആൾ താമസത്തിനോ വാണിജ്യ ആവശ്യത്തിനോ ഉപയോഗിച്ചാൽ ട്രസ് വർക്കിനു താഴെയുള്ള ഭാഗം കൂടി നികുതി നിർണയത്തിനു കണക്കാക്കാൻ കഴിയുമെന്നു കോടതി വ്യക്തമാക്കി.

പ്രതികൂല കാലാവസ്ഥയിൽ നിന്നു കെട്ടിടത്തെ സംരക്ഷിക്കാനാണു ടെറസിനു മുകളിൽ ട്രസ് വർക്ക് ചെയ്യുന്നത്. ഈ ഭാഗം തുണി ഉണക്കാൻ ഉപയോഗിച്ചാൽ നികുതി ബാധകമാകില്ലെന്നു 'ജിയോമോൻ' കേസിൽ പറഞ്ഞിട്ടുള്ളതും കോടതി ചൂണ്ടിക്കാട്ടി.

ടെറസിൽ ട്രസ് വർക്ക് ചെയ്തതിന് 2,80,800 രൂപ അധിക നികുതി ചുമത്തിയതിനെതിരെ, ചേർത്തല സ്വദേശികളായ സേവ്യർ, ജോസ് എന്നിവർ നൽകിയ ഹർജി അനുവദിച്ചു കൊണ്ടാണു ജസ്റ്റിസ് ബെച്ചു കുര്യൻ തോമസിന്റെ വിധി. 2015ൽ പൂർത്തിയായ വാണിജ്യ കെട്ടിടത്തിന് 2016ൽ അനുമതി വാങ്ങിയാണു ഷീറ്റ് കൊണ്ടു ട്രസ് വർക് ചെയ്തത്. ഭാഗികമായി ചുറ്റും മറച്ചിട്ടുണ്ടെന്നാണു നികുതി നിർണയ ഉത്തരവിൽ പറയുന്നത്. അതേസമയം, ടെറസിന്റെ ഭാഗമായ പാരപ്പറ്റ് ആണ് ഉദ്ദേശിക്കുന്നതെന്നു ഹർജിക്കാർ ചൂണ്ടിക്കാട്ടി. പാരപ്പറ്റ് അഥവാ ടെറസ് റെയ്‌ലിങ് പണിയുന്നതു സുരക്ഷയെ കരുതിയാണെന്നും ബിൽഡിങ് ചട്ടപ്രകാരം ഇതു നിർബന്ധമാണെന്നും കോടതി വ്യക്തമാക്കി.

ജെ.ഡി.വാൻസ് - മോദി കൂടിക്കാഴ്ച: വ്യാപാരക്കരാർ ചർച്ചയിൽ പുരോഗതി

▶▶ യുഎസ് വൈസ് പ്രസിഡന്റ് എത്തിയത് 4 ദിവസത്തെ സന്ദർശനത്തിന്

മനോരമ ലേഖകൻ

ന്യൂഡൽഹി ● ഇന്ത്യ-യുഎസ് വ്യാപാരക്കരാർ വിഷയത്തിലെ പുരോഗതിയിൽ ഇരു രാജ്യങ്ങളും സംതൃപ്തി അറിയിച്ചു. 4 ദിവസത്തെ ഇന്ത്യ സന്ദർശനത്തിനെത്തിയ യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തമ്മിലുള്ള കൂടിക്കാഴ്ചയിലാണ് ഇതുൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ചയായത്. ഇരു രാജ്യത്തെയും ജനങ്ങൾക്ക് ഗുണകരമാകുന്ന വ്യാപാരക്കരാർ ചർച്ചകളിൽ ഏറെ മുന്നേറാൻ സാധിച്ചതു നേട്ടമാണെന്ന് ഇരുവരും അഭിപ്രായപ്പെട്ടു. ഊർജം, പ്രതിരോധം, സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള മേഖലകളിൽ കൂടുതൽ സഹകരണത്തിനുള്ള ശ്രമങ്ങൾ തുടരാനും ധാരണയായി.

ഫെബ്രുവരിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസ് സന്ദർശിച്ച ഘട്ടത്തിൽ സ്വീകരിച്ച തീരുമാനങ്ങളിലെ പുരോഗതിയും ചർച്ച ചെയ്തു. ഈ വർഷം അവസാനം ഇന്ത്യ സന്ദർശനത്തിനു യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് എത്തുന്നതിനു പ്രതീക്ഷാപൂർവം കാത്തിരിക്കുകയാണെന്ന് മോദി പറഞ്ഞു. ലോക്കല്യാൺ മാർഗിലെ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ ഭാര്യ ഉഷ വാൻസ്, മക്കളായ യുവാൻ, വിവേക്, മിറബെൽ എന്നിവർക്കൊപ്പമെത്തിയ യുഎസ് വൈസ് പ്രസിഡന്റിന് അത്താഴ വിരുന്നും ഒരുക്കിയിരുന്നു.

ഇന്നലെ രാവിലെ പാലം വ്യോമസേനാ വിമാനത്താവളത്തിലെത്തിയ ജെ.ഡി. വാൻസിനെ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവാണു സ്വീകരിച്ചത്. കുർത്ത ധരിച്ചായിരുന്നു മക്കളായ യുവാനും വിവേകും എത്തിയത്. മകൾ മിറബെൽ അനാർക്കലി വേഷത്തിലും. അക്ഷർധാം ഉൾപ്പെടെയുള്ള സ്ഥലങ്ങൾ സന്ദർശിച്ച ഇവർ ഇന്നു ജയ്പുരും നാളെ ആഗ്രയും സന്ദർശിച്ച ശേഷം വ്യാഴാഴ്ച മടങ്ങും.



ന്യൂഡൽഹിയിലെ അക്ഷർധാം ക്ഷേത്രത്തിനു മുന്നിൽ യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി.വാൻസും ഭാര്യ ഉഷയും മക്കളും.

ഹാർവഡിനുള്ള സഹായത്തിൽ വീണ്ടും വെട്ട്

വാഷിങ്ടൻ ● ഹാർവഡ് സർവകലാശാലയ്ക്കു നൽകുന്ന സഹായത്തിൽ 100 കോടി ഡോളർ കൂടി വെട്ടിക്കുറയ്ക്കാൻ യുഎസ് സർക്കാർ നടപടി തുടങ്ങി. ആരോഗ്യ ഗവേഷണത്തെയാണ് ഇതു ബാധിക്കുക. ഹാർവഡ് അടക്കമുള്ള സർവകലാശാലകളിലെ പലസ്തീൻ അനുകൂല പ്രകടനങ്ങളുടെ പേരിൽ സർക്കാർ ധനസഹായം മുൻപും തടഞ്ഞുവച്ചിരുന്നു. ഏതാനും ദിവസം മുൻപ് 2.3 ബില്യൻ ഡോളറിന്റെ സഹായം മരവിപ്പിച്ചിരുന്നു. ഹാർവഡിനു മുന്നിൽ സർക്കാർ വച്ച ആവശ്യങ്ങളുടെ പട്ടിക പരസ്യമാക്കിയതും ട്രംപ് ഭരണകൂടത്തെ ചൊടിപ്പിച്ചിരുന്നു.

അജിത്കുമാറിന് മെഡൽ ശുപാർശ: ഉന്നതതല സമിതി പരിശോധിക്കും

മനോരമ ലേഖകൻ

തിരുവനന്തപുരം● എം.ആർ.അജിത്കുമാറിന് വിശിഷ്ട സേവാ മെഡൽ നൽകുന്നതിനുള്ള ഡിജിപിയുടെ ശുപാർശ പരിശോധിച്ച് കേന്ദ്രസർക്കാരിന് അയയ്ക്കേണ്ടത് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി. ആഭ്യന്തര സെക്രട്ടറിയും വിജിലൻസ് ഡയറക്ടറുമാണ് ഈ സമിതിയിലെ മറ്റ് അംഗങ്ങൾ.

പൊലീസിൽ, ഡിജിപിയും എഡിജിപിമാരും ഉൾപ്പെടുന്ന സമിതിയാണ് വിശിഷ്ട സേവാ മെഡലിന് ശുപാർശ ചെയ്യേണ്ടവരെ തീരുമാനിക്കുന്നത്. ഇതിൽ എഡിജിപി എം.ആർ.അജിത്കുമാറും അംഗമാണെങ്കിലും അജിത്കുമാറിനെ ശുപാർശ ചെയ്യുന്ന യോഗത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നില്ലെന്നാണു വിവരം. ഈ സമിതിയിൽ ഉൾപ്പെടുന്ന എഡിജിപിമാരെ ശുപാർശ ചെയ്യേണ്ടിവരുമ്പോൾ ഡിജിപിയുടെ തീരുമാനത്തിനു വിടുകയാണു പതിവ്.

വിജിലൻസ് ഡയറക്ടർ എതിർത്താൽ അജിത്കുമാറിന്റെ പേര് ശുപാർശ ചെയ്യാൻ ചീഫ് സെക്രട്ടറിക്ക് കഴിയില്ലെങ്കിലും നിലവിൽ അനധികൃത സ്വത്തു സംബന്ധിച്ച പരാതിയിൽ വിജിലൻസ് ക്ലീൻ ചിറ്റ് നൽകിയ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് ശുപാർശ ചെയ്യേണ്ടിവരും. കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ(ഐബി)യുടെ അന്തിമ റിപ്പോർട്ടിലാണ് മെഡൽ ലഭിക്കുക. കഴിഞ്ഞ അഞ്ചു തവണയും സംസ്ഥാനം അജിത്കുമാറിനെ ശുപാർശ ചെയ്തെങ്കിലും ഐബി എതിർപ്പുന്നയിക്കുകയായിരുന്നു.

സർക്കാർ വാർഷികാഘോഷം: കാസർകോട് കാലിക്കടവിൽ തുടക്കം

കേരളം തകരട്ടെ എന്ന് കേന്ദ്ര മനോഭാവം: മുഖ്യമന്ത്രി

▶▶ ധൂർത്താണെന്ന് പ്രതിപക്ഷം

മനോരമ ലേഖകൻ

കാലിക്കടവ് (കാസർകോട്) ● കേരളം കൂടുതൽ കൂടുതൽ തകരട്ടെ എന്ന സമീപനമാണ് കേന്ദ്ര സർക്കാരിനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എൽഡിഎഫ് സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെയും 'എന്റെ കേരളം' പ്രദർശന വിപണന മേളയുടെയും സംസ്ഥാനതല ഉദ്ഘാടനം കാസർകോട്-കണ്ണൂർ ജില്ലാ അതിർത്തിയായ കാലിക്കടവിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്രം കയ്യൊഴിഞ്ഞിട്ടും കേരളം നടത്തിയ അതിജീവനവും മുന്നേറ്റവും ലോകം അദ്ഭുതത്തോടെയാണു കണ്ടത്. ദുരന്തസമയത്തൊന്നും കേന്ദ്രപിന്തുണ ലഭിച്ചില്ല. മറ്റുള്ളവർ തരുന്നതുപോലും തടയുകയാണു ചെയ്തത്. കേരളത്തിനൊപ്പം നിൽക്കേണ്ട പ്രതിപക്ഷവും മാധ്യമങ്ങളും കേന്ദ്രത്തിനൊപ്പമാണു നിന്നത്.

എല്ലാ സഹായവും നിഷേധിച്ച കേന്ദ്രസർക്കാരിൽനിന്നുതന്നെ മികവിനുള്ള പുരസ്കാരങ്ങൾ ഒന്നൊന്നായി വാങ്ങാൻ കഴിഞ്ഞു. കഴിഞ്ഞ 2 ഘട്ടങ്ങളിലും ഭരണത്തിൽ എൽഡിഎഫ് അല്ലായിരുന്നെങ്കിൽ കേരളത്തിന്റെ സ്ഥിതി മറ്റൊന്നായേനെ. ഇടമൺ-കൊച്ചി പവർ ഹൈവേ, ഗ്രീൻഫീൽഡ് ഹൈവേ, ദേശീയപാത, ജലപാത, തീരദേശ പാത എന്നിങ്ങനെ കേരളം മാറുന്നത് നാം കാണുന്നു. സാമൂഹിക സുരക്ഷാ പെൻഷൻ കുടിശിക തീർത്തു. 60 ലക്ഷം പേർക്ക് 1600 രൂപ ക്ഷേമപെൻഷൻ നൽകുന്നു. ലൈഫ് മിഷനിൽ 4.5 ലക്ഷം വീടുകൾ പണിതു. 4 ലക്ഷം പേർക്കു പട്ടയം നൽകി. 1000 കോടി രൂപ വിറ്റുവരവു നേടിയ കെൽട്രോൺ അടക്കം വ്യവസായ, ഉൽപാദന മേഖലകളിൽ വളർച്ചയുണ്ടായി. ഗെയ്ൽ പദ്ധതി യാഥാർഥ്യമായി. 2016ൽ തകർന്നു കിടന്ന ഭരണസംവിധാനമാണ് എൽഡിഎഫ് സർക്കാർ കരകയറ്റിയത്. -മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി കെ.രാജൻ അധ്യക്ഷനായി. മുഖ്യമന്ത്രി പിണറായി വിജയന്റെ നിയമസഭാ പ്രസംഗങ്ങളുടെ സമാഹാരമായ 'ഹൃദയപക്ഷം' മന്ത്രി കെ.എൻ.ബാലഗോപാലിനു നൽകി മുഖ്യമന്ത്രി പ്രകാശനം ചെയ്തു. മന്ത്രിമാരായ കെ.കൃഷ്ണൻകുട്ടി, എ.കെ.ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, വി.അബ്ദുറഹിമാൻ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ഐപിആർഡി ഡയറക്ടർ ടി.വി.സുഭാഷ്, ഇൻഫർമേഷൻ ആൻഡ് പബ്ലിക്കേഷൻസ് വകുപ്പ് സെക്രട്ടറി എസ്.ഹരികിഷോർ തുടങ്ങിയവർ പ്രസംഗിച്ചു.

ഇതിനിടെ, സർക്കാരിന്റെ വാർഷികാഘോഷം ധൂർത്താണെന്നാരോപിച്ചു പ്രതിപക്ഷം രംഗത്തെത്തി. വാർഷികാഘോഷം ഒഴിവാക്കി അതിനുള്ള പണം ആശാ വർക്കർമാർക്കായി നീക്കിവയ്ക്കുമെന്നു പറയാൻ മുഖ്യമന്ത്രിക്കു ധൈര്യമുണ്ടോയെന്നു പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ചോദിച്ചു. 100 കോടിയിലധികമാണ് നാലാം വാർഷികം ആഘോഷിക്കാൻ ചെലവിടുന്നത്.പാവങ്ങളുടെ കണ്ണീരുകാണാതെ വാർഷികമാമാങ്കം നടത്തിയാൽ നവകേരള യാത്രയെക്കാൾ ദയനീയമായി പരാജയപ്പെടുമെന്നും സതീശൻ പറഞ്ഞു.

'കടക്കെണിയെന്ന പ്രചാരണം വാസ്തവമറിയാതെ'

പടന്നക്കാട് (കാസർകോട്) ● കേരളം കടക്കെണിയിലാണെന്ന ചിലരുടെ പ്രചാരണം വാസ്തവമറിയാതെയെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിവിധ മേഖലകളിലുള്ള പ്രമുഖരുമായി നടത്തിയ ആശയവിനിമയത്തിലും എൽഡിഎഫ് റാലിയിലുമാണ് കടക്കെണി സംബന്ധിച്ച ആരോപണം മുഖ്യമന്ത്രി നിഷേധിച്ചത്. കോവിഡ്കാലത്ത് എല്ലായിടത്തെയുംപോലെ പ്രതിസന്ധി ഇവിടെയും ഉണ്ടായി. 2020-21ൽ സംസ്ഥാന സർക്കാരിന്റെ പൊതുകടവും ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അന്തരം 36% ആയിരുന്നത് 2023-24ൽ 34% ആയി. ഇപ്പോൾ വീണ്ടും മെച്ചപ്പെട്ടിട്ടുണ്ടാകും.

2016ൽ ആഭ്യന്തര ഉൽപാദനം 5.6 ലക്ഷം കോടി രൂപയായിരുന്നു. ഇപ്പോൾ 13.11 ലക്ഷം കോടിയാണ്. 2016ൽ തനതു വരുമാനം 26% ആയിരുന്നത് ഇപ്പോൾ 73% ആയി. തകർച്ചയുടെ ചിത്രമല്ല നമുക്കു മുൻപിലുള്ളത് - മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രിസഭാ യോഗം മുടങ്ങില്ല

തിരുവനന്തപുരം ● സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിവിധ ദിവസങ്ങളിൽ പല ജില്ലകളിലായിരിക്കുമെങ്കിലും പതിവു മന്ത്രിസഭാ യോഗങ്ങൾ മുടക്കമില്ലാതെ നടക്കും. ഇന്നു വയനാട്ടിലുള്ള മുഖ്യമന്ത്രി, തിരുവനന്തപുരത്ത് എകെജി സെന്റർ ഉദ്ഘാടനത്തിനായി നാളെ ഹെലികോപ്റ്റർ മാർഗമെത്തുമെന്നാണു വിവരം. മന്ത്രിസഭായോഗം നാളെ തലസ്ഥാനത്ത് നടക്കും. ശാരദ മുരളീധരനു പകരം പുതിയ ചീഫ് സെക്രട്ടറിയെ നിശ്ചയിക്കുന്ന നിർണായക തീരുമാനം നാളത്തെ മന്ത്രിസഭാ യോഗത്തിലാകും ഉണ്ടാവുക. മനോജ് ജോഷി കേന്ദ്ര ഡപ്യൂട്ടേഷനിൽനിന്നു മടങ്ങിയെത്തുന്നില്ലെന്നും എ.ജയതിലക് ചീഫ് സെക്രട്ടറിയാകുമെന്നുമാണു വിവരം. 30നു ശാരദ മുരളീധരൻ വിരമിക്കുന്ന ദിവസവും വാർഷികാഘോഷ പരിപാടി വച്ചിട്ടില്ല. 29നു കോട്ടയത്തെ വാർഷികാഘോഷം കഴിഞ്ഞ് 30നു നടക്കുന്ന മന്ത്രിസഭാ യോഗത്തിലും മുഖ്യമന്ത്രി നേരിട്ടു പങ്കെടുക്കും. ചീഫ് സെക്രട്ടറിയെന്ന നിലയിൽ ശാരദ മുരളീധരന്റെ അവസാനത്തെ മന്ത്രിസഭാ യോഗവുമാണിത്. തുടർന്ന് 5നു മാത്രമേ വാർഷികാഘോഷ പരിപാടിയുള്ളൂ. മേയ് 2നു വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ കമ്മിഷനിങ്ങിലും മുഖ്യമന്ത്രിക്കു പങ്കെടുക്കേണ്ടതുണ്ട്.

തിരഞ്ഞെടുപ്പ് കമ്മിഷനു വീഴ്ച പറ്റി: രാഹുൽ

ബോസ്റ്റൺ / ന്യൂഡൽഹി ● മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുപ്പു കമ്മിഷനു നടപടിക്രമങ്ങളിൽ പിഴവു സംഭവിച്ചെന്നും സമ്മർദത്തിനു വഴങ്ങിയെന്നും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി യുഎസിൽ നടന്ന ചടങ്ങിൽ ആരോപിച്ചു. രാഹുൽ വഞ്ചകനാണെന്നും നാഷനൽ ഹെറൾഡ് കേസിൽ ഇ.ഡിയുടെ നടപടിയിലുണ്ടായ നിരാശ മൂലമാണ് അദ്ദേഹം തിരഞ്ഞെടുപ്പു കമ്മിഷനെതിരെ പറയുന്നതെന്നും ബിജെപി ആരോപിച്ചു. നാഷനൽ ഹെറൾഡ് കേസിൽ സോണിയ ഗാന്ധിയും രാഹുൽഗാന്ധിയും ജയിലിൽ പോകുക തന്നെ ചെയ്യുമെന്നു ബിജെപി വക്താവ് സംബിത് പത്ര എംപി പറഞ്ഞു.

'തിരഞ്ഞെടുപ്പു കമ്മിഷൻ നൽകിയ ഒരു കണക്കു പ്രകാരം വൈകിട്ട് 5.30 നും 7.30നും ഇടയിൽ 65 ലക്ഷം പേർ വോട്ടു ചെയ്തിട്ടുണ്ട്. ഇതൊരിക്കലും പ്രായോഗികമല്ല. ഒരാൾക്ക് വോട്ട് ചെയ്യാൻ 3 മിനിറ്റെങ്കിലുമെടുക്കും. ഇതനുസരിച്ചാണെങ്കിൽ പുലർച്ചെ 2 മണിവരെയെങ്കിലും വോട്ടെടുപ്പ് നീളണം.'- രാഹുൽ പറഞ്ഞു. ഇത് കമ്മിഷന്റെ ഭാഗത്തു വീഴ്ച വന്നതിന്റെ തെളിവാണ്. വോട്ടിങ്ങിന്റെ വിഡിയോ ചോദിച്ചിട്ടു നൽകിയില്ലെന്നും ചൂണ്ടിക്കാട്ടി. ശനിയാഴ്ച ബോസ്റ്റണിലെത്തിയ രാഹുൽ ഇന്ത്യൻ സമൂഹം സംഘടിപ്പിക്കുന്ന ചടങ്ങുകളിൽ പങ്കെടുക്കും.



യുഎസ് സന്ദർശനത്തിടെ രാഹുൽ ഗാന്ധി. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചെയർമാൻ സാം പിത്രോദ സമീപം.

ചേറ്റൂരിനെ ചൂണ്ടാൻ ബിജെപി; തടയിടാൻ കോൺഗ്രസ്



തിരുവനന്തപുരം● കോൺഗ്രസിന്റെ മലയാളിയായ ഏക അഖിലേന്ത്യാ പ്രസിഡന്റ് ചേറ്റൂർ ശങ്കരൻനായരുടെ സ്മരണ ഏറ്റെടുക്കാനുള്ള ബിജെപി നീക്കത്തിനു തടയിടാൻ കോൺഗ്രസ്. എല്ലാ വർഷവും ഏപ്രിൽ 24നു ചേറ്റൂരിന്റെ ചരമവാർഷികം പാലക്കാട് ഡിസിസി മാത്രമാണു സംഘടിപ്പിച്ചിരുന്നതെങ്കിൽ ഇത്തവണ കെപിസിസി ആസ്ഥാനത്തും അനുസ്മരണം നടക്കും. ജന്മനാടായ പാലക്കാട്ട് അവിടത്തെ ഡിസിസിയും കുടുംബവേരുള്ള കണ്ണൂരിൽ കണ്ണൂർ ഡിസിസിയും അനുസ്മരണം നടത്തും. കണ്ണൂരിൽ കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ പങ്കെടുക്കും.

1897ൽ കോൺഗ്രസ് പ്രസിഡന്റായിരുന്നു ചേറ്റൂർ ശങ്കരൻനായർ. ഗാന്ധിജിയുടെ സമരരീതികളോടു ചില വിയോജിപ്പുകൾ പ്രകടിപ്പിച്ചിരുന്നു.ഈയിടെ, ഹരിയാനയിലെ ഒരു ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ചേറ്റൂരിനെ അനുസ്മരിച്ചിരുന്നു. മോദിയുടെ പ്രസംഗത്തിന്റെ തുടർച്ചയായി കേന്ദ്രമന്ത്രി സുരേഷ്ഗോപി ചേറ്റൂരിന്റെ ബന്ധുക്കളെ സന്ദർശിച്ചതോടെയാണു കോൺഗ്രസ് അപകടം മണത്തത്.

> ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമര ചരിത്രത്തിലും ഭാഗമല്ലാത്ത ബിജെപി ചരിത്രത്തെ വക്രീകരിച്ചു പല രാഷ്ട്രീയ നേട്ടവുമുണ്ടാക്കാൻ നോക്കുന്നു. ഗാന്ധിജിയുടെ ചില ശൈലികളോടു വിയോജിപ്പുണ്ടായിരുന്നെങ്കിലും ചേറ്റൂർ കോൺഗ്രസ് ധാരയെ തള്ളിയ ആളല്ല
> എം.ലിജു, കെപിസിസി ജനറൽ സെക്രട്ടറി

> എത്ര വലിയ നേതാവായാലും അവർ നെഹ്റു കുടുംബത്തിൽ നിന്നല്ലെങ്കിൽ കോൺഗ്രസിനു പുച്ഛമാണ്.
> എസ്.സുരേഷ്, ബിജെപി സംസ്ഥാന സെക്രട്ടറി

Vol. No. 31, No.109. RNI Reg. No. 61311/95. Printed and Published by Jacob Mathew on behalf of The Malayala Manorama Co Private Ltd., Kottayam - 686 001, Printed at Malayala Manorama Press, Ottaplamoodu, Kottiyam, Kollam-691571 and published at Manorama Bldg., Kadappakada, Kollam-691008. Editor: Philip Mathew, Chief Editor: Mammen Mathew, Managing Editor: Jacob Mathew, Editorial Director: Jose Panachipuram. Kollam Office: P.B. No. 1652, IX/891, Kadappakada, Kollam 691008 Kerala. Phone: 0474 2740518. E mail: Editorial: editorial@mm.co.in Subscriptions: subscription@mm.co.in Advertising: marketing@mm.co.in

മനോരമ
education

ജെഇഇ അഡ്വാൻസ്ഡ് അപേക്ഷ നാളെ മുതൽ



ജെഇഇ അഡ്വാൻസ്ഡ് 2025ൽ പങ്കെടുക്കുന്നവരുടെ നോർമലൈസ്ഡ് എൻടിഎ സ്കോർ

കാറ്റഗറി	പെർസന്റൈൽ		യോഗ്യത നേടിയവർ
	മുതൽ	വരെ	
ജനറൽ- എല്ലാവരും	100	93.1023262	97,321
ജനറൽ - ഭിന്നശേഷി	93.0950208	0.0079349	3950
സാമ്പത്തികപിന്നാക്കം- എല്ലാവരും	93.0950208	80.3830119	25,009
പിന്നാക്കം - എല്ലാവരും	93.0950208	79.4313582	67,614
പട്ടികജാതി - എല്ലാവരും	93.0950208	61.1526933	37,519
പട്ടികവർഗം- എല്ലാവരും	93.0950208	47.9026465	18,823
	ആകെ		2,50,236

▸▸ പരീക്ഷ മേയ് 18ന്

ബി.എസ്.വാരിയർ

പാലക്കാട്ടേത് ഉൾപ്പെടെ 23 ഐഐടികളിലെ ബിടെക്/ബിഎസ്/ബിആർക്ക്/ഡ്യുവൽ ബിടെക്-എംടെക് തുടങ്ങിയ പ്രോഗ്രാമുകളിലെ പ്രവേശനത്തിനുള്ള പൊതുപരീക്ഷയായ ജെഇഇ അഡ്വാൻസ്ഡിന്റെ അപേക്ഷ നാളെ മുതൽ.

2025ലെ ജെഇഇ മെയിൻ 2 സെഷനുകളിലെയും ബിഇ/ബിടെക് പേപ്പറിലെ നോർമലൈസ്ഡ് എൻടിഎ സ്കോറുകളുടെയും അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളിൽനിന്ന് ഏറ്റവും മുകളിലെ രണ്ടര ലക്ഷം പേരെയാണു ജെഇഇ അഡ്വാൻസ്ഡ് 2025ൽ പങ്കെടുക്കാൻ അനുവദിക്കുക.

ഏതെങ്കിലും വിഭാഗത്തിൽ തുല്യറാങ്കുകൾ വരുന്നപക്ഷം അവരെയെല്ലാം പ്രവേശിപ്പിക്കേണ്ടതിനാൽ ആകെ സീറ്റ് രണ്ടര ലക്ഷത്തിൽ തെല്ലു കൂടും.

അങ്ങനെ ഇത്തവണ 2,50,236 പേർ യോഗ്യത നേടി. അവരുടെ എണ്ണവും, പെർസെന്റൈൽ സ്കോറിന്റെ കട്ടോഫും കാറ്റഗറി തിരിച്ചു പട്ടികയിൽ നൽകിയിരിക്കുന്നു.

സീറ്റുകൾ അലോട്ട് ചെയ്യുന്നത് ജോയിന്റ് സീറ്റ് അലൊക്കേഷൻ അതോറിറ്റിയാണ് (ജോസ : https://josaa.nic.in).

ജെഇഇ അഡ്വാൻസ്ഡിന്റെയും ഫലം വന്നതിനുശേഷം ഐഐടികൾ, എൻഐടികൾ, ഐഐഐടികൾ, ശിബ്പുർ ഐഐഇഎസ്ടി, സർക്കാർ സഹായമുള്ള മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒരുമിച്ചായിരിക്കും അലോട്മെന്റ്.

സമയക്രമം

ജെഇഇ അഡ്വാൻസ്ഡ് 2025 ഓൺലൈൻ അപേക്ഷാസമർപ്പണത്തിന്റെയും തുടർന്നുള്ള നടപടികളുടെയും ഷെഡ്യൂൾ ഇങ്ങനെ...

- രജിസ്ട്രേഷൻ-നാളെ രാവിലെ 10 മുതൽ മേയ് 2 രാത്രി 11.59 വരെ
- പണമടയ്ക്കൽ-മേയ് 5 രാത്രി 11.59 വരെ
- അഡ്മിറ്റ് കാർഡ് ഡൗൺലോഡ്-മേയ് 11 രാവിലെ 10 മുതൽ 18 ഉച്ചകഴിഞ്ഞ് 2.30 വരെ
- ഓൺലൈൻ പരീക്ഷ- മേയ് 18 (പേപ്പർ 1-രാവിലെ 9 മുതൽ 12 വരെ, പേപ്പർ 2- ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ).
- അന്തിമ ഉത്തര കീ വെബ്സൈറ്റിൽ-ജൂൺ 2 രാവിലെ 10ന്
- ആർക്കിടെക്ചർ അഭിരുചി പരീക്ഷയ്ക്കുള്ള (AAT) റജിസ്ട്രേഷൻ-ജൂൺ 2 രാവിലെ 10 മുതൽ 03 വൈകിട്ട് 5 വരെ
- ജോസ അലോട്മെന്റിനു തുടക്കം- ജൂൺ 03 വൈകിട്ട് 5ന്

ആർക്കിടെക്ചർ

- ആർക്കിടെക്ചർ അഭിരുചി പരീക്ഷ-ജൂൺ 5 രാവിലെ 9 മുതൽ 12 വരെ
- അഭിരുചി പരീക്ഷയുടെ ഫലപ്രഖ്യാപനം-ജൂൺ 8 വൈകിട്ട് 5ന്

കെ-ടെറ്റ്: 23 വരെ അപേക്ഷിക്കാം

തിരുവനന്തപുരം ● സർവീസിലുള്ള അധ്യാപകർക്കായുള്ള പ്രത്യേക കെ-ടെറ്റ് പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 23നു വൈകിട്ട് 5 വരെ നീട്ടി. അപേക്ഷകർ 24 മുതൽ 30 വരെ വെരിഫിക്കേഷന് ജില്ലാ വിദ്യാഭ്യാസ ഓഫിസുകളിൽ ഹാജരാകണം. വിവരങ്ങൾക്ക്: https://ktet.kerala.gov.in

തൊഴിലുറപ്പ് പദ്ധതി

ജോലിക്ക് ഹാജരാകാതെ ഒരു ലക്ഷത്തോളം പേർ

▸▸ സോഷ്യൽ ഓഡിറ്റ് വിഭാഗം പഠനം നടത്തും

മനോരമ ലേഖകൻ

തിരുവനന്തപുരം ● സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ (എംജി എൻആർഇജിഎസ്) അംഗങ്ങളായ ഒരു ലക്ഷത്തോളം പേർ ജോലിക്കു ഹാജരാകുന്നില്ല. ആകെയുള്ള 14 ലക്ഷത്തിൽപരം അംഗങ്ങളിൽ നിലവിൽ 13 ലക്ഷത്തോളം പേർ മാത്രമാണു ജോലിക്ക് എത്തുന്നതെന്ന കണക്കുകൾ ലഭിച്ചതോടെ ഇതേക്കുറിച്ച് പഠിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു.

തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ പരിശോധിക്കുന്ന സോഷ്യൽ ഓഡിറ്റ് വിഭാഗമാണു പഠനം നടത്തുക. 60 വയസ്സു പിന്നിട്ടവരാണു ജോലിക്ക് എത്താത്തവരിൽ ഭൂരിഭാഗവുമെന്ന് പ്രാഥമിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. മേയ് 31നകം പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാനാണു തദ്ദേശ വകുപ്പും നൽകിയിട്ടുള്ള നിർദേശം.

കഴിഞ്ഞ സാമ്പത്തിക വർഷം 5 കോടി തൊഴിൽദിനങ്ങളാണ് കേന്ദ്രം കേരളത്തിന് അനുവദിച്ചതെങ്കിലും 6 കോടിയിലേറെ തൊഴിൽദിനങ്ങൾ കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങൾക്കു ലഭിച്ചു.

എന്നാൽ, കേന്ദ്രം അധിക തൊഴിൽദിനങ്ങൾക്ക് അനുമതി നൽകാത്തതിനാൽ അധികദിവസത്തെ ജോലിക്കുള്ള വേതനം തൊഴിലാളികൾക്കു ലഭിച്ചില്ല. മുൻവർഷങ്ങളിൽ കേന്ദ്രം അധിക തൊഴിൽദിനങ്ങൾക്ക് വൈകിയാണെങ്കിലും അനുമതി നൽകാറുണ്ട്.

വേതനം വൈകുന്നതും തൊഴിലുറപ്പ് പദ്ധതിയിൽ നിന്നു തൊഴിലാളികളെ പിന്തിരിപ്പിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം വരെ 341 രൂപയായിരുന്ന പ്രതിദിന വേതനം ഈ വർഷം 369 രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

ഹൈക്കോടതി ജഡ്ജി

ജസ്റ്റിസ് കെ.നടരാജന് കൊളീജിയം ശുപാർശ

ന്യൂഡൽഹി ● കർണാടക ഹൈക്കോടതിയിലെ ജസ്റ്റിസ് കെ. നടരാജനെ (61) കേരള ഹൈക്കോടതി ജഡ്ജിയാക്കാൻ സുപ്രീം കോടതി കൊളീജിയം ശുപാർശ ചെയ്തു. മറ്റ് 6 ഹൈക്കോടതി ജഡ്ജിമാരുടെ സ്ഥലംമാറ്റ ശുപാർശയ്ക്കൊപ്പമാണു കേരള ഹൈക്കോടതിയിലേക്കും പുതിയ ആളെ നിർദേശിച്ചത്.

ബെംഗളൂരു സ്വദേശിയായ ജസ്റ്റിസ് നടരാജൻ 1992 ൽ അഭിഭാഷകനായി എൻറോൾ ചെയ്തു. 2002ൽ ജില്ലാ ജഡ്ജിയായി. 2013-15 കാലയളവിൽ കർണാടക ഹൈക്കോടതി റജിസ്ട്രാറും 2015-16ൽ നിയമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി.

2018ൽ കർണാടക ഹൈക്കോടതിയിൽ അഡീഷനൽ ജഡ്ജിയും 2020ൽ സ്ഥിരം ജഡ്ജിയുമായി.

പോസ്റ്റ് ലൈക്ക് ചെയ്യുന്നത് കുറ്റകരമല്ല

▸▸ അലഹാബാദ് ഹൈക്കോടതിയുടെ നിരീക്ഷണം

പ്രയാഗ്‌രാജ് ● സമൂഹമാധ്യമ പോസ്റ്റുകൾ ലൈക്ക് ചെയ്യുന്നത് അവ ഷെയർ ചെയ്യുന്നതിനു തുല്യമല്ലെന്നും ഐടി നിയമത്തിന്റെ 67-ാം വകുപ്പ് പ്രകാരം കുറ്റകരമല്ലെന്നും അലഹാബാദ് ഹൈക്കോടതി വ്യക്തമാക്കി.

ആഗ്രയിൽ നിന്നുള്ള ഇമ്രാൻ ഖാനെതിരെയുള്ള ക്രിമിനൽ കേസിലാണു കോടതി ഇക്കാര്യം പറഞ്ഞത്. മറ്റൊരു വ്യക്തി പോസ്റ്റ് ചെയ്ത പ്രകോപനപരമായ സന്ദേശം ലൈക്ക് ചെയ്തതാണു ഖാനെതിരെയുള്ള കുറ്റം. ഈ സന്ദേശം സംഘർഷത്തിനു വഴി വച്ചിരുന്നു. ഐടി നിയമത്തിന്റെ 67-ാം വകുപ്പ് പ്രകോപനപരമായ സന്ദേശങ്ങൾക്കെതിരെയുള്ളതല്ലെന്നും അശ്ലീല ഓൺലൈൻ ഉള്ളടക്കത്തിന് എതിരെയുള്ളതാണെന്നും കോടതി ചൂണ്ടിക്കാട്ടി.

ശമ്പളം വൈകുന്നു

കെഎസ്ആർടിസിയിലെ ബദലി ജീവനക്കാർ പ്രതിസന്ധിയിൽ

മനോരമ ലേഖകൻ

തിരുവനന്തപുരം ● ശമ്പളവും ഡ്യൂട്ടി സറണ്ടറും കലക്‌ഷൻ ഇൻസെന്റീവും സമയത്തു കിട്ടാതെ കെഎസ്ആർടിസിയിലെ താൽക്കാലിക ജീവനക്കാർ (ബദലി) പ്രതിസന്ധിയിൽ. അയ്യായിരത്തോളം വരുന്ന ബദലി ജീവനക്കാരെ ഒഴിവാക്കാൻ വകുപ്പുതലത്തിൽ ആലോചനകൾ നടക്കുന്ന വിവരം കൂടി പുറത്തുവന്നതോടെ പല ഡിപ്പോകളിലും ഇവർ ജോലി മതിയാക്കുകയാണ്.

10 കോടി രൂപയാണ് മാസം ബദലി ജീവനക്കാർക്കു ശമ്പളമായി ചെലവു വരുന്നത്. ഒരു ഡ്യൂട്ടിക്ക് 720 രൂപ നൽകും. ഓവർടൈം ഡ്യൂട്ടി വേതനവും പ്രതിദിന കലക്‌ഷൻ ബാറ്റയും ബാങ്കുവഴിയാക്കിയെങ്കിലും അതും മുടങ്ങി. കഴിഞ്ഞമാസത്തെ 15 ദിവസത്തെ ശമ്പളം ഇനിയും നൽകാനുണ്ട്.

അതേസമയം, കെഎസ്ആർടിസിയിൽ നടക്കാൻ പോകുന്ന റഫറണ്ടത്തിന് ബദലി ജീവനക്കാർക്ക് വോട്ടവകാശം നൽകണമെന്ന സിഐടിയുവിന്റെ ആവശ്യം സർക്കാരിനെ വെട്ടിലാക്കി. ബദലി ജീവനക്കാരിൽ വർഷം 120 ദിവസം ഡ്യൂട്ടിക്ക് ഹാജരായ 4028 പേർക്ക് വോട്ടവകാശം നൽകണമെന്നാണു സിഐടിയുവിന്റെ ആവശ്യം. ഇക്കാര്യത്തിൽ സിഐടിയു ലേബർ കമ്മിഷണർക്ക് കത്തു നൽകി. ഒപ്പം ബദലി ജീവനക്കാരിൽ ചിലർ കോടതിയെയും സമീപിച്ചു. ഇതിനെ എതിർത്ത് കെഎസ്ആർടിസി മാനേജ്മെന്റ് കോടതിയിൽ സത്യവാങ്മൂലം നൽകിയേക്കും.

പിഎസ്‌സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ നൽകിയ കേസിൽ എല്ലാ എംപാനൽ ജീവനക്കാരെയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നേരത്തെ പിരിച്ചുവിട്ടിരുന്നു. പിന്നീട് 2023ൽ ശബരിമല സീസൺ സമയത്ത് മാത്രം താൽക്കാലിക ജീവനക്കാരെയെടുക്കാൻ കോടതി അനുമതി നൽകി.

പക്ഷേ ദൈനംദിന ആവശ്യങ്ങൾക്കായി ബദലി എന്ന പേരിൽ വീണ്ടും അയ്യായിരത്തോളം പേരെ എടുക്കുകയായിരുന്നു. ഇവരെ എടുത്ത ഉത്തരവിൽ വർഷം 100 ഡ്യൂട്ടിയിൽ കൂടാൻ പാടില്ലെന്ന നിർദേശമുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ സിഐടിയു നൽകിയ കത്തിൽ 120 ഡ്യൂട്ടിയുള്ള 4028 ജീവനക്കാർ എന്നു വ്യക്തമാക്കിയതും മാനേജ്മെന്റിനെ വെട്ടിലാക്കി.

നിലവിലെ ബദലി ജീവനക്കാരിൽ ഭൂരിഭാഗവും മുൻപ് പിരിച്ചുവിടപ്പെട്ട എംപാനൽ ജീവനക്കാരാണ്.

വാഹനാപകടത്തിൽ നഷ്ടപരിഹാരം: പ്രായപൂർത്തിയായ മക്കൾക്കും അർഹത

ബെംഗളൂരു ● അപകടങ്ങളിൽ മരിക്കുന്നവരുടെ ജീവിതപങ്കാളിക്കൊപ്പം പ്രായപൂർത്തിയായ മക്കൾക്കും നഷ്ടപരിഹാരത്തിന് അർഹതയുണ്ടെന്ന് കർണാടക ഹൈക്കോടതി വിധിച്ചു. കർണാടകയിലെ കലബുറഗി സ്വദേശിയായ സുഭാഷിന്റെ അപകടമരണക്കേസിൽ ഭാര്യയ്ക്കും പ്രായപൂർത്തിയായ 2 ആൺമക്കൾക്കും 52,000 രൂപ വീതം അധിക നഷ്ടപരിഹാരം നൽകാനും ഉത്തരവിട്ടു.

കുഷ്ഠരോഗ ചികിത്സ: ഡബ്ല്യുഎച്ച്ഒ രീതി പിന്തുടരാൻ നിർദേശം

ന്യൂഡൽഹി ● കുഷ്ഠരോഗ ചികിത്സയ്ക്കു ലോകാരോഗ്യ സംഘടന നിർദേശിക്കുന്ന ചികിത്സാരീതികൾ പിന്തുടരണമെന്നു സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദേശം. 2027 ൽ ഇന്ത്യയിൽ സമ്പൂർണ കുഷ്ഠരോഗ നിർമാർജനം ലക്ഷ്യമിട്ടാണിത്.

നിലവിൽ 7 സംസ്ഥാനങ്ങളിലായി 35,000 കുഷ്ഠരോഗികൾ രാജ്യത്തുണ്ട്.

വീടിനു തീയിട്ട ഗൃഹനാഥൻ വീടിനുള്ളിൽ തൂങ്ങിമരിച്ചു


വിനോദ്

അഞ്ചൽ ● പാചക വാതക സിലിണ്ടർ തുറന്നുവിട്ടു വീട് കത്തിച്ച ഗൃഹനാഥൻ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ. കുടുംബാംഗങ്ങൾ രക്ഷപ്പെട്ടു. ഏരൂർ ആലഞ്ചേരി ചില്ലിങ് പ്ലാന്റ് മംഗലത്തറ വീട്ടിൽ വിനോദാണു (56) മരിച്ചത്. ഞായർ രാത്രി പതിനൊന്നോടെ ആയിരുന്നു സംഭവം. സ്ഥിരമായി മദ്യപിച്ചു വീട്ടിൽ ബഹളമുണ്ടാക്കുന്ന വിനോദ് കഴിഞ്ഞ ദിവസവും മദ്യലഹരിയിൽ വീട്ടിൽ പ്രശ്നം ഉണ്ടാക്കിയത്രെ. കുടുംബാംഗങ്ങൾ വിവരം പൊലീസിൽ അറിയിച്ചതിനെ തുടർന്നു ഇയാൾ കൂടുതൽ പ്രകോപിതനായി ഗ്യാസ് സിലിണ്ടർ തുറന്നു വിടുകയായിരുന്നുവെന്നു ഏരൂർ പൊലീസ് വ്യക്തമാക്കി.

പാചക വാതകം വീടിനുള്ളിൽ വ്യാപിച്ചതോടെ വിനോദിന്റെ ഭാര്യ ലതയും മരുമകളും ഒരു വയസ്സുള്ള കുഞ്ഞുമായി വീട്ടിൽ നിന്ന് ഓടിരക്ഷപ്പെട്ടു. ബഹളം കേട്ടു പ്രദേശവാസികൾ എത്തിയെങ്കിലും അപകട സൂചനയെത്തുടർന്ന് ആരും വീടിനുള്ളിൽ പ്രവേശിച്ചില്ല. ഇതിനിടെ ജനാലയിൽ കെട്ടിയ കയർ കഴുത്തിൽ കുടുക്കിയ ശേഷം വിനോദ് തീ കത്തിച്ചു. ഉഗ്ര ശബ്ദത്തോടെ സിലിണ്ടർ പൊട്ടിത്തെറിച്ചത് ഏറെ നേരം പരിഭ്രാന്തിക്കിടയാക്കി. വീടിന്റെ മേൽക്കൂര പൂർണമായും നിലംപൊത്തി. വീട്ടുപകരണങ്ങൾ കത്തിനശിച്ചു. പിന്നീട് അഗ്നിരക്ഷാസേന വൻതോതിൽ വെള്ളം ഒഴിച്ച ശേഷമാണു പൊലീസിനു വീടിനുള്ളിൽ പ്രവേശിക്കാൻ കഴിഞ്ഞത്. വിനോദിന്റെ സംസ്കാരം നടത്തി.

പീഡനശ്രമം: പ്രതിക്ക് 16 വർഷം കഠിന തടവ്

കൊട്ടാരക്കര ● 45 വയസ്സുകാരിയെ വഴിയിൽ തടഞ്ഞു നിർത്തി ലൈംഗിക പീഡനത്തിനു ശ്രമിച്ച കേസിലെ പ്രതിക്ക് 16 വർഷം കഠിന തടവും 35000 രൂപ പിഴയും വിധിച്ച് കൊട്ടാരക്കര ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി ജഡ്ജി അഞ്ജു മീര ബിർല ഉത്തരവായി.

ഉമ്മന്നൂർ വിലയന്തൂർ പിണറ്റിൻമുകൾ വിജയസദനം വീട്ടിൽ കെ.വിനോദിനെ (46) ആണ് ശിക്ഷിച്ചത്. 2023 ഒക്ടോബർ 4നാണ് സംഭവം.

കൊട്ടാരക്കര പൊലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ നൗഷാദ് റജിസ്റ്റർ ചെയ്തു സ്റ്റേഷൻ ഇൻസ്പെക്ടർ വി.എസ്. പ്രശാന്ത് കുറ്റപത്രം സമർപ്പിച്ച കേസാണിത്.

പിഴത്തുക അടച്ചില്ലെങ്കിൽ 6 മാസം അധികം തടവ് ശിക്ഷ അനുഭവിക്കണം. പ്രോസിക്യൂഷന് വേണ്ടി അഡ്വ. ഷുഗു.സി.തോമസ് ഹാജരായി.

കാറുമായി കൂട്ടിയിടിച്ച് അപകടം; ഓട്ടോ ഡ്രൈവർ മരിച്ചു


മഹേഷ്

പുനലൂർ ● മൂവാറ്റുപുഴ- പുനലൂർ സംസ്ഥാന ഹൈവേയിൽ നെല്ലിപ്പള്ളി ജംക്‌ഷനിൽ കാറും ഓട്ടോയും കൂട്ടിയിടിച്ച് ഓട്ടോ ഡ്രൈവർ മരിച്ചു. പത്തനാപുരം കടയ്ക്കാമൺ അംബേദ്കർ നഗർ പ്ലോട്ട് നമ്പർ 76 ൽ മഹേഷ് (30) ആണ് മരിച്ചത്. ഇന്നലെ വൈകിട്ട് 7.15ന് ആയിരുന്നു അപകടം.

ഗുരുതരമായി പരുക്കേറ്റ മഹേഷിനെ പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരിച്ചു. പരുക്കേറ്റ കാർ ഡ്രൈവർ പുനലൂർ ചെമ്മന്തൂർ സ്വദേശി ജോമോനെയും പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പുനലൂർ ഭാഗത്ത് നിന്നു പത്തനാപുരത്തേക്കു പോയ ഓട്ടോയും എതിരെ വന്ന കാറുമാണ് കൂട്ടിയിടിച്ചത്. ഇടിയുടെ ആഘാതത്തിൽ ഓട്ടോയുടെ മുൻഭാഗം പൂർണമായും കാർ ഭാഗികമായും തകർന്നു. പത്തനാപുരം നീലിക്കോണം സ്വദേശിയുടെ ഓട്ടോയാണ് മഹേഷ് ഓടിച്ചിരുന്നത്.

കാർ ബസിനെ മറികടന്ന് ഓട്ടോയിൽ ഇടിക്കുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. അപകടത്തെത്തുടർന്ന് മൂവാറ്റുപുഴ സംസ്ഥാന ഹൈവേയിൽ ഗതാഗതം സ്തംഭിച്ചു. കഴിഞ്ഞ ഒരു വർഷത്തിനിടെ ഈ പാതയിലെ പത്തനാപുരം- പുനലൂർ ഭാഗത്ത് വാഹനാപകടങ്ങളിൽ പത്തോളം പേർ മരണമടഞ്ഞിരുന്നു. മൃതദേഹം പുനലൂർ താലൂക്ക് ഹെഡ് കാർട്ടേഴ്സ് ആശുപത്രി മോർച്ചറിയിൽ.

ഭാര്യ: അഞ്ജു. മകൻ:അഭി. പിതാവ്: മുരളി, മാതാവ്:ലത, സഹോദരൻ:മുകേഷ്.

ജെ.തങ്കച്ചൻ
കരിക്കം: കുളിർമയിൽ (തെങ്ങുവിള പടിഞ്ഞാറ്റേതിൽ, ഞാറക്കാട്) ജെ.തങ്കച്ചൻ (82) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: കലയപുരം വരൂർ കുടുംബാംഗം പരേതയായ എം.വൈ. മേരിക്കുട്ടി. മകൾ: ടി.സജിത. മരുമകൻ: ബിജു തോമസ്.

ഗോപി
ആദിനാട് തെക്ക്: സുജാ ഭവനിൽ ഗോപി (72) അന്തരിച്ചു. ഭാര്യ: കുശലകുമാരി. മക്കൾ: സുജ, സുജിത. മരുമക്കൾ: സുരേഷ്, രാജേഷ്. സഞ്ചയനം ഞായർ 7ന്.

അമ്മിണി
കുന്നത്തൂർ: മാനാമ്പുഴ തൃക്കണ്ണാപുരം പാലവിള കിഴക്കേതിൽ അമ്മിണി (87) അന്തരിച്ചു. തരകൻ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ഫിലിപ്പ്. മക്കൾ: റെജി, അനിയൻകുഞ്ഞ്, പൊന്നമ്മ, സജി. മരുമക്കൾ: മേരി, കുഞ്ഞുമോൾ, മിനി.

ഉമൈബ ബീവി
നല്ലില: പഴങ്ങാലം നെസൽഷാ മൻസിലിൽ (കൊപ്പാറയിൽ) ഉമൈബ ബീവി (59) അന്തരിച്ചു. കബറടക്കം നടത്തി. വെളിയം പാലക്കാട്ട് ഗവ. യുപി സ്കൂൾ റിട്ട. ജീവനക്കാരിയായിരുന്നു. ഭർത്താവ്: പരേതനായ ഇബ്രാഹീം കുട്ടി. മക്കൾ: നസൽഷാ, ജാസർഷാ, ജാഫർഷാ. മരുമക്കൾ: ഷാജഹാൻ, ഷോഹിന, ജുവാന.

രാധമ്മ
പന്തയം: ദേവദാനത്ത് രാധമ്മ (84) അന്തരിച്ചു. സംസ്കാരം ഇന്ന് 11ന്. ഭർത്താവ്: പരേതനായ ശിവശങ്കരപ്പിള്ള. മക്കൾ: എസ്.മുരളീധരൻപിള്ള (ആധാരം എഴുത്ത് അസോസിയേഷൻ ജില്ലാ വൈസ് പ്രസിഡന്റ്), എസ്.വേണുപിള്ള (എക്സ് സർവീസ്), എസ്.സന്തോഷ് കുമാർ. മരുമക്കൾ: ശ്രീലത, മിനി, പരേതയായ മീനാകുമാരി. സഞ്ചയനം ഞായർ 7ന്.

സുഭദ്ര അമ്മ
വർക്കല: ഇടവ വെൺകുളം പുളിനിന്നതിൽ വീട്ടിൽ സുഭദ്ര അമ്മ (84) അന്തരിച്ചു. ഭർത്താവ്: പരേതനായ രാഘവൻ പിള്ള. മക്കൾ: രാമചന്ദ്രൻ, ഗോപാലകൃഷ്ണൻ, രാധാകൃഷ്ണൻ, സുരേന്ദ്രൻ, സുധാകരൻ.

കൃഷ്ണപിള്ള
കാട്ടായിക്കോണം: മേലേവിള കുറ്റിക്കാട് പുളിമൂട്ടിൽ വിള വീട്ടിൽ കൃഷ്ണപിള്ള (82) അന്തരിച്ചു. മക്കൾ: ബിനുകുമാർ, വിജുകുമാർ, ബിന്ദു കുമാരി. മരുമക്കൾ: പ്രതീക്ഷ, സജീവ്. സഞ്ചയനം ഞായർ 8.30ന്.

സൂസമ്മ
കൊട്ടാരക്കര: ഐസക് നഗർ പീസ് കോട്ടേജിൽ സൂസമ്മ (74) അന്തരിച്ചു. സംസ്കാരം നാളെ 12ന് കൊട്ടാരക്കര ടിപിഎം സഭാ ഹാളിലെ ശുശ്രൂഷയ്ക്ക് ശേഷം തൃക്കണ്ണമംഗൽ ടിപിഎം സഭാ സെമിത്തേരിയിൽ. പത്തനംതിട്ട മുളമൂട്ടിൽ കുടുംബാംഗമാണ്. ഭർത്താവ്: തങ്കച്ചൻ. മക്കൾ: ഗ്രെയ്സ്, ജെയിംസ്, ജോയ്സ് (ടിപിഎം ശുശ്രൂഷക മസ്കത്ത്). മരുമക്കൾ: ബ്ലെസൻ, സെലിൻ.

സതീഷ് ചന്ദ്രൻ
കൊട്ടിയം: അനീഷ് ഭവനിൽ സതീഷ് ചന്ദ്രൻ (75) സംസ്കാരം നടത്തി. ഭാര്യ: പ്രഭ. മക്കൾ: അനീഷ് ചന്ദ്രൻ, സുനീഷ് ചന്ദ്രൻ, അഭിലാഷ് ചന്ദ്രൻ. മരുമക്കൾ: രശ്മി, മഞ്ജു, നിമിഷ.

സുരേന്ദ്രൻ പിള്ള
ശാസ്താംകോട്ട: വേങ്ങ തച്ചിരഴികത്ത് (കാവിൽ തെക്കേതിൽ) സുരേന്ദ്രൻ പിള്ള (65) അന്തരിച്ചു. ഭാര്യ: ശാന്തകുമാരിയമ്മ. മക്കൾ: ഷിനുകുമാർ, വിനുകുമാർ. മരുമക്കൾ: ശ്രീജ, ഉണ്ണിമായ. സഞ്ചയനം ശനി 8ന്.

ജി.കുഞ്ഞുമോൻ
നെടുവത്തൂർ: കുറുമ്പാലൂർ ചരുവിള പുത്തൻ വീട്ടിൽ ജി.കുഞ്ഞുമോൻ (57) അന്തരിച്ചു. സംസ്കാരം ഇന്നു 10ന്. ഭാര്യ: പരേതയായ ഇന്ദിര. മക്കൾ: മണിലാൽ, കൃഷ്ണകുമാർ. മരുമക്കൾ: രമ്യ, ആവണി.

എം.എം.സലിം
വകയാർ: തൗഫീഖ് മൻസിലിൽ (മാമൂട്ടിൽ) എം.എം.സലിം (63) അന്തരിച്ചു. കബറടക്കം ഇന്ന് 9ന് മുറിഞ്ഞകൽ ജമാഅത്തിൽ. ഭാര്യ: ജുമൈല ബീവി. മക്കൾ: തൗഫീഖ്, തസ്നി. മരുമകൻ: ഷാൻ ഷാജഹാൻ.

യു.എസ്.ഷൈനി
നെടുമങ്ങാട്: പഴകുറ്റി വേങ്കവിള എൻഇഎസ് ബ്ലോക്കിനു സമീപം ഉളിയൂർ കാട്ടിൻ വീട്ടിൽ യു.എസ്.ഷൈനി (39) അന്തരിച്ചു. ഭർത്താവ്: സതീഷ് കുമാർ. മക്കൾ: അബിദേവ്, അബിനയ. സഞ്ചയനം വെള്ളി 9ന്.

ഓമന
കോട്ടൂർ: മലർവാടി എസ്റ്റേറ്റിൽ ഓമന (78) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30ന്. ഭർത്താവ്: പരേതനായ വിജയൻ. മക്കൾ: അരുൺ (മലയാള മനോരമ മലർവാടി ട്രേഡേഴ്സ് ഏജന്റ്), അബിദ. മരുമക്കൾ: റീന (ആരോഗ്യ വകുപ്പ്), പാർസിങ്.

റാഹേലമ്മ ലൂക്കോസ്
വാളകം: മണ്ണാറുകുന്നിൽ ചുണ്ടയിൽ റാഹേലമ്മ ലൂക്കോസ് (99) അന്തരിച്ചു. സംസ്കാരം നാളെ 10.30ന് വസതിയിലെയും വാളകം സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിലെയും ശുശ്രൂഷയ്ക്ക് ശേഷം വാളകം മാർത്തോമ്മാ വലിയ പള്ളിയിൽ. അമ്പലക്കര മുകളുവിള കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ വൈ.ലൂക്കോസ്. മക്കൾ: എൽ.ബേബി, എൽ.ഫിലിപ്പ്, മറിയക്കുട്ടി, പരേതനായ എൽ.മാത്തുക്കുട്ടി. മരുമക്കൾ: ലീലാമ്മ മാത്യു, പൊന്നമ്മ ബേബി, പൊന്നമ്മ ഫിലിപ്പ്, ബാബു.

കെ.എൻ.ചന്ദ്രമതി
കൊടുമൺ: ഐക്കാട് വടക്ക് മാവിളയിൽ കെ.എൻ.ചന്ദ്രമതി (80) അന്തരിച്ചു. സംസ്കാരം ഇന്ന് 1ന്. ഐക്കാട് കൊച്ചുകളീക്കൽ കുടുംബാംഗമാണ്. ഭർത്താവ്: മാതൃഭൂമി മുൻ ഏജന്റ് പരേതനായ ജി.രാമചന്ദ്രൻ. മക്കൾ: എം.ആർ.സാബു (മനോരമ കൊടുമൺ വൈകുണ്ഠപുരം ഏജന്റ്), എം.ആർ.സാജു (മസ്കത്ത്), എം.ആർ.സിജു (സബ് എഡിറ്റർ, മാതൃഭൂമി കോട്ടയം). മരുമക്കൾ: എസ്.ഗിരിജ, അജന്താകുമാരി, പി.ജയപ്രഭ (സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട).

മോഹനൻ
കോന്നി: വകയാർ പ്ലാന്റേഷൻമുക്ക് മുട്ടത്ത് വടക്കേതിൽ മോഹനൻ (52) അന്തരിച്ചു. സംസ്കാരം ഇന്ന് 10ന്. ഭാര്യ: ശാന്തമ്മ. മക്കൾ: ശാമിലി, ശരണ്യ. മരുമക്കൾ: നിധീഷ്, മനു.

കെ.എസ്. ജോയിക്കുട്ടി
മഞ്ഞനിക്കര: വിമുക്തഭടൻ കാരാവള്ളിൽ സുവിശേഷകൻ കെ.എസ്. ജോയിക്കുട്ടി (78) അന്തരിച്ചു. മൃതദേഹം നാളെ 7ന് വസതിയിൽ കൊണ്ടുവരും. സംസ്കാരം 9ന് മഞ്ഞനിക്കര ഐപിസി ഹെബ്രോൻ ചർച്ചിൽ ശുശ്രൂഷയ്ക്ക് ശേഷം 12.30ന് സഭാ സെമിത്തേരിയിൽ. ഭാര്യ: ചിന്നമ്മ റോയി (റിട്ട.അധ്യാപിക കൊറ്റൻകുളങ്ങര ഗവ.എൽപിഎസ്). മക്കൾ: നിമ്മി റോയി (കൊച്ചി), ജിമ്മി ജോയി (ദുബായ്). മരുമക്കൾ: റോയി ജോൺ കൊച്ചി (സിഇഒ മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ്), രാജി ജിമ്മി (ദുബായ്).

എസ്.ശാന്തകുമാരി
നെടുമങ്ങാട്: വാളിക്കോട് കൊട്ടാരപ്പറമ്പ് വീട്ടിൽ ആറ്റിൻപുറം സ്കൂൾ റിട്ട.സംസ്കൃത അധ്യാപിക എസ്.ശാന്തകുമാരി (78) കവടിയാർ കുറവൻകോണം കൈരളി നഗറിൽ അന്തരിച്ചു. ഭർത്താവ്: പരേതനായ ജനാർദ്ദനൻ നായർ (റിട്ട. പോസ്റ്റ് മാസ്റ്റർ). മക്കൾ: ബിന്ദു, ഡോ.ബീന. മരുമക്കൾ: പി.മോഹൻകുമാർ, സി.ആർ.അരുൺ ചന്ദ്. സഞ്ചയനം ഞായർ 9ന് കവടിയാറിലെ വീട്ടിൽ.

എം.എസ്.സേവ്യർ
ചവറ സൗത്ത്: കൊല്ലം ജില്ലാ ടൗൺ പ്ലാനിങ് റിട്ട. ഉദ്യോഗസ്ഥൻ തെക്കുംഭാഗം ചെറുകുന്നത്ത് എം.എസ്.സേവ്യർ (58) അന്തരിച്ചു. സംസ്കാരം നാളെ 2ന് തെക്കുംഭാഗം സെന്റ് ജോസഫ് ദേവാലയത്തിൽ. ഭാര്യ: ജൂലിയറ്റ്. മക്കൾ: ലിയോ സേവ്യർ (കാനഡ), ഫെലിക്സ് സേവ്യർ (ബ്രഹറൈൻ). മരുമകൾ: മരിയ ഷൈൻ (സൗത്ത് കൊറിയ).

രാമൻ ആദിച്ചൻ
കടമ്പനാട് തെക്ക്: കുഴിലയ്യത്ത് രാമൻ ആദിച്ചൻ (അയ്യപ്പസ്വാമി-85) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഓമന. മക്കൾ: യമുന, കവിത, ഗീത, സന്തോഷ്, ഉല്ലാസ്, സന്ധ്യ. മരുമക്കൾ: മോഹനൻ, തമ്പി, മനുമോൾ, പരേതനായ മനോജ്.

എ.സി.വിജയചന്ദ്രൻ
മെഴുവേലി: സരസകവി മൂലൂർ സ്മാരക സമിതി വൈസ് ചെയർമാൻ ആലക്കോട് ഹൗസിൽ എ.സി.വിജയചന്ദ്രൻ (72) അന്തരിച്ചു. സംസ്കാരം നാളെ 3ന്. മെഴുവേലി എസ്എൻ ട്രസ്റ്റ് ലോക്കൽ കമ്മിറ്റി മുൻ ചെയർമാൻ, മെഴുവേലി സർവീസ് സഹകരണബാങ്ക് മുൻ പ്രസിഡന്റ്, ശ്രീബുദ്ധ ഇൻസ്റ്റിറ്റ്യൂഷൻസ് എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ: ഡോ. പി.സി. ഇന്ദിര. മകൻ: അഡ്വ. അർജുൻ വിജയ്.

ഗോമതി അമ്മ
കിളിമാനൂർ: കാനാറ പുത്തൻ വീട്ടിൽ ഗോമതി അമ്മ (90) അന്തരിച്ചു. ഭർത്താവ്: പരേതനായ രാഘവൻപിള്ള. മക്കൾ: അംബിക കുമാരി, മോഹനൻ, ലതിക. മരുമക്കൾ: വത്സല, മുരളീധരൻ, പരേതനായ ബാലകൃഷ്ണപിള്ള.

സദാശിവൻ നായർ
കിളിമാനൂർ: മലയാമഠം സജിത് വിഹാറിൽ റിട്ട. സിആർപിഎഫ് ഉദ്യോഗസ്ഥൻ സദാശിവൻ നായർ (75) അന്തരിച്ചു. ഭാര്യ: അംബിക. മക്കൾ: സജിത്, സിംന. മരുമക്കൾ: ബിനു, പ്രീതു. സഞ്ചയനം വെള്ളി 8ന്.

ഗോപിനാഥൻ നായർ
വെഞ്ഞാറമൂട്: ചെമ്പൂർ മുദാക്കൽ കുന്നത്താംകോണം അപർണ നിവാസിൽ ഗോപിനാഥൻ നായർ (66) അന്തരിച്ചു. ഭാര്യ: വിജയമ്മ. മകൾ: അപർണ. മരുമകൻ: അജികുമാർ (ശാസ്താ സൗണ്ട്സ്). സഞ്ചയനം ശനി 8ന്.

പി.സീന
വക്കം: വയലിൽ വീട്ടിൽ വി.പ്രഭാകരന്റെയും ഉഷയുടെയും മകൾ പി.സീന (രജി-48) അന്തരിച്ചു. മരണാനന്തര ചടങ്ങുകൾ വ്യാഴം 8.30ന്.

എൻ.പാപ്പൻ
തിരുവല്ലം: കാഞ്ഞിരവിള മേലെ വീട്ടിൽ എൻ.പാപ്പൻ (83) അന്തരിച്ചു.

എൻ.കൃഷ്ണൻകുട്ടി
കൊല്ലം: കെഎസ്എസിഡിസി റിട്ട. സീനിയർ സൂപ്പർ വൈസർ പട്ടത്താനം കൃഷ്ണശ്രീ മൈത്രി നഗർ-71ൽ എൻ.കൃഷ്ണൻകുട്ടി (79) അന്തരിച്ചു. സംസ്കാരം ഇന്ന് 10.30ന്. ഭാര്യ: ശ്രീദേവി. മക്കൾ: ദേവികൃഷ്ണ, ദിവ്യകൃഷ്ണ. മരുമക്കൾ: സന്ദീപ് ശിവദാസൻ, സോണി സുഭാഷ്.

എസ്.കെ. ബാബുജി
മഞ്ഞാടിമുക്ക്: കണ്ടല്ലൂർ വടക്ക് രാജീബ് വില്ലയിൽ എസ്.കെ. ബാബുജി(91) അന്തരിച്ചു. സംസ്കാരം ഇന്ന് 12ന്. ഭാര്യ: പരേതയായ കെ.എൻ.രാജമ്മ (റിട്ട. അധ്യാപിക, എൻആർപിഎം എച്ച്എസ്). മക്കൾ: അസീബ് കുമാർ ബാബു (എൻജിനീയർ, കാനഡ), ബെൻകുമാർ ബാബു (റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർ, കെഎസ്ഇബി) റീനാ ബാബു (എൻജിനീയർ, യുഎസ്). മരുമക്കൾ: സിന്ധു, ബിന്ദു, ബിജു ശ്രീനിവാസൻ. സഞ്ചയനം ശനി 8 ന്.

പി.ഡി. കാർത്തികേയൻ
നൂറനാട്: ആർഎസ്പി മുൻ ആലപ്പുഴ ജില്ലാ സെക്രട്ടറി കാഞ്ഞിരവിളയിൽ പി.ഡി.കാർത്തികേയൻ (70) അന്തരിച്ചു. സംസ്കാരം നാളെ 11ന്. സംസ്ഥാന മോട്ടർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ, കെഎസ്എഫ്ഇ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗം, എൽഡിഎഫ് ജില്ലാ കൺവീനർ, മധ്യതിരുവിതാംകൂർ കശുവണ്ടി തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ: രമ (അധ്യാപിക, വിവിഎച്ച്എസ്എസ്, താമരക്കുളം). മക്കൾ: അനന്തകൃഷ്ണൻ (സരീഡൻ), അജയ് കൃഷ്ണൻ (എൻജിനീയർ എസ്ഇഡിഎസ്, എറണാകുളം). മരുമകൾ: പല്ലവി (സരീഡൻ).

തുളസി ഭായ്
വർക്കല: വെന്നിക്കോട് കല്ലുമലക്കുന്ന് കുമ്പത്തുവിള സത്യ വിലാസത്തിൽ തുളസി ഭായ്(79) അന്തരിച്ചു. ഭർത്താവ്: പരേതനായ സത്യവ്രതൻ. മക്കൾ: സിൽവി, മനോജ്. മരുമകൻ: സുനിൽ.

ആർ.ശൈലജ ദേവി
തിരുവനന്തപുരം: പേരൂർക്കട അമ്പലംമുക്ക് കുളത്തിൻകര ഉഷ സന്ധ്യയിൽ (രവി നഗർ എ-44) തിരുവനന്തപുരം ഡിപിഐ ഓഫിസ് റിട്ട. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആർ.ശൈലജ ദേവി (72) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ.വിശ്വംഭരൻ നായർ. മക്കൾ: മഞ്ജുഷ ദേവി (കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്, എറണാകുളം), വി.എസ്.സന്ധ്യ ലക്ഷ്മി (സിഡിറ്റ്). മരുമക്കൾ: എൻ.ജയകുമാർ (നിപ്പോൺ ടൊയോട്ട), എസ്. നവീൻ കുമാർ (സിനി ആർട്ടിസ്റ്റ്). സഞ്ചയനം വെള്ളി 8.30ന്.

വി.വിജയകുമാർ
പറണ്ടോട്: വിനോബാ നികേതൻ കുസുമ വിലാസത്തിൽ സിഇടി റിട്ട. അധ്യാപകൻ വി.വിജയകുമാർ (68) അന്തരിച്ചു. ഭാര്യ: കുസുമകുമാരി. മക്കൾ: സുകേഷ് കുമാർ, സുജ, സുമേഷ് കുമാർ. മരുമകൻ: രാഹുൽനാഥ് (കെഎസ്ആർടിസി). സഞ്ചയനം ഞായർ 8.30ന്.

റെജി സുരേഷ്
വർക്കല: കല്ലംകോണം ആലുവിളാകം വീട്ടിൽ സുരേഷിന്റെയും ഷീലയുടെയും മകൻ റെജി സുരേഷ് (38) അന്തരിച്ചു. സഞ്ചയനം വ്യാഴം 8.30ന്.

എം.ബേബി
വാളകം: മൈലോട്ടു കോണത്തു വിളയിൽ വീട്ടിൽ എം.ബേബി (72) അന്തരിച്ചു. സംസ്കാരം ഇന്നു 11ന് വാളകം മാർത്തോമ്മാ വലിയ പള്ളിയിൽ. ഭാര്യ: ലീലാമ്മ ബേബി. മക്കൾ: റോയി, റെനി, റെജി. മരുമക്കൾ: ബ്ലെസി, ബിൻസി.

ഫാ. സെബാസ്റ്റ്യൻ പൈനേൽ
ചങ്ങനാശേരി: സിഎംഐ തിരുവനന്തപുരം സെന്റ് ജോസഫ് പ്രോവിൻസ് അംഗവും ചെത്തിപ്പുഴ തിരുഹൃദയ ആശ്രമാംഗവുമായ ഫാ. സെബാസ്റ്റ്യൻ പൈനേൽ (85) അന്തരിച്ചു. മൃതദേഹം ഇന്ന് രാവിലെ 8ന് ചെത്തിപ്പുഴ തിരുഹൃദയ ആശ്രമത്തിൽ കൊണ്ടുവന്ന് ശുശ്രൂഷയ്ക്ക് ശേഷം 12ന് മാന്നാനം സെന്റ് ജോസഫ് ആശ്രമ പള്ളിയിലേക്ക് കൊണ്ടുപോകും. സംസ്കാരം 2.30ന് മാന്നാനം സെന്റ് ജോസഫ് ആശ്രമ പള്ളിയുടെ സെമിത്തേരിയിൽ. തിരുവനന്തപുരം സെന്റ് ജോസഫ് പ്രോവിൻസ് പ്രൊവിൻഷ്യൽ ഓഡിറ്റർ, വൊക്കേഷൻ പ്രമോട്ടർ, അഞ്ചുഗ്രാം, കൈനകരി, കുച്ചപ്പുറം, ചീപ്പുങ്കൽ, നിരവിൽപ്പുഴ എന്നിവിടങ്ങളിൽ സുപ്പീരിയർ, പുളിങ്കുന്ന് പ്രിയോർ, ചെത്തിപ്പുഴ തിരുഹൃദയപ്പള്ളി അസി. വികാരി, നാലുകോടി ആശുപത്രിയിൽ അസി. ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പുനലൂർ, വിഴിഞ്ഞം, തിരുവല്ല തുടങ്ങി വിവിധയിടങ്ങളിലും സേവനം ചെയ്തു. അതിരമ്പുഴ പൈനേൽ കുടുംബാംഗമാണ്. സഹോദരങ്ങൾ: പരേതരായ പി.ഒ.ജോസഫ്, പി.യു.വർക്കി, ത്രേസ്യാമ്മ ഒതളമറ്റം, മറിയക്കുട്ടി വിലങ്ങിയിൽ, ഏലിക്കുട്ടി പാരിക്കലോത്ത്, ചിന്നമ്മ പൈനേൽ, റോസക്കുട്ടി പൈനേൽ, സിസ്റ്റർ മരിയ ഡെന്നിസ് (ക്ലൂണി കോൺവന്റ്).

കെ.എം.വർഗീസ്
തിരുവല്ല: വാരിക്കാട് ബഥേൽ പടി കാഞ്ഞിരക്കാട്ട് കെ.എം.വർഗീസ് (92) അന്തരിച്ചു. മൃതദേഹം നാളെ രാവിലെ 9ന് വസതിയിൽ കൊണ്ടുവരും. സംസ്കാരം 2ന് വസതിയിൽ ശുശ്രൂഷയ്ക്ക് ശേഷം 3ന് വാരിക്കാട് സെഹിയോൻ മാർത്തോമ്മാ പള്ളിയിൽ. ഭാര്യ: ഇരവിപേരൂർ വട്ടപറമ്പിൽ മേരി വർഗീസ്. മക്കൾ: മാത്യു വർഗീസ്, ചെറിയാൻ വർഗീസ്. മരുമക്കൾ: ഷീജ കരിപ്പക്കുഴിയിൽ (മുണ്ടിയപ്പള്ളി), ലാലി ചരുവിള പുത്തൻവീട് (പുനലൂർ).

പി.വി.രാമചന്ദ്രൻ നായർ
തിരുവനന്തപുരം: നന്ദൻകോട് വൈഎംആർ വെസ്റ്റ് ക്ലിഫ് ഗാർഡൻസ് ബി ലെയ്നിൽ തുളസിവനത്തിൽ ബാങ്ക് ഓഫ് മഹാരാഷ്ട്രയിലെ മുൻ ഉദ്യോഗസ്ഥൻ പി.വി. രാമചന്ദ്രൻ നായർ (85) അന്തരിച്ചു. കോൺഗ്രസ് കുറവൻകോണം മണ്ഡലം ഭാരവാഹി ആയിരുന്നു. ഭാര്യ: ഇന്ദിര ആർ.നായർ. മക്കൾ: ഐ.ആർ.രാജലക്ഷ്മി, ഐ.ആർ.ലക്ഷ്മിപ്രിയ. മരുമക്കൾ: എസ്.ശിവകുമാർ, ആർ.പ്രദീപ്. സഞ്ചയനം വെള്ളി 8ന്.

കെ.സി.തോമസ്
കൊച്ചി: എംപിഇഡിഎ റിട്ട. അസി.ഡയറക്ടർ കടവന്ത്ര ചെറുപുഷ്പം ലെയിൻ 1 (ഹൗസ് നമ്പർ 16) കുര്യൻ പറമ്പിൽ താരയിൽ കെ.സി.തോമസ് (91) അന്തരിച്ചു. മൃതദേഹം ഇന്ന് 10.30ന് വസതിയിൽ കൊണ്ടുവരും. സംസ്കാരം 2.30ന് ശുശ്രൂഷയ്ക്കു ശേഷം എളംകുളം സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് സിറിയൻ പള്ളിയിൽ. ഭാര്യ: മേരി തോമസ്.

ലീലാമ്മ വില്യം
പട്ടാഴി വടക്കേക്കര: മെതുകുമ്മേൽ കരിക്കത്തിൽ വീട്ടിൽ ലീലാമ്മ വില്യം (59) അന്തരിച്ചു. സംസ്കാരം നാളെ രാവിലെ 8ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം 12ന് മഞ്ചാടിമുക്ക് എ ജി ചർച്ച് സെമിത്തേരിയിൽ. ഭർത്താവ്: വില്യം ശാമുവൽ. മക്കൾ: ലിബിൻ വില്യം, ജിബിൻ വില്യം.

ലില്ലിക്കുട്ടി വർഗീസ്
തെക്കേമല: ഒന്തേകാട് കൊച്ചുമലയിൽ ലില്ലിക്കുട്ടി വർഗീസ് (79) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭർത്താവ്: പരേതനായ കെ.എ. വർഗീസ്.

സി.എ.ഏബ്രഹാം
മാരാമൺ: റിട്ട.സുബേദാർ മേജർ ചിറയിറമ്പ് ചക്കുതറ സി.എ.ഏബ്രഹാം (കുഞ്ഞുമോൻ-79) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: ഓറേത്ത് മറിയാമ്മ ഏബ്രഹാം. മക്കൾ: ബീന (അയർലൻഡ്), ബിനു ഏബ്രഹാം (കൊച്ചി). മരുമക്കൾ: സെബാസ്റ്റ്യൻ (അയർലൻഡ്), സോമി (കൊച്ചി).

വിജയൻ
കായംകുളം: പെരുങ്ങാല അർച്ചയിൽ വിജയൻ (ബേബി-77) അന്തരിച്ചു. സംസ്കാരം ഇന്ന് 5 ന്. ഭാര്യ: രാധമ്മ. മക്കൾ: സൗമ്യ, സിജോ. മരുമക്കൾ: അഖിലേഷ്, ദിവ്യ.

അഡ്വ. കൃഷ്ണകുമാർ
പെരുന്ന: നോട്ടറി പബ്ലിക് കൊണ്ടൂർ ശ്രീമഞ്ജീരത്തിൽ കൃഷ്ണകുമാർ (75) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ജയശ്രീ. മക്കൾ: മുരുകേഷ്, ആതിര. മരുമക്കൾ: ഇന്ദുലേഖ, മുകേഷ്. സഞ്ചയനം ഞായർ രാവിലെ 8.30ന്.

എസ്.ബേബികുമാർ
നേമം: ഇടയ്ക്കോട് കുന്നത്തുവിള വീട് വിശാഖത്തിൽ എസ്.ബേബികുമാർ (63) അന്തരിച്ചു. ഭാര്യ: ഒ.ഗീതകുമാരി. മക്കൾ: ബിജുകുമാർ, അരുൺകുമാർ. മരുമക്കൾ: ഉത്രാകൃഷ്ണൻ, ശാരിക. സഞ്ചയനം വെള്ളി 8ന്.

പി.കരുണാകരൻ നായർ
പാപ്പനംകോട്: വിശ്വംഭരൻ റോഡിൽ സ്വാതി ലെയിൻ അശ്വതിയിൽ പി.കരുണാകരൻ നായർ (82) അന്തരിച്ചു. ഭാര്യ: പരേതയായ പത്മിനിയമ്മ. മക്കൾ: വിജയകുമാർ, വിജയകുമാരി, ബിന്ദു, പരേതനായ വിനോദ്കുമാർ. മരുമക്കൾ: ഉഷ രാജേന്ദ്രൻ നായർ, രശ്മി, പരേതനായ മുരളീധരൻ നായർ. സഞ്ചയനം വെള്ളി 8ന്.

കെ.ജയകുമാർ
ഒരുവാതിൽകോട്ട: കടകംപള്ളി ശിവസദനത്തിൽ കെ.ജയകുമാർ (65) അന്തരിച്ചു. ടൈറ്റാനിയം കമ്പനി അസി.മാനേജർ, എഐടിയുസി ജനറൽ സെക്രട്ടറി, ശ്രീനാരായണ ഗ്രന്ഥശാല ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ധനലക്ഷ്മി. മക്കൾ: സുരേഷ് കുമാർ, സന്തോഷ് കുമാർ, പരേതനായ ശിവകുമാർ.

വിഷ്ണു നമ്പൂതിരി
വയയ്ക്കൽ: പെരുമ്പ ഇല്ലത്ത് വിഷ്ണു നമ്പൂതിരി (81) അന്തരിച്ചു. സംസ്കാരം ഇന്നു 10ന്. ഭാര്യ: സരസ്വതി അന്തർജനം. മക്കൾ: അനിതാ ദേവി (ജലസേചന വകുപ്പ്), കവിതാ ദേവി (ഓഡിറ്റ് ഡിപ്പാർട്ടുമെന്റ്), ആശാദേവി (യുഎസ്), കേശവൻ നമ്പൂതിരി (ആക്സിസ് ബാങ്ക്). മരുമക്കൾ: ദാമോധരൻ നമ്പൂതിരി (ജ്യോതിഷം), പരമേശ്വരൻ നമ്പൂതിരി (കാലിക്കറ്റ് യൂണിവേഴ്സിറ്റി), നാരായണൻ നമ്പൂതിരി (യുഎസ്), അനിത കൃഷ്ണൻ.

വിജി വാസുദേവൻ
വർക്കല: താന്നിമൂട് ശിവഗംഗയിൽ വിജി വാസുദേവൻ (44) സൗദിയിൽ അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: ശ്രീജ. മക്കൾ: അഭിനവ് കൃഷ്ണ, ആരാധ്യ, അർണവ്.

മത്തായി ഏബ്രഹാം
അതിരുങ്കൽ: രാമച്ചംപറമ്പിൽ മത്തായി ഏബ്രഹാം (56) അന്തരിച്ചു. സംസ്കാരം ഇന്ന് 11ന് വസതിയിൽ ശുശ്രൂഷയ്ക്കു ശേഷം 12ന് സെന്റ് ജോർജ് മലങ്കര കത്തോലിക്കാ പള്ളിയിൽ. ഭാര്യ: കുമ്പഴ വെള്ളപ്പാക്കൽ ഗ്രേസി. മക്കൾ: ബിബിൻ ഏബ്രഹാം, ബോബിൻ മാത്യു. മരുമകൾ: ബെറ്റി വർഗീസ്.

പ്രഭാവതി
തിരുവനന്തപുരം: ആനയറ കുടവൂർ പുളിക്കൽ വീട്ടിൽ പ്രഭാവതി (85) അന്തരിച്ചു. ഭർത്താവ്: പരേതനായ വാസുദേവൻ. മക്കൾ: പി.ഗിരിജാദേവി, പരേതനായ വി.വിധുകുമാർ. മരുമക്കൾ: എം.എൻ.ശശിധരൻ, പരേതനായ ചിത്രലേഖ. സഞ്ചയനം ഞായർ 8ന്.

എസ്.ഗോപാലൻ ആശാരി
മുട്ടത്തറ: വികെ മന്ദിരത്തിൽ എസ്.ഗോപാലൻ ആശാരി (80) അന്തരിച്ചു. ഭാര്യ: ബി.സുകുമാരി. മക്കൾ: ലേഖ, കലകുമാരി, ശിവകുമാർ, ശിവപ്രകാശ്. മരുമക്കൾ: വിജയൻ, വിശ്വംഭരൻ, രാജി, പ്രിയങ്ക. സഞ്ചയനം വെള്ളി 8.30ന്.

പി.ഐ.കൃഷ്ണകുമാരി
കരിമണൽ: കുഴിവിള ഇളംപുളിങ്ങൽ വടക്കേവിളാകം കൃഷ്ണപ്രഭയിൽ ഇന്ദിരാഭായിയുടെ മകൾ പി.ഐ.കൃഷ്ണകുമാരി (54) അന്തരിച്ചു. ഭർത്താവ്: മദനകുമാർ (ശ്യാമ റസ്റ്ററന്റ്, വെള്ളനാട്). മക്കൾ: അഞ്ജലി, അഭിലാഷ്. സഞ്ചയനം ഞായർ 8.30ന്.

വിജയമ്മ
ചിറയിൻകീഴ്: അഴൂർ ദീപ ഭവനിൽ വിജയമ്മ (82) അന്തരിച്ചു. ഭർത്താവ്: പരേതനായ മാധവൻ ചെട്ടിയാർ. മകൾ: ദീപ. മരുമകൻ: അനിൽ കുമാർ. മരണാനന്തര ചടങ്ങ് മേയ് 5ന് രാവിലെ.

എം.മാഹിൻകണ്ണ്
പൂന്തുറ: കരിമ്പുവിള (കെആർഎ 99)ൽ എം.മാഹിൻകണ്ണ് (64) ഡൽഹിയിൽ അന്തരിച്ചു. ഭാര്യ: റഹിമാബീവി. മകൾ: എം.റസിയ. മരുമകൻ: ഡോ.എസ്.തൻസീർ.

രാജീവ്
ചടയമംഗലം: വെട്ടുവഴി ആലുവിള വീട്ടിൽ രാജീവ് (അമ്പിളി-57) അന്തരിച്ചു. സംസ്കാരം ഇന്നു 10ന്. ഭാര്യ: ബീനാകുമാരി. മക്കൾ: രാഹുൽ, ശാന്തി.

ഗോപിനാഥൻ പിള്ള
പരവൂർ: കുനയിൽ കൊച്ചാലുംമൂട് അനിതാ ഭവനിൽ ഗോപിനാഥൻ പിള്ള (85) അന്തരിച്ചു. ഭാര്യ: ഓമനയമ്മ. മക്കൾ: ഗീത, ഗിരിജ, അനിത. മരുമക്കൾ: മുരളി, സജീവ്.

ലത എസ്. നായർ
ആറ്റിങ്ങൽ: അരശുംമൂട് കുട്ടത്തെങ്ങ് കാർത്തികയിൽ ലത എസ്. നായർ (കൊച്ചുകുഞ്ഞ്-64) അന്തരിച്ചു. ഭർത്താവ്: ശശിധരൻ നായർ. മക്കൾ: ശ്രീരാജ്, ശ്രീനാഥ്, ശ്രീകാന്ത്. മരുമകൾ: സിന്ധുപ്രിയ. സഞ്ചയനം വെള്ളി 8.30ന്.

സുകുമാരൻ നായർ
തിരുവനന്തപുരം: മുട്ടത്തറ റോസ് ലെയിൻ (ടിസി 42/1076/1, ആർജിഎൽആർഎ 46) മാനസയിൽ സുകുമാരൻ നായർ (മണികണ്ഠൻ നായർ-77) അന്തരിച്ചു. ഭാര്യ: വസന്ത കുമാരി. മക്കൾ: ആശ എസ്.നായർ, അഞ്ജു എസ്.നായർ. മരുമക്കൾ: ആർ. മോഹനകുമാർ, എ.വിനോദ് കുമാർ. സഞ്ചയനം ഞായർ 8ന്.

ഭാസ്കരൻ നായർ
കോവളം: വിഴിഞ്ഞം പുല്ലൂർകോണം കമുകുവിളാകത്തു വീട്ടിൽ ഭാസ്കരൻ നായർ (70) അന്തരിച്ചു. ഭാര്യ: പരേതയായ ഇന്ദിരാദേവി. മക്കൾ: ചന്ദ്രകല, പരേതനായ ഹരികുമാർ. മരുമക്കൾ: ശ്രീല, ടി.അനിൽ കുമാർ. സഞ്ചയനം വ്യാഴം 8.30ന്.

ബി.മോഹനകുമാർ
തിരുവനന്തപുരം: പടിഞ്ഞാറെ കോട്ട നന്ദിനി ഗാർഡൻസ് (ഇ 318)ൽ കെഎസ്ആർടിസി റിട്ട. എടിഒ ബി.മോഹനകുമാർ (66) അന്തരിച്ചു. കെഎസ്ആർടിസി ഫുട്ബോൾ ടീം അംഗമായിരുന്നു. ഭാര്യ: എസ്. രജനി (റിട്ട. അധ്യാപിക, എൻഎസ്എസ് കോളജ്, പെരുന്താന്നി). മകൻ: പരേതനായ വിനയ് മോഹൻ. സഞ്ചയനം വെള്ളി 8ന്.

ശ്യാമള ദേവി തങ്കച്ചി
നെയ്യാറ്റിൻകര: കോട്ടുകാൽ നെല്ലിവിളാകം സരസിൽ ശ്യാമള ദേവി തങ്കച്ചി (67) അന്തരിച്ചു. ഭർത്താവ്: പരേതനായ മധുസൂദനൻ നായർ. മക്കൾ: മിഥുൻ ഘോഷ് (ഏഷ്യാനെറ്റ്, കൊച്ചി), ശ്യാമൾ ഘോഷ് (ഭാരത് ബെൻസ്, ബാംഗ്ലൂർ). സഞ്ചയനം വെള്ളി 8.30ന്.

എസ്.തങ്കി
തിരുവനന്തപുരം: പ്രശാന്ത് നഗർ ഐത്തടി ചുരങ്ങി വിളയിൽ എസ്.തങ്കി (63) ചെറുവയ്ക്കൽ ഉദയഗിരി (സിആർഎ: എഫ് 50)ൽ അന്തരിച്ചു. ഭർത്താവ്: കെ.ശ്രീധരൻ. മകൾ: ബിന്ദു. മരുമകൻ: സുരേഷ്. സഞ്ചയനം ഞായർ 8ന്.

സംവിധായകൻ വി.കെ. പ്രകാശിന്റെ പിതാവ്
തൃശൂർ: ആരോഗ്യ - കുടുംബക്ഷേമ വകുപ്പ് റിട്ട. സീനിയർ ട്രെയിനിങ് ഓഫീസർ പാലക്കാട് പല്ലാവൂർ നടുവക്കാട്ട് അരവിന്ദാക്ഷ മേനോൻ (93) കാനാട്ടുകര ടെംപിൾ ടവേഴ്സിൽ അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കണ്ണാടി വെള്ളന്നൂർ വീട്ടിൽ ശാന്തകുമാരി. മക്കൾ: ചലച്ചിത്ര സംവിധായകൻ വി.കെ.പ്രകാശ്, വി.പ്രദീപ് (ശോഭ ലിമിറ്റഡ്). മരുമക്കൾ: സജിത, പ്രിയ (മലയാള മനോരമ, ബെംഗളൂരു).

അബൂബേക്കർ
നേമം: പ്രാവച്ചമ്പലം പാലൂർകോണം പുത്താൻ വീട്ടിൽ അബൂബേക്കർ (ഇലക്കാരൻ സാഹിബ്-90) അന്തരിച്ചു. ഭാര്യ: പരേതയായ നബീസബീവി. മക്കൾ: അസുറബീവി, ഷാജഹാൻ, ഹുസൈനബീവി, ഷെരീഫ്, പരേതരായ സലീം, നാസുദ്ദീൻ. മരുമക്കൾ: റഷീദ്, സനുജ, ഷാഹിർ, സബീന, പരേതരായ സുബൈദ, ഹസീന.

കെ.സുശീലൻ
വിഴിഞ്ഞം: വെങ്ങാനൂർ ഡോ.അംബേദ്കർ ഗ്രാമം സായൂജ്യയിൽ കെഎസ്ഇബി റിട്ട. എഇ: കെ.സുശീലൻ (75) അന്തരിച്ചു. സംസ്കാരം ഇന്ന് 12ന്. ഭാര്യ: പി.എൻ.ലതകുമാരി. മകൻ: എൽ.എസ്.സുജിത്ത് (സീനിയർ മാനേജർ, കനറാ ബാങ്ക്). മരുമകൾ: അഖില രാജേന്ദ്രൻ (സീനിയർ മാനേജർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ). സഞ്ചയനം ഞായർ 8ന്.

ഇന്ദു
ഭഗവതിപ്പടി: ചെട്ടികുളങ്ങര ഈരേഴ തെക്ക് കോലത്ത് തെക്കതിൽ ഹിമാദ്രിയിൽ ഇന്ദു(40) അന്തരിച്ചു. സംസ്കാരം ഇന്ന് 4.30 ന്. തുരുത്തിയിലേത്ത് ഐശ്വര്യയിൽ അഡ്വ. മധുവിന്റെയും വിജയലക്ഷ്മിയുടെയും മകളാണ്. ഭർത്താവ്: ജയകൃഷ്ണൻ. മക്കൾ: അക്ഷയ്, ആകർഷ്കൃഷ്ണൻ. സഞ്ചയനം തിങ്കൾ 8ന്.

കെ.എസ്.അബ്ദുൾ സലാം
തിരുവനന്തപുരം: പട്ടം ലക്ഷ്മി നഗർ ഷാമിയാനയിൽ എൽഐസി റിട്ട. സീനിയർ സോണൽ മാനേജർ കെ.എസ്. അബ്ദുൾ സലാം (91) അന്തരിച്ചു. ഭാര്യ: ജമീല അബ്ദുൾ സലാം. മക്കൾ: ഷാനവാസ്, മിനോഷ്, നിയാസ്, ഷമിം. മരുമക്കൾ: അനില, ഷെറിൻ, റുസിയ.

കെ.ഗംഗാധരൻ
പൂവാർ: തിരുപുറം മാങ്കൂട്ടം ചൈതന്യയിൽ മെട്രോപ്പൊലിറ്റൻ എൻജിനിയറിങ് കമ്പനി റിട്ട. ജീവനക്കാരൻ കെ.ഗംഗാധരൻ (75) അന്തരിച്ചു. ഭാര്യ: സുലോചന ഭായി (റിട്ട: ഓവർസീയർ കോർപറേഷൻ, വിഴിഞ്ഞം സോണൽ). മക്കൾ: ജി.എസ്.റിജിൻ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, സിഎച്ച്സി, പുല്ലുവിള), ജി.റിജോ (ഗവ. യുപിഎസ്, ചീരാംകാടപ്പുറം), ജി.റിൻസി (എംജി യൂണിവേഴ്സിറ്റി, കോട്ടയം). മരുമക്കൾ: എ.എസ്.ജാസ്മിൻ, ആർ.രഞ്ജിൻ, ആർ.എസ്. സുനിൽ രാജ്. അനുസ്മരണ ശുശ്രൂഷ ഞായർ 3ന്.

ബിഗു വിശ്വംഭരൻ
കരിമ്പ: കല്ലുകുഴിയിൽ വീട്ടിൽ വിശ്വംഭരന്റെയും തുളസിയുടെയും മകൻ ബിഗു വിശ്വംഭരൻ (43) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: അനുജ. മക്കൾ: ഹൃദയേഷ്, ഹൃദ്യ.

അന്നമ്മ ജസ്റ്റസ്
കൊല്ലം: തെക്കേവിള കെബി നഗർ-157എ കോട്ടൂർ അഴികത്ത് അന്നമ്മ ജസ്റ്റസ് (കുഞ്ഞുമോൾ-70) അന്തരിച്ചു. സംസ്കാരം പിന്നീട്. കുണ്ടറ തടത്തിൽ കുടുംബാംഗമാണ്. ഭർത്താവ്: ജസ്റ്റസ് ഫിലിപ്പ് (ദി വെസ്റ്റേൺ മെഡിക്കൽസ് മുൻ മാനേജിങ് പാർട്ണർ). മക്കൾ: ഫിലിപ്പ് ജസ്റ്റസ്, വർഗീസ് ജസ്റ്റസ് (കാനഡ).

ജോർജ് സാമുവൽ
മുഖത്തല: നടുവിലക്കര എസ് എസ് ഡേയിൽ ജോർജ് സാമുവൽ (79) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: മുഖത്തല നമ്പരുവിള കുടുംബാംഗം ലീലാമ്മ. മക്കൾ: സാം ജോർജ്, സാൻ ജോർജ്. മരുമക്കൾ: ബീനാ സൂസൻ, സുർതി സാൻ (എല്ലാവരും ദുബായ്).

കുട്ടപ്പൻ
മൈനാഗപ്പള്ളി: ഇടവനശേരി ഇടത്തുണ്ടിൽ പടിഞ്ഞാറ്റതിൽ കുട്ടപ്പൻ (74) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സരോജിനി. മക്കൾ: ദീപ്തി, ദിലീപ്, ഹരികൃഷ്ണൻ, പരേതയായ ഹരിഷ്മ. മരുമക്കൾ: സുകു, മാലിനി. സഞ്ചയനം വ്യാഴം 8ന്.

പി.മിനിമോൾ
കൊല്ലം: ഉളിയക്കോവിൽ നിത്യപ്രഭ നഗർ-31 കണ്ടോലിൽ കിഴക്കതിൽ വയലിൽ വീട്ടിൽ പി.മിനിമോൾ (47) അന്തരിച്ചു. ഭർത്താവ്: സുശീലൻ. മക്കൾ: എം.ലക്ഷ്മി മോൾ, എം.ലാവണ്യ, എം.ലീഷ്മ. മരുമക്കൾ: ബിച്ചു, സ്റ്റാലിൻ. സഞ്ചയനം വ്യാഴാഴ്ച രാവിലെ.

ശശിധരൻ നായർ
ഓയൂർ: റിട്ട. സബ് റജിസ്ട്രാർ കാറ്റാടി വിളയിൽ പുത്തൻവീട്ടിൽ (പൈങ്ങാലിൽ) ശശിധരൻ നായർ അന്തരിച്ചു. സംസ്കാരം ഇന്ന് 11ന്. ഭാര്യ: ശ്രീദേവിയമ്മ. മക്കൾ: മീനു എസ്. നായർ, ആശാലക്ഷ്മി. മരുമക്കൾ: സാം ബി. നായർ, എം.വി.ശ്രീജിത്ത്.

3-ാം ചരമവാർഷികം
(22.04.2025)



എം. ലൂക്കോസ്
(ചെല്ലച്ചൻ)
ലിജിൻ നിവാസ്
ചിരട്ടക്കോണം, തലച്ചിറ
മറക്കാത്ത ഓർമ്മകളുമായ്
പ്രാർഥനയോടെ ഭാര്യ, മക്കൾ.

വേർപാടിന്റെ ഒന്നാം വർഷം



കുഞ്ഞമ്മ ജോർജ്
മുകളുവിള പുത്തൻവീട്
കിഴക്കേതെരുവ്, ഇരുങ്ങൂർ
ഞങ്ങളുടെ സ്നേഹനിധിയായ അമ്മച്ചിയുടെ ഓർമ്മകുർബാനയും ധൂപപ്രാർഥനയും നാളെ (23.04.2025) രാവിലെ 7ന് കുരിയോട്ടുമുകൾ ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെടുന്നതാണ്.
എന്ന്,
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

1st Death Anniversary
(22.04.2025)



ALICE MATHEW
(W/o Late K. V. Mathew)
Kareelamannil House
Arumurikkada, Kundara
By Sorrowing Family

സംസ്കാരം നാളെ
(23-04-2025, ബുധൻ)



ഇവാ. കെ. എസ്. ജോയിക്കുട്ടി
മഞ്ഞനിക്കര. റിട്ട. എയർഫോഴ്സ് ഉദ്യോഗസ്ഥൻ കാരാവള്ളിൽ ഇവാ. കെ. എസ്. ജോയിക്കുട്ടി (78) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം നാളെ (ബുധൻ) 7ന് സ്വവസതിയിലെയും 9ന് മഞ്ഞനിക്കര ഐ.പി.സി ഹെബ്രോൻ ചർച്ചിലെയും ശുശ്രൂഷയ്ക്കുശേഷം 12 മണിക്ക് സഭാ സെമിത്തേരിയിൽ. **ഭാര്യ:** ചിന്നമ്മ ജോയി (റിട്ട. ടീച്ചർ, കൊറ്റൻകുളങ്ങര ഗവ.എൽ.പി.എസ്). **മക്കൾ:** നിമ്മി റോയി (എറണാകുളം), ജിമ്മി ജോയി (ദുബായ്). **മരുമക്കൾ:** റോയി ജോൺ എറണാകുളം (CEO, മുത്തൂറ്റ് പാപ്പച്ചൻ ചിറ്റ്സ്), രാജി ജിമ്മി (ദുബായ്). **കൊച്ചുമക്കൾ:** ആൻ ജോസഫ് ജിമ്മി, ഹദസ്സ മേരി റോയി.
Live Stream: Panachayil Studio Live

മനോരമ **sports**



TOP 5 റൺസ്
1 സായ് സുദർശൻ (ഗുജറാത്ത്) 417
2 നിക്കോളാസ് പുരാൻ (ലക്നൗ) 368
3 ജോസ് ബട്‌ലർ (ഗുജറാത്ത്) 356
4 സൂര്യകുമാർ (മുംബൈ) 333
5 വിരാട് കോലി (ബെംഗളൂരു) 322

TOP 5 വിക്കറ്റ്
1 പ്രസിദ്ധ് കൃഷ്ണ (ഗുജറാത്ത്) 14
2 കുൽദീപ് യാദവ് (ഡൽഹി) 12
3 നൂർ അഹമ്മദ് (ചെന്നൈ) 12
4 ഹെയ്സൽവുഡ് (ബെംഗളൂരു) 12
5 ഷാർദൂൽ ഠാക്കൂർ (ലക്നൗ) 12

ഐപിഎൽ ക്രിക്കറ്റ് — സ്റ്റാർ സ്പോർട്സ് ചാനലുകളിലും ഹോട്സ്റ്റാറിലും

ഇന്ന്
രാത്രി 7.30: ലക്നൗ- ഡൽഹി

നാളെ
രാത്രി 7.30: ഹൈദരാബാദ്- മുംബൈ

ഐപിഎലിൽ വരവറിയിച്ച് പതിനേഴുകാരൻ ആയുഷ്

മുംബൈ ● മുംബൈ ഇന്ത്യൻസിനെതിരെ കഴിഞ്ഞ ദിവസം നടന്ന ഐപിഎൽ മത്സരത്തിലെ തോൽവിക്കിടയിലും ആശ്വസിക്കാനുള്ള വക ചെന്നൈ സൂപ്പർ കിങ്സ് ആരാധകർക്കുണ്ടായിരുന്നു- ആയുഷ് മാത്രെയെന്ന പതിനേഴുകാരന്റെ പ്രകടനം. പരുക്കേറ്റു പുറത്തായ ക്യാപ്റ്റൻ ഋതുരാജ് ഗെയ്ക്‌വാദിനു പകരക്കാരനായി ടീമിൽ എത്തിയ മുംബൈ സ്വദേശി ആയുഷിന്റെ ആദ്യ ഐപിഎൽ മത്സരമായിരുന്നു ഇത്. 15 പന്തിൽ 2 സിക്സും 4 ഫോറുമടക്കം 32 റൺസുമായാണ് ആയുഷ് കളം വിട്ടത്. സീസണിൽ പവർപ്ലേ ഓവറുകളിൽ ഇതുവരെ 5 സിക്സാണ് ചെന്നൈ ബാറ്റർമാർ നേടിയത്. ഇതിൽ രണ്ടും കഴിഞ്ഞ ദിവസം ആയുഷിന്റെ വകയായിരുന്നു. മറ്റ് ചെന്നൈ ബാറ്റർമാർ 170ൽ താഴെ സ്ട്രൈക്ക് റേറ്റിൽ ബാറ്റ് ചെയ്തപ്പോൾ 200നു മുകളിൽ സ്ട്രൈക്ക് റേറ്റോടെയാണ് തന്റെ അരങ്ങേറ്റ മത്സരം ആയുഷ് ഗംഭീരമാക്കിയത്. ലിസ്റ്റ് എ ക്രിക്കറ്റിൽ 150 റൺസ് നേടുന്ന പ്രായം കുറഞ്ഞ ഇന്ത്യൻ താരമെന്ന റെക്കോർഡും മുൻപ് ആഭ്യന്തര ക്രിക്കറ്റിൽ ആയുഷ് സ്വന്തമാക്കിയിട്ടുണ്ട്.


ആയുഷ് മാത്രെ

രോഹിത്തിനോടു പറഞ്ഞത് അറ്റാക്കിങ് ബാറ്റിങ് ശൈലി തുടരാൻ: ജയവർധനെ

മുംബൈ ● മുംബൈ ഇന്ത്യൻസ് ഓപ്പണർ രോഹിത് ശർമയ്ക്ക് സ്വതസിദ്ധമായ ശൈലിയിൽ ആക്രമിച്ചു കളിക്കാനാണ് ടീം നൽകിയ നിർദേശമെന്നും അത് അദ്ദേഹം നന്നായി നടപ്പാക്കുന്നുണ്ടെന്നും പരിശീലകൻ മഹേള ജയവർധനെ. ആക്രമിച്ചു കളിക്കുന്നതു മൂലം മികച്ച തുടക്കം ലഭിച്ചിട്ടും വലിയ ഇന്നിങ്സുകൾ കളിക്കാൻ രോഹിത്തിനു സാധിക്കില്ലെന്ന് വിമർശനം ഉയർന്നിരുന്നു. 'വലിയ ഇന്നിങ്സുകൾ കളിക്കാൻ രോഹിത്തിനു സാധിക്കുന്നില്ലെന്നായിരുന്നു ഇതുവരെയുള്ള വിമർശനം. എന്നാൽ ചെന്നൈയ്ക്കെതിരായ മത്സരത്തിലൂടെ രോഹിത് ഇതിനു മറുപടി നൽകി. അദ്ദേഹത്തോട് അറ്റാക്കിങ് ബാറ്റിങ് ശൈലി തുടരാനാണ് തുടക്കം മുതൽ ടീം ആവശ്യപ്പെട്ടത്. നിലയുറപ്പിച്ചാൽ രോഹിത്തിനോളം അപകടകാരിയായ മറ്റൊരു ബാറ്റർ ഉണ്ടാകില്ല. അത് കഴിഞ്ഞ മത്സരത്തിൽ കണ്ടു. അതുകൊണ്ടുതന്നെ തുടർന്നുള്ള മത്സരങ്ങളിലും രോഹിത് ഇതേ രീതിയിൽ ബാറ്റ് ചെയ്യണമെന്നാണ് ടീമിന്റെ ആവശ്യം'- ജയവർധനെ പറഞ്ഞു.


മഹേള ജയവർധനെ

ലക്ഷ്യം അടുത്ത സീസണിലേക്കുള്ള ടീമിനെ സജ്ജരാക്കാൻ: ധോണി

മുംബൈ ● ഈ സീസണിൽ മികവു തെളിയിക്കാൻ സാധിച്ചില്ലെങ്കിലും അടുത്ത സീസണിലെ ടീമിനെ റെഡിയാക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന് ചെന്നൈ സൂപ്പർ കിങ്സ് ക്യാപ്റ്റൻ എം.എസ്.ധോണി. മുംബൈ ഇന്ത്യൻസിനെതിരായ ഐപിഎൽ മത്സരത്തിലെ തോൽവിക്കു പിന്നാലെയായിരുന്നു ധോണിയുടെ പ്രതികരണം. 'ഈ സീസണിൽ പല താരങ്ങളും പ്രതീക്ഷയ്ക്കൊത്ത് ഉയർന്നില്ല. ഇനിയുള്ള എല്ലാ മത്സരങ്ങളും ജയിച്ചെങ്കിൽ മാത്രമേ ഞങ്ങൾക്ക് പ്ലേഓഫ് പ്രതീക്ഷയുള്ളൂ. കൂടുതൽ കടന്നു ചിന്തിക്കാതെ ഓരോ മത്സരത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് മുന്നോട്ടു പോകാനാണ് തീരുമാനം. ഈ സീസൺ കൈവിട്ടുപോയാലും അടുത്ത വർഷത്തേക്കുള്ള ടീമിനെ റെഡിയാക്കുക എന്ന വെല്ലുവിളി ഞങ്ങൾക്കു മുന്നിലുണ്ട്. ഈ വർഷത്തെ പ്രകടനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ചൊരു ഇലവനെ കണ്ടെത്തി, അടുത്ത വർഷം കൂടുതൽ കരുത്തോടെ തിരിച്ചുവരാനാണ് ഞങ്ങൾ ശ്രമിക്കുന്നത്'- ധോണി പറഞ്ഞു. മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ചെന്നൈ 20 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 176 റൺസ് നേടിയപ്പോൾ മുംബൈ 15.4 ഓവറിൽ ലക്ഷ്യം കണ്ടു.


ധോണി

എന്റെ കഴിവുകളെ ഞാൻ സംശയിക്കാറില്ല: രോഹിത്

മുംബൈ ● ക്രിക്കറ്റിൽ തുടർച്ചയായി ഫോം ഔട്ടാകുമ്പോൾ സ്വന്തം കഴിവിൽ സംശയിക്കുന്നതിനു പകരം ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകുകയാണ് വേണ്ടതെന്ന് മുംബൈ ഇന്ത്യൻസ് താരം രോഹിത് ശർമ. ഐപിഎലിൽ ചെന്നൈ സൂപ്പർ കിങ്സിനെതിരായ പ്ലെയർ ഓഫ് ദ് മാച്ച് പ്രകടനത്തിനു പിന്നാലെയായിരുന്നു രോഹിത്തിന്റെ പ്രതികരണം. 'തുടർച്ചയായി പരാജയപ്പെടുമ്പോൾ നമ്മൾ സ്വയം സംശയിക്കാൻ തുടങ്ങും. അതോടെ അനാവശ്യമായി പലതിനും ശ്രമിച്ച് വീണ്ടും പരാജയപ്പെടും. ഇത്തരം സന്ദർഭങ്ങളിൽ ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകണമെന്നാണ് ഇത്രയും വർഷത്തെ അനുഭവം എന്നെ പഠിപ്പിച്ചത്. മനസ്സ് ശാന്തവും ചിന്തകൾ വ്യക്തവുമാകുമ്പോൾ എല്ലാം നന്നായി നടക്കുമെന്നാണ് എന്റെ അനുഭവം'- രോഹിത് പറഞ്ഞു. ചെന്നൈയ്ക്കെതിരായ മത്സരത്തിൽ 45 പന്തിൽ പുറത്താകാതെ 76 റൺസ് നേടിയാണ് രോഹിത് മുംബൈയുടെ വിജയം ഉറപ്പിച്ചത്. സീസണിൽ രോഹിത്തിന്റെ ആദ്യ അർധ സെഞ്ചറിയായിരുന്നു ഇത്.


രോഹിത് ശർമ

ബെംഗളൂരുവിന് എതിരെയും സഞ്ജു കളിക്കില്ല


സഞ്ജു

ജയ്പുർ ● പരുക്കുമൂലം ചികിത്സയിൽ തുടരുന്ന രാജസ്ഥാൻ ക്യാപ്റ്റൻ സഞ്ജു സാംസൺ 24ന് റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവിനെതിരെ നടക്കുന്ന മത്സരത്തിൽ കളിക്കില്ലെന്ന് റിപ്പോർട്ട്. ഡൽഹി ക്യാപിറ്റൽസിനെതിരായ മത്സരത്തിനിടെയായിരുന്നു സഞ്ജുവിന് വാരിയെല്ലിനു വേദന അനുഭവപ്പെട്ടത്. അന്ന് ബാറ്റിങ് പൂർത്തിയാക്കാതെ ഗ്രൗണ്ടിൽ നിന്നു മടങ്ങിയ സഞ്ജു പിന്നാലെ നടന്ന ലക്നൗ സൂപ്പർ ജയന്റ്സിനെതിരായ മത്സരത്തിൽ കളിച്ചിരുന്നില്ല. സഞ്ജുവിന്റെ പരുക്ക് ഗുരുതരമല്ലെന്നും വിശ്രമം ആവശ്യമുള്ളതിനാൽ ജയ്പുരിലെ ടീം ക്യാംപിൽ തുടരാനാണ് സഞ്ജുവിനോട് നിർദേശിച്ചിരിക്കുന്നതെന്നും രാജസ്ഥാൻ റോയൽസ് അധികൃതർ അറിയിച്ചു.

സൗദിയിൽ ഓസ്കർ പിയാസ്ട്രി ജേതാവ്


പിയാസ്ട്രി

ജിദ്ദ ● ഫോർമുല വൺ കാറോട്ടത്തിലെ സൗദി അറേബ്യൻ ഗ്രാൻപ്രിയിൽ മക്‌ലാരൻ താരം ഓസ്കർ പിയാസ്ട്രി ജേതാവ്. സീസണിലെ മൂന്നാം ജയത്തോടെ പിയാസ്ട്രി ഡ്രൈവേഴ്സ് പോയിന്റ് പട്ടികയിലും ഒന്നാമതെത്തി. ഒപ്പത്തിനൊപ്പം മത്സരിച്ച റെഡ്ബുൾ താരം മാക്സ് വേർസ്റ്റപ്പന് 5 സെക്കൻഡ് പെനൽറ്റി ലഭിച്ചതാണ് പിയാസ്ട്രിക്കു തുണയായത്. ഫെറാറി താരം ചാൾസ് ലെക്ലയർ മൂന്നാമതും പിയാസ്ട്രിയുടെ മക്‌ലാരൻ സഹതാരം ലാൻഡോ നോറിസ് നാലാമതുമെത്തി. പിയാസ്ട്രി-99, നോറിസ്- 89, വേർസ്റ്റപ്പൻ-87 എന്നിങ്ങനെയാണ് ഇപ്പോൾ പോയിന്റ് നില.


ലിവർപൂൾ താരം ട്രെന്റ് അലക്സാണ്ടർ അർനോൾഡിന്റെ ആഹ്ലാദം.

ലിവർപൂൾ കിരീടത്തിനരികെ

മാഞ്ചസ്റ്റർ ● ഇംഗ്ലിഷ് പ്രീമിയർ ലീഗ് ഫുട്ബോൾ കിരീടം ഉറപ്പാക്കാൻ ഇനി ലിവർപൂളിനു വേണ്ടത് ഒരു ജയം കൂടി മാത്രം. ഞായറാഴ്ച രാത്രി ലെസ്റ്റർ സിറ്റിയെ 1-0നു തോൽപിച്ച ലിവർപൂളിന് (79 പോയിന്റ്) ഒന്നാം സ്ഥാനത്ത് 13 പോയിന്റ് ലീഡുണ്ട്. ആർസനലാണ് (66) രണ്ടാമത്. ലീഗിൽ ഇനി ശേഷിക്കുന്നത് 5 റൗണ്ട് മത്സരങ്ങൾ. ലെസ്റ്ററിനെതിരെ 76-ാം മിനിറ്റിൽ ട്രെന്റ് അലക്സാണ്ടർ അർനോൾഡാണ് ലിവർപൂളിന്റെ വിജയഗോൾ നേടിയത്.

കെപിഎൽ ഫുട്ബോൾ

കോഴിക്കോട് ● കേരള പ്രീമിയർ ലീഗ് ഫുട്ബോളിൽ റിയൽ മലബാർ എഫ്സി 2-1ന് ഗോകുലം കേരള എഫ്സിയെ തോൽപിച്ചു. ആഷിഫ് റിയൽ മലബാറിനായി ഇരട്ടഗോൾ നേടി. നന്ദു കൃഷ്ണയാണ് ഗോകുലത്തിന്റെ ഗോൾ നേടിയത്. കോർപറേഷൻ സ്റ്റേഡിയത്തിൽ ഇന്നു വൈകിട്ട് നാലിന് കേരള പൊലീസും കേരള യുണൈറ്റഡ് എഫ്സിയും ഏറ്റുമുട്ടും.

SPORTS LIVE

ഇംഗ്ലിഷ് പ്രീമിയർ ലീഗ് ഫുട്ബോൾ
മാൻ.സിറ്റി- ആസ്റ്റൻ വില്ല
(രാത്രി 12.30, ജിയോ ഹോട്സ്റ്റാർ)



IPL പോയിന്റ് TABLE
(മത്സരം, ജയം, തോൽവി, ഫലമില്ല, പോയിന്റ്)

1) ഗുജറാത്ത്	7	5	2	0	10
2) ഡൽഹി	7	5	2	0	10
3) ബെംഗളൂരു	8	5	3	0	10
4) പഞ്ചാബ്	8	5	3	0	10
5) ലക്നൗ	8	5	3	0	10
6) മുംബൈ	8	4	4	0	8
7) കൊൽക്കത്ത	7	3	4	0	6
8) രാജസ്ഥാൻ	8	2	6	0	4
9) ഹൈദരാബാദ്	7	2	5	0	4
10) ചെന്നൈ	8	2	6	0	4

ഗുജറാത്ത് താരം ശുഭ്മൻ ഗില്ലിന്റെ ബാറ്റിങ്.

ഗുജറാത്ത് 198

കൊൽക്കത്ത ● ഈ ഐപിഎൽ സീസണിലെ ഏറ്റവും സ്ഥിരതയാർന്ന ഓപ്പണിങ് ജോടി തങ്ങൾ തന്നെയാണെന്ന് ശുഭ്മൻ ഗിൽ- സായ് സുദർശൻ സഖ്യം ഒരിക്കൽ കൂടി തെളിയിച്ച മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് 199 റൺസ് വിജയലക്ഷ്യം.

ആദ്യം ബാറ്റ് ചെയ്ത ഗുജറാത്ത്, ഗിൽ (55 പന്തിൽ 90), സുദർശൻ (36 പന്തിൽ 52) എന്നിവരുടെ കരുത്തിൽ 20 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 198 റൺസ് നേടി. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിന് ഇറങ്ങിയ ഗുജറാത്തിന് മോഹത്തുടക്കമാണ് ഓപ്പണർമാരായ ഗില്ലും സുദർശനും ചേർന്നു നൽകിയത്. കരുതലോടെ തുടങ്ങിയ ഇരുവരും ചേർന്ന് പവർപ്ലേ വിക്കറ്റ് നഷ്ടമില്ലാതെ 45 എന്ന നിലയിൽ അവസാനിപ്പിച്ചു.

നിലയുറപ്പിച്ചതോടെ ആക്രമണത്തിലേക്കു വഴിമാറിയ ഗിൽ- സുദർശൻ ജോടി ഒന്നാം വിക്കറ്റിൽ 75 പന്തിൽ അടിച്ചെടുത്തത് 114 റൺസ്. ഇതിനിടെ ഇരുവരും തങ്ങളുടെ അർധ സെഞ്ചറിയും പൂർത്തിയാക്കി. 13-ാം ഓവറിൽ സുദർശനെ വീഴ്ത്തിയ ആന്ദ്രെ റസലാണ് കൊൽക്കത്ത ആരാധകർക്ക് മത്സരത്തിൽ ആദ്യമായി ആശ്വസിക്കാനുള്ള വക നൽകിയത്. 36 പന്തിൽ ഒരു സിക്സും 6 ഫോറും അടങ്ങുന്നതായിരുന്നു സുദർശന്റെ ഇന്നിങ്സ്.

സുദർശൻ പുറത്തായെങ്കിലും ഒറ്റയ്ക്ക് അടി തുടർന്ന ഗിൽ മത്സരത്തിൽ ഗുജറാത്തിന്റെ ആധിപത്യം കൈവിടാതെ നോക്കി. ഗില്ലിനൊപ്പം ജോസ് ബട്‌ലറും (23 പന്തിൽ 41 നോട്ടൗട്ട്) താളം കണ്ടെത്തിയതോടെ ഗുജറാത്ത് സ്കോർ ബോർഡ് കുതിച്ചു. സെഞ്ചറിക്ക് 10 റൺസ് അകലെ ഗില്ലിനെ പുറത്താക്കിയ വൈഭവ് അറോറ ഗുജറാത്തിന് രണ്ടാമത്തെ പ്രഹരം ഏൽപിച്ചു. 55 പന്തിൽ 3 സിക്സും 10 ഫോറും അടങ്ങുന്നതായിരുന്നു ഗില്ലിന്റെ ഇന്നിങ്സ്.

നാലാമനായി സ്ഥാനക്കയറ്റം ലഭിച്ച രാഹുൽ തെവാത്തിയ (0) അക്കൗണ്ട് തുറക്കാതെ മടങ്ങിയത് തിരിച്ചടിയായെങ്കിലും പിന്നാലെയെത്തിയ ഷാറുഖ് ഖാന്റെ (5 പന്തിൽ 11 നോട്ടൗട്ട്) ഇന്നിങ്സ് ഗുജറാത്തിനെ ഭേദപ്പെട്ട സ്കോറിൽ എത്തിച്ചു.

ഗോകുലം വീണു

▸▸ സൂപ്പർ കപ്പിൽ എഫ്സി ഗോവ -3, ഗോകുലം കേരള -0


എഫ്സി ഗോവ താരം ഐകർ ഗ്വാർട്സെനയുടെ ആഹ്ലാദം.

ഭുവനേശ്വർ ● ഐ ലീഗിനു പിറകെ സൂപ്പർ കപ്പിലും ഗോകുലത്തിനു നിരാശ. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ ഐഎസ്എൽ ക്ലബ്ബായ എഫ്സി ഗോവ 3-0നാണ് ഗോകുലത്തെ പരാജയപ്പെടുത്തിയത്. ഗോവയുടെ സ്പാനിഷ് താരം ഐകർ ഗ്വാർട്സെനയുടെ ഹാട്രിക്കിനു മുന്നിലാണ് ഗോകുലം നിഷ്പ്രഭരായത്.

ആദ്യപകുതിയിൽ ആക്രമണമഴിച്ചുവിട്ടാണ് ഗോകുലം കളി തുടങ്ങിയത്. എന്നാൽ 23-ാം മിനിറ്റിൽ ബോക്സിനകത്തു വച്ച് ഗോകുലത്തിന്റെ സലാം രഞ്ജൻസിങ് ഗോവയുടെ ദേജൻ ഡ്രാസിക്കിനെ ഫൗൾ ചെയ്തു. തുടർന്നു ലഭിച്ച പെനൽറ്റി കിക്കിൽ നിന്നാണ് ഗ്വാർട്സെനയുടെ ആദ്യഗോൾ പിറന്നത്. 35-ാം മിനിറ്റിൽ രണ്ടാം ഗോളും 71-ാം മിനിറ്റിൽ മൂന്നാം ഗോളും നേടി ഗ്വാർട്സെന ഹാട്രിക് പൂർത്തിയാക്കി.

ഐ ലീഗിൽ അവസാന ദിനം വരെ കിരീട പ്രതീക്ഷയുണ്ടായിരുന്ന ഗോകുലം അവസാന മത്സരത്തിലെ തോൽവിയോടെ നാലാം സ്ഥാനത്തായിരുന്നു. സൂപ്പർകപ്പ് നോക്കൗട്ട് ചാംപ്യൻഷിപ് ആയതിനാൽ ഗോകുലത്തിന് ഇനി അവസരമില്ല. കളിയുടെ ആദ്യപകുതിയിൽ അവസരങ്ങൾ ലഭിച്ചെങ്കിലും രണ്ടാം പകുതിയിൽ ടീം നിറം മങ്ങിയത് തിരിച്ചടിയായെന്ന് ഗോകുലത്തിന്റെ മുഖ്യപരിശീലകൻ ടി.എ.രഞ്ജിത് പറഞ്ഞു.

ബിസിസിഐ വാർഷിക കരാർ

രോഹിത്, കോലി, ബുമ്ര, ജഡേജ എ പ്ലസ് കാറ്റഗറിയിൽ

▸▸ സഞ്ജു സാംസൺ സി കാറ്റഗറിയിൽ
▸▸ ഇഷാനും ശ്രേയസും തിരിച്ചെത്തി



ന്യൂഡൽഹി ● 34 താരങ്ങളെ ഉൾപ്പെടുത്തി ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ വാർഷിക കരാർ ബിസിസിഐ പുറത്തുവിട്ടു.

സീനിയർ താരങ്ങളായ രോഹിത് ശർമ, വിരാട് കോലി, രവീന്ദ്ര ജഡേജ, ജസ്പ്രീത് ബുമ്ര എന്നിവരെ എ പ്ലസ് കാറ്റഗറിയിൽ നിലനിർത്തി. ഇവർക്ക് വർഷം 7 കോടി രൂപ പ്രതിഫലം ലഭിക്കും. കഴിഞ്ഞ വർഷം കരാറിൽ നിന്നു പുറത്തായ ശ്രേയസ് അയ്യർ, ഇഷാൻ കിഷൻ എന്നിവർ ഇത്തവണ തിരിച്ചെത്തി. ശ്രേയസ് ബി കാറ്റഗറിയിലും ഇഷാൻ സി കാറ്റഗറിയിലുമാണ് ഇടംപിടിച്ചത്. കഴിഞ്ഞ വർഷം ബി കാറ്റഗറിയിലേക്ക് തരം താഴ്ത്തപ്പെട്ട ഋഷഭ് പന്ത് ഇത്തവണ എ കാറ്റഗറിയിലേക്ക് ഉയർന്നു. മലയാളി താരം സഞ്ജു സാംസൺ സി കാറ്റഗറിയിൽ ഇടം നിലനിർത്തി. 5 പുതുമുഖങ്ങൾ ഉൾപ്പെടെ 19 പേർ സി കാറ്റഗറിയിൽ ഇടംപിടിച്ചു. ഹർഷിത് റാണ, വരുൺ ചക്രവർത്തി, അഭിഷേക് ശർമ, നിതിഷ് കുമാർ റെഡ്ഡി, ആകാശ് ദീപ് എന്നിവരാണ് കരാറിലെ പുതുമുഖങ്ങൾ. രാജ്യാന്തര ക്രിക്കറ്റിൽ നിന്നു വിരമിച്ച ആർ.അശ്വിനെ കരാറിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഷാർദൂൽ ഠാക്കൂർ, ആവേശ് ഖാൻ, കെ.എസ്.ഭരത് എന്നിവരും ഇത്തവണ കരാറിന് പുറത്തായി.

എ കാറ്റഗറി താരങ്ങൾക്ക് 5 കോടിയും ബിയ്ക്ക് 3 കോടിയും സിയ്ക്ക് ഒരു കോടിയുമാണ് വാർഷിക പ്രതിഫലം.

നീരജ് വിളിച്ചു; കൂട്ടുകാർ വരുന്നു



▸▸ നീരജ് ചോപ്ര ക്ലാസിക് 2025 ജാവലിൻ ത്രോ മത്സരം മേയ് 24ന് ബെംഗളൂരുവിൽ

മനോരമ ലേഖകൻ

കൊച്ചി ● ലോകവേദിയിൽ തനിക്കൊപ്പം മത്സരിക്കുന്ന താരങ്ങളെ ഇന്ത്യയിലേക്കു വിളിച്ച് നീരജ് ചോപ്ര. ഒളിംപിക് മെഡൽ ജേതാവ് നീരജിന്റെ നേതൃത്വത്തിലുള്ള 'നീരജ് ചോപ്ര ക്ലാസിക് 2025' രാജ്യാന്തര ജാവലിൻ ത്രോ മത്സരം മേയ് 24ന് ബെംഗളൂരു കണ്ഠീരവ സ്റ്റേഡിയത്തിൽ നടക്കും. നേരത്തേ നീരജിന്റെ ജന്മനാടായ ഹരിയാനയിലെ പഞ്ച്കുളയിൽ നടത്താൻ നിശ്ചയിച്ചിരുന്ന മത്സരം സാങ്കേതിക കാരണങ്ങളാൽ ബെംഗളൂരുവിലേക്കു മാറ്റുകയായിരുന്നു.

മുൻനിര താരങ്ങളായ ആൻഡേഴ്സൻ പീറ്റേഴ്സ്, തോമസ് റോളർ, ജൂലിയസ് യെഗോ, കർട്ടിസ് തോംസൺ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കി. നിലവിലെ ഒളിംപിക് സ്വർണ മെഡൽ ജേതാവ് പാക്കിസ്ഥാന്റെ അർഷാദ് നദീമിനെ ക്ഷണിച്ചിട്ടുണ്ടെങ്കിലും പങ്കെടുക്കുന്നത് ഉറപ്പായിട്ടില്ലെന്നു നീരജ് ചോപ്ര പറഞ്ഞു. നീരജിനു പുറമേ മറ്റ് ഇന്ത്യൻ താരങ്ങളും മത്സരിക്കാനുണ്ടാകും. ജെഎസ്ഡബ്ല്യുവുമായി സഹകരിച്ചാണു മത്സരം സംഘടിപ്പിക്കുന്നത്. ചാംപ്യൻഷിപ്പിനെക്കുറിച്ച് വെർച്വൽ കോൺഫറൻസിൽ നീരജ് ചോപ്ര സംസാരിക്കുന്നു...

Q. ചാംപ്യൻഷിപ്പിനെക്കുറിച്ചുള്ള സങ്കൽപങ്ങൾ, പ്രതീക്ഷകൾ..
A. കുറച്ചു കാലമായി ഞാൻ കാണുന്ന ഒരു സ്വപ്നം സഫലമാകുകയാണ്. എന്റെ പേരിൽ രാജ്യാന്തര തലത്തിൽ ഒരു ജാവലിൻ ത്രോ മത്സരം നടക്കുകയെന്നത് ഒരിക്കലും പ്രതീക്ഷിക്കാത്ത കാര്യമായിരുന്നു. രാജ്യാന്തര താരങ്ങളുടെ മത്സരം നമ്മുടെ സ്റ്റേഡിയത്തിലിരുന്നു കാണാനുള്ള അവസരമാണ് ഇതു നൽകുന്നത്.

Q. ഇന്ത്യയിലെ ജാവലിൻ ത്രോ താരങ്ങളെ ഈ മത്സരം എങ്ങനെ സഹായിക്കും?
A. ഇന്ത്യൻ അത്‌ലറ്റിക്സിനുള്ള എന്റെ പിന്തുണയാണിത്. ലോകോത്തര താരങ്ങൾക്കൊപ്പം മത്സരിക്കാനും അവരുടെ പ്രകടനം തൊട്ടടുത്തു നിന്നു കാണാനും നമ്മുടെ താരങ്ങൾക്കുള്ള അവസരം. അതുവഴി സ്വന്തം പ്രകടനത്തിന്റെ നിലവാരമുയർത്താം. ലോക നിലവാരത്തിലുള്ള സൗകര്യങ്ങൾ ഇപ്പോൾ ഇന്ത്യയിലുണ്ട്. ഭാവിയിൽ ഡയമണ്ട് ലീഗ് ഉൾപ്പെടെയുള്ള രാജ്യാന്തര മത്സരങ്ങളും ഇന്ത്യയിൽ നടക്കും.

Q. അത്‌ലീറ്റ് എന്നതിനൊപ്പം സംഘാടകനെന്ന നിലയിലേക്കു കൂടി മാറുമ്പോൾ?
A. അത്‌ലീറ്റാകുമ്പോൾ മത്സരത്തിൽ മാത്രം ശ്രദ്ധിച്ചാൽ മതി. പക്ഷേ, സംഘാടകനെന്ന നിലയിൽ ഗ്രൗണ്ടിലെ പുല്ല് മുതൽ ഭക്ഷണം, താമസം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ശ്രദ്ധിക്കണം. ആ വെല്ലുവിളി കൂടിയാണ് ഞാൻ ഏറ്റെടുക്കുന്നത്.

പ്രണവ്, നിത്യ വേഗതാരങ്ങൾ

▸▸ ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സിന്റെ ആദ്യദിനം മലയാളി താരങ്ങൾക്കു മെഡലില്ല


പുരുഷ വിഭാഗം 100 മീറ്ററിൽ ഒന്നാം സ്ഥാനം നേടുന്ന പ്രണവ് പ്രമോദ്. *ചിത്രം: അരുൺ ശ്രീധർ / മനോരമ*

വിനോദ് ഗോപി

കൊച്ചി ● പ്രണവ് പ്രമോദിന്റെ കഴുത്തിലെ സ്വർണമാലയിൽ ഒളിംപിക് വളയങ്ങളുടെ ലോക്കറ്റുണ്ട്. 100 മീറ്റർ ഓടാനായി ഓരോ തവണ ട്രാക്കിലിറങ്ങുമ്പോഴും ഒളിംപിക് മോഹവുമായി ആ ലോക്കറ്റ് പ്രണവ് നെഞ്ചോടു ചേർക്കും. ആദ്യ സ്ഥാനം ലക്ഷ്യം വച്ചുള്ള കുതിപ്പിൽ പലപ്പോഴും കാലിടറിയിട്ടുണ്ടെങ്കിലും ഇന്നലെ മഹാരാഷ്ട്രക്കാരൻ പ്രണവ് കണക്കു തീർത്തു. മഹാരാജാസിലെ ട്രാക്കിലെ ഫെഡറേഷൻ കപ്പ് സീനിയർ അത്‌ലറ്റിക്സിൽ പുരുഷ വിഭാഗം 100 മീറ്ററിൽ സ്വർണം (10.27 സെക്കൻഡ്). വനിതകളുടെ 100 മീറ്ററിൽ തെലങ്കാനയുടെ നിത്യ ഗാന്ധെയ്ക്കാണു (11.50 സെക്കൻഡ്) സ്വർണം.

പുരുഷ വിഭാഗം 100 മീറ്റർ സെമി ഫൈനലിൽ കർണാടകയുടെ മണികണ്ഠ ഹോബ്ലിധാറാണ് മീറ്റ് റെക്കോർഡ് കുറിച്ചത് (10.25 സെക്കൻഡ്). 2016ൽ അമിയ കുമാർ മാലിക് സൃഷ്ടിച്ച റെക്കോർഡാണു (10.26) മറികടന്നത്. എന്നാൽ സെമിയിലെ പ്രകടനം മണികണ്ഠയ്ക്കു ഫൈനലിൽ പുറത്തെടുക്കാനായില്ല. പ്രണവിനും ഒഡീഷയുടെ അനിമേഷ് കുജൂരിനും (10.32) പിന്നിൽ മൂന്നാം സ്ഥാനത്തായി ഫിനിഷ്.

ചാംപ്യൻഷിപ്പിന്റെ ആദ്യ ദിനം രണ്ടും മീറ്റ് റെക്കോർഡുകളാണു പിറന്നത്. പുരുഷൻമാരുടെ 10,000 മീറ്ററിൽ കരസേനയുടെ ഹിമാചൽ പ്രദേശ് താരം സാവൻ ബർവാലിനാണു മറ്റൊരു മീറ്റ് റെക്കോർഡ് (28:57.13 മിനിറ്റ്). 2007ൽ സുരേന്ദ്ര സിങ് സൃഷ്ടിച്ച റെക്കോർഡാണു (28:57.90 മിനിറ്റ്) മറികടന്നത്. വിവിധ ഇനങ്ങളിലായി 17 അത്‌ലീറ്റുകൾ ഏഷ്യൻ അത്‌ലറ്റിക് ചാംപ്യൻഷിപ്പിനുള്ള യോഗ്യതാ മാർക്ക് പിന്നിട്ടു.

വനിതകളുടെ പോൾവോൾട്ടിൽ മലയാളി താരം മരിയ ജയ്സൻ അഞ്ചാമതായി (3.90 മീറ്റർ). തമിഴ്നാടിന്റെ പവിത്ര വെങ്കടേഷും ഭരണിക ഇളങ്കോവനുമാണ് ആദ്യ രണ്ടു സ്ഥാനങ്ങളിൽ (4 മീറ്റർ). പുരുഷ വിഭാഗം ലോങ് ജംപിൽ മലയാളി താരങ്ങളായ മുഹമ്മദ് മുഹസിനും മുഹമ്മദ് അനീസും ഫൈനലിലേക്കു യോഗ്യത നേടി. വനിതകളുടെ 400 മീറ്ററിൽ കേരള താരങ്ങളായ ജിസ്ന മാത്യു, കെ. സ്നേഹ എന്നിവരും ഫൈനലിലെത്തി.


വനിതാ വിഭാഗം 100 മീറ്ററിൽ ഒന്നാം സ്ഥാനം നേടിയ നിത്യ ഗാന്ധെ (തെലങ്കാന) *ചിത്രം: മനോരമ*

സ്വർണ ജേതാക്കൾ


സഞ്ജീവനി ജാദവ് (വനിതാ 10000 മീറ്റർ) | സച്ചിൻ യാദവ് (പുരുഷ ജാവലിൻ ത്രോ) | സാവൻ ബർവാൽ (പുരുഷ 10000 മീറ്റർ) | പവിത്ര വെങ്കടേഷ് (വനിതാ പോൾവോൾട്ട്) | ലിലി ദാസ് (വനിതാ 1500 മീറ്റർ) | യൂനസ് ഷാ (പുരുഷ 1500 മീറ്റർ)

മനോരമ business

10 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് സ്വതന്ത്രമായി ബാങ്ക് അക്കൗണ്ട് പ്രവർത്തിപ്പിക്കാം

ന്യൂഡൽഹി● പ്രായപൂർത്തിയാകാത്തവരുടെ (മൈനർ) ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് പരിഷ്കരിച്ച മാർഗരേഖ പ്രസിദ്ധീകരിച്ചു. നിലവിലുള്ള വ്യവസ്ഥകൾ കൂടുതൽ യുക്തിസഹമാക്കുകയാണ് ലക്ഷ്യം. ജൂലൈ ഒന്നിനകം ബാങ്കുകൾ ഇത് പാലിച്ചിരിക്കണം.

ഏത് പ്രായത്തിലുള്ള മൈനറിനും നിയമപരമായ രക്ഷിതാവ് വഴി സേവിങ്സ്/ടേം ഡിപ്പോസിറ്റ് അക്കൗണ്ട് തുടങ്ങാം. കുട്ടിയുടെ അമ്മയെയും രക്ഷിതാവായി പരിഗണിക്കും. 10 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് സ്വതന്ത്രമായി അക്കൗണ്ട് തുറക്കാനും പ്രവർത്തിപ്പിക്കാനും കഴിയും. പണമിടപാട് പരിധി, പ്രായം എന്നിവയിൽ ബാങ്കുകൾക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്താം.

പ്രായപൂർത്തിയാകുമ്പോൾ അക്കൗണ്ട് ഉടമയുടെ ഒപ്പും മറ്റും ബാങ്ക് രേഖപ്പെടുത്തണം. കുട്ടികൾക്ക് ആവശ്യമെങ്കിൽ ഇന്റർനെറ്റ് ബാങ്കിങ്, എടിഎം കാർഡ്, ചെക്ക് ബുക്ക് എന്നിവ നൽകാം. മൈനർ അക്കൗണ്ടുകളിൽ നിന്ന്, അമിതമായി പണം പിൻവലിക്കുന്നില്ലെന്നും, ആവശ്യത്തിന് ബാലൻസ് ഉണ്ടെന്നും ബാങ്കുകൾ ഉറപ്പാക്കണം.

സ്വർണം
പവന് ₹ 72,120
ഗ്രാമിന് ₹ 9,015

കിതയ്ക്കാതെ കുതിപ്പ്



▶▶ ഓഹരി വിപണിയിലെ മുന്നേറ്റം തുടർച്ചയായ അഞ്ചാം ദിവസം

▶▶ നിക്ഷേപകരുടെ ആസ്തിയിൽ 5 ദിവസംകൊണ്ട് 32 ലക്ഷം കോടി രൂപയുടെ വർധന

കൊച്ചി● തുടർച്ചയായ അഞ്ചാം വ്യാപാരദിനത്തിലും ഓഹരി വിപണികളിൽ മികച്ച മുന്നേറ്റം. ഇന്നലെ സെൻസെക്സ് 855 പോയിന്റും നിഫ്റ്റി 273.90 പോയിന്റും ഉയർന്നു. 5 ദിവസത്തെ മുന്നേറ്റത്തിലൂടെ സെൻസെക്സ് 79,000 നിലവാരത്തിനു മുകളിലെത്തി. 24,000 പോയിന്റിനു മുകളിലാണു നിഫ്റ്റി.

കമ്പനികളുടെ മികച്ച പാദഫലങ്ങൾ പുറത്തുവരുന്നതും ആഗോള സാഹചര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെട്ടതും ഇന്ത്യ-യുഎസ് വ്യാപാരക്കരാർ പ്രതീക്ഷകളും വിദേശനിക്ഷേപകർ ഇന്ത്യൻ വിപണിയിലേക്കു മടങ്ങിയെത്തുന്നതുമാണ് കുതിപ്പിന്റെ കാരണങ്ങൾ. മാർച്ചിൽ അവസാനിച്ച പാദത്തിൽ മികച്ച പ്രവർത്തനഫലം പുറത്തുവിട്ട ഇൻഫോസിസിന്റെ ഓഹരികളിൽ ഇന്നലെ 2 ശതമാനം നേട്ടമുണ്ടായി.

5 ദിവസം: 7.5% നേട്ടം

5 ദിവസങ്ങൾക്കൊണ്ട് സെൻസെക്സ് 5561 പോയിന്റും നിഫ്റ്റി 1726 പോയിന്റും ഉയർന്നു. ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ ആകെ വിപണിമൂല്യം 5 ട്രില്യൻ കോടിയിലേക്കു വീണ്ടും ഉയർന്നു. നിക്ഷേപകരുടെ ആസ്തിയിൽ 32 ലക്ഷം കോടി രൂപയുടെ വർധനയുണ്ടായി.

റെക്കോർഡ് നേട്ടത്തിൽ ബാങ്ക് നിഫ്റ്റി

ബാങ്കിങ് ഓഹരികളിലേക്കു തുടർച്ചയായി വൻതോതിൽ നിക്ഷേപകരെത്തുകയാണ്. ബാങ്ക് നിഫ്റ്റി സൂചിക ഇന്നലെ റെക്കോർഡ് നേട്ടം കൈവരിച്ചു. ഇന്നലെ മാത്രം സൂചികയിലെ നേട്ടം 1.87 ശതമാനമാണ്. കഴിഞ്ഞ സെപ്റ്റംബർ 26 ലെ 54,467.35 പോയിന്റ് എന്ന റെക്കോർഡ് മറികടന്ന് സൂചിക 55,304ൽ എത്തി.

രൂപയ്ക്കും നേട്ടം

വിദേശനാണ്യ വിപണിയിൽ ഡോളറിനെതിരെ രൂപയ്ക്ക് ഇന്നലെ 23 പൈസയുടെ നേട്ടം. ഡോളറിനെതിരെ മൂല്യം 85.15 നിലവാരത്തിലേക്ക് ഉയർന്നു. ഡോളർ ദുർബലമാകുന്നതും അസംസ്കൃത എണ്ണവില ഇടിയുന്നതും രൂപയ്ക്കു കരുത്താകുകയാണ്. യുഎസ് ഡോളർ ഇൻഡക്സ് 98 നിലവാരത്തിനു താഴെയാണ്. ഓഹരി വിപണികളിലേക്ക് വിദേശ നിക്ഷേപകർ തിരിച്ചെത്തുന്നതും രൂപയുടെ മൂല്യം ഉയരാനിടയാക്കി. വ്യാപാരത്തിനിടെ രൂപയുടെ മൂല്യം 85.03 വരെ ഉയർന്നിരുന്നു.

പിടിതരാതെ സ്വർണം



▶▶ സംസ്ഥാനത്ത് പവൻ വില 72,000 കടന്നു

▶▶ രാജ്യാന്തര വിപണിയിൽ വില 3,400 ഡോളറിനു മുകളിൽ

കൊച്ചി● ഒരു ഗ്രാം സ്വർണത്തിന് 9,000 രൂപ എന്ന നിർണായക നിലവാരവും കടന്ന് സംസ്ഥാനത്ത് സ്വർണവില. ഇന്നലെ ഗ്രാമിന് 70 രൂപ വർധിച്ച് 9,015 രൂപയും പവന് 560 രൂപ ഉയർന്ന് 72,120 രൂപയുമായി. ചരിത്രത്തിലാദ്യമായാണു സ്വർണവില 72,000 രൂപയ്ക്കു മുകളിലെത്തുന്നത്. ഇക്കഴിഞ്ഞ 12ന് ആണ് സ്വർണവില പവന് 70,160 രൂപയാകുന്നത്. ഒൻപതു ദിവസത്തിനിടെ 1960 രൂപയുടെ വർധനയാണ് ഉണ്ടായത്. 24 കാരറ്റ് സ്വർണവില കിലോഗ്രാമിന് ബാങ്ക് നിരക്ക് ഒരു കോടി രൂപ കടന്നു. 18 കാരറ്റ് സ്വർണം ഗ്രാമിന് 55 രൂപ വർധിച്ച് 7460 രൂപയായി. വെള്ളി വിലയിലും വർധനയുണ്ട്. ഗ്രാമിന് 109 രൂപയാണ് ഒരു ഗ്രാം വെള്ളിക്ക്.

സ്വർണവില നാഴികക്കല്ലുകൾ പിന്നിട്ട ദിവസങ്ങളിലെ വില (ഗ്രാം, പവൻ ക്രമത്തിൽ)

2024 മാർച്ച് 29- 6300, 50400 രൂപ
2024 മേയ് 20- 6890, 55120 രൂപ
2025 ജനുവരി 21-7525, 60200 രൂപ
2025 മാർച്ച് 14- 8230, 65840 രൂപ
2025 ഏപ്രിൽ 12- 8770, 70160 രൂപ
2025 ഏപ്രിൽ 17- 8920, 71360 രൂപ
2025 ഏപ്രിൽ 21- 9015, 72120 രൂപ

3400 കടന്ന് രാജ്യാന്തര വില

രാജ്യാന്തര വിപണിയിൽ ദിവസവുമെന്നോണം റെക്കോർഡുകൾ ഭേദിച്ചു കുതിക്കുകയാണു സ്വർണവില. ട്രോയ് ഔൺസിന് (31.1 ഗ്രാം) ചരിത്രത്തിലാദ്യമായി 3400 ഡോളറിലേക്കു വിലയുയർന്നു. 100 ഡോളറോളമാണു വർധന. ഇതിന്റെ ആനുപാതികമായ വില വർധന ഇന്നും ആഭ്യന്തര വിപണിയിലുണ്ടാകും.

വ്യാപാര യുദ്ധത്തിനു കാര്യമായ അയവു വരാത്തതാണ് സുരക്ഷിത നിക്ഷേപമെന്ന നിലയിൽ സ്വർണത്തിന്റെ ഡിമാൻഡ് ഉയർത്തുന്നത്. ഡോളറിന്റെ മൂല്യമിടിയുന്നതും സ്വർണത്തിന്റെ കരുത്തുകൂട്ടുന്നുണ്ട്. ബുള്ള്യൻ വിപണിയിൽ 99.9 പരിശുദ്ധിയുള്ള 10 ഗ്രാം സ്വർണത്തിന്റെ വില ഒരു ലക്ഷം രൂപയ്ക്കു തൊട്ടടുത്തെത്തി. ഇന്നലെ 1650 രൂപ ഉയർന്നതോടെ വില 99,800 രൂപയായി.

ഈ വർഷം ഇതുവരെ 25% ശതമാനമാണ് വില വർധന. 2024 മാർച്ചിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വർധന 60%.

ഈ മാസം പവന് 4040 രൂപ വർധന

അടുത്തകാലത്ത് സ്വർണവിലയിലുണ്ടായത് റെക്കോർഡ് കുതിപ്പാണ്. ഈ മാസം ആദ്യം ഗ്രാമിന് 8510 രൂപയും പവന് 68080 രൂപയുമായിരുന്നു വില. ഗ്രാമിന് 505 രൂപയും പവന് 4040 രൂപയുമാണ് ഇക്കാലയളവിൽ വർധിച്ചത്. 8ന് ഗ്രാമിന് 8225, പവന് 65800 രൂപ എന്ന നിരക്കിലേക്ക് താഴ്ന്നെങ്കിലും പിന്നീടു വില കുതിച്ചു കയറുകയായിരുന്നു.

₹ വിനിമയ നിരക്ക്

	ചെക്ക്	കറൻസി
ഡോളർ	84.35	83.08
പൗണ്ട്	112.81	110.71
യൂറോ		95.41
സ്വിസ് ഫ്രാങ്ക്		102.09
കാനഡ ഡോളർ		60.04
ഓസ്ട്രേ. ഡോളർ		52.87
സിംഗപ്പൂർ ഡോളർ		63.19
ബഹ്റൈൻ ദിനാർ		220.70
കുവൈത്ത് ദിനാർ		271.70
ഒമാൻ റിയാൽ		215.76
സൗദി റിയാൽ		22.01
യുഎഇ ദിർഹം		22.47
ഖത്തർ റിയാൽ		22.58

ഓഹരി

SENSEX	NIFTY
79,408.50	24,125.55
+855.30	+273.90

NSE			
ACC	2088.40	Tatapower	390.85
ADANI ENT	2442.70	Tatasteel	139.18
Ambujacem	578.90	TATATECH	683.95
Asianpaint	2445.00	Tcs	3321.60
Axis bank	1223.00	Techm	1373.50
BAJAJ AUTO	8247.50	Ultracemco	11934.00
BANK BARODA	249.42	VEDANTA Ltd	411.95
Bhartiartl	1883.40	Wipro	238.45
BHEL	227.19	**KERALA BASED**	
BPCL	304.05	Apollo tyr	460.80
CIPLA	1511.10	Avtngl	61.26
COALINDIA	400.50	B P L Ltd	75.75
DLF	675.90	Cochin minerals	277.30
DRREDDY	1177.40	COCHINSHIP	1487.20
GAIL	195.32	CSB Bank	360.25
Grasim	2756.90	Dhan bank	29.22
HCLTEC	1482.00	ESAF	30.60
Hdfcbank	1927.10	Fact	774.75
Heromotoco	3917.00	Federal bank	202.04
Hindalco	622.00	Geojit	77.41
Hinduniw	2351.00	Gujarat Inject	23.51
Icicibank	1409.80	Harrison mala	203.82
Indusindbk	828.20	HindustanOrganic	38.91
Infy	1451.00	Inditrade Capital	7.17
ITCLTD	422.85	KALYAN JEWEL	529.15
Jindalstel	906.40	Kerala Ayu	327.75
JIOFIN	246.38	Kings Infra	135.30
Kotakbank	2241.40	Kitex	265.38
L&T	3280.50	KSE Ltd (BSE)	1990.65
LICI	817.50	Manapuram	233.34
Lupin	2009.20	Muthoot capital	267.21
M&M	2764.00	Muthootfin	2203.60
Maruti	11745.00	MUTHOOTMF	161.16
Mcdowell-n	1516.70	Nitta gelatin	752.95
NMDC Limited	67.83	PTL Enterprises	40.49
Ntpc	364.55	Popular Vehicles	97.59
Ongc	249.78	Rubfila	70.79
PNB	102.30	STEL Holdings	407.20
POWERGRID	320.00	Scoobee Day	98.00
Reliance	1295.50	South ind bk	25.98
Sbin	816.70	VERTEX SEC	4.65
Sunpharma	1744.90	Vguard	354.15
Tatamotors	630.05	Wonderla	701.60

യുഎസുമായി വ്യാപാരക്കരാറിലെത്തുന്ന രാജ്യങ്ങൾക്കു മുന്നറിയിപ്പുമായി ചൈന

ബെയ്ജിങ്● യുഎസുമായി വ്യാപാരക്കരാർ ഉണ്ടാക്കുന്ന രാജ്യങ്ങൾ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്ന് ചൈനയുടെ മുന്നറിയിപ്പ്. യുഎസിനെ പിന്തുണയ്ക്കുകയും ചൈനയെ ബാധിക്കുന്ന തരത്തിൽ കരാറുകൾ ഉണ്ടാക്കുകയും ചെയ്യുന്ന രാജ്യങ്ങൾക്കു തിരിച്ചടിയുണ്ടാകുമെന്ന് ഇന്നലെ ചൈനീസ് വിദേശകാര്യ മന്ത്രാലയമാണു വ്യക്തമാക്കിയത്. മറ്റു രാജ്യങ്ങൾക്ക് യുഎസ്, പകരം തീരുവയിൽ സാവകാശം നൽകുകയും ഇക്കാലയളവിൽ തീരുവ 10 ശതമാനമാക്കുകയും ചെയ്തപ്പോൾ ചൈനയ്ക്ക് 245% വരെയാണു നികുതി. ചൈന യുഎസ് ഉൽപന്നങ്ങൾക്ക് 125 ശതമാനം തീരുവയും നടപ്പാക്കി.

യുഎസിനെ പ്രീതിപ്പെടുത്തുന്നത് സമാധാനം കൊണ്ടുവരില്ലെന്നും വ്യാപാരയുദ്ധത്തിൽ ഇത്തരം വിട്ടുവീഴ്ചകൾ നല്ലതല്ലെന്നും ചൈന വ്യക്തമാക്കി. ഇന്ത്യ, ജപ്പാൻ അടക്കം ഒട്ടേറെ രാജ്യങ്ങൾക്കും യൂറോപ്യൻ യൂണിയൻ, ആസിയാൻ പോലുള്ള സംഘടനകൾക്കും ചൈനയും യുഎസുമായി വ്യാപാരമുണ്ട്.

ഇന്ത്യ–യുഎസ് വ്യാപാരക്കരാർ

ആദ്യഘട്ടം ഒക്ടോബറോടെ പൂർത്തിയാകുമെന്ന് നിർമല സീതാരാമൻ

▶▶ യുഎസ് ട്രഷറി സെക്രട്ടറിയുമായി നിർമല കൂടിക്കാഴ്ച നടത്തും

മനോരമ ലേഖകൻ

ന്യൂഡൽഹി● ഇന്ത്യ-യുഎസ് വ്യാപാരക്കരാറിന്റെ ആദ്യഘട്ടം ഒക്ടോബറോടു കൂടി പൂർത്തിയാക്കാനാകുമെന്ന് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. യുഎസ് സന്ദർശനത്തിനിടെയാണ് നിർമല ഇക്കാര്യത്തിൽ പ്രതീക്ഷ പ്രകടിപ്പിച്ചത്.

യുഎസ് ട്രഷറി സെക്രട്ടറിയുമായി നിർമല കൂടിക്കാഴ്ച നടത്തും. വ്യാപാരവിഷയവും ചർച്ചയിൽ ഇടംപിടിച്ചേക്കുമെന്നാണ് സൂചന. യുഎസുമായി ഏറ്റവും സജീവമായി ചർച്ച നടത്തുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യയെന്ന് മന്ത്രി പറഞ്ഞു.



വാണിജ്യമന്ത്രാലയ പ്രതിനിധികൾ നാളെ മുതൽ മൂന്നു ദിവസത്തേക്ക് യുഎസ് സന്ദർശനം നടത്തും. ചില വിഷയങ്ങളിലെ അഭിപ്രായവ്യത്യാസം പരിഹരിക്കുന്നതിനാണ് ഈ യാത്രയെന്നാണ് സൂചന. ഇതിനു ശേഷമായിരിക്കും ഔദ്യോഗിക വ്യാപാര ചർച്ചകൾ. വാണിജ്യമന്ത്രാലയത്തിലെ അഡീഷനൽ സെക്രട്ടറി രാജേഷ് അഗർവാൾ സംഘത്തെ നയിക്കും. രാജ്യാന്തര നാണ്യനിധിയുടെയും ലോക ബാങ്കിന്റെയും യോഗങ്ങൾക്കാണ് നിർമല യുഎസിലെത്തിയത്.

ഇന്ത്യ-ബ്രിട്ടൻ സ്വതന്ത്ര വ്യാപാര കരാറിന്റെ അന്തിമഘട്ട ചർച്ചകൾക്കായി വാണിജ്യ കാര്യമന്ത്രി പീയൂഷ് ഗോയൽ മേയിൽ ബ്രിട്ടൻ സന്ദർശിക്കും.

കുറഞ്ഞ വിലയ്ക്ക് സ്റ്റീൽ: 12% തീരുവ ഏർപ്പെടുത്തി കേന്ദ്രം

മനോരമ ലേഖകൻ

ന്യൂഡൽഹി● ചൈന അടക്കമുള്ള രാജ്യങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ഇന്ത്യയിലേക്ക് വ്യാപകമായി സ്റ്റീൽ ഇറക്കുമതി നടത്തുന്നത് തടയാനായി നിശ്ചിത ഉൽപന്നങ്ങൾക്ക് കേന്ദ്രം 12% ഇറക്കുമതിത്തീരുവ (സേഫ്ഗാർഡ് ഡ്യൂട്ടി) ചുമത്തി. ആഭ്യന്തര സ്റ്റീൽ ഉൽപാദകർക്ക് പിന്തുണ നൽകാനാണ് നടപടി. ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രേഡ് റെമഡീസ് (ഡിജിടിആർ) കഴിഞ്ഞ മാസം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര വിജ്ഞാപനം. 200 ദിവസത്തേക്കാണ് തീരുവ ചുമത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷം ഇന്ത്യയുടെ സ്റ്റീൽ ഇറക്കുമതി 9 വർഷത്തെ ഉയർന്ന നിരക്കിലായിരുന്നു. ആഭ്യന്തര ഉൽപാദകരുടെ പരാതികളെത്തുടർന്ന് ഡിസംബറിലാണ് ഡിജിടിആർ അന്വേഷണം ആരംഭിച്ചത്.

കാർബൺ ക്രെഡിറ്റ് വിപണി അടുത്ത ഘട്ടത്തിലേക്ക്

▶▶ കേരളത്തിൽ നിന്ന് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, മലബാർ സിമന്റ് ലിമിറ്റഡ് എന്നിവ കേന്ദ്ര പട്ടികയിൽ

മനോരമ ലേഖകൻ

ന്യൂഡൽഹി● അന്തരീക്ഷത്തിലേക്ക് കാർബൺ പുറന്തള്ളുന്നത് കുറയ്ക്കാൻ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുന്ന 'കാർബൺ ക്രെഡിറ്റ് വിപണി' അടുത്ത ഘട്ടത്തിലേക്ക്. ഇതിന്റെ പരിധിയിൽ വരുന്ന കമ്പനികൾ ഓരോ വർഷവും വാതക പുറന്തള്ളൽ കുറച്ചു കൊണ്ടുവരുന്നത് സംബന്ധിച്ച കരടുചട്ടം കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ചു.

അടുത്ത 2 വർഷം കമ്പനികൾക്കുള്ള ടാർഗറ്റുകളും ഇതിൽ ഉൾപ്പെടും. കേരളത്തിൽ നിന്ന് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, മലബാർ സിമന്റ് ലിമിറ്റഡ് എന്നിവയാണ് പട്ടികയിലുള്ളത്. ഇതിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് 2025-26ൽ കാർബൺ പുറന്തള്ളൽ 4% കുറയ്ക്കണം. 2026-27ൽ 6% കുറയ്ക്കണം. മലബാർ സിമന്റ്സിന് ഇത് യഥാക്രമം 3%, 2% എന്നിങ്ങനെയാണ്.

ഒന്നുകിൽ കമ്പനികൾ ടാർഗറ്റ് അനുസരിച്ച് വാതക പുറന്തള്ളൽ കുറയ്ക്കണം. ഇതിനു സാധിക്കുന്നില്ലെങ്കിൽ അതിന് തത്തുല്യമായ കാർബൺ ക്രെഡിറ്റ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. ഇതു വില കൊടുത്തു വാങ്ങേണ്ടി വരും. ഇതിനു ചെലവേറുമെന്നതിനാൽ കാർബൺ ബഹിർഗമനം കുറയ്ക്കാൻ കമ്പനികളെ പ്രേരിപ്പിക്കും.

ഗണ്യമായ തോതിൽ പുറന്തള്ളൽ കുറയ്ക്കുന്ന സ്ഥാപനങ്ങൾക്ക് കാർബൺ ക്രെഡിറ്റ് സർട്ടിഫിക്കറ്റുകൾ അധികമായി ലഭിക്കുകയും ചെയ്യും. ഇത് വിൽക്കാനും കഴിയും.

ചട്ടങ്ങളിൽ വീഴ്ച വരുത്തുന്ന കമ്പനികൾ കാർബൺ ക്രെഡിറ്റ് സർട്ടിഫിക്കറ്റിന്റെ ശരാശരി മൂല്യത്തിന്റെ 2 മടങ്ങ് പിഴയായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനു നൽകേണ്ടി വരും.

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സിനായിരിക്കും കാർബൺ ക്രെഡിറ്റ് വിപണിയുടെ ചുമതല. പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയുടെ അധ്യക്ഷതയിൽ 13 അംഗ ഗവേണിങ് ബോഡിയുമുണ്ടാകും.

കാർബൺ വിപണിയുമായി ബന്ധപ്പെട്ട പരിശോധനകൾക്ക് 'അക്രഡിറ്റഡ് കാർബൺ പരിശോധനാ' സ്ഥാപനങ്ങളും നിലവിൽ വരും.

രാജ്യത്തെ ടെലിഫോൺ ഉപയോക്താക്കൾ 119 കോടി



ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ കഴിഞ്ഞ ജനുവരി വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്തെ ടെലികോം ഉപയോക്താക്കളുടെ എണ്ണം 119 കോടിയായി. വരിക്കാരുടെ എണ്ണത്തിൽ വയർലൈൻ, മൊബൈൽ സെഗ്മെന്റുകളിൽ എയർടെലാണ് ജനുവരി മാസത്തിൽ കൂടുതൽ നേട്ടമുണ്ടാക്കിയത്. എയർടെലിന് ഒരു മാസത്തിനുള്ളിൽ 16.53 ലക്ഷം മൊബൈൽ വരിക്കാരെ ലഭിച്ചു. ആകെ മൊബൈൽ വരിക്കാരിൽ 46.5 കോടി റിലയൻസ് ജിയോ വരിക്കാരാണ്. രണ്ടാം സ്ഥാനത്തുള്ള എയർടെലിന് 38.69 കോടി വരിക്കാർ. വി (വോഡഫോൺ-ഐഡിയ) ക്ക് 13 ലക്ഷം വരിക്കാരെയും ബിഎസ്എൻഎലിന് 3.69 ലക്ഷം വരിക്കാരെയും കഴിഞ്ഞ ജനുവരി മാസത്തിൽ നഷ്ടമായി.

വിപണി/വർത്തമാനം



എംജിഎം ഗ്രൂപ്പ് ഏറ്റെടുത്ത കൈതക്കുഴി നെഹ്റു മെമ്മോറിയൽ പബ്ലിക് സ്കൂളിന്റെയും എംജിഎം അക്കാദമി ഓഫ് ഫാർമസിയുടെയും ഉദ്ഘാടനം പാണക്കാട് സാദിഖ് അലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു. ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഡോ. മാത്യൂസ് മാർ സെറാഫിം, ഗുരുരത്നം ജ്ഞാന തപസ്വി, എംഎൽഎമാരായ ജി.എസ്.ജയലാൽ, പി.സി.വിഷ്ണു നാഥ്, എംജിഎം ഗ്രൂപ്പ് ചെയർമാൻ ഡോ. ഗീവർഗീസ് യോഹന്നാൻ, ധ്യാൻ ശ്രീനിവാസൻ തുടങ്ങിയവർ സമീപം.

സ്കൂൾ ഏറ്റെടുത്തു

ചാത്തന്നൂർ ● എംജിഎം ഗ്രൂപ്പ് ഏറ്റെടുത്ത കൈതക്കുഴി നെഹ്റു മെമ്മോറിയൽ പബ്ലിക് സ്കൂളിന്റെയും എംജിഎം അക്കാദമി ഓഫ് ഫാർമസിയുടെയും ഉദ്ഘാടനം പാണക്കാട് സാദിഖ് അലി ശിഹാബ് തങ്ങൾ നിർവഹിച്ചു. എംജിഎം ഗ്രൂപ്പ് ചെയർമാൻ ഡോ. ഗീവർഗീസ് യോഹന്നാൻ അധ്യക്ഷത വഹിച്ചു. ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഡോ. മാത്യൂസ് മാർ സെറാഫിം, ഗുരുരത്നം ജ്ഞാന തപസ്വി എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി.

എംഎൽഎമാരായ ജി.എസ്. ജയലാൽ, പി.സി.വിഷ്ണു നാഥ്, വിജ്ഞാൻ ഭാരതി മുൻ സെക്രട്ടറി എ.ജയകുമാർ, നടൻ ധ്യാൻ ശ്രീനിവാസൻ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. കെ.ശ്രീകുമാർ, ആദിച്ചനല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് രേഖ എസ്.ചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീലാൽ ചിറയത്ത്, പഞ്ചായത്ത് മെമ്പർ ഏലിയാമ്മ ജോൺസൺ, എംജിഎം ചീഫ് സെക്രട്ടറി ഗോപിനാഥ് മഠത്തിൽ, എംജിഎം കോളജ് എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. അഹിനസ് തുടങ്ങിയവർ പ്രസംഗിച്ചു. നെഹ്റു പാർക്ക് സമർപ്പണം, ക്യാംപസ് വിപുലീകരണത്തിന്റെ ഭാഗമായി നിർമിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനം നടത്തി. എംജിഎം ഗ്രൂപ്പിന്റെ 25-ാം സ്ഥാപനമാണ് കൈതക്കുഴിയിലെ എംജിഎം നെഹ്റു മെമ്മോറിയൽ പബ്ലിക് സ്കൂൾ.

പൈത്തൺ സർട്ടിഫിക്കേഷൻ കോഴ്സിന് റജിസ്റ്റർ ചെയ്യാം

ഐടി മേഖലയിൽ മികച്ച കരിയർ ആഗ്രഹിക്കുന്നവർക്ക് മനോരമ ഹൊറൈസണും ആക്ടിവ് എഡ്യുവും ചേർന്നു നടത്തുന്ന പിയേഴ്സൺ വ്യൂ ഐടി സ്പെഷ്യലിസ്റ്റ്- പൈത്തൺ ട്രെയ്നിങ് ആൻഡ് സർട്ടിഫിക്കേഷൻ പ്രോഗ്രാമിന് ഇപ്പോൾ റജിസ്റ്റർ ചെയ്യാം. ഗൂഗിൾ, മെറ്റ തുടങ്ങിയ ആഗോള കമ്പനികൾ ഉപയോഗിക്കുന്ന പ്രോഗ്രാമിങ് ഭാഷയാണ് പൈത്തൺ. വിദഗ്ധ അധ്യാപകർ നയിക്കുന്ന ക്ലാസുകൾ 24ന് ആരംഭിക്കും. കോഴ്സും തുടർന്ന് ഗ്ലോബൽ എക്സാമിനേഷനും വിജയകരമായി പൂർത്തിയാക്കുന്നവർക്കു സർട്ടിഫിക്കറ്റും ഡിജിറ്റൽ ബാഡ്ജും ലഭിക്കും. കൂടുതൽ വിവരങ്ങൾക്കും റജിസ്ട്രേഷനും ക്യുആർ കോഡ് സ്കാൻ ചെയ്യാം. വെബ്സൈറ്റ്: www.manoramahorizon.com. ഫോൺ: 9048991111.

യോഗം ചേർന്നു

കൊല്ലം ● വിശ്വഹിന്ദു മഹാസംഘ് സംസ്ഥാന സമിതി യോഗം രാജു സി.വലിയകാവ് ഉദ്ഘാടനം ചെയ്തു. അനിൽ ലക്ഷ്മണൻ അധ്യക്ഷത വഹിച്ചു. എൻ.കെ.സതീശൻ, ജി.ഹരികൃഷ്ണൻ, സി.സുരേഷ്കുമാർ, ഇത്തിക്കര രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

അപേക്ഷ ക്ഷണിച്ചു

കൊല്ലം ● കെൽട്രോണിൽ ആരംഭിക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളായ ഇന്ത്യൻ ആൻഡ് ഫോറിൻ അക്കൗണ്ടിങ്, കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ്, ഡിപ്ലോമ ഇൻ ഓഫിസ് അക്കൗണ്ടിങ് എന്നിവയിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസി/പ്ലസ്ടു/ഡിഗ്രി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. 9072592412.



മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ ഫെസ്റ്റീവ് എഡിഷൻ ജ്വല്ലറി കലക്‌ഷൻ ദുബായിൽ നടന്ന ചടങ്ങിൽ ബോളിവുഡ് നടി കരീന കപൂർ ഖാൻ പുറത്തിറക്കുന്നു. മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി.അഹമ്മദ്, വൈസ് ചെയർമാൻ കെ.പി.അബ്ദുൽ സലാം, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഇന്റർനാഷനൽ ഓപ്പറേഷൻസ് മാനേജിങ് ഡയറക്ടർ ഷംലാൽ അഹമ്മദ്, ഇന്ത്യ ഓപ്പറേഷൻസ് മാനേജിങ് ഡയറക്ടർ ഒ.അഷർ, മലബാർ ഗ്രൂപ്പ് സീനിയർ ഡയറക്ടർ സി. മായിൻകുട്ടി, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് മാനുഫാക്ചറിങ് മേധാവി എ. കെ.ഫൈസൽ, ഫിനാൻസ് ആൻഡ് അഡ്മിൻ ഡയറക്ടർ സി.എം.സി അമീർ എന്നിവർ സമീപം.

ബസിൽ അക്രമം: 2 പേർ പിടിയിൽ

കൊട്ടാരക്കര● മദ്യലഹരിയിൽ കെഎസ്ആർടിസി ബസിൽ അതിക്രമം കാട്ടിയ രണ്ടുപേർ പൊലീസ് പിടിയിൽ. എറണാകുളം പള്ളുരുത്തി വാരിക്കശേരിൽ ജി.ജിജേഷ്(36), പള്ളുരുത്തി തലപ്പാത്തി പറമ്പിൽ ബാനി ആന്റണി(30) എന്നിവരാണ് പിടിയിലായത്. ഇവർക്ക് എതിരെ പൊതുമുതൽ നശിപ്പിക്കൽ, അതിക്രമം കാട്ടൽ തുടങ്ങി ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തു. കഴിഞ്ഞ ദിവസം വൈകിട്ടാണ് സംഭവം. കൊട്ടാരക്കരയിൽ നിന്നു കോഴിക്കോട്ടേക്കുള്ള സിഫ്റ്റ് സൂപ്പർ ഫാസ്റ്റ് ബസിൽ റിസർവേഷൻ സീറ്റിൽ ഇരിക്കുകയായിരുന്നു ജിജേഷ്. റിസർവേഷൻ ചെയ്ത യാത്രക്കാരൻ എത്തി ആവശ്യപ്പെട്ടിട്ടും സീറ്റ് ഒഴിഞ്ഞു കൊടുക്കാൻ തയാറായില്ല. കണ്ടക്ടറോടും തട്ടിക്കയറി പ്രകോപനം സൃഷ്ടിച്ചു.

ഒടുവിൽ യാത്രക്കാർ ചേർന്ന് ഇയാളെ പുറത്തിറക്കി. പുറത്തിറങ്ങിയ ജിജേഷ് ബസിന്റെ മുന്നിൽ എത്തി വൈപ്പർ ഒടിക്കുകയും മുൻവശത്തെ ചില്ല് ഇടിച്ചു പൊട്ടിക്കുകയും ചെയ്തു. ഇതിനിടെ ജിജേഷിനെ യാത്രയാക്കാൻ എത്തിയ ബാനിയും അക്രമങ്ങളിൽ പങ്കാളിയായി. കെഎസ്ആർടിസി സെക്യൂരിറ്റി ജീവനക്കാർ ഇരുവരെയും പിടികൂടി. 50000 രൂപയുടെ നഷ്ടം ബസിന് ഉണ്ടാക്കിയെന്നാണ് കണക്ക്. വെൽഡിങ് തൊഴിലാളികളായ ജിജേഷും ബാനിയും രണ്ട് മാസമായി കൊട്ടാരക്കരയിൽ മുറി വാടകയ്ക്കെടുത്ത് താമസിച്ച് വെൽഡിങ് തൊഴിൽ നടത്തി വരികയായിരുന്നു. പ്രതികളെ കോടതിയിൽ ഹാജരാക്കി.

പദയാത്ര ഇന്ന്

കൊല്ലം ● വെൽഫെയർ പാർട്ടി സംസ്ഥാന പ്രസിഡന്റ് റസാഖ് പാലേരി നയിക്കുന്ന 'സാഹോദര്യ കേരള' പദയാത്ര ഇന്നു ജില്ലയിൽ പ്രവേശിക്കും. രാവിലെ 9നു പത്തനാപുരത്തു നിന്ന് ആരംഭിക്കുന്ന പദയാത്രയ്ക്കു പത്തനാപുരം, കുളത്തൂപ്പുഴ, റോഡുവിള എന്നിവിടങ്ങളിൽ സ്വീകരണം നൽകും. നാളെ കരുനാഗപ്പള്ളിയിൽ സ്വീകരണം നൽകും.

അഭിമുഖം 25ന്

കൊല്ലം ● ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എംപ്ലോയബിലിറ്റി സെന്ററിൽ സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ ഒഴിവുകളിലേക്ക് 25നു രാവിലെ 10ന് അഭിമുഖം നടക്കും. 3 ബയോഡേറ്റ, ആധാർ കാർഡ് എന്നിവ സഹിതം ഹാജരാകണം.

കാറിടിച്ച് ബൈക്ക് യാത്രികൻ മരിച്ചു; ടെനി ജോപ്പന് എതിരെ കേസ്

കൊട്ടാരക്കര● മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പഴ്സനൽ സ്റ്റാഫ് അംഗമായിരുന്ന വെണ്ടാർ മനക്കരക്കാവ് വീട്ടിൽ ടെനി ജോപ്പൻ ഓടിച്ച കാറിടിച്ച് ബൈക്ക് യാത്രക്കാരനായ യുവാവ് മരിച്ചു. മൈലം ഇഞ്ചക്കാട് ശ്രീകൃഷ്ണ ക്ഷേത്രത്തിനു സമീപം തിരുവാതിരയിൽ എം.ഷൈൻകുട്ടൻ(33) ആണു മരിച്ചത്. ഇന്നലെ വൈകിട്ട് ആറോടെ കൊട്ടാരക്കര-ശാസ്താംകോട്ട റോഡിൽ അവണൂർ കാഷ്യൂ ഫാക്ടറിക്ക് സമീപമായിരുന്നു അപകടം. മദ്യലഹരിയിൽ കാർ ഓടിച്ചതിന് കസ്റ്റഡിയിലെടുത്ത ടെനി ജോപ്പനെ (51)തിരെ നരഹത്യയ്ക്ക് കേസെടുത്തതായി കൊട്ടാരക്കര പൊലീസ് അറിയിച്ചു. കാറിൽ കൊട്ടാരക്കര ഭാഗത്തേക്ക് വരികയായിരുന്ന ടെനി ജോപ്പൻ റോഡിന്റെ വലതുവശത്തേക്ക് കയറിയാണ് എതിരെ വന്ന ബൈക്കിൽ ഇടിച്ചത്. ഇടിയുടെ ആഘാതത്തിൽ ബൈക്കുമായി ഷൈൻകുട്ടൻ കുഴിയിലേക്ക് തെറിച്ചുവീണു. തലപൊട്ടി എല്ലുകൾ ഒടിഞ്ഞ നിലയിലായിരുന്നു ഷൈൻകുട്ടൻ. കാർ സമീപത്തെ വീടിന്റെ മേൽക്കൂരയിലേക്ക് ഇടിച്ചു കയറി മറിഞ്ഞു.



ഷൈൻകുട്ടൻ

നാട്ടുകാർ ഉടൻ ഇരുവരെയും താലൂക്ക് ആശുപത്രിയിൽ എത്തിച്ചു. അപകടത്തിൽ തലയ്ക്ക് ഗുരുതരമായി പരുക്കേറ്റ ഷൈൻകുട്ടൻ മരിച്ചു. വെൽഡറാണ്. പിതാവ്: മണിക്കുട്ടൻ. അമ്മ: ഉഷാദേവി.

ട്രെയിനിൽ ഓടിക്കയറാൻ ശ്രമിക്കുമ്പോൾ അപകടം; യുവാവിനെ രക്ഷപ്പെടുത്തി

കൊല്ലം ● ട്രെയിനിൽ ഓടിക്കയറാൻ ശ്രമിച്ച യുവാവ് പ്ലാറ്റ്ഫോമിനും പാളത്തിനും ഇടയിലേക്ക് വീണു. സുരക്ഷാ ജീവനക്കാർ ട്രെയിൻ നിർത്തിച്ചു യുവാവിനെ രക്ഷിച്ചു. ഇന്നലെ രാവിലെ 10ന് ആയിരുന്നു സംഭവം.

കന്യാകുമാരി സ്വദേശിയായ അമോഹന അതീബൻ മോഹനൻ (30) എന്ന യുവാവാണ് അപകടത്തിൽപ്പെട്ടത്. കൊല്ലം റെയിൽവേ സ്റ്റേഷനിലെ രണ്ടാമത്തെ പ്ലാറ്റ്ഫോമിൽ നിന്നു എറണാകുളത്തേക്ക് പോകാനായി കേരള സമ്പർക് ക്രാന്തി എക്സ്പ്രസിൽ കയറാൻ ശ്രമിക്കവേ ആയിരുന്നു അപകടം. യുവാവിന് ചെവിക്കും കാലിനും നിസ്സാര പരുക്കേറ്റു.

റെയിൽവേ സ്റ്റേഷനിൽ വച്ചു തന്നെ പ്രാഥമിക ശുശ്രൂഷ നൽകിയ ശേഷം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. യുവാവ് അപകടനില തരണം ചെയ്തു.



ട്രെയിനിൽ ഓടിക്കയറാൻ ശ്രമിക്കവേ അപകടത്തിൽപ്പെട്ട യുവാവിന് ചികിത്സ നൽകുന്നു.


LOVED IN
100
COUNTRIES
BAJAJ
THE WORLD'S FAVOURITE INDIAN
നമ്മുടെ ഇന്നലെകൾ
നമ്മുടെ ഇന്ന്
നമ്മുടെ ബജാജ്
എന്നും നമ്പർ 1
Chetak
ചേതക് ആണ് ഇന്ത്യയിലെ നമ്പർ 1*
വിൽക്കപ്പെടുന്ന ഇലക്ട്രിക് സ്കൂട്ടർ.
Chetak
FULLY LIFEPROOF
₹1 03 133/-#
മുതൽ വില ആരംഭിക്കുന്നു